©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

## ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
## (2021-2023)

### ഒന്നാമത് റിപ്പോർട്ട്

(2023 ഫെബ്രുവരി മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[13-7-2021 മുതൽ 31-12-2021 വരെ സമിതി പരിഗണിച്ച ഉറപ്പുകളും ഉറപ്പുകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും സംബന്ധിച്ച് .]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
# (2021-2023)

## ഒന്നാമത് റിപ്പോർട്ട്

(2023 ഫെബ്രുവരി മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[13-7-2021 മുതൽ 31-12-2021 വരെ സമിതി പരിഗണിച്ച ഉറപ്പുകളും ഉറപ്പുകളിന്മേൽ സർക്കാർ സമർപ്പിച്ച നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും സംബന്ധിച്ച്.]

447/2023.

## ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| | | സമിതിയുടെ ഘടന | | v |
| ആമുഖം | | | .. | vii |
| അദ്ധ്യായം : | I | റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | I | സമിതി അംഗീകരിച്ച ഉറപ്പുകളുടെ പട്ടിക. | .. | 6 |
| | II | സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളുടെ പട്ടിക. | .. | 144 |
| | III | സമിതി അംഗീകരിച്ച അധിക വിവര റിപ്പോർട്ടുകളുടെ പട്ടിക | .. | 341 |
| | IV | സമിതി അധിക വിവരം ആവശ്യപ്പെട്ട റിപ്പോർട്ടുകളുടെ പട്ടിക | .. | 423 |

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. പി. എ. മജീദ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ആൻസലൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. എം. മുകേഷ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. വാഴൂർ സോമൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. എം. എസ്. വിജയൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി റ്റി. ജി. സിന്ധു, അണ്ടർ സെക്രട്ടറി.

# ആമുഖം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്ത്, പതിനൊന്ന്, പതിമൂന്ന്, പതിനാല്, പതിനഞ്ച്, പതിനാറ് സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ, പതിമൂന്നാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി റിപ്പോർട്ടുകൾ, പതിമൂന്നാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽനിന്ന് ലഭിച്ച അധിക വിവര റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. ഉറപ്പുകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സമിതി നൽകിയ ശിപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

2023 ഫെബ്രുവരി മാസം 8-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. എ. മജീദ്
*അദ്ധ്യക്ഷൻ,*
ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
28-2-2023.

## റിപ്പോർട്ട്

പതിനഞ്ചാം കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2021-23) 2021 ജൂൺ 15-നാണ് നിലവിൽ വന്നത്. 2021 ജൂലൈ 13-ന് സമിതി പ്രഥമ യോഗം ചേർന്നു. സമിതി നിലവിൽ വന്നതുമുതൽ 31-12-2021 വരെയുള്ള കാലയളവിലെ പ്രവർത്തനങ്ങളുടെ വിവരണം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. റിപ്പോർട്ട് കാലയളവിൽ സമിതി രണ്ട് സന്ദർശന (തെളിവെടുപ്പ്) യോഗങ്ങളുൾപ്പെടെ 14 യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ പതിനാലാം കേരള നിയമസഭയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള സമ്മേളനങ്ങളിൽ സഭാതലത്തിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ പരിശോധിക്കുകയും അവ കരട് ഉറപ്പുകളായി അംഗീകരിച്ച് തുടർനടപടികൾക്കായി സർക്കാരിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ പതിമൂന്നാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരിശോധിച്ച് തൃപ്തികരമായവ അംഗീകരിക്കുകയും തുടർനടപടികൾ ആവശ്യമുള്ളതിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2) അനൗദ്യോഗിക പ്രമേയങ്ങൾ, അനൗദ്യോഗിക ബില്ലുകൾ എന്നിവയൊഴികെ മന്ത്രിമാർ സഭാതലത്തിൽ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ടെന്നും നടപ്പിലാക്കിയിട്ടുള്ള പക്ഷം ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നെയാണോ അവ നടപ്പാക്കിയിട്ടുള്ളതെന്നും സമിതി പരിശോധിക്കുകയുണ്ടായി.

3) ഉറപ്പുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഒഴിവാക്കാമായിരുന്ന കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമ്പോൾ അലംഭാവവും ഉദാസീനതയും നിഷേധാത്മക സമീപനങ്ങളും ബന്ധപ്പെട്ട ചില വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി പലപ്പോഴും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രവണതയ്ക്കെതിരെ മുൻകാല സമിതികൾ നിശിതമായ കർശന നിലപാട് സ്വീകരിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെയും ആശാവഹമായ പുരോഗതി ഉണ്ടായതായി കാണുന്നില്ല. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വർഷങ്ങൾ കഴിഞ്ഞാലും ബന്ധപ്പെട്ട വകുപ്പുകൾ കാര്യക്ഷമമായ മേൽനടപടികൾ സ്വീകരിച്ചുവരുന്നില്ല എന്നും കാണുന്നു. പല സന്ദർഭങ്ങളിലും ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടി സ്വീകരിച്ചാൽ തന്നെ ആയത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം സമിതിയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതായും കാണുന്നു. ഇത്തരം നടപടികൾ വിഷയങ്ങളുടെ കാലിക പ്രസക്തി നഷ്ടപ്പെടുത്തുന്നതിനോടൊപ്പം സമിതിയുടെ സുഗമമായ പ്രവർത്തനത്തെയും തടസ്സപ്പെടുത്തുന്നു. ഇക്കാര്യം സമിതിയുടെ വിവിധ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ നാളിതുവരെയും ഉണ്ടായിട്ടില്ലെന്ന വസ്തുത എടുത്തുപറയുവാൻ സമിതി ആഗ്രഹിക്കുന്നു.

4) നിയമസഭയിൽ നൽകുന്ന ഉറപ്പുകൾക്ക് അതിന്റേതായ ഗൗരവം നൽകി നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ നടപ്പാക്കണമെന്നും നടപ്പിലാക്കിയ വിവരം മറുപടി റിപ്പോർട്ടായി യഥാസമയം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5) പലപ്പോഴും താൽക്കാലിക മറുപടി നൽകിയ ശേഷം അന്തിമ മറുപടി നൽകാതിരിക്കുകയും വർഷങ്ങൾക്ക് ശേഷം കാലപ്പഴക്കത്തിന്റെ കാരണം പറഞ്ഞ് ഇനിയും പൂർണ്ണമായ മറുപടി തരേണ്ടതുണ്ടോയെന്ന് ആരായുകയും ചെയ്യുന്ന പ്രവണത പല വകുപ്പുകളുടെയും ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. ഇത് തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്ന വസ്തുത എടുത്തുപറയുന്നതോടൊപ്പം ഉറപ്പുകൾ എത്ര തന്നെ പഴക്കമുള്ളതാണെങ്കിലും ആയതിന്റെ പ്രസക്തി നഷ്ടപ്പെടാത്തിടത്തോളം കാലം അത് നടപ്പിലാക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണെന്ന് സമിതി ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

6) പതിമൂന്നാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ 'മാലിന്യമുക്ത കേരളം പദ്ധതി' സംബന്ധിച്ച് 162-ാം നമ്പർ ഉറപ്പിനെ അടിസ്ഥാനമാക്കി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2019-2021) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം എന്ന വിഷയം പഠനവിധേയമാക്കുന്നതിനും നിയമസഭയിൽ ഒരു പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികളിൽ കുടുംബശ്രീ, വിവിധ സന്നദ്ധസംഘടനകൾ, എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വിവിധ വകുപ്പുകൾ സ്വീകരിച്ചുവരുന്ന നടപടികൾ നേരിട്ട് വിലയിരുത്തുന്നതിന് സമിതി (2019-2021) കോവളം, അതിരപ്പിള്ളി, ആലപ്പുഴ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ചിരുന്നു. തുടർന്ന് 2021 ജൂൺ 15-ന് പുനഃസംഘടിപ്പിക്കപ്പെട്ട നിലവിലെ സമിതി (2021-2023) വയനാട്, മൂന്നാർ, കുമരകം തുടങ്ങിയ വിനോദസഞ്ചാരകേന്ദ്രങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. ഇതു സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട് സമിതി സഭയിൽ സമർപ്പിക്കുന്നതാണ്. പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ വയോജന കേന്ദ്രങ്ങൾ സംബന്ധിച്ച 2-ാം നമ്പർ ഉറപ്പിന്മേലുള്ള തുടർനടപടികൾ പരിശോധിച്ച സമിതി വയോജനങ്ങളുടെ ക്ഷേമത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനായി സംസ്ഥാനത്തെ വിവിധ വയോജന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

7) പതിനാലാം കേരള നിയമസഭയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകൾ സമിതി പരിശോധിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 13 വീതം ഉറപ്പുകൾ, ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 12 ഉറപ്പുകൾ തൊഴിലും നൈപുണ്യവും, പട്ടികജാതി വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 10 വീതം ഉറപ്പുകൾ, റവന്യൂ, ഭക്ഷ്യ പൊതുവിതരണം, കൃഷി, വ്യവസായം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 9 വീതം ഉറപ്പുകൾ, ആഭ്യന്തരം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 8 വീതം ഉറപ്പുകൾ, ജല വിഭവം, സാമൂഹ്യനീതി, കായിക-യുവജനക്ഷേമം, ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 7 വീതം ഉറപ്പുകൾ, ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട 6 ഉറപ്പുകൾ, പൊതുമരാമത്ത്, സാംസ്കാരികം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 5 വീതം ഉറപ്പുകൾ, വിനോദസഞ്ചാരം, ധനകാര്യം, സഹകരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 4 വീതം ഉറപ്പുകൾ, പ്രവാസി കേരളീയകാര്യ വകുപ്പുമായി ബന്ധപ്പെട്ട 3 ഉറപ്പുകൾ, ഭവനനിർമ്മാണം, ഉദ്യോഗസ്ഥ-ഭരണ പരിഷ്കാരം, ഊർജ്ജം, നികുതി, വനം-വന്യജീവി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2 വീതം ഉറപ്പുകൾ, പരിസ്ഥിതി, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ഓരോ ഉറപ്പുകൾ എന്ന ക്രമത്തിൽ ആകെ 181 ഉറപ്പുകൾ വിവിധ യോഗങ്ങളിലായി സമിതി അംഗീകരിക്കുകയും തുടർനടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലേക്കായി അതാത് വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉറപ്പുകളുടെ പട്ടിക റിപ്പോർട്ടിൽ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

8) പതിമൂന്നാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങളിൽ മന്ത്രിമാർ നൽകിയ ഉറപ്പുകളിന്മേൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി പരശോധിച്ചു. ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായ 12 നടപടി റിപ്പോർട്ടുകൾ, നികുതി വകുപ്പിൽനിന്നും ലഭ്യമായ 11 നടപടി റിപ്പോർട്ടുകൾ, തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ 10 നടപടി റിപ്പോർട്ടുകൾ, കൃഷി വകുപ്പിൽ നിന്നും ലഭ്യമായ 9 നടപടി റിപ്പോർട്ടുകൾ, പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 8 വീതം നടപടി റിപ്പോർട്ടുകൾ, ആഭ്യന്തരം, ഊർജ്ജം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 7 വീതം നടപടി റിപ്പോർട്ടുകൾ, ജല വിഭവം, റവന്യൂ, മൃഗസംരക്ഷണം, ധനകാര്യം, തൊഴിലും നൈപുണ്യവും, പട്ടികജാതി, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 6 വീതം നടപടി റിപ്പോർട്ടുകൾ, ഭക്ഷ്യ പൊതുവിതരണം, ഗതാഗതം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 5 വീതം നടപടി റിപ്പോർട്ടുകൾ, വിനോദസഞ്ചാരം, വ്യവസായം, ഭവനനിർമ്മാണം, സാമൂഹ്യനീതി എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 4 വീതം നടപടി റിപ്പോർട്ടുകൾ, കോസ്റ്റൽഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 3 വീതം നടപടി റിപ്പോർട്ടുകൾ, സഹകരണം, സാംസ്കാരികം, വനം-വന്യജീവി, വിവര

പൊതുജന സമ്പർക്കം, പരിസ്ഥിതി എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ 2 വീതം നടപടി റിപ്പോർട്ടുകൾ, പൊതുഭരണം, ആസൂത്രണ സാമ്പത്തിക കാര്യം, വിജിലൻസ്, ഉന്നത വിദ്യാഭ്യാസം, പ്രവാസി കേരളീയകാര്യം, എക്സൈസ്, കായിക-യുവജനകാര്യം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ ഓരോ റിപ്പോർട്ടുകൾ എന്ന ക്രമത്തിൽ ആകെ 157 നടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

കൂടാതെ മുൻ സമിതികൾ ആവശ്യപ്പെട്ടിരുന്ന പ്രകാരം വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ അധിക വിവര റിപ്പോർട്ടുകളും സമിതി പരിശോധിച്ചു. ആരോഗ്യ- കുടുംബക്ഷേമ വകുപ്പിൽനിന്ന് ലഭ്യമായ 5 അധിക വിവര റിപ്പോർട്ടുകൾ, കൃഷി വകുപ്പിൽനിന്ന് ലഭ്യമായ 4 അധിക വിവര റിപ്പോർട്ടുകൾ, സഹകരണ വകുപ്പിൽനിന്ന് ലഭ്യമായ 3 അധിക വിവര റിപ്പോർട്ടുകൾ, ഊർജ്ജം, ഭക്ഷ്യ പൊതുവിതരണം, വ്യവസായം, തൊഴിലും നൈപുണ്യവും എന്നീ വകുപ്പുകളിൽനിന്ന് ലഭ്യമായ 2 വീതം അധിക വിവര റിപ്പോർട്ടുകൾ, ധനകാര്യം, നിയമം, ആസൂത്രണ സാമ്പത്തിക കാര്യം, ഗതാഗതം, ഭവനനിർമ്മാണം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമായ ഓരോ അധിക വിവര റിപ്പോർട്ടുകൾ എന്ന ക്രമത്തിൽ ആകെ 25 അധിക വിവര റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അധിക വിവര റിപ്പോർട്ടുകൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

എന്നാൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ നടപടി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ചില വിഷയങ്ങളിന്മേൽ അതത് വകുപ്പുകളിൽ നിന്നും അധിക വിവരം ആവശ്യപ്പെ ടേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കി. അതിൻപ്രകാരം ആരോഗ്യ- കുടുംബക്ഷേമം, കൃഷി എന്നീ വകുപ്പിൽനിന്നും ലഭ്യമായ നാല് വീതം നടപടി റിപ്പോർട്ടുകൾ, ആഭ്യന്തരം, മത്സ്യബന്ധന തുറമുഖം, ഊർജ്ജം, വ്യവസായം എന്നീ വകുപ്പുകളിൽനിന്നും ലഭിച്ച രണ്ട് വീതം നടപടി റിപ്പോർട്ടുകൾ, പൊതുവിദ്യാഭ്യാസം, ഭക്ഷ്യ പൊതുവിതരണം, തദ്ദേശസ്വയം ഭരണം, ജല വിഭവം, സാംസ്കാരികം, ഭവനനിർമ്മാണം, തൊഴിലും നൈപുണ്യവും, കായിക-യുവജനകാര്യം, വനം- വന്യജീവി, ഗതാഗതം എന്നീ വകുപ്പുകളിൽനിന്നും ലഭ്യമായ ഓരോ നടപടി റിപ്പോർട്ടുകൾ എന്ന ക്രമത്തിൽ ആകെ 26 നടപടി റിപ്പോർട്ടുകളിന്മേൽ സമിതി അധിക വിവരം ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത നടപടി റിപ്പോർട്ടുകളും സമിതി ആവശ്യപ്പെട്ട അധിക വിവരവും അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.

9) പതിമൂന്നാം കേരള നിയമസഭ കാലയളവിലെ 146 ഉറപ്പുകളിന്മേലും പതിനാലാം കേരള നിയമസഭയുടെ കാലത്തെ 386 ഉറപ്പുകളിന്മേലുള്ള നടപടി റിപ്പോർട്ടുകളും പതിമൂന്നാം കേരള നിയമസഭ കാലയളവിലെ 93 ഉറപ്പുകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവര റിപ്പോർട്ടുകളും സർക്കാരിൽ നിന്ന് ഇനിയും ലഭ്യമാകാനുണ്ട്. ഇത്തരത്തിൽ നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും ലഭ്യമാക്കുന്നതിൽ

വിവിധ വകുപ്പുകൾ കാട്ടുന്ന അലംഭാവവും ഉദാസീനതയും സമിതിയുടെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെതന്നെ ദോഷകരമായി ബാധിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ആകയാൽ പ്രസ്തുത നടപടി റിപ്പോർട്ടുകളും അധിക വിവര റിപ്പോർട്ടുകളും അടിയന്തരമായി സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10) ഒരു ജനാധിപത്യ സംവിധാനത്തിൽ ജനപ്രതിനിധികളുടെ ഏറ്റവും പ്രധാന അവകാശമാണ് ചോദ്യോത്തരവേള ഉൾപ്പെടെയുള്ള നിയമസഭാ നടപടികൾ. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും എന്തെങ്കിലും കുറവ് കാണപ്പെടുന്ന അവസരങ്ങളിൽ ഗവൺമെന്റിൽനിന്ന് ജനോപകാരപ്രദമായ ഉറപ്പുകൾ നേടിയെടുക്കുന്നതിനും നിയമസഭാ നടപടികൾ ജനപ്രതിനിധികൾക്ക് അവസരം നൽകുന്നു. എന്നാൽ ഇത്തരം ഉറപ്പുകൾ യഥാസമയം പാലിക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ പ്രസക്തിതന്നെ നഷ്ടപ്പെടുന്നു. നമ്മുടെ ജനാധിപത്യത്തിന്റെ ശക്തിയും ചൈതന്യവും നിലനിർത്തുന്നതിന്, ഉറപ്പുകൾ സംബന്ധിച്ച് മറുപടി നൽകുവാനുള്ള വകുപ്പുകൾ ആയത് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കെ. പി. എ. മജീദ്,
*അദ്ധ്യക്ഷൻ,*
ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
28-2-2023.

## അനുബന്ധം - I

# സമിതി അംഗീകരിച്ച ഉറപ്പുകളുടെ പട്ടിക

## I. പൊതുവിദ്യാഭ്യാസവകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 61 | സ്കൂൾ വിദ്യാർത്ഥികൾ അപരിചിതരായ ആളുകളുടെ വാഹനങ്ങൾക്ക് കൈകാണിക്കുകയും അവരോടൊപ്പം യാത്ര ചെയ്യുന്നതും വിദ്യാർത്ഥികളെ എളുപ്പത്തിൽ മയക്കുമരുന്ന് മാഫിയകളുടെ കൈകളിലെത്തിക്കാൻ കാരണമാവുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| | | | അപരിചിതരോടൊപ്പം സ്കൂൾ വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നത് തടയാൻ സ്കൂൾ കേന്ദ്രീകരിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാനും സ്കൂളുകളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ? | സ്കൂളുകളിൽ നടക്കുന്ന ബോധവത്കരണ ക്ലാസുകളിൽ ഈ വിഷയം കൂടി ഉൾപ്പെട്ടുത്താൻ നിർദ്ദേശം നല്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 14/10 | 64 | ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ, ഓട്ടിസം ബാധിച്ചവർ, സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി സർക്കാർ ഉത്തരവ് ഇറങ്ങി രണ്ട് വർഷം പിന്നിട്ടിട്ടും തുടർ നടപടികൾ സ്വീകരിച്ചി ട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>നടപ്പു സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്നതും നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ളതായ 33 സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ. ഉ. (എം. എസ്) നം 38/2016 പൊ. വി. വ. എന്ന ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി യിരിക്കുകയുമാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| 3 | 14/10 | 113 | വൊക്കേഷണൽ ഹയർ സെക്കൻണ്ടറി, ഐ.ടി. അറ്റ് സ്കൂൾ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂളുകളുടെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ അറ്റകുറ്റപ്പണി | തീർച്ചയായും നല്ലൊരു നിർദ്ദേശമാണ്. ഹാർഡ്‌വെയർ ക്ലിനിക് നടക്കുന്നുണ്ട്. പല വൊക്കേഷണൽ ഹയർ സെക്കൻണ്ടറി, ഹയർ സെക്കൻഡറി, ഹൈസ്കൂളുകൾ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് എല്ലാ ജില്ലകളിലും ഹാർഡ്‌വെയർ ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. പക്ഷേ ഈ ക്ലിനിക്കുകൾ മിക്കവാറും വെക്കേഷൻ സമയത്ത് പ്രവർത്തിക്കുന്നില്ല. അതുകൊണ്ടു തന്നെ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പെ തകരാറിലായ കമ്പ്യൂട്ടറുകൾ നന്നാക്കാനോ അതുപയോഗിക്കാനോ സ്കൂളുകൾക്ക് കഴിയുന്നില്ല. അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെക്കേഷൻ സമയത്ത് എല്ലാ ഹാർഡ്‌വെയർ ക്ലിനിക്കുകളും പ്രവർത്തിപ്പിക്കുന്നതിനായി കെൽട്രോണിന്റെ സഹകരണം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ? | എന്നിവിടങ്ങളിലെ പഴയ കമ്പ്യൂട്ടറുകൾ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. വെക്കേഷനിലും കൂടി അത്തരത്തിൽ നടത്താൻ കഴിയുമോ എന്നുള്ള കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്. |
| 4 | 14/10 | 148 | സംസ്ഥാനത്ത് ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞു പോകുന്ന കുട്ടികളിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ കുട്ടികളുടെ വീട് സന്ദർശിച്ച് തിരികെ എത്തിക്കുന്നതിന് കാര്യക്ഷമമായ ശ്രമങ്ങൾ നടക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വയനാട് ജില്ലയിൽ കൊഴിഞ്ഞു പോകുന്ന നൂറ് ശതമാനം കുട്ടികളുടെയും വീട് സന്ദർശിച്ച് തിരികെ എത്തിക്കാൻ ശ്രമം നടക്കുമ്പോൾ മറ്റ് ജില്ലകളിൽ ഇത് കേവലം പത്ത് ശതമാനം മാത്രമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ? | കൊഴിഞ്ഞുപോകലിന്റെ കാരണങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായുള്ള പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

447/2023.

| | | | | |
|---|---|---|---|---|
| | | | സംസ്ഥാനത്ത് ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞു പോകുന്ന എല്ലാ കുട്ടികളുടെയും വീട് സന്ദർശിച്ച് കൊഴിഞ്ഞു പോകലിന്റെ കാരണങ്ങളെ കുറിച്ച് മനസ്സിലാക്കാനും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ? | |
| 5 | 14/10 | 150 | കേരളത്തിലെ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ തൊഴിൽ ചൂഷണത്തിന് വിധേയരാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>ഈ മേഖലയിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഉണ്ട്.<br><br>സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനും അദ്ധ്യാപകരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| 6 | 14/10 | 151 | സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർ പഠനത്തിന് 50,000 രൂപ ട്രഷറി നിക്ഷേപം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകടമരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർ പഠനത്തിന് 50,000 രൂപ ട്രഷറി നിക്ഷേപം നൽകുന്ന പദ്ധതി ജി.ഒ. (എം എസ്) നം. 163/2016/പൊവിവ. തീയതി 30-9-2016 പ്രകാരം ആരംഭിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്? | കുട്ടികളുടെ അപകടം, മരണം എന്നിവ സംഭവിച്ചതു പ്രകാരമുള്ള ക്ലെയിമുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. രക്ഷകർത്താവിന്റെ മരണം സംഭവിക്കുന്നതുമൂലമുള്ള ക്ലെയിമുകൾ ഒന്നുംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. പ്രസ്തുത പദ്ധതി സർക്കാർ പുതുതായി ആരംഭിച്ചതാണ്. ആയതിനാൽ സ്കീമിന്റെ നടത്തിപ്പ് സംബന്ധിച്ചും അർഹതപ്പെട്ടവരെ തീരുമാനിക്കുന്നത് സംബന്ധിച്ചും കൂടുതൽ വ്യക്തത വരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 7 | 14/11 | 14 | പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ട ഏത് ചർച്ചയും തുടങ്ങേണ്ടത് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ നിന്നാണ്. പൊതുവിദ്യാഭ്യാസത്തിലേയ്ക്ക് കൂടുതൽ കുട്ടികൾ വരുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. പക്ഷേ, അതിനൊക്കെ കാരണമായി പ്രവർത്തിക്കുന്നത് അതാത് സ്കൂളുകളിൽ നല്ല പ്രീ-പ്രൈമറി വിദ്യാഭ്യാസം ഉണ്ടെന്നുള്ളതാണ്. പ്രീ-പ്രൈമറിയിലെ കുട്ടികളാണ് | ഈ കാര്യം കേരളത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണെന്ന് സർക്കാർ തിരിച്ചറിയുന്നു. ആ പ്രശ്നം പരിഹരിക്കുന്നതിന് നേരത്തെ പറഞ്ഞതുപോലെ പല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. അതെല്ലാം പരിഹരിക്കുന്നതിനുള്ള ഒരു പഠനം എസ്.സി.ഇ.ആർ.ടി. നടത്തിക്കൊണ്ടിരിക്കുകയാണ്. |

| | | | | |
|---|---|---|---|---|
| | | | അടുത്ത വർഷം ഒന്നാം ക്ലാസ്സിലേയ്ക്ക് ചേരുന്നത്. പക്ഷേ പ്രീ-പ്രൈമറിയിലെ അദ്ധ്യാപകരുടെ അവസ്ഥ വളരെ കഷ്ടമാണ്. ഗവൺമെന്റ് മേഖലയിൽ താരതമ്യേന ഭേദപ്പെട്ട അവസ്ഥയാണെങ്കിലും എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർ വളരെ നാമമാത്രമായ ഒരു പരിഷ്കൃത സമൂഹത്തിന് പുറത്തു പറയാൻ പറ്റാത്തത്ര ചെറിയ തുകയ്ക്കാണ് ജോലി ചെയ്യുന്നത്. 2,000 രൂപയും 3,000 രൂപയും പ്രതിഫലം കൈപ്പറ്റി കഠിനപ്രയത്നം നടത്തുന്ന പ്രീ-പ്രൈമറി അദ്ധ്യാപകരുടെ പ്രശ്നം എത്രയോ കാലങ്ങളായി ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. പ്രശ്നം പരിഹരിക്കാമെന്ന് അങ്ങുതന്നെ അവരുടെ സംഘടനകൾക്കൊക്കെ ഉറപ്പുനൽകിയിട്ടുള്ളതുമാണ്. പക്ഷെ, പ്രശ്നപരിഹാരം മാത്രം ഉണ്ടാകുന്നില്ല. അതുകൊണ്ട് മറ്റ് തൊഴിൽ മേഖലകളിൽ 18,000-രൂപയും 20,000 രൂപയുമൊക്കെയായി നിശ്ചയിച്ചിരിക്കുന്ന മിനിമം കൂലിയുടെ നിലവാരത്തിലേയ്ക്ക് പ്രീ-പ്രൈമറി എയ്ഡഡ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കാനുള്ള അടിയന്തര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? | എസ്.സി.ഇ.ആർ.ടി. റിപ്പോർട്ട് സമർപ്പിച്ച ഉടൻ അത് പരിശോധിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | 14/13 | 20 | മലപ്പുറം ജില്ലയിലെ വേങ്ങറ യു.പി. സ്കൂളിലെ ഓട്ടിസം സെന്റർ പ്രവർത്തന സജ്ജമാക്കുവാൻ നടപടി? | സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചു കൊണ്ടും ആശയവിനിമയം വർദ്ധിപ്പിച്ചു കൊണ്ടും പെരുമാറ്റ വൈകല്യങ്ങൾ കുറച്ചുകൊണ്ടുവന്ന് ഓട്ടിസം ബാധിച്ച കുട്ടികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയാണ് ഓട്ടിസം സെന്ററുകളിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ വേങ്ങര വലിയോറ സർക്കാർ യു.പി. സ്കൂളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഓട്ടിസം സെന്ററിന്റെ 90% നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു ഓട്ടിസം പാർക്ക് എന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 9 | 14/13 | 38 | വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങളുടെ എണ്ണം കണക്കിലെടുത്തും പഠനത്തോടൊപ്പം കായികക്ഷമത ഉറപ്പുവരുത്തുന്നതിനുമായി ഇത്തരം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>വിദ്യാർത്ഥികളിൽ നീന്തൽ പരിശീലനത്തിന്റെ ആവശ്യകത സംബന്ധിച്ചും കായികക്ഷമത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ബോധവത്കരണവും, കൂടുതൽ വിദ്യാർത്ഥികളെ സ്കൂളുകളിൽ നേരിട്ടോ അല്ലാതെയോ പരിശീലനം നൽകുന്ന തരത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | ജലാശയങ്ങൾ ഏറെയുള്ള കേരളത്തിൽ ജലാശയ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നത് കൂടുതലായും കുട്ടികൾക്കാണ്. ഇതിന് പരിഹാരമായി കുട്ടികൾ അബദ്ധവശാൽ ഏതെങ്കിലും ജലാശയത്തിൽ വീണുപോയാൽ അവർക്ക് സ്വയം രക്ഷപ്പെടുന്നതിന് ആവശ്യമായ നീന്തൽ പരിശീലനം ഉറപ്പുവരുത്തുന്നതിനായി കായിക യുവജനകാര്യാലയം 'സ്പ്ലാഷ്' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 വയസ്സു മുതൽ 18 വയസ്സു വരെയുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പരിശീലന സമയത്ത് നീന്തലിൽ പ്രതിഭ തെളിയിക്കുന്ന കുട്ടികൾക്ക് ദേശീയ/അന്തർദേശീയ തലത്തിലുള്ള നീന്തൽ താരങ്ങളാകുന്നതിനുള്ള അവസരം കൂടി സൃഷ്ടിക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്. ആദ്യ ഘട്ടമെന്ന നിലയിൽ ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ക്രമേണ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 14/13 | 42 | സ്വകാര്യ മേഖലയിലെ അൺഎയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ന്യായവേതനം ഉറപ്പാക്കാനായി നടപടി സ്വീകരിക്കാൻ കഴിയുമോ? | സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ കേരള പെയ്മെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| 11 | 14/13 | 43 | ഹയർ സെക്കണ്ടറി തലത്തിൽ പാഠപുസ്തകം മാതൃഭാഷയിൽ_ | ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ പരിഭാഷ നിർവ്വഹിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തി. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി വരുന്നു. നിലവിൽ പരിഭാഷ പൂർത്തിയായ പാഠപുസ്തകങ്ങളുടെ, അച്ചടിയ്ക്കുള്ള അനുമതി സംബന്ധിച്ചവിഷയം സർക്കാർ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 12 | 14/15 | 88 | സ്കൂൾ തലത്തിൽ നീന്തൽ പരിശീലനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ ഓരോ നീന്തൽ കുളം വീതം നിർമ്മിച്ചു നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | സംസ്ഥാനത്തിലെ എല്ലാ അസംബ്ലി നിയോജക മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽകുളം എന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തയ്യാറാക്കിവരുന്നു. |
| 13 | 14/15 | 109 | വിദ്യാർത്ഥികളുടെ പഠന സിലബസിൽ ഭരണഘടനയെക്കുറിച്ച് ആഴത്തിൽ പഠിക്കാനാവശ്യമായ ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കാമോ? | സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ഘട്ടത്തിൽ ഭരണഘടനാപരമായ കൂടുതൽ വിശദാംശങ്ങൾ പാഠ്യപദ്ധതിയിൽ അനുയോജ്യമായ ഭാഗങ്ങളിൽ ഉൾച്ചേർക്കുന്നതാണ്. കൂടാതെ സ്ത്രീകളിലും കുട്ടികളിലും ഭരണഘടനാപരമായ അവകാശങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾ കേന്ദ്രമാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

## II. തദ്ദേശസ്വയംഭരണവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 138 | അക്രമണകാരികളായ നായ്ക്കളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ച് നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | പരിശോധിക്കുന്നതാണ്. |
| 2 | 14/10 | 144 | ആയിരത്തോളം വരുന്ന തുതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ ഇന്ന് ഡെയ്‌ലി വേജസ് ജീവനക്കാരാണ് ഡ്രൈവർമാരായിട്ടുള്ളത്. ആ തസ്തികയിലേക്ക് പരീക്ഷയെഴുതി റാങ്ക് പട്ടികയിൽ ഇടം പിടിച്ച ധാരാളം ആളുകൾ പുറത്ത് വെയ്റ്റ് ചെയ്യുകയാണ്. ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനായി ഒരു ബുദ്ധിമുട്ടുമില്ല. പഞ്ചായത്തുകളിൽ അടിയന്തരമായി PSC മുഖേന ഡ്രൈവർമാരെ നിയമിക്കുമോ? | ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ പ്രത്യേക കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും |
| 3 | 14/10 | 158 | വയനാട് വൈത്തിരിയിൽ തൊഴിലാളി സ്ത്രീയെ നായ്ക്കൾ കടിച്ചുകീറി കൊന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനും വളർത്തു നായ്ക്കളെ തെരുവിൽ അലയാൻ വിടുന്നവരെ കർശനമായി ശിക്ഷിക്കുന്നതിനും നടപടിയുണ്ടാകുമോ? | 1998-ലെ കേരള പഞ്ചായത്തീരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ലൈസൻസില്ലാതെയോ, അലഞ്ഞു തിരിയാൻ അനുവദിച്ചുകൊണ്ടോ പട്ടിയെ |

| | | | | |
|---|---|---|---|---|
| | | | | വളർത്തുന്ന ഏതൊരാൾക്കുമെതിരെ 250 രൂപ പിഴ ചുമത്താൻ നിലവിൽ വ്യവസ്ഥയുണ്ട് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 437 പ്രകാരം ഒരാൾക്ക് മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിയിൽനിന്നും ലഭിച്ച ലൈസൻസ് കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ വളർത്തുനായയെ കുത്തിവയ്പ്പിക്കാതെയും വളർത്താൻ പാടുള്ളതല്ലെന്ന വ്യവസ്ഥകൾ കർശന മാക്കുന്നതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| 4 | 14/11 | 16 | ശ്മശാനത്തിനുവേണ്ടി ആരോഗ്യ വകുപ്പ് ജില്ലാ കളക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നെല്ലാം അനുമതി ലഭ്യമാക്കണം. ഓരോന്നിനും വ്യത്യസ്തമായ അനുമതി ലഭ്യമാക്കാതെ, സർക്കാർ തലത്തിൽ തന്നെ അതിനുള്ള പ്ലാൻ തയ്യാറാക്കി, ഇവയ്ക്കെല്ലാം ഒരുമിച്ച് അനുമതി ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ? | ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങളിൽ എന്തൊക്കെ ലഘൂകരണം വരുത്തണമോ അതൊക്കെ വരുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിനു വേണ്ടിയാണ് കിഫ്ബി മുഖേന ഇത്തരത്തിലുള്ള സംവിധാനം ഒരുക്കുന്നതിനുവേണ്ടി ആവശ്യമായ പണം നീക്കിവച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞ നിർദ്ദേശം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 14/13 | 18 | സംസ്ഥാനത്ത് വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന മാറ്റങ്ങൾ നേരിടുന്നതിന് കില കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സംസ്ഥാനത്ത് വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന പ്രത്യാഘാതങ്ങൾ പ്രാദേശികമായി ലഘൂകരിക്കാൻ - കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് - മൂന്ന് ഘട്ട പഠന പരമ്പര കില നടത്തുന്നുണ്ട്. അതിൽ ഒന്നാം ഘട്ട പരിശീലനം ഇപ്പോൾ കിലയിൽ നടന്നുകൊണ്ടിരിക്കുന്നു. 16-11-2017- ൽ ആരംഭിച്ച ഒന്നാംഘട്ട പരിശീലനത്തിൽ ഇതുവരെ 220 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. ഈ പരിശീലനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ (വികസനം, ക്ഷേമം, ആരോഗ്യ വിദ്യാഭ്യാസം), വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ (ആരോഗ്യം, കുടിവെള്ളം, കൃഷി, വിദ്യാഭ്യാസം), 6 ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി (ബി.എം.സി) അംഗങ്ങൾ എന്നിവരാണ് പങ്കെടുക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | ഇതിനായി മലയോരമേഖലയ്ക്കും തീരദേശമേഖലയ്ക്കുമായി പ്രത്യേകമായി പഠനവും പദ്ധതി രൂപീകരണവും നടത്തുമോ? | ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.<br><br>ആദ്യഘട്ട കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കൽ എന്ന പരിശീലനത്തിൽ ഹോട്ട് സ്പോട്ട് ജില്ലകളായ വയനാട്, ഇടുക്കി, ആലപ്പുഴ, പാലക്കാട് ജില്ലകൾക്കാണ് പരിശീലനം നൽകിയിരുന്നത്. പ്രളയാനന്തരം മറ്റു ജില്ലകൾക്കും പരിശീലനം നൽകികൊണ്ടിരിക്കുന്നു. മലയോരം, തീരദേശം, തണ്ണീർത്തടങ്ങൾ തുടങ്ങി വിവിധ പ്രദേശങ്ങൾക്ക് അനുസൃതമായാണ് പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. തീരദേശ മേഖലയ്ക്ക് കോസ്റ്റൽ ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ചൂട് കൂടിവരുന്ന പ്രദേശങ്ങളിൽ ഹീറ്റ് ആക്ഷൺ പ്ലാൻ തയ്യാറാക്കുവാനും പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 14/13 | 21 | പ്രാദേശികമായി ഉണ്ടാകുന്ന ദുരന്തങ്ങൾ നേരിടാൻ കഴിയുംവിധം തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | പ്രാദേശികമായി ഉണ്ടാകുന്ന ദുരന്തങ്ങൾ നേരിടാൻ കഴിയുംവിധം ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനങ്ങളെ പ്രാപ്തരാക്കു ന്നതിനുവേണ്ടി 2019-20 സാമ്പത്തി ക വർഷത്തിൽ 'ഗ്രാമവികസന ഇന്റേണൽ ഷിപ്പ് പ്രോഗ്രാം' എന്ന ഒരു പുതിയ സംസ്ഥാന പദ്ധതി നടപ്പിലാക്കാനുദ്ദേ ശിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും അനുയോജ്യരായ യുവാക്കളെ കണ്ടെത്തി വോളണ്ടിയർമാരാക്കി അവരുടെ സേവനം പ്രളയം പോലെ ഒരു മഹാവിപത്തിനെ നേരിടാൻ ഫലപ്രദമായി വിനിയോഗി ക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ക്കൊണ്ട് സംഘടിപ്പിക്കുന്ന പ്രോഗ്രാമാണിത്. |
| 7 | 14/13 | 49 | പെപ്സി, കൊക്കകോള പോലെയുള്ള കുത്തക കമ്പനികൾ ജല ചൂഷണം ചെയ്യുകയും വലിയ ലാഭം കൊയ്യുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള ശീതളപാനീയങ്ങൾ | പ്രസ്തുത ഉല്പന്നങ്ങളുടെ വിപണനം, മാർക്കറ്റിൽ അതിന്റെ സാധ്യതകൾ തുടങ്ങിയവ സംബന്ധിച്ച് ശാസ്ത്രീയമായ |

| | | | | |
|---|---|---|---|---|
| | | | കുറഞ്ഞനിരക്കിൽ ഗുണമേൻമയോടെ ലഭ്യമാക്കാൻ കുടുംബശ്രീയെ ഉപയോഗിക്കാൻ സാധിക്കുമോ; ഇലക്ട്രോണിക് പ്രോഡക്ടുകൾ നിർമ്മിക്കുന്നതിന് ചൈനീസ് മാതൃകയിൽ പ്രത്യേക ട്രെയിനിംഗ് നൽകി കുടുംബശ്രീയെ ഉപയോഗപ്പെടുത്താൻ സാധിക്കുമോ? | പഠനങ്ങളുടെ ആവശ്യമുണ്ട്. അത് ഗവൺമെന്റ് ആലോചിക്കുന്നതാണ്. |
| 8 | 14/14 | 54 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വയോജനങ്ങൾക്കായുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സ്വീകരിക്കുന്നതാണ്. |
| 9 | 14/15 | 104 | കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിലെ പുതിയ നിയമ വ്യവസ്ഥകൾ എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ? | 2016-ലെ നഗര-ഗ്രാമാസൂത്രണ നിയമം, എക്സ്പെൻഡിച്ചർ, പ്ലാനിംഗ് ബഡ്ജറ്റിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പരിഷ്കരിക്കുന്നതിന് G.O.(Ms)No.48/2019/ LSGD dated 7-5-2019 പ്രകാരം ഒരു സംസ്ഥാനതല കമ്മിറ്റിയും, ഈ സംസ്ഥാനതല കമ്മിറ്റിയെ സഹായിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 14/15 | 107 | മരടിലെ കെട്ടിട സമുച്ചയങ്ങൾ പൊളിച്ചുമാറ്റണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | മരടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ നിലവിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ഉയർന്ന പാർപ്പിട സമുച്ചയങ്ങളും ഗാർഹികേതര വിഭാഗത്തിൽപ്പെടുന്ന വൻകിട കെട്ടിടങ്ങളും പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളും മറ്റ് ബന്ധപ്പെട്ട നിയമങ്ങളും പാലിക്കപ്പെട്ടുന്നുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം നിയമ വിരുദ്ധമായ കെട്ടിടങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | കണ്ടെത്തുന്നതിന് ഒരു കർമ്മ പരിപാടിക്ക് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) രൂപം നൽകിയിട്ടുണ്ട്. |
| 11 | 14/15 | 108 | ഗ്രാമപഞ്ചായത്ത്, നഗരസഭാ മേഖലകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് നിശ്ചിത ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | ഗ്രാമപഞ്ചായത്ത്, നഗരസഭാ മേഖലകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഘടന ഏകോപിപ്പിക്കുന്നത് ഉൾപ്പെടെയുള്ള നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 12 | 14/16 | 16 | കൊച്ചിയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കാൻ നഗരസഭകൾക്കും മുനിസിപ്പാലിറ്റികൾക്കും നിർദ്ദേശം നൽകാമോ; വ്യക്തമാക്കാമോ? | കനത്ത മഴയെത്തുടർന്ന് കൊച്ചിയിലുണ്ടായ വെള്ളക്കെട്ടിന്റെ പശ്ചാത്തലത്തിൽ കൊച്ചിയുൾപ്പെടെയുള്ള പ്രധാന നഗരങ്ങളിൽ ഇത്തരത്തിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കാനുള്ള പ്രത്യേക പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | 14/16 | 19 | ഒരുപാട് ഉൽപ്പന്നങ്ങൾ കുടുംബശ്രീ വഴി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഒരുപാട് ആളുകൾക്ക് തൊഴിൽ നൽകുന്നുമുണ്ട്. അത് വിപുലീകരിച്ചാൽ വലിയ സാധ്യതയാണ് ഈ മേഖലയിലുള്ളത്; 140 അസംബ്ലി മണ്ഡലങ്ങളിലും കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഒരു വാഹനം വീതം കുടുംബശ്രീ വഴിയോ എം.എൽ.എ. ഫണ്ടിൽ നിന്നോ വാങ്ങി ഈ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള സംവിധാനം, അതായത് പത്ത് ഇരുനൂറ് കോടി രൂപ ചെലവഴിച്ചാൽ വലിയൊരു മാർക്കറ്റിംഗ് സംവിധാനം, ഒരു നെറ്റ് വർക്ക് കേരളത്തിൽ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും. അങ്ങനെയൊരു സംവിധാനത്തിന് പകുതിപണം കുടുംബശ്രീയും പകുതിപണം എം.എൽ.എ. മാരുടെ ഫണ്ടിൽ നിന്നും നൽകാൻ കഴിഞ്ഞാൽ വലിയൊരു സംവിധാനമായിരിക്കും രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്നത്. ഒരുപാട് തൊഴിൽ സാധ്യതയുമുണ്ട്. ഇക്കാര്യം ഗവണ്മെന്റ് പരിഗണിക്കുമോ? | പ്രാദേശിക ദേശീയ വിപണന മേളകളിലൂടെ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്കായി സ്ഥിരം വിപണന കേന്ദ്രങ്ങൾ, വീടുകളിൽ എത്തിക്കുന്നതിനുള്ള ഹോംഷോപ്പുകൾ, ഓൺലൈൻ മാർക്കറ്റിംഗ്, അത് ബ്രാൻഡ് ചെയ്യാനുള്ള സംവിധാനം ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് വാഹനങ്ങൾ ബന്ധപ്പെടുത്തി വിതരണം ചെയ്യാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ചാണ്. തീർച്ചയായും അത് പരിശോധിക്കാം. എങ്ങനെയാണ് അത് ബാധ്യതയുണ്ടാക്കുക. എങ്ങനെയാണ് അത് നമുക്ക് നടപ്പിലാക്കാൻ കഴിയുക എന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കാം. |

## III. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 68 | എല്ലാ ആശുപത്രികളിലും കൂട്ടിരിപ്പുകാർക്ക് ചെറിയ തുക ഈടാക്കി അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ചെറിയ തുക ഈടാക്കിക്കൊണ്ട് അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ആശുപത്രി വികസന സമിതിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| 2 | 14/10 | 106 | സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് വൃക്കരോഗികൾക്ക് നിലവിൽ ഡയാലിസിസ് സൗകര്യം ലഭ്യമായിട്ടുള്ളത്; അവയുടെ പേരുവിവരം വ്യക്തമാക്കാമോ; | നിലവിൽ കിഫ്ബി പദ്ധതി മുഖേന തെരഞ്ഞെടുക്കപ്പെട്ട 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015-16, 2016-17 ലെ പ്ലാൻ പദ്ധതി പ്രകാരം നെടുങ്ങോലം, ഹരിപ്പാട്, വർക്കല, തിരുവനന്തപുരം ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികളിലും |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | <br><br><br><br>ഭക്ഷണ-ജീവിത രീതികളിൽ വന്ന മാറ്റംമൂലം വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് കണക്കിലെടുത്ത് പൊതുജനപങ്കാളി ത്തത്തിലൂടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | 2017-18 പദ്ധതിയിൽ അടിമാലി, കട്ടപ്പന, ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് സൗകര്യം ഒരുക്കുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>നിലവിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ല ആശുപത്രികളിൽ കിഫ്ബി പദ്ധതി മുഖേനയും തദ്ദേശസ്വയംഭരണ ഫണ്ട് ഉപയോഗിച്ചും ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതി മുഖേനയും ഡയാലിസിസ് യൂണിറ്റ് സൗകര്യങ്ങൾ ആശുപത്രികളിൽ ലഭ്യമാക്കി വരുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| 3 | 14/11 | 117 | ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിൽ എന്തെല്ലാം പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു. കൂടാതെ ഈ |

| | | | | |
|---|---|---|---|---|
| | | | | വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന വിദ്യാജ്യോതി എന്ന പദ്ധതിയും നടപ്പിലാക്കുന്നു. ഇത് കൂടാതെ ഡിഗ്രിയോ അതിന് മുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവർക്ക് വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനായി സ്കോളർഷിപ്പും സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്സ്/ പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസും കോഴ്സ് ഫീസും അനുവദിക്കുന്നുണ്ട്. കലാ കായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി അവരുടെ മികവ് തെളിയിക്കുന്ന രീതിയിൽ പഠന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനായി Stephen Hawking-ന്റെ പേരിൽ ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനായി വിഭാവനം ചെയ്തു |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വരുന്നു. ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിലുള്ള പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളും സംബന്ധിച്ചും സ്വീകരിക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന തയ്യാറാക്കിയ ഒരു റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| 4 | 14/13 | 32 | ആയുർവേദ ഡിസ്പെൻസറികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | ആയുർവേദ ഡിസ്പെൻസറികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം 2019-20 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 5 | 14/14 | 77 | ചികിത്സാ ചെലവ് പരസ്യപ്പെടുത്തുന്നതിനുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ചികിത്സാ പരിശോധന സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിനുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | ഉണ്ട്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018, 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നു. ആദ്യഘട്ടമായി പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ അംഗീകൃത ചികിത്സാ |

| | | | | |
|---|---|---|---|---|
| | | | പ്രസ്തുത നിയമത്തിന്റെ ഭാഗമായി ആശുപത്രികളുടെ ഗ്രേഡ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ? | സമ്പ്രദായമായ മോഡേൺ മെഡിസിന് (ദന്ത ചികിത്സാ ഉൾപ്പെടെ) കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്കായി താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേക്കും ഉടനെ വ്യാപിപ്പിക്കുന്നതാണ്.<br><br>കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018, പ്രകാരം നടത്തുന്ന താൽക്കാലിക രജിസ്ട്രേഷൻ രണ്ടു വർഷത്തേക്ക് സാധുവായിരിക്കവേ, ഈ കാലയളവിൽ സ്ഥിര രജിസ്ട്രേഷനുവേണ്ടി ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും ഓരോ ഇനത്തിനും തരത്തിനും വേണ്ട നിലവാരങ്ങളും ജീവനക്കാരുടെ യോഗ്യതകളും നിശ്ചയിക്കുന്നതും ഇവ വിജ്ഞാപനം ചെയ്യുന്നതുമാണ്. |
| 6 | 14/14 | 81 | ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവേദ ഡ്രഗ്സ് കൺട്രോൾ ആൻഡ് ലൈസൻസിംഗ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കുന്നതിന് ആയുർവേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ ആൻഡ് ലൈസൻസിംഗ് അതോറിറ്റിയെ ശക്തിപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | 14/14 | 82 | വ്യാജ വൈദ്യത്തിന് എതിരെയുള്ള സുപ്രീംകോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ; ആയുർവേദത്തിന് സ്വതന്ത്രചുമതലയുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗം നിലവിലുണ്ടോ ഇല്ലെങ്കിൽ അതിനായി പ്രത്യേക വിഭാഗം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ വ്യക്തമാക്കാമോ? | ബഹു. സുപ്രീം കോടതിയുടെ 13-4-2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1953 ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിലെ 38-ാം വകുപ്പ് പ്രകാരം പ്രാക്ടീസ് നടത്തുന്നതിന് യോഗ്യതയുള്ളവരും ആയത് പ്രകാരം ട്രാവൻകൂർ – കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്റ്ററിൽ ഉൾപ്പെട്ട വർക്കും മാത്രമേ പ്രാക്ടീസ് നടത്തുവാൻ സാധിക്കുകയുള്ളൂ. യോഗ്യതയില്ലാതെ ചികിത്സിക്കുന്നവരെ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നതനുസരിച്ച് നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇല്ല. സംസ്ഥാനത്ത് പ്രത്യേക ആയുഷ് വകുപ്പ് നിലവിലുണ്ടെങ്കിലും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എ.എസ്.യു. വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

| | | | | |
|---|---|---|---|---|
| 8 | 14/14 | 103 | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ആശങ്കാ ജനകമായി വർദ്ധിക്കുന്നത് കണക്കിലെടുത്ത് ക്യാൻസർ രോഗബാധ ആരംഭദശയിൽത്തന്നെ കണ്ടെത്തുന്നതിന് താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സാ വിധികൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സ്ട്രാറ്റജി തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധങ്ങളായ ആശുപത്രികളെ ക്യാൻസർ ചികിത്സയുടെ ക്രമീകരണങ്ങൾ അനുസരിച്ച് നാലായി തിരിക്കുകയും ഓരോ തരത്തിലുള്ള ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ സ്വകാര്യമേഖലയിലേയും സർക്കാർ മേഖലയിലേയും ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏകോപ്പിക്കുന്നതിന് ഒരു ക്യാൻസർ ഗ്രിഡ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ക്യാൻസർ സ്ട്രാറ്റജിയിൽ ഉദ്ദേശിക്കുന്നുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | 14/15 | 112 | വൃക്കരോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കാതിരിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | വൃക്കരോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിച്ച് ഡയാലിസിസ് രോഗികൾക്ക് സേവനം നൽകി വരുന്നു. ഡയാലിസിസിനുവേണ്ടി സൗകര്യം ഒരുക്കുന്നിതനായി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിലായി കിഫ്ബി ധനസഹായത്തോടുകൂടി 332 ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഭരണാനുമതി നൽകിയ തുകയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന തുക ഉപയോഗപ്പെടുത്തി 22 കേന്ദ്രങ്ങളിലായി 100 ഡയാലിസിസ് യൂണിറ്റുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | 14/15 | 119 | ക്ലീനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിച്ച് അവയുടെ സേവനനിലവാരം നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള സബ്കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ക്ലീനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിച്ച അവയുടെ സേവന നിലവാരം നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 11 | 14/16 | 13 | ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി എന്താണെന്ന് വിശദമാക്കാമോ? | തട്ടുകടകളെയും ചെറുകിട ലഘു ഭക്ഷണശാലകളെയും കോർത്തിണക്കി ക്കൊണ്ട് വൃത്തിയും ശുചിത്വവും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പുവരുത്തി തദ്ദേശീയരും വിദേശീയരുമായ വിനോദ സഞ്ചാരികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് തനതായ കേരളീയ ഭക്ഷണം ഉറപ്പുവരുത്തുക എന്നതാണ് Clean Street Food hub പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് തെരഞ്ഞെടുക്ക പ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ നടപ്പിലാക്കു ന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | 14/16 | 14 | സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുമോ; വ്യക്തമാക്കുമോ? | സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

## IV. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 57 | കേരളത്തിലെ മുഴുവൻ ആളുകളെയും ഉൾപ്പെടുത്തി അവരവരുടെ കഴിവിനനുസരിച്ച് ഏത് ചികിത്സയും ചെയ്യുവാൻ സാധിക്കുന്ന രീതിയിലുള്ള 100 ശതമാനവും സമഗ്രമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ കഴിയുമോ? | കേരളത്തിലെ എല്ലാ ജനങ്ങൾക്കും ബാധകമാകത്തക്ക നിലയിലുള്ള സമ്പൂർണ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശത്തിന്റെ സാധ്യതകൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 2 | 14/10 | 59 | കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും അംഗതൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കുടിശ്ശിക സഹിതം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | തൊഴിലാളികളിൽ നിന്നുള്ള അംശാദായവും ഭ്രവുടമാവിഹിതവും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് ബോർഡ് സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ് കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ബോർഡിലെ അംഗത്തൊഴിലാളികൾക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക സഹിതം അനുവദിച്ച് നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | 14/10 | 108 | തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ വിശദാംശം നൽകാമോ; | ഉണ്ട്. ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിന്റെ മാർഗ്ഗരേഖകൾ കൂടി കണക്കിലെടുത്താണോ സംസ്ഥാന പദ്ധതിക്ക് രൂപം നൽകുന്നത് ? | ആയുഷ്മാൻ ഭാരതിന്റെ മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നതേയുള്ളൂ. പ്രസ്തുത മാർഗ്ഗ രേഖകൾ തയ്യാറാക്കുന്ന മുറയ്ക്ക് സംസ്ഥാന പദ്ധതിയുമായി ബന്ധപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| 4 | 14/11 | 13 | സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് ന്യായ വേതനം ഉറപ്പാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br>നഴ്സുമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന വേതനവും സർക്കാർ പുതുക്കി നിശ്ചയിച്ച വേതനവും എത്രയെന്ന് അറിയിക്കാമോ;<br>സർക്കാരിന്റെ വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് ആശുപത്രി ഉടമകൾ നൽകിയ കേസ് തള്ളിയിട്ടും വിജ്ഞാപന പ്രകാരം നിശ്ചയിച്ച വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുമോ? | മിനിമം വേതന വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ<br>നിയമാനുസൃതം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | 14/13 | 35 | സംസ്ഥാനത്തെ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഇതിന്റെ നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| 6 | 14/13 | 39 | ഒഡെപെക് വഴി വിദേശ തൊഴിൽ അന്വേഷകർക്ക് പുതുതായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | വിദേശ തൊഴിലന്വേഷകരുടെ രജിസ്ട്രേഷൻ മുതൽ സെലക്ഷൻ പ്രക്രിയവരെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈനാക്കുന്നതിനും ഓൺലൈൻ ഇന്റർവ്യൂ നടത്തുന്നതിനും സൗകര്യമൊരുക്കും. വിദേശത്ത് തൊഴിൽ നേടുന്നതിന് ആവശ്യമായ ഭാഷാ/നൈപുണ്യ പരിശീലനങ്ങൾ ആരംഭിക്കും. സർക്കാർ/ സ്വകാര്യ മേഖലകളിലെ യോഗ്യരായ നഴ്സുമാർ/ഡോക്ടർമാർ എന്നിവർക്ക് ഇംഗ്ലണ്ടിൽ പഠനത്തോടൊപ്പം ജോലി നല്കുന്നതിന് ഇംഗ്ലണ്ടിലെ ആരോഗ്യ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വകുപ്പിന് കീഴിൽ വരുന്ന ഹെൽത്ത് എജ്യൂക്കേഷൻ ഇംഗ്ലണ്ട്(HEE)മായി സഹകരിച്ച് ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം (ജി.എൽ.പി) ആരംഭിക്കും. |
| 7 | 14/13 | 40 | തോട്ടം തൊഴിലാളികളുടെ കൂലി വർദ്ധനവിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; തൊഴിലാളികൾക്ക് എന്ന് മുതൽ കൂലി വർദ്ധനവ് കിട്ടിത്തുടങ്ങും; വ്യക്തമാക്കാമോ? | തോട്ടം തൊഴിലാളികളുടെ മിനിമം കൂലിയെ സംബന്ധിച്ച നിലവിലെ ഉത്തരവ് പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ വിവിധ യോഗങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്ന് 16-11-2018-ന് തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂലി പുതുക്കി നിശ്ചയിക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആയത് സജീവ പരിഗണനയിലുമാണ്. |

| | | | | |
|---|---|---|---|---|
| 8 | 14/15 | 91 | സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന മദ്യനയം പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രമുഖമായിരുന്ന കള്ളുചെത്ത് വ്യവസായത്തെ പുനരുദ്ധരിക്കാൻ എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ട്? | പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ളുചെത്ത് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളാണ് ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിലൂടെ നടപ്പിലാക്കിവരുന്നത്. പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ കള്ളുഷോപ്പുകൾ വിൽപനയിലൂടെ ലൈസൻസ് ചെയ്ത് നൽകുകയും വിൽപനയിൽ പോകാത്ത കള്ള്ഷോപ്പുകൾ പകുതി റെന്റൽ തുക വരെ ഈടാക്കി വിൽപന നടത്തുകയും തുടർന്ന് ബാക്കി വന്ന കള്ള് ഷാപ്പുകൾ ഷാപ്പ് ഒന്നിന് 500 രൂപാ നിരക്കിൽ കള്ള് മേഖലയിലെ തൊഴിലാളി യൂണിയനുകൾക്ക് ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.<br><br>കൂടാതെ കള്ള്ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും, ശുദ്ധമായ കള്ള് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ചെത്തിയെടുക്കുന്നതിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് ടോഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | 14/16 | 05 | സംസ്ഥാനത്തെ ഭവനരഹിത തോട്ടം തൊഴിലാളികളെ സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വകുപ്പ് നടത്തിയിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ;<br>(സി) പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ ഭവനരഹിത തോട്ടം തൊഴിലാളികളെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ലൈഫ് മിഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പ്രാഥമിക സർവ്വേ പ്രകാരം സമർപ്പിച്ചിട്ടുള്ള ലിസ്റ്റിലെ മുഴുവൻ ആൾക്കാരും ഉൾപ്പെട്ടിട്ടില്ല. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് സർവ്വേ നടത്തിയതു പ്രകാരമുള്ള ലിസ്റ്റ് പ്രത്യേകമായി പരിഗണിക്കണമെന്ന ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 10 | 14/16 | 06 | സംസ്ഥാന തൊഴിൽ വകുപ്പ് തയ്യാറാക്കിയിട്ടുള്ള തൊഴിൽ നയത്തിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | സർക്കാർ/അർദ്ധ സർക്കാർ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടുന്ന നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വിവിധ മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനവും തൊഴിൽ മാർഗ്ഗ നിർദ്ദേശവും നൽകുന്നതിനുമായി ആരംഭിച്ച കൈവല്യ തൊഴിൽ പുനരധിവാസ പദ്ധതി വിപുലീകരിക്കും.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകൾ രൂപീകരിച്ച് ശക്തിപ്പെടുത്തും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സ്കിൽ അസ്സസ്മെന്റ്, സൈക്കോമെട്രിക് അനാലിസിസ്, കൗൺസിലിംഗ് എന്നിവ മുകേന സ്കിൽ ഗ്യാപ്പ് അസ്സെസ്മെന്റ് നടത്തി ആവശ്യമുള്ളവർക്ക് സോഫ്റ്റ് സ്കിൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം എന്നിവ നൽകി തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കും. ഭൂമി ശാസ്ത്രപരമായ പരിമിതി മൂലം എംപ്ലോയബിലിറ്റി സെന്ററുകളുടെ സേവനം ലഭിക്കാതിരുന്നവർക്ക് സഹായകരമാകുംവിധം, പട്ടികവർഗ്ഗ/ പട്ടികജാതി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിലും വിദൂര ഗ്രാമീണമേഖലകളിലും, എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് പരിഗണന നൽകും. |

| | | | | |
|---|---|---|---|---|
| | | | | ഇന്ത്യയിലും വിദേശത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ജോബ് പോർട്ടലിന്റെ സേവനം ലഭ്യമാക്കി അതുവഴി തൊഴിൽ രഹിതർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും പ്രദാനം ചെയ്യും.<br>കേരളത്തിലെ വിവിധ സർവ്വകലാ ശാലകളിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളോട് അനുബന്ധിച്ച് മോഡൽ കരിയർ സെന്ററുകൾ തുടങ്ങും. എല്ലാ ജില്ലകളും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | തൊഴിൽ വിവരങ്ങൾ നൽകുന്നതിനും എംപ്ലോയ്മെന്റ് വകുപ്പിന്റെ വർത്തമാന ഭാവി പ്രവർത്തനങ്ങളെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഓൺലൈൻ/ഓഫ് ലൈൻ ബുള്ളറ്റിൻ ആരംഭിക്കും. ഇന്ത്യയിലും വിദേശത്തും ഭാവിയിൽ ആവശ്യമായി വരുന്ന മാനവവിഭവ ശേഷി മുൻകൂട്ടി കണ്ടെത്തുന്നതിനായി KASE യുമായി സഹകരിച്ച് ഗവേഷണ വികസന വിഭാഗം ആരംഭിക്കും. ഈ കേന്ദ്ര മാനവവിഭവ ശേഷിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും, സർക്കാരിനും, തൊഴിൽ രഹിതർക്കും പ്രദാനം ചെയ്യും. |

| | | | | |
|---|---|---|---|---|
| | | | | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പ്രൊഫൈലിംഗ് തയ്യാറാക്കും. ഏതു മേഖലകളിലെ ജോലിക്കാണ് താൽപര്യം എന്ന് വിവര ശേഖരണം നടത്തും. ഇവർക്ക് അതത് മേഖലകളിലെ തൊഴിലിനാവശ്യമായ വൈദഗ്ധ്യം സ്കിൽ ഇൻഡ്യ പദ്ധതി വഴി ലഭ്യമാക്കും ഇത്തരത്തിൽ പ്രായോഗിക പരിശീലനം നേടിയ തൊഴിലാളികളെ സ്വകാര്യ മേഖലയ്ക്ക് കൂടി ലഭ്യമാക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 5065 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് നവജീവൻ എന്ന പേരിൽ സമഗ്രതൊഴിൽ-പുനരധിവാസ പദ്ധതി ആരംഭിക്കും. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ഡാറ്റ ബാങ്ക് രൂപീകരിക്കും. |

## V. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 111 | കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട് ഒരോ മണ്ഡലത്തിലും രണ്ട് അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ളതിൽ ചിലപ്പോൾ ഓരോ മണ്ഡലത്തിലും അവിടത്തെ പട്ടികജാതിക്കാരായ വരുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ കോളനികൾ ഏറ്റെടുക്കുവാൻ തയ്യാറാകുമോ; അതോടൊപ്പം അത്തരം കോളനികളിൽ 40 കുടുംബങ്ങൾ എന്ന മാനദണ്ഡത്തിൽ ഇളവ് വരുത്തുവാൻ തയ്യാറാകുമോ? | അംബേദ്കർ സമഗ്ര വികസന കോളനി പദ്ധതി പ്രകാരം വികസനം നടക്കുന്ന കോളനിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിനിമം 40 കുടുംബങ്ങളുണ്ടാകണമെന്നാണ് നിബന്ധന. എന്നാൽ ഏതെങ്കിലും ഒരു മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40 കുടുംബങ്ങളില്ലെങ്കിൽ അത് മുപ്പതിലേയ്ക്കോ മുപ്പത്തിഅഞ്ചിലേയ്ക്കോ താഴ്ത്തുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും. 40 കുടുംബങ്ങളുണ്ടെങ്കിൽ അതെടുക്കണം. അതിനെ ഒഴിവാക്കിക്കൊണ്ട് 25 കുടുംബങ്ങളുള്ളത് എടുക്കാൻ കഴിയില്ല. 40 കുടുംബങ്ങളില്ലെങ്കിൽ ഈ പറഞ്ഞ കാര്യം ഗവൺമെന്റ് പരിഗണിക്കും. |

| | | | | |
|---|---|---|---|---|
| 2 | 14/10 | 112 | ആദിവാസികൾക്ക് ഭൂമി കൊടുക്കുന്ന പദ്ധതിയിൽ നിലവിൽ ഗുണഭോക്താക്കൾ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ഭൂമിയാണ് പലപ്പോഴും കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ പല സന്ദർഭത്തിലും ഭൂവുടമകളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടുകയാണ്. മാത്രമല്ല, അഴിമതി നടത്താനുള്ള അവസരം അതിന്റെ ഭാഗമായുണ്ട്. ഇത്തരം കേസ്സുകളിൽ ചില കളക്ടർമാർകൂടി വിജിലൻസിന്റെ പരിധിയിൽ വരുന്നുണ്ട്. ഇത് ഒഴിവാക്കാൻ ഗുണഭോക്താവ് ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ഭൂമി കൊടുക്കുന്നതിന് പകരം വകുപ്പ് നേരിട്ട് ഭൂമി ഏറ്റെടുത്ത് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുമോ? | ആദിവാസി ചൂണ്ടിക്കാണിക്കുന്ന ഭൂമി ഇടനിലക്കാരെ വച്ച് വാങ്ങുന്നതിനു പകരം ഡിപ്പാർട്ടുമെന്റ് തന്നെ ആ ഭൂമി പൂൾ ചെയ്ത് ഒരു ബാങ്ക് സൃഷ്ടിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അതിൽനിന്ന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. അപ്പോൾ ഉദ്യോഗസ്ഥന്മാരുടെ ആശങ്ക ഉണ്ടാകില്ല ആദിവാസികളെ പറ്റിച്ചു വെന്നും പറയില്ല. ഏറ്റവും ഫലപ്രദമായിട്ടുള്ള നടപടി ആയിരിക്കും. ഗുണഭോക്താക്കൾക്ക് കൊടുക്കാൻ പറ്റിയ ഭൂമി വകുപ്പ് തന്നെ വാങ്ങുന്നതാണ്. അത് വാങ്ങുന്നതിന് നിബന്ധനകളുണ്ട്. കളക്ടർമാർക്ക് ഭൂമി വാങ്ങുന്നതിന് നിലവിലുള്ള ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങൾ അനുസരിച്ച് ഭൂമി മൊത്തമായി വാങ്ങി ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി ഭൂമി അവർക്ക് കൊടുക്കുന്ന സംവിധാനത്തെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. പ്രസ്തുത സംവിധാനം ഈ വർഷംതന്നെ നടപ്പാക്കുന്നതിനുള്ള നടപടിയും ഗവൺ മെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 14/10 | 153 | ഉദാരീകരണ നയങ്ങളുടെ ഫലമായി സർക്കാർ മേഖലയിലും പൊതുമേഖലയിലുമുള്ള തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്നത്, അവസര സമത്വം ഉറപ്പിക്കാനായി നൽകിവരുന്ന തൊഴിൽ സംവരണം ദുർബ്ബലപ്പെടുത്തുന്നത് കണക്കിലെടുത്ത് എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും കൂടി തൊഴിൽ സംവരണം ഏർപ്പെടുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ? | പരിശോധിക്കുന്നതാണ്. |
| 4 | 14/11 | 11 | ആദിവാസി, പട്ടികജാതി, തോട്ടം തൊഴിലാളികൾ കൂടുതലുള്ള അതിരപ്പിള്ളി പഞ്ചായത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ ഫണ്ടുപയോഗിച്ച് ഒരു കിടത്തി ചികിത്സാ കേന്ദ്രം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. |
| 5 | 14/13 | 47 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ താമസ സൗകര്യം കൂടി ഏർപ്പെടുത്തുന്ന മോഡൽ റസിഡൻഷ്യൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ കോളേജ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 6 | 14/14 | 89 | ഗ്രോത്രവർഗ്ഗ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുവാൻ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി വിജയപ്രദമാണോ; ഈ പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | ഗ്രോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൈമറി തല വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ വയനാട് ജില്ലയിൽ ഗോത്രബന്ധു പദ്ധതി വിജയപ്രദമാണ്. സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലയിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| 7 | 14/14 | 90 | സ്വയം പര്യാപ്തത നേടാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള നൈപുണ്യ വികസന പരിപാടിയുടെ വിശദാംശം നൽകുമോ; പരീക്ഷാ പാസ്സാകാത്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായുള്ള റെമെഡിയൽ കോഴ്സുകൾ നടത്തിവരുന്നുണ്ടോ? | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരൊ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരൊ ആയ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകി പരീക്ഷ എഴുതിക്കുന്നതിനുള്ള പദ്ധതിക്കായുള്ള പ്രൊപ്പോസൽ തിരുവനന്തപുരത്തെ ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി ഏറ്റെടുക്കുന്നതാണ്. |
| 8 | 14/15 | 85 | പൊതുവിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ കാരണമുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനാണ് | ഗവൺമെന്റ്നമ്മുടെ സംസ്ഥാനത്തുടനീളം ഗോത്രവർഗ്ഗ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണിത്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ഗോത്രബന്ധു പദ്ധതി ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്. അതിലൂടെ 267 മെന്റർ ടീച്ചർമാരെയും നിയമിച്ച കഴിഞ്ഞു, അതിനെ ഞാൻ അഭിനന്ദിക്കുന്നു. അത്തരം പട്ടികവർഗ്ഗ കോളനികളുള്ള മണ്ഡലത്തിലെ ഒരു നിയമസഭാ സാമാജികനാണ് ഞാൻ. അത് പറമ്പിക്കുളം മേഖലയിലാണ്. എന്നാൽ അട്ടപ്പാടിയിൽ ഉൾപ്പെടെ ഗോത്രബന്ധു വദ്ധതി പ്രകാരമുള്ള മെന്റർ ടീച്ചർമാരെ നിയമിച്ചപ്പോഴും ഏറെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന പറമ്പിക്കുളം മേഖലയിൽ അതിന് തയ്യാറായിട്ടില്ല. അത്തരം മെന്റർ ടീച്ചർമാരെ നിയമിക്കാൻ തയ്യാറാകുമോ? | ഇപ്പോൾ രണ്ട് ജില്ലകളിൽ ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കും. |
| 9 | 14/15 | 99 | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൂടുതലായി ഏതെങ്കിലും പദ്ധതികൾ ഇതിലേക്കായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | വിദ്യാഭ്യാസമേഖലയിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ<br>1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽ പ്പെട്ട, B. Tech-ന് നല്ല മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ഉയർന്ന GATE |

| | | | | |
|---|---|---|---|---|
| | | | | score നേടുന്നതിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകുന്ന പദ്ധതി.<br>2. Higher Secondary ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനും പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനുമായി എൻട്രൻസ് അധിഷ്ഠിത special tution പദ്ധതി.<br>3. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു കാർഷിക കോളേജ് പദ്ധതി പരിഗണനയിലുണ്ട്. |
| 10 | 14/15 | 100 | കഴിഞ്ഞ അറുപത് വർഷങ്ങളായി സംസ്ഥാനം ഭരിച്ച വിവിധ സർക്കാരുകൾ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ പട്ടിക വിഭാഗക്കാരുടെ സാമൂഹ്യ പിന്നോക്കാവസ്ഥയിൽ ഉണ്ടായിട്ടുള്ള ഉന്നമനം സംബന്ധിച്ച് വകുപ്പ് തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിനായി സമഗ്ര സാമൂഹിക സാമ്പത്തിക സർവ്വെ പട്ടിക വർഗ്ഗ വികസന വകുപ്പ് നടത്തുകയും 2013-ൽ റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | 2018-19 സാമ്പത്തിക വർഷം പുതുതായി സാമൂഹിക സാമ്പത്തിക സർവ്വെ ആരംഭിച്ചു. സർവ്വെ നടപടികൾ അവസാന ഘട്ടത്തിലാണ്. പട്ടികജാതി വിഭാഗങ്ങളുടെ പിന്നാക്ക അവസ്ഥയെ സംബന്ധിച്ച് പഠനം നടത്തുന്നത് സർക്കാർ പരിഗണനയിലാണ്. |
| | | | (സി) വയനാട്ടിൽനിന്നും ആദ്യമായി പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരു യുവതിയ്ക്ക് ഐ.എ.എസ്. ലഭിച്ചത് പ്രസ്തുത മേഖലയിലെ കുട്ടികളിൽ ഉണ്ടാക്കിയിട്ടുള്ള ഉണർവ് പ്രയോജനപ്പെടുത്തി അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കാമോ? | (സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ICSETS മുഖേന പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കുന്ന മിടുക്കരായ 30 പേർക്ക് കേരളത്തിനകത്തുള്ള അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് പരിശീലനം നടത്തുന്നതിനായി 'ലക്ഷ്യ സ്കോളർഷിപ്പ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. |

## VI. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 60 | വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br><br>ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്നുകണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| 2 | 14/10 | 63 | ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ചവർ ഭൂമി മറിച്ചു വിൽക്കുന്നതു നിയന്ത്രിക്കാനായി റവന്യൂ വകുപ്പ് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | കേരള ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ചവർ ഭൂമി മറിച്ച് വിൽക്കുന്നത് നിയന്ത്രിക്കാനായി ഇളവ് ലഭിച്ച ഭൂമി മറിച്ചു വിൽക്കുന്ന സംഗതിയിൽ ഭൂമി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ല ഭൂമി ഉപയോഗിക്കുന്നതെങ്കിൽ, ടി ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള വ്യവസ്ഥ ഭൂപരിഷ്കരണ ആക്റ്റിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| 3 | 14/10 | 74 | പാലിയേറ്റീവ് ചികിത്സയടക്കം വിവിധ ഘട്ടങ്ങളിലുള്ള ക്യാൻസർ രോഗികൾക്ക് പി.എച്ച്.സി-യിൽ നിന്നുൾപ്പെടെ ലഭിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇക്കാര്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| 4 | 14/10 | 134 | മംഗലം ഡാം പ്രദേശത്ത് കടപ്പാറ, മൂർത്തിക്കുന്ന് കോളനിയിലെ ആദിവാസി വിഭാഗത്തിന് ഭൂമിയും പട്ടയവിതരണത്തിനും നടപടി സ്വീകരിക്കുമോ? | സ്വീകരിക്കുന്നതാണ്. |
| 5 | 14/10 | 135 | പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിലെ താഴ്ന്നവരുമാനക്കാരായ തൊഴിലാളികൾക്കുള്ള ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ ഇപ്പോൾ താമസിച്ചു വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നിലവിൽ താമസക്കാരായ അപേക്ഷകർക്കും മരണപ്പെട്ടവരുടെ നിയമപരമായ അവകാശികൾക്കും വാടക കുടിശ്ശികയും ഭൂമി, കെട്ടിട വിലയും ഈടാക്കി പതിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 6 | 14/10 | 152 | പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി സംബന്ധിച്ച കേസുകൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ;<br><br>പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം പാട്ട ഭൂമികളാണ് തിരിച്ചെടുക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് 18-2-2017-ലെ ജി.ഒ (എം.എസ്) 55/2017/റവ. നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിരുന്നതും 17-1-2018-ലെ ജി.ഒ. (എം.എസ്) 15/2018/റവ. നമ്പർ ഉത്തരവ് പ്രകാരം ടി സമിതിയിൽ ധനകാര്യം (വ്യയം) വകുപ്പ് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുള്ളതുമാണ്.<br><br>ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും സ്വീകരിച്ചുവരുന്നു. ആയത് പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 7 | 14/14 | 79 | മണൽ വാരൽ വീണ്ടും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്. | മണൽ ഖനനം നടത്തുന്നതിലേയ്ക്കുള്ള സാന്റ് ഓഡിറ്റ് നടത്തുവാൻ തിരുവനന്തപുരം ILDM-ന്റെ നേതൃത്വത്തിൽ വിവിധ ഏജൻസികളെ നിയോഗിക്കുകയും കടലുണ്ടി, കുറ്റ്യാടി, ചന്ദ്രഗിരി, കല്ലട, കുളത്തുപ്പുഴ, പമ്പ, പെരിയാർ, ഇത്തിക്കര, വാമനപുരം, നെയ്യാർ, കബനി, കുറവന്നൂർ, അഞ്ചരക്കണ്ടി, മൂവാറ്റുപുഴ, ചാലിയാർ, മീനച്ചൽ, കരമന, ചാലക്കുടി, അച്ചൻകോവിൽ, വളപട്ടണം എന്നീ പത്തൊൻപത് നദികളിലെ സാന്റ് ഓഡിറ്റിംഗ് പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യതയുണ്ടെന്ന് കണ്ടെത്തിയ നദികളിൽ നിന്ന് മണൽ വാരുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, പഞ്ചായത്ത്-മുനിസിപ്പാലിറ്റി |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറിമാർ എന്നിവർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് അടിയന്തരമായി പാരിസ്ഥിതികാനുമതി നേടാൻ 31-12-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തികൾക്ക് നടപടി പുരോഗമിക്കുന്നു. കൂടാതെ മാഹി, ശ്രീകണ്ഠപുരം, കാര്യകോട്, ഭവാനി, കേച്ചേരി, പെരുമ്പ, ഷിറിയ, ഉപ്പള, മണിമല, കപ്പം, വള്ളത്തോട്, ഗായത്രിപ്പുഴ, മൊഗ്രാൽ, ചന്ദ്രഗിരി (പാർട്ട് II) എന്നീ പതിനാല് നദികളിലെ സാന്റ് ഓഡിറ്റിംഗ് പുരോഗമിക്കുകയാണ്. ഇപ്രകാരം സംസ്ഥാനത്തെ എല്ലാ നദികളിലെയും മണൽ ലഭ്യത കണ്ടെത്തി മണൽ വാരുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണ്. |
| 8 | 14/15 | 83 | ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ ; വ്യക്തമാക്കുമോ? | കേരള ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. |

| | | | | |
|---|---|---|---|---|
| 9 | 14/15 | 102 | സർക്കാർ ഭൂമി, കയ്യേറിയ ഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സർക്കാർ ഭൂമി, കയ്യേറിയ ഭൂമി എന്നിവ സംബന്ധിച്ച രജിസ്റ്റർ ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ തയ്യാറാക്കുവാൻ 8-5-2019-ലെ സ.ഉ(സാധാ)നം. 1077/2019/റവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഓരോ വില്ലേജിന്റെയും അധികാര പരിധിക്കുള്ളിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, സർക്കാർ പുറമ്പോക്ക് ഭൂമി, അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, കാലങ്ങളായി ഉപയോഗിക്കാതെ കാടുകയറി കിടക്കുന്ന ഭൂമി, അന്യാധീനമായി കിടക്കുന്ന ഭൂമി, റവന്യൂ ഓഫീസുകളിൽ പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടുവന്നിരിക്കുന്ന ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങളും, അപ്രകാരമുള്ള ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിവരങ്ങളും ഓരോ ജില്ലാതലത്തിലും സ്വരൂപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

## VII. ഭക്ഷ്യ-പൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 66 | റേഷൻ സാധനങ്ങൾക്ക പുറമേ ആവശ്യമായ മറ്റ് നിത്യോപയോഗ സാധനങ്ങളും ലഭിക്കുന്ന ഒരു പൊതുവിതരണ കേന്ദ്രമാക്കി റേഷൻ കടകളെ മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ? | പരിഗണനയിലാണ് |
| 2 | 14/10 | 67 | ഭക്ഷ്യോൽപ്പന്നങ്ങൾ വിലകുറച്ച് നൽകുന്ന ന്യായവില ഭക്ഷണ ഷോപ്പുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | ഭക്ഷണത്തിന് വകയില്ലാത്ത വിശക്കുന്ന വർക്കെല്ലാം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതിന് 'വിശപ്പ് രഹിത കേരളം പദ്ധതി' സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ രണ്ടു ജില്ലകളിൽ പൈലറ്റ് പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നുണ്ട്. വരുന്ന സാമ്പത്തിക വർഷം മുതൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 14/10 | 72 | ആദിവാസികളുടെ പരമ്പരാഗത ഭക്ഷണ സാധനങ്ങളായ റാഗി, ചോളം തുടങ്ങിയവ പൊതു വിതരണ സംവിധാനം മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ആദിവാസിമേഖലയിലെ ജനങ്ങൾക്ക് റാഗിയുൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ നൽകുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. |
| 4 | 14/10 | 141 | റേഷൻ സാധനങ്ങൾ പൊതു ജനങ്ങൾക്ക് യഥാവിധി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;<br>എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കുമോ;<br>പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്ന തിന് പ്രസ്തുത സമിതികൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വ്യക്തമാക്കാമോ? | ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം 2001-നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന/ജില്ല/ താലൂക്ക്/ പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന / ജില്ല/താലൂക്ക്/റേഷൻകടതല വിജിലൻസ് സമിതികൾ സംസ്ഥാന ഭക്ഷ്യ ഭദ്രതാനിയമം നിലവിൽ വന്നതിനു ശേഷം ആരംഭിക്കുന്നതാണ്. വിജിലൻസ് സമിതികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിലും നിർദ്ദേശങ്ങളിലും ആവശ്യമായ തുടർ |

| | | | | |
|---|---|---|---|---|
| | | | | നടപടികൾ യഥാസമയം സ്വീകരിക്കുന്നതുമാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണമായ രീതിയിൽ നടപ്പിലാക്കുമ്പോൾ രൂപീകരിക്കപ്പെടുന്ന പുതിയ വിജിലൻസ് സമിതികളുടെ പ്രവർത്തനം നിയമമനുശാസിക്കുന്ന തരത്തിൽ ആയിരിക്കുവാൻ എല്ലാ കരുതലുകളും സ്വീകരിക്കുന്നതാണ്. |
| 5 | 14/10 | 145 | കേന്ദ്ര ഭക്ഷ്യ നിയമത്തിന്റെ ഭാഗമായി അഗതി മന്ദിരങ്ങൾ ഇതര മുൻഗണനാ വിഭാഗങ്ങൾ, ആശുപത്രികൾ എന്നിവയ്ക്കൊക്കെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. ആശുപത്രികൾ അടക്കമുള്ള അഗതി മന്ദിരങ്ങൾക്ക് റേഷൻ കൊടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? | പ്രസ്തുത വിഭാഗങ്ങൾക്ക് ധാന്യം കൊടുക്കാൻ പ്രത്യേകമായ അലോട്ട്മെന്റ് കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരുന്നതാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഒരു സന്ദർഭത്തിൽ മാത്രമാണ് ആറുമാസത്തേക്കുള്ളത് നമുക്ക് അലോട്ട് ചെയ്തത്. പിന്നീട് നമുക്ക് അത് തന്നില്ല. ലഭിച്ചതിനേക്കാൾ കൂടുതൽ ധാന്യം പങ്കുവച്ച് ഈ വിഭാഗത്തിന് നൽകുന്നുണ്ട്. അത് എത്ര ഇനി സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിച്ച് നടപടികൾ സ്വീകരിക്കാം. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 14/11 | 8 | റേഷൻ സാധനങ്ങളുടെ ഇക്കത്തിലുണ്ടാകുന്ന തട്ടിപ്പ് തടയുന്നതിനായി അരിയും ഗോതമ്പും പാക്കറ്റുകളി ലാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുവാൻ ഏതെങ്കിലും വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ടോ;<br><br>ചാക്കുകളിൽ റേഷനരി കടകളിലെത്തിക്കുന്നതിനേക്കാൾ കുറഞ്ഞ ചെലവിൽ അത് പാക്കറ്റുകളിലാക്കി ലഭ്യമാക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | റേഷൻ സാധനങ്ങളുടെ തൂക്കക്കുറവ് പരിഹരിക്കുന്നതിനായി റേഷനരിയും ഗോതമ്പും പായ്ക്കറ്റുകളിലാക്കി ഉപഭോക്താ ക്കൾക്ക് എത്തിക്കുന്നത് പൈലറ്റടിസ്ഥാ നത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ച് പൈലറ്റ് പദ്ധതിയായി നടപ്പാക്കി വിജയകര മാണെങ്കിൽ സംസ്ഥാനമൊട്ടാകെ വ്യപിപ്പിക്കുന്നത് പരിഗണിക്കുന്നതാ ണ്. |
| 7 | 14/11 | 51 | ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട വഴി ഭക്ഷ്യധാന്യം എത്തിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;<br><br>പ്രസ്തുത പദ്ധതി പ്രകാരം എത്ര ഊരുകളിൽ ഈ പദ്ധതി നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ; | ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ സഞ്ചരിക്കുന്ന റേഷൻകട 14-7-2017 മുതൽ തൃശ്ശൂർ താലൂക്കിൽ ആരംഭിച്ചു. ചാലക്കുടി താലൂക്കിലെ ആദിവാസി കോളനിക ളിലെ 296 കുടുംബങ്ങൾക്ക് റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മാസത്തിൽ 2 ദിവസം അർഹതപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | ശേഷിക്കുന്ന ഊരുകളിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | റേഷൻ സാധനങ്ങൾ എത്തിക്കുന്ന പദ്ധതി 29-3-2018 മുതൽ ആരംഭിച്ചു.<br>പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| 8 | 14/16 | 03 | സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ഉണ്ട്. സംസ്ഥാനത്ത് ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| 9 | 14/16 | 18 | പൊതുവിതരണ സമ്പ്രദായത്തിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013-ന്റെ സെക്ഷൻ 28 അനുശാസിക്കുന്ന പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തിയിട്ടുണ്ട്. ഇതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി (TISS) സിവിൽ സപ്ലൈസ് വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിരുന്നു. |

| | | | | |
|---|---|---|---|---|
| | | | | സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ സി.ആർ.ഒ. നോർത്തിന്റെ പരിധിയിലുള്ള എ.ആർ.ഡി. 107, 114, 116, 77 എന്നീ റേഷൻ കടകളിലാണ് നടത്തിയത്. ഗുണഭോക്താക്കളെ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെപ്പറ്റി/ റേഷൻ വിഹിതത്തെപ്പറ്റി ബോധ്യവാന്മാരാക്കുക എന്നതും ആനുകൂല്യങ്ങൾ/ റേഷൻ വിഹിതം എന്നിവ അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയുമാണ് സോഷ്യൽ ഓഡിറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. ടി.ഐ.എസ്.എസ്. നടത്തിയ പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ഓഗസ്റ്റ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടില്ല. ആയതിനുള്ള ഏജൻസിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

## VIII. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 104 | നവീനമായ രീതിയിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഈ സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ട പാക്കേജിനെക്കുറിച്ച് ആലോചിക്കുന്നതിനു വേണ്ടി ഒരു ജനകീയ സമിതി അടിയന്തരമായി വിളിച്ചു കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണ്. |
| 2 | 14/10 | 114 | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് 'വിപണി ഇടപെടൽ' പദ്ധതിയുടെ ഭാഗമായി ഓണസമൃദ്ധി, വിഷുക്കണി, സംഭരണം, താങ്ങുവില നിശ്ചയിക്കൽ എന്നിവയും കൂടാതെ വിപണി വികസനം ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി കാർഷിക മൊത്ത വ്യാപാര വിപണി, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | കർഷകരുടെ ഉല്പന്നങ്ങൾ വീടുകളിലെത്തി ശേഖരിച്ച് വിപണിയിൽ എത്തിക്കുന്നതിന് കർഷക മിത്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ;<br><br>ഇടനിലക്കാരെ ഒഴിവാക്കുന്നതുമൂലം കർഷകർക്ക് ന്യായമായ വില ലഭ്യമാകുമെന്നതിനാൽഈ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഉണ്ട്.<br><br>പരിശോധിക്കുന്നതാണ്. |
| 3 | 14/10 | 115 | കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; ദേശീയ അന്തർദേശീയ തലത്തിലെ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് കാർഷിക മേഖലയിലെ സംരംഭകർക്ക് പരിശീലനവും തുടർ സഹകരണവും ഉറപ്പാക്കുമോ;<br><br>സംരംഭകത്വ വികസനത്തിന് കോമൺഫെസിലിറ്റി സെന്ററായി പ്രവർത്തിക്കുന്നതിന് അഗ്രോ പാർക്കുകൾ സ്ഥാപിക്കുമോ; വ്യക്തമാക്കുമോ? | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കൈതാങ്ങൽ നൽകുന്നതിനും വേണ്ടി കൃഷി വകുപ്പ് കേരളത്തിലെ വിവിധ കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളിൽ ടെക്നോ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഇൻക്യുബേഷൻ സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ (സി.പി.സി.ആർ.ഐ)<br><br>2. കൃഷി വിജ്ഞാന കേന്ദ്രം, കുമരകം |

| | | | | |
|---|---|---|---|---|
| | | | | (കെ.എ.യു)<br>3. കാർഷിക കോളേജ്, വെള്ളായണി.<br>4. കാർഷിക സർവ്വകലാശാല.<br>5. എൻ.ഐ.ഐ.എസ്.ടി. പാപ്പനംകോട്<br>ഉറപ്പാക്കുന്നതാണ്.<br>16 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ വർഷം 5 അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 4 | 14/10 | 156 | ജൈവ വളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏഴിനം ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷി വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ല. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ചുവരുന്നത്. ഇക്കാരണത്താൽ ജൈവ വളങ്ങളുടെ പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഓരോ വർഷവും പരിശോധന നടത്തിയിരുന്നത്. അംഗീകൃത ജൈവ വളങ്ങളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുവാനായി സംസ്ഥാന കൃഷിവകുപ്പ് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പുതുതായി സ്ഥാപിക്കുന്ന ജൈവാണവള ഗുണനിലവാര പരിശോധന ശാലയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 5 | 14/11 | 15 | കർഷകർക്ക് ലഭിക്കുന്നതുപോലെ ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | ക്ഷീര കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |
| 6 | 14/13 | 25 | ഏറെ ടൂറിസ്റ്റുകൾ സന്ദർശനം നടത്തുന്ന മൂന്നാറിന്റെ കവാടമായ നേര്യമംഗലത്ത് പെരിയാറിന്റെ തീരത്ത് ഏക്കറോളം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷി തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിഗണന യിലുണ്ടോ;വിശദമാക്കാമോ? | ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ച് വരുന്നു. പദ്ധതിയുടെ പൂർണ്ണമായ രൂപരേഖ തയ്യാറായിട്ടില്ല. |
| 7 | 14/15 | 110 | കേരളത്തിൽ ഉൽപാദിപ്പിക്കുന്ന സവിശേഷമായ കാർഷികോൽപന്നങ്ങളുടെയും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ? | കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ മാത്രമല്ല കാർഷിക വിളകളും കയറ്റുമതി ചെയ്യുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് VFPCK (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള)-യെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും പഴവർഗ്ഗങ്ങളും പച്ചക്കറികളും കയറ്റുമതി ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി കേരളത്തിൽ ഈ വർഷം 500 ഹെക്ടർ സ്ഥലത്ത് എക്സ്പോർട്ട് ഓറിയന്റഡ് ആയ വാഴപ്പഴം കൃഷി |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | | ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. 50 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കയറ്റുമതി ചെയ്യുന്നതിനാവശ്യമായിട്ടുള്ള കർഷകരെ സംഘടിപ്പിച്ചുകൊണ്ട് എക്സ്പോർട്ട് ഓറിയന്റഡ് ആയിട്ടുള്ള കൃഷി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കേരളത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ പ്രിയമേറിവരികയാണ്. അത് പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും SFAC മുഖാന്തരം ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. |
| 8 | 14/16 | 1 | കർഷകർക്ക് ലഭിക്കുന്നതുപോലെ ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | ക്ഷീര കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. |

| | | | | |
|---|---|---|---|---|
| 9 | 14/16 | 4 | എല്ലാ ക്ഷീരകർഷകർക്കും അവരുടെ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരമാവധി ക്ഷീരകർഷകർക്ക് പരിരക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>നിലവിൽ സംസ്ഥാനത്ത് ഗോസമൃദ്ധി പ്ലസ് 2018-19, NLM പ്ലസ് 2017-18 എന്നീ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.<br><br>2019-20 സാമ്പത്തിക വർഷത്തെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി NLM 2019-20 പദ്ധതിയുടെ ഉദ്ഘാടനം 2019 ഒക്ടോബർ മാസം 26-ാം തീയതി തിരുവല്ലയിൽ നടത്തുക യുണ്ടായി. സംസ്ഥാനത്തെ മുഴുവൻ കറവ പശുക്കളേയും, എരുമകളേയും ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരുന്നതിനുള്ള മാസ്റ്റർ പോളിസി മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയിലാണ്. |

## IX. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 68 | ഖാദി വ്യവസായ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട റിബേറ്റ് കുടിശ്ശിക കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഈ വർഷം തന്നെ ഖാദി കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 2 | 14/10 | 71 | ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിനും ടെക്സ്റ്റൈൽ തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിനും നടപടി സ്വീകരിക്കുമോ? | മില്ലുകളുടെ നവീകരണത്തോടൊപ്പം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്. |
| 3 | 14/10 | 75 | പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഡി.എ. കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കും. |
| 4 | 14/10 | 161 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനിലെ പനമ്പ് നെയ്ത്തുകാർക്ക് പനമ്പ് നെയ്യുന്ന തിന് ഈറ്റ വിതരണം | അതെ സബ്സിഡി നിരക്കിൽ ഈറ്റ വിതരണം ചെയ്യുന്നത് കൊണ്ട് |

| | | | | |
|---|---|---|---|---|
| | | | ചെയ്യുന്നത് സബ്സിഡി നിരക്കിലാണോ; സബ്സിഡി നിരക്കിലാണെങ്കിൽ കോർപ്പറേഷന്റെ നഷ്ടം പരിഹരിക്കുന്നതിനായി പരമ്പരാഗത തൊഴിലാളികളായ ഇവരെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | കോർപ്പറേഷനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി പരമ്പരാഗത തൊഴിലാളികളായ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| 5 | 14/13 | 26 | ഖാദിത്തൊഴിലാളികൾക്ക് പുതുക്കി നിശ്ചയിച്ച മിനിമം കൂലി മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ? | പരിഷ്കരിച്ച നിരക്കിൽ മിനിമം വേതനം തൊഴിലാളികൾക്ക് നൽകുന്നതിന് ഖാദി ബോർഡുമായും ഇതര ഖാദി സ്ഥാപനങ്ങളുമായും ആലോചിച്ച് നടപടികൾ സ്വീകരിച്ച് വരികയാണ്. |
| 6 | 14/13 | 27 | നാം നമ്മുടെ വിഭവങ്ങൾ വച്ചും നമ്മുടെ പരിമിതമായ സാദ്ധ്യത കളുപയോഗപ്പെടുത്തിയും കേരളത്തിന് ഇണങ്ങുന്ന കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിൽ ആരംഭിച്ചു കൊണ്ട് വ്യത്യസ്തമായ ഒരു സന്ദേശം ഇന്ത്യൻ പൊതുമേഖലയ്ക്കും കേരളത്തിലെ വ്യവസായമേഖലയ്ക്കും നൽകാൻ നമുക്ക് സാധിക്കുമോ; ആ ദിശയിലുള്ള തീരുമാനമെടുക്കാൻ വ്യവസായ വകുപ്പ് തയ്യാറാകുമോ? | കേരളത്തിന്റെ സാദ്ധ്യതയെക്കുറിച്ചു വിശദമായ പഠനം നടത്തിക്കൊണ്ട് ആവശ്യമായ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ വിശദമായ പഠനത്തിനു വേണ്ടി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെ കേരളത്തിൽ ചില പുതിയ സംരംഭങ്ങൾ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ആരംഭിക്കാനുള്ള നടപടികളും തുടങ്ങിയിരിക്കുകയാണ്. കേരളത്തിന്റെ പ്രധാനപ്പെട്ട വിളയായ നെല്ല് സംഭരിക്കാനും ആ നെല്ല് അരിയാക്കാനും കഴിയത്തക്കനിലയിലുള്ള ഒരു പുതിയ സംരംഭത്തിനും കേരളത്തിന്റെ പ്രധാനപ്പെട്ട കാർഷികോൽപ്പന്നമായ തെങ്ങുംതടി ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ, കേരളം കാർഷികാധിഷ്ഠിതമായിട്ടുള്ള ഒരു സംസ്ഥാനമായതിനാൽ അതിനെ ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. റബ്ബർ അധിഷ്ഠിതമാണ് കേരളം. റബ്ബർ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയത്തക്ക രീതിയിലുള്ള നടപടികൾ ഗവൺമെന്റ് ആലോചിച്ചുവരുന്നു. പുതിയ സംരംഭങ്ങൾക്ക് രൂപം കൊടുത്ത് വിശദമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായിട്ടും പുതിയ സംരംഭങ്ങൾ ഉണ്ടാകുമെന്നാണ് എനിക്ക് സഭയുടെ മുമ്പാകെ വ്യക്തമാക്കാനുള്ളത്. |

| | | | | |
|---|---|---|---|---|
| 7 | 14/15 | 84 | സംസ്ഥാനത്ത് പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ;<br><br>ഇതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>പ്രസ്തുത വ്യവസായപാർക്കുകൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിക്കുന്നതെന്ന് അറിയിക്കുമോ? | ഉണ്ട്.<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മടിക്കൈ പുതുക്കൈ വില്ലേജുകൾ ഉൾപ്പെട്ട 99.98 ഏക്കർ സ്ഥലത്ത് പുതിയ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br><br>കെ.എസ്.ഐ.ഡി.സി.സി.യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കുന്നതിനായി 100 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 7984 ഏക്കർ ഭൂമിയിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | 14/15 | 92 | സംസ്ഥാനത്തെ വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ അതാതിടത്തെ സർക്കാരുകൾ മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് നടത്തുന്ന ശ്രമം അറിയിക്കാമോ; ടാൻസാനിയയിൽനിന്നും കശുവണ്ടി ലഭിക്കാനുള്ള സാധ്യത വിനിയോഗിക്കുന്നുണ്ടോ? | കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്ന് ഗവൺമെന്റ്-ടു-ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള ശ്രമങ്ങൾ കാഷ്യൂ ബോർഡ് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഐവറി കോസ്റ്റിലെ കോട്ടൺ & കാഷ്യൂ കൗൺസിലുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സെനഗലും ഇപ്രകാരമുള്ള ഒരു ധാരണയ്ക്ക് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ടാൻസാനിയ ഗവൺമെന്റ് അവിടെ സ്റ്റോക്കുള്ള തോട്ടണ്ടിയുടെ വിപണനത്തിന് കേരള കാഷ്യൂബോർഡിന്റെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. ഗുണനിലവാരവും ന്യായവിലയും ഉറപ്പാക്കി. ടാൻസാനിയ യിൽനിന്നും തോട്ടണ്ടി സംഭരിക്കുന്ന തിനുള്ള സാധ്യത പരിഗണിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 9 | 14/15 | 120 | പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ ? | നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കാണ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്. എങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഹാർഡ്‌വെയർ മിഷന്റെ ഭാഗമായി ലാപ്ടോപ്പുകളും സെർവറുകളും ഉൽപാദിപ്പിക്കുന്ന ഇലക്ട്രോണിക് വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള കമ്പനി കെൽട്രോണിന്റെയും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെയും പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാനത്ത് പ്രധാന ഭക്ഷ്യോത്പന്നമായ അരിയുടെ ഉപയോഗം കണക്കിലെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സഹകരണത്തോടെ കേരളത്തിലെ പ്രധാന നെല്ലുൽപാദന കേന്ദ്രങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ റൈസ് മില്ലുകൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

## X. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 65 | വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; പ്രസ്തുത നിയമനം പി.എസ്.സി. മുഖാന്തരം നടത്തണമെന്ന ശിപാർശ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ്; വിശദമാക്കാമോ? | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർമാരുടെ നിയമനം സർക്കാർ നേരിട്ടാണ് നടത്തി വരുന്നത്. പ്രസ്തുത നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 2 | 14/10 | 116 | പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നറിയിക്കാമോ? | പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ തസ്തികയെ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തി ക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| 3 | 14/11 | 119 | കോവളത്ത് സുരക്ഷ ക്രമീകരണം ടൂറിസം പോലീസിൽ നിക്ഷിപ്തമാക്കുമോയെന്നും ഇവിടെ ക്രൈം മാപ്പിംഗ് സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നു ണ്ടോയെന്നും വ്യക്തമാക്കാമോ;<br><br>കോവളത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് പൂർണ്ണ സുരക്ഷിതത്വം ഒരുക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.<br><br>പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 4 | 14/13 | 24 | ജയിൽ മ്യൂസിയം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ? | ഉണ്ട്. ജയിൽ മ്യൂസിയം പദ്ധതി ആവിഷ്കരിക്കുന്നതിന് പൊതുജനങ്ങൾക്ക് ജയിൽ അന്തരീക്ഷത്തെക്കുറിച്ച് അറിവ് കിട്ടുവാനും യുവാക്കളിൽ കുറ്റവാസന കുറയ്ക്കുന്നതിന് സഹായകരമാകുകയും ചെയ്യും. നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ജയിലുകളിലെ വസ്തുക്കളും രേഖകളും മറ്റും ശേഖരിച്ച് സംരക്ഷിക്കേണ്ടതുണ്ട്. കേരള സംസ്ഥാന പിറവിയ്ക്കു മുമ്പ് മൂന്ന് നാട്ടുരാജ്യങ്ങളിലായി സ്ഥിതി ചെയ്തിരുന്ന പൂജപ്പുര, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും കോഴിക്കോട് ജില്ലാ ജയിലിലും ചരിത്രത്തിന്റെ മറ്റെവിടേയും കാണാത്ത ശേഷിപ്പുകൾ ഉണ്ട്. ചരിത്ര പ്രാധാന്യമുള്ള വസ്തുക്കൾ സജ്ജീകരിച്ച് പ്രദർശിപ്പിക്കുന്നത് ടൂറിസ്റ്റുകൾക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പ്രയോജനപ്രദമാണ് ജയിലുകൾ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ കേന്ദ്രങ്ങൾ (Correctional Centres) ആണെന്നുള്ള ആധുനിക കാഴ്ചപ്പാടിനെക്കുറിച്ച് പൊതുസമൂഹത്തിന് അവബോധം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഉണ്ടാക്കുന്നതിനും അതുവഴി ജയിൽ മോചിതരാകുന്ന തടവുകാരോടുള്ള പൊതുജനത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തി അവരെ സമൂഹത്തിൽ സ്വീകരിക്കുന്നതിനും ജയിൽ മ്യൂസിയം സ്ഥാപിക്കുന്നത് പ്രയോജനപ്രദമാണ്. |
| 5 | 14/13 | 56 | സംസ്ഥാനത്ത് വനിതാ പോലീസ് അംഗബലം ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ആയത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; വിശദക്കാക്കുമോ? | കേരള പോലീസിൽ വനിതാ പ്രാതിനിധ്യം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സ.ഉ. (കൈ) നം. 15/2017/ആഭ്യ. തീയതി 30-1-2017 പ്രകാരം കേരളത്തിൽ ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. വനിതാ പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശകൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്. |
| 6 | 14/15 | 108 | നിലവിൽ രജിസ്ട്രേഷനോ മറ്റ് മാനദണ്ഡങ്ങളോ പാലിക്കാതെ പ്രവർത്തിക്കുന്ന ഡേ കെയറുകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | നടത്തിയിട്ടില്ല. നിലവിൽ ഡേ കെയറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് നിയമങ്ങൾ ഇല്ല. ഇത് സംബന്ധിച്ച സമഗ്ര നിയമനിർമ്മാണം പരിഗണനയിലുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 14/15 | 115 | അഗ്നിശമന സേനയുടെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ? | അഗ്നിരക്ഷാ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ മാരുടെ സേവനം വകുപ്പ് ഉപയോഗപ്പെടുത്തിവരുന്നു. ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, പാരാമെ ഡിക്കൽ സർവ്വീസിൽനിന്ന് വിരമിച്ചവർ, പ്രത്യേക മേഖലയിൽ കഴിവുള്ളവർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.എസ്.എസ്. വോളന്റീയർമാർ എന്നിങ്ങനെ നാനാമേഖലകളിൽ നിന്നുള്ളവരുടെ സേവനം അപകട ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ കഴിയും. ഇതിനായി കേരള സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരണ കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആധുനിക വൽക്കരണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 28 കോടി രൂപയായിരുന്ന പദ്ധതി വിഹിതം 2018-19-ൽ 65 കോടി രൂപയായി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഉയർത്തി. 2019-20 ൽ ഇത് 70 കോടി രൂപയാണ്. രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വകുപ്പിന് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ജലാശയ അപകടങ്ങളിലെ രക്ഷാ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എന്നിവയും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനു പുറമേ ഉയരമുള്ള കെട്ടിടങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ടേൺ ടേബിൾ ലാഡർ വാങ്ങുന്ന നടപടികളും പുരോഗമിച്ചു വരുന്നു. |
| | | | അഗ്നി സുരക്ഷയുമായി ബന്ധപ്പെട്ട് നാഷണൽ ബിൽഡിംഗ് കോഡ് അനുശാസിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള വ്യവസ്ഥകളും നാഷണൽ ബിൽഡിംഗ് കോഡിലെ ആവശ്യമായ വ്യവസ്ഥകളും ഉൾപ്പെടുത്തി കാര്യക്ഷമമായ അഗ്നിരക്ഷാ സേവന നിയമം നടപ്പാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |

| | | | | |
|---|---|---|---|---|
| 8 | 14/16 | 11 | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പോക്സോ കേസ്സുകൾ തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | 57 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്. |

## XI. മത്സ്യബന്ധന-തുറമുഖവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 58 | സി.ആർ. ഇസഡ് അപേക്ഷകൾ സ്വീകരിക്കുവാൻ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാസമിതിയിൽ ഫിഷറീസ് വകുപ്പിന്റെ പ്രതിനിധിയെയോ മത്സ്യമേഖലയിൽ ജോലിയെടുക്കുന്നവരുടെ പ്രതിനിധിയെയോ ഉൾപ്പെടുത്തിയിട്ടുണ്ടോ? | ഉദ്യോഗസ്ഥരാണ് ഈ കമ്മിറ്റിയിൽ നിലവിലുള്ളത്. മത്സ്യത്തൊഴിലാളികളോ അവരുടെ ഇടയിൽ ഗവേഷണം നടത്തുന്നവരോ ആരും ഉണ്ടായിട്ടില്ല. ആ പോരായ്മയും ഉണ്ട്. മത്സ്യത്തൊഴിലാളി സംഘടനകളെല്ലാം ഇതിനെതിരെ ശബ്ദമുയർത്തുന്നുണ്ട്. ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിനുചിതമായ തീരുമാനം പിന്നീട് സ്വീകരിക്കുന്നതാണ്. |
| 2 | 14/10 | 105 | പീലിംഗ് തൊഴിലാളികളായി സംസ്ഥാനത്താകെ എത്ര പേരുണ്ടെന്നുള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ; | 2017-18 വർഷത്തിൽ 34,726 പീലിംഗ് തൊഴിലാളികൾ മത്സ്യ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | മത്സ്യസംസ്കരണശാലകളിൽ പണിയെടുക്കുന്ന പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി എം.പി.ഇ.ഡി.എ. ഉൾപ്പെടെയുള്ള കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ സഹായവും തേടി ഒരു സമഗ്ര തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കുമോ? | പരിഗണിക്കുന്നതാണ്. |
| 3 | 14/10 | 140 | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുവാൻ കഴിയുന്ന മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്? | മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) NIC-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് വിജയകരമായി പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉടൻ നടപ്പിലാക്കുന്നതാണ്. ആയതിനായി മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ എൻ.ഐ.സി.-ക്ക് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 14/10 | 154 | മായം ഇല്ലാത്ത മത്സ്യം വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡ് മൊബൈൽ ഫിഷ് മാർട്ട് ആരംഭിച്ചിട്ടുണ്ടോ;<br>കൂടുതൽ പ്രദേശങ്ങളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി വിലയിരുത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| 5 | 14/13 | 19 | കടലിലെ രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി റെസ്ക്യൂ സ്ക്വാഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ടോ;<br>വിശദമാക്കാമോ? | 9 മറൈൻ ജില്ലകളിലായി തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനായി 7.15 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 60 മത്സ്യഗ്രാങ്ങളിൽ നിന്നും 900 യോഗ്യരായ മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ക്രീനിംഗ് ടെസ്റ്റ് കഴിഞ്ഞ് യോഗ്യരായവരെ ഗോവയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ സുരക്ഷാ സ്ക്വാഡിനായുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 14/15 | 95 | അഴീക്കൽ തുറമുഖ വികസനത്തിന് നടപടി സ്വീകരിക്കുമോ? | കേരളത്തിന്റെ, പ്രത്യേകിച്ച് മലബാർ മേഖലയുടെ സമഗ്രവികസനത്തിനായി നിലവിലെ ചരക്ക്/ ഗതഗാത സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അഴീക്കൽ ഒരു വൻകിട തുറമുഖമാക്കി വികസിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| 7 | 14/15 | 117 | സംസ്ഥാനത്ത് മത്സ്യലഭ്യതയിൽ വൻ ഇടിവ് വന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>എങ്കിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് നിന്നും ആകെ എത്ര ടൺ മത്സ്യമാണ് ലഭിച്ചത്;<br><br>ഇത്തരത്തിൽ വന്നിട്ടുള്ള കുറവിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനാ വകാശം സംരക്ഷിക്കാനായി സമഗ്ര | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ മത്സ്യസമ്പത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നതായി കാണുന്നു.<br><br>2016-17 വർഷത്തിൽ 6,76,466 മെട്രിക് ടൺ മത്സ്യവും 2017-18 വർഷത്തിൽ 6, 72, 767 മെട്രിക് ടൺ മത്സ്യവും 2018-19 (മാർച്ച് വരെ) 8,01,757 മെട്രിക് ടൺ മത്സ്യവും ഉൾപ്പെടെ കഴിഞ്ഞ 3 വർഷങ്ങളിൽ 2150990 മെട്രിക് ടൺ മത്സ്യമാണ് സംസ്ഥാനത്തുനിന്നും ആകെ ലഭിച്ചത്.<br><br>സമുദ്രജല പരിഷ്കരണ നയത്തിന്റെ അന്തസത്ത യുൾക്കൊണ്ടുകൊണ്ട് മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. മത്സ്യബന്ധനോപാധികളും ഉപജീവന ഇടങ്ങളിലും |

| | | | | |
|---|---|---|---|---|
| | | | ജലപരിഷ്കരണ നയം രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | മത്സ്യത്തൊഴിലാളികൾക്കുള്ള ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനായിരിക്കും ഈ നിയമ നിർമ്മാണം ലക്ഷ്യമിടുന്നത്. |
| 8 | 14/16 | 12 | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി. ബോട്ടുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടെ 200 എഫ്.ആർ.പി. ബോട്ടുകളും 200 യാനങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങളും വിതരണം ചെയ്യുന്ന പദ്ധതിയും പരിഗണനയിലാണ്. |

## XII. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 146 | നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും രൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്ക്മൂലം യാത്ര തന്നെ ഇന്ന് വലിയ ബുദ്ധിമുട്ടിലായിരിക്കുകയാണ്. | റോഡിൽ വാഹനങ്ങളുടെ പെരുക്കം വർദ്ധിക്കുകയാണ്. ആളുകൾ പൊതുവാഹനങ്ങളെ ആശ്രയിക്കുന്നതിനു പകരം സ്വന്തം വാഹനം ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള പ്രവണത ശക്തിപ്പെട്ടു |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | വികസിത രാജ്യങ്ങൾ ഇതിനെ അഡ്രസ്സ് ചെയ്തത് സമഗ്രമായ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തിക്കൊണ്ടാണ് കേരളത്തിലെ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലെങ്കിലും പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്ന തിനുള്ള സമഗ്രമായ പഠനവും പദ്ധതിയും ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? | വരുന്നു. ഇതുമൂലം റോഡിൽ തിരക്ക് അനുഭവപ്പെടുകയും അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. നഗര കേന്ദ്രീകൃതമായ രൂപത്തിലുള്ള പരിഷ്കാരങ്ങൾ ശരിയായ നിർദ്ദേശമാണ്. ആ നിർദ്ദേശം ഗവണ്മെന്റ് ഗൗരവത്തിൽ ആലോചിക്കുന്നതാണ് . |
| 2 | 14/10 | 147 | റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് കാൽനടയാത്രക്കാർ അനുഭവിക്കുന്നതും റോഡ് ക്രോസ് ചെയ്യാൻ വയസ്സായവർ, രോഗികൾ, സ്ത്രീകൾ എന്നിവർ അനുഭവിക്കുന്നതുമായ വിഷമങ്ങൾ വലിയ റോഡുകളിൽ കൂടുതലും, ചെറിയ റോഡുകളിൽ ഇപ്പോൾ വലിയ തരത്തിൽ വർദ്ധിച്ചു വരികയാണ്. അതിന് ഏറ്റവും പ്രധാന കാരണം വാഹനങ്ങൾക്ക് കൊടുക്കുന്ന ലൈസൻസാണ്. മദ്യപിച്ച് വാഹനം ഓടിക്കുന്നതുമാത്രമല്ല, ഗതാഗത നിയമങ്ങളൊന്നും ആരും പരിഗണിക്കുന്നില്ല. | മെച്ചപ്പെട്ട ഒരു ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാൻ എടപ്പാളിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. വാഹനയാത്രക്കാർക്ക് മാത്രമല്ല കാൽനട യാത്രക്കാർക്കും റോഡിൽ മതിയായ പരിഗണന ലഭിക്കണമെന്നാണ് ഗവൺമെന്റ് നിലപാട്. അതിന്റെ ഭാഗമായി ഫ്ലൈഓവറുകളും സ്കൈവാക്കുകളും ഫുട്പാത്തുകളും നിർമ്മിക്കുക എന്നുള്ളതാണ് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ കോട്ടയത്ത് ശീമാട്ടി ജംഗ്ഷനിലും തിരുവനന്തപുരത്ത് കിഴക്കേകോട്ടയിലും ഫുട്ട് ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള |

| | | | | | |
|---|---|---|---|---|---|
| | | | റോഡുകളിൽ ഓടകളും നടപ്പാതയും ഉണ്ടാക്കുമ്പോൾ കാൽനടയാത്രക്കാരെ പരിഗണിക്കുന്നില്ല. ഗ്രാമങ്ങളിൽ ഗതാഗത വകുപ്പും പൊതുമരാമത്ത് വകുപ്പും പോലീസും പ്രാദേശിക സ്ഥാപനങ്ങളും ചേർന്ന് ജംഗ്ഷനുകളിൽ ഒരു സിസ്റ്റവും അത് നടപ്പാക്കാവുന്ന രീതിയും ക്രമീകരണവും ഡ്രൈവിംഗ് എന്നു പറയുന്നത് സംസ്കാരമാണെന്നും നടന്നു പോകുന്നവ നെയാണ് ഏറ്റവും ബഹുമാനിക്കേണ്ട തെന്നുമുള്ള ഉത്തരവാദിത്തം നിർവ്വഹിക്കാൻ പറ്റിയ സംവിധാനം ഉണ്ടാക്കുമോ? | നടപടി സ്വീകരിച്ച് വരികയാണ്. മെച്ചപ്പെട്ട ഒരു ട്രാഫിക് സംസ്കാരവും അതിനാവശ്യമായ പ്രവർത്തന സംവിധാനവും സജ്ജമാക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| 3 | 14/10 | 157 | നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലും നടക്കുന്നതിനേക്കാൾ കൂടുതൽ അപകടങ്ങൾ മറ്റ് റോഡുകളിൽ ഉണ്ടാകുന്നതിനാൽ അത്തരം റോഡുകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാനും അപകട ങ്ങളുടെ തോത് കുറയ്ക്കുവാനുമുള്ള നടപടി സ്വീകരിക്കുവാനും ആലോചിക്കുന്നുണ്ടോ? | സംസ്ഥാനത്തെ വിവിധ ജില്ലകളിലെ അപകട സാധ്യത കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കു ന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി കണ്ണൂർ, എറണാകുളം, കോട്ടയം, തൃശ്ശൂർ കൊല്ലം ജില്ലകളിലെ വിവിധ റോഡുകളിൽ വാർഷിക പദ്ധതിയുടെ ഭാഗമായി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. ഇതു കൂടാതെ ജി. പി. എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു വഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സരഓട്ടം, അമിതവേഗത എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുകയും നിയമലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതു വഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കുവാൻ സാധിക്കും. കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽ നിന്നും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ പൊതുജന പങ്കാളിത്തത്തോടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ തേർഡ് ഐ എന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾ നൽകുന്ന ട്രാഫിക് നിയമലംഘനങ്ങൾ സംബന്ധമായ ഫോട്ടോ ഉപയോഗിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിക്കുന്ന സംവിധാനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ 12 എണ്ണം ഇതരപാതകളിലാണ്. കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ സാങ്കേതിക പരിജ്ഞാനമുള്ള ഓഫീസർ പൊതുമരാമത്ത് മോട്ടോർ വാഹന പോലീസ് വകുപ്പുകളുടെ സഹായത്തോടെ ഇവയിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. |
| 4 | 14/10 | 159 | കാർ, ടിപ്പർ, ലോറി, ബസ് ഇവ ഓടിക്കുന്ന വർക്കെല്ലാം ആംബുലൻസും ഓടിക്കാൻ കഴിയും എന്നാണ് മനസ്സിലാക്കുന്നത്. ആംബുലൻസ് ഓടിക്കാൻ പ്രത്യേക നിയമമോ, ലൈസൻസുമായി ബന്ധപ്പെട്ട പ്രത്യേക മാനദണ്ഡമോ ഇല്ല. ആംബുലൻസ് ഡ്രൈവർമാർക്ക് നിശ്ചിത കാലയളവിൽ ഏതെങ്കിലും സർക്കാർ ഏജൻസിയുടെയോ മെഡിക്കൽ കോളേജിന്റെയോ മെഡിക്കൽ ബോർഡിന്റെയോ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റും നിർബന്ധിത പരിശീലനവും കൊടുക്കേണ്ടതുണ്ട്. ആംബുലൻസുകളെ ഒരു ജി.പി.എസ്. സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | ആംബുലൻസ് ഡ്രൈവർമാർക്ക് രോഗീപരിചരണ ത്തിലും സമീപനരീതിയിലും പ്രത്യേക പരിശീലനം നൽകുന്ന കാലം മോട്ടോർ വാഹന വകുപ്പ് പരിഗണിക്കുന്നതാണ്. ഇവർക്ക് പ്രത്യേക സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശത്തിന്റെ പ്രായോഗികത ഗൗരവപൂർവ്വം ആലോചിക്കുന്ന താണ്. സംസ്ഥാനത്തെ സർക്കാർ സ്വകാര്യ മേഖലയിലുള്ള ആംബുലൻസ് സർവ്വീസുകളെ കോർത്തിണക്കി അഗ്രഗേറ്റഡ് ആംബുലൻസ് സർവ്വീസ് നടപ്പിലാക്കുന്നതിന് ആരോഗ്യവകുപ്പ് ഇതിനകം തന്നെ തീരുമാനമെടുത്തിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 14/13 | 23 | റോഡുസുരക്ഷ ഉറപ്പാക്കുന്നതിനായി പൂർണ്ണ സമയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ? | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി നിലവിലെ 34 പൂർണ്ണസമയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 51 സ്ക്വാഡുകൾ സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിന്റെ ആദ്യപടിയായി 181 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ നിയമിച്ച് പരിശീലനം നൽകിവരുന്നു. ഇവരുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങൾ വെറ്റ് ലീസിന് എടുക്കുന്നതിനും എൻഫോഴ്സ്മെന്റ് സ്ക്വാഡിന് മാത്രമായി കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| 6 | 14/13 | 57 | ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഇ-ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 30,000 രൂപ അല്ലെങ്കിൽ വാഹന വിലയുടെ 25% ഏതാണോ കുറവ് ആ തുക ഇൻസന്റീവായി ആദ്യ ഒരു വർഷത്തേക്ക് നൽകുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി നികുതിയിനത്തിൽ ഇളവ് നൽകുന്നതിനുമുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. |

| | | | | |
|---|---|---|---|---|
| 7 | 14/15 | 103 | കോൺട്രാക്ട് ക്യാരേജുകൾക്ക് നിരക്ക് നിശ്ചയിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | കോൺട്രാക്ട് ക്യാരേജുകൾക്ക് നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. റിട്ട. ജസ്റ്റിസ് രാമചന്ദ്രൻ ചെയർമാനായിട്ടുള്ള ഫെയർ റിവിഷൻ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി യിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

## XIII. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 107 | ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തികൾ ആരെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | സംസ്ഥാനത്തെ ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണ ശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനും വേണ്ടി തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സ. ഉ. (കൈ) നം. 79/2017 ജവിവ. തീയതി26-9-2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട് SOP യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യകൾ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | സംസ്ഥാനം നേരിടുന്ന മണൽ ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനായി ഡാമുകളിൽ കെട്ടിക്കിടക്കുന്ന മണൽ ശേഖരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ഡീസിൽറ്റേഷൻ വഴി ലഭിക്കുന്ന എക്കലിലെ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായുള്ള സാമ്പിളുകൾ ശേഖരിക്കുന്ന പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) നെയും വിവിധ ഘടകങ്ങളുടെ അളവു കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി (KERI)നെ ഏൽപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് NCESS മായുള്ള ധാരണാ പത്രം (MOU) പ്രകാരം മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തികളുടെ ഭാഗമായി നടത്തുന്ന സെഡിമെന്റ് ശേഖരണവും അനാലിസിസും സാഹചര്യങ്ങൾക്ക് വിധേയമായി ചുള്ളിയാറിൽ മാർച്ച് അവസാനത്തോടെയും മംഗലത്തിൽ ഏപ്രിൽ അവസാനത്തോടെയും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് ആയതിൽനിന്നും കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | | ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിൽ എത്തിക്കുന്നതിനു പുറമേ സംസ്ഥാനം നേരിടുന്ന മണൽക്ഷാമവും ഡീസിൽറ്റേഷൻ വഴി പരിഹരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |
| 2 | 14/11 | 17 | 2012-ലെ ജല നിയമം അനുസരിച്ച് ഘടനാപരമായ മാറ്റങ്ങൾ എല്ലാ സംസ്ഥാനങ്ങളും പാലിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. ഉയർന്ന ജലാവശ്യകത, പുതിയ കാഴ്ചപ്പാടുകൾ, മുൻഗണനകൾ, ലോക വീക്ഷണങ്ങൾ എന്നിവ പരിഗണിച്ചു കൊണ്ടുള്ള ഒരു ജലസുരക്ഷാ സംസ്ഥാനമായി കേരളം മാറുംവിധം ജലനയ പരിഷ്കാരത്തിന് സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | 2008-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഒരു ജലനയം ഇപ്പോൾ നിലവിലുണ്ട്. മാറിയ സാഹചര്യത്തിൽ ഈ നയത്തിനാവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വകുപ്പു തലത്തിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ് ജലസുരക്ഷാ മേജർ പ്രോജക്ടുകൾ എന്ന ആശയം പരിപൂർണ്ണമായി നമുക്ക് ഉപേക്ഷിക്കാനാവില്ല. പ്രത്യേകിച്ച്, ജല ട്രൈബ്യൂണലുകളുടെ വിധിപ്രകാരമുള്ള ജലം ലഭ്യമാകണമെങ്കിൽ ചില പ്രോജക്ടുകളുമായി മുന്നോട്ടു പോകണം. അതിന് പാരിസ്ഥിതി കാനുമതി കിട്ടണമെന്നുള്ളതാണ് രണ്ടാമത്തെ കാര്യം. അക്കാര്യങ്ങൾക്ക് ആവശ്യമായ നടപടികളുമായി നമുക്ക് മുന്നോട്ട് പോകാം. ജലസുരക്ഷ, ജലത്തിന്റെ ലഭ്യത, ഭാവി തലമുറയ്ക്ക് ഈ അമൂല്യ വിഭവം സൂക്ഷിച്ച് കരുതി നമ്മൾ കൈമാറി കൊടുക്കേണ്ടതാണെന്ന ബോധ്യം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ജലസേചന വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. നീർത്തടാടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒരു പുനഃസംഘടന ജലസേചന വകുപ്പിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| 3 | 14/13 | 41 | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ ജലസംഭരണശേഷി പുനഃപരിശോധിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | പ്രളയത്തിനു മുമ്പു തന്നെ കേരളത്തിലെ ഡാമുകളിലെ റിസർവോയറുകളിൽ കെട്ടികിടക്കുന്ന ചെളിയും എക്കലും മണലും കാരണം സംഭരണശേഷി കുറഞ്ഞു എന്ന് പഠനത്തിൽ നിന്നും വ്യക്തമായ സാഹചര്യത്തിൽ, അവ നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിന് ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന് രൂപം നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഒരു Empowered Committee രൂപീകരിക്കുകയും പ്രാരംഭഘട്ടത്തിൽ പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | Empowered Committee യുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതികളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന ഡാമുകളിലും ഡീസിൽറ്റേഷൻ നടത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. പ്രളയത്തിനു ശേഷമുള്ള സംഭരണശേഷി അറിയുന്നതിന് ഒരു അണക്കെട്ടിന്റെ റിസർവോയർ ഏരിയയിൽ പഠനം തീർക്കുകയും മറ്റൊന്നിൽ പഠനം നടന്നു വരികയും ചെയ്യുന്നു. |
| 4 | 14/13 | 46 | പ്രളയം കാരണം മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടി സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട നദികളിൽ നിന്നും ഇവ നീക്കം ചെയ്ത് സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം? | സംസ്ഥാനത്ത് പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടുന്നതിനായുള്ള പ്രവൃത്തികൾക്കായി ഏകദേശം 1068 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രളയം കാരണം മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടിയ പുഴകളുടെയും തോടുകളുടെയും ഒഴുക്ക് പുനഃസ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. പ്രളയവുമായി ബന്ധപ്പെട്ട് എം.ജി.എൻ. ആർ.ഇ.എസ്-ന്റെ കീഴിൽ 150 തൊഴിൽ ദിനങ്ങൾ അധികമായി അനുവദിച്ച സാഹചര്യത്തിൽ തദ്ദേശസ്വയം ഭരണവകുപ്പുമായി യോജിച്ച് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഡീസിൽറ്റിംഗ് ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രളയത്തെത്തുടർന്ന് ചെക്ക് ഡാമുകൾ റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്ട്രക്ച്ചറുകൾ എന്നിവിടങ്ങളിൽ അടിഞ്ഞു കൂടിയ മണ്ണും മാലിന്യങ്ങളും അടിയന്തരമായി നീക്കം ചെയ്യുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| 5 | 14/15 | 94 | വെള്ളപ്പൊക്ക നിയന്ത്രണത്തിന് "റൂം ഫോർ റിവർ" എന്ന ഡച്ച് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | ഉണ്ട്. നെതർലാന്റിൽ നടപ്പിലാക്കിയ പദ്ധതിയായ പുഴയ്ക്കു വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) എന്ന നദീസംരക്ഷണ ആശയം കേരളത്തിൽ അനുകരിക്കാവുന്നതാണ് എന്ന് കാണുന്നു. പ്രസ്തുത പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് നദികളുടെ ആഴം വർദ്ധിപ്പിച്ചും നദികളുടെ സുഗമമായ ഒഴുക്കിനുള്ള തടസ്സങ്ങൾ നീക്കിയും അവയുടെ ജലവാഹകശേഷി വർദ്ധിപ്പിക്കുകയും തൻമൂലം പ്രളയ സാദ്ധ്യത കുറയ്ക്കുകയും ചെയ്യുക എന്നതാണ്. ഈ ആശയം കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടുതൽ പഠനവും പരിശോധനകളും നടന്നുവരുന്നു. |

| | | | | |
|---|---|---|---|---|
| 6 | 14/15 | 114 | കോടിക്കണക്കിന് രൂപയുടെ വീട് മത്സ്യബന്ധനോപകരണങ്ങൾ, തീരഭൂമി എന്നിവ സംരക്ഷിക്കുന്നതിനു വേണ്ടി മാറി വന്ന സർക്കാരുകൾ നടപ്പിലാക്കിയിട്ടുള്ള കടൽഭിത്തി, പുലിമുട്ടി നിർമ്മാണം എന്നിവ പ്രശ്നപരിഹാരത്തിന് ശാശ്വത മാർഗ്ഗം അല്ലെന്ന് അനുഭവങ്ങൾ തെളിയിച്ചിരിക്കുന്നു. പരിസ്ഥിതിക്ക് ഭീമമായ നാശം ഉണ്ടാക്കുന്നതാണ് ഈ നിർമ്മാണ രീതി. പാറ ഉപയോഗിച്ച് നിർമ്മിക്കുന്ന കടൽഭിത്തി തുടർച്ചയായ തിരയിൽ താഴ്ന്നുപോകുന്ന അവസ്ഥയാണുള്ളത്. പുലിമുട്ടിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. ഈ സാഹചര്യത്തിൽ യശഃശരീരനായ ഡോ. വി.വി. വേലുക്കുട്ടി അരയൻ വിഭാവനം ചെയ്ത ലാന്റ് റിക്ലമേഷൻ സ്കീം വളരെ ഫലപ്രദവും ദീർഘകാലം നിലനിൽക്കുന്നതുമാണെന്ന് കരുതാം. നീണ്ടകര മുതൽ അഴീക്കൽ വരെയുള്ള 20 കി. മീ. പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ ലാന്റ് റിക്ലമേഷൻ സംവിധാനത്തെ തീരസംരക്ഷണത്തിനുള്ള മാർഗ്ഗമായി | കേരളത്തിലുണ്ടാകുന്ന കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും പുതിയൊരു കര സൃഷ്ടിച്ച് വികസനം സാധ്യമാക്കുന്നതിനുമായിട്ടാണ് ഡോ. വി.വി. വേലുക്കുട്ടി അരയൻ ലാൻഡ് റിക്ലമേഷൻ സ്കീം എന്ന പദ്ധതി അവതരിപ്പിച്ചത്. കടൽ കഴിച്ചു ഒരു ഫർലോങ്ങ് വീതിയിൽ കടൽ നികത്തി ഒരു നീണ്ട കര നിലവിലുള്ള കടൽ തീരത്തോട് ചേർത്ത് നെടുനീളത്തിൽ സൃഷ്ടിച്ചുകൊണ്ട് കടലാക്രമണത്തെ ശാശ്വതമായി തടയാം എന്നാണ് ടി സ്കീമിൽ വിഭാവനം ചെയ്തത്. കടൽ ഭിത്തി നിർമ്മാണത്തിന് വലിയ കല്ലുകൾ ലഭിക്കുക പ്രയാസമായ ഈ കാലത്ത് കടൽക്ഷോഭം പ്രതിരോധത്തിന് മറ്റു മാർഗ്ഗങ്ങൾ തേടേണ്ടത് അനിവാര്യമാണ്. ആയതിനാൽ കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും കടലാക്രമണത്തിൽ നഷ്ടമായ ഭൂമി വീണ്ടെടുക്കുന്നതിനും ഡോ.വി.വി. വേലുക്കുട്ടി അരയൻ വിഭാവനം ചെയ്ത ലാൻഡ് റിക്ലമേഷൻ സ്കീമിനെക്കുറിച്ച് ഈ മേഖലയിൽ വിദഗ്ധരെക്കൊണ്ട് വിശദമായ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. 1954-ൽ ആണ് |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ കടൽഭിത്തി നിർമ്മാണത്തിനായി പണ്ടുകാലം മുതൽ നിക്ഷേപിച്ചിട്ടുള്ള പാറ തിരികെ എടുക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനും അതുവഴി കോടിക്കണക്കിന് രൂപ ഖജനാവിലേക്ക് കണ്ടെത്തുന്നതിനുമൊക്കെ സഹായകരമായിത്തീരുമെന്ന കാര്യമാണ്. പരിസ്ഥിതി സംരക്ഷണത്തിന് ഉപയോഗപ്രദമായ കാര്യമാണ്. അതുപോലെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ സഹായിക്കുന്നതാണെന്ന അർത്ഥത്തിൽ ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുതന്നെ തുടർ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. | റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് വളരെ നല്ല റിപ്പോർട്ട് ആണെന്നാണ് പറയുന്നത്. നല്ല രീതിയിലുള്ള പഠനം നടത്തിയതിനു ശേഷം മാത്രമേ തുടർന്ന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതിനായി പഠനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 7 | 14/16 | 9 | നെതർലാൻഡ്സ് സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്നും നാളിതുവരെ സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ ? | തുടർച്ചയായി വെള്ളപ്പൊക്കം ഉണ്ടാകുന്ന കുട്ടനാട്ടിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പമ്പ, അച്ചൻകോവിൽ നദികൾ, ലീഡിംഗ് ചാനൽ, തോട്ടപ്പള്ളി സ്പിൽവേയിലേക്ക് ജലം എത്തിക്കുവാൻ കഴിയുന്ന അനുബന്ധ കനാലുകൾ, മണിമലയാർ, നെടുമുടിയാർ, പള്ളാത്തുരുത്തിയാർ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന എ.സി. കനാലിന്റെ പൂർത്തീകരണം, തോട്ടപ്പള്ളി പൊഴിയിൽ മണൽ ഖനനം തടയൽ, പുലിമുട്ടനിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഒന്നാം ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിനും വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനും 4.5 കോടി രൂപ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## XIV. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 73 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഷോറൂമുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഷോറൂമുകൾ എല്ലാ മേഖലാ ഓഫീസുകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| 2 | 14/10 | 137 | സംസ്ഥാനത്ത് സാന്ത്വന ചികിത്സാ നെറ്റ് വർക്ക് ഒരു സാമൂഹ്യ പ്രവർത്തനമായി മാറിയിട്ടുള്ള സാഹചര്യത്തിൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സാന്ത്വന പരിചരണ പദ്ധതി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി സെക്കന്ററിതല സാന്ത്വന പരിചരണം കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ആനുവദിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റെയും ഒരു സ്റ്റാഫ് നേഴ്സിന്റെയും സേവനം സാന്ത്വന ചികിത്സയ്ക്കും വയോജന ചികിത്സയ്ക്കും ലഭ്യമാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 14/11 | 12 | വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br>സർക്കാർ ഓഫീസുകൾ, പൊതുസ്ഥലങ്ങൾ മുതലായവ വയോജന സൗഹൃദമാക്കുന്നതിനും എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, ഹെൽപ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സംസ്ഥാനത്തെ 87 നഗരസഭകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി ഈ സാമ്പത്തിക വർഷം 14 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി "ആയുർമിത്രം" എന്ന പദ്ധതി വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നതാണ്.<br>സർക്കാർ ഓഫീസുകൾ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കായി വരുന്ന ശാരീരികാ വശതയുള്ള മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പു തലവന്മാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4 | 14/11 | 50 | സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും അഗതി പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; | പട്ടണങ്ങളിൽ എത്തിച്ചേരുന്ന അഗതികൾക്ക് രാത്രി കാലം സുരക്ഷിതമായി താമസിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ മേൽ നോട്ടത്തിലും സന്നദ്ധ സംഘടനയുടെ സഹകരണത്തോടു കൂടിയും 'എന്റെ കൂട്' എന്ന പദ്ധതി ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;<br>പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്നുള്ള വിശദാംശം നൽകുമോ? | കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട് ' പദ്ധതി നിലവിൽ പ്രവർത്തിച്ചു വരുന്നു. തിരുവന്തപുരം, എറണാകുളം ജില്ലകളിൽ 'എന്റെ കൂട് ' പദ്ധതി പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br>തിരുവനന്തപുരം ജില്ലയിൽ 'എന്റെ കൂട് ' പദ്ധതി നടത്തിപ്പിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ' എന്റെ കൂട് പദ്ധതി 2018-19 വർഷത്തിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| 5 | 14/13 | 44 | ട്രാൻസ് ജെൻഡർ സമൂഹത്തിന് പൊതു നിയമനങ്ങളിൽ സംവരണം | ബഹുമാനപ്പെട്ട സുപ്രിംകോടതി 2014 ഏപ്രിലിൽ പുറപ്പെടുവിച്ച NALSA (National Legal Service Authority) ജഡ്ജ്മെന്റിൽ പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ നൽകിവരുന്ന പരിഗണനകൾ തത്തുല്യമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്കും നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ പൊതു നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ട്രാൻസ്ജെൻഡർ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പൊതുനിയമനങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | | ജനസംഖ്യാനുപാതികമായാണ് വിവിധ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം കണക്കാക്കുന്നതിന് വിപുലമായ ഒരു സർവ്വേ നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. സംവരണത്തിന്റെ ശതമാനം കാറ്റഗറിയുടെ എണ്ണത്തിനാനുപാതികമായി ക്രമപ്പെടുത്തേണ്ടതിനാൽ വകുപ്പ് നടത്തുന്ന സർവ്വേ പൂർത്തിയായതിനുശേഷം ട്രാൻസ് ജെൻഡർ സമൂഹത്തിന് പൊതു നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കുന്നതാണ്. |
| 6 | 14/15 | 113 | ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പരിശീലനത്തിന് സർക്കാർ/ സർക്കാരിതര സംഘടനകൾ/സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (CDMRP) എന്ന പ്രോജക്ടിന്റെ ഭാഗമായി മാനസിക വൈകല്യം, സെറിബ്രൽ പാൾസി, ഓട്ടിസം, പഠന വൈകല്യം, ADHD (Attention Deficit Hyper Activity Disorder), ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരുടെ രക്ഷിതാക്കൾക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം 2019-20 സാമ്പത്തിക |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന NIMHANS മുഖേന നടപ്പിലാക്കുന്ന ഭിന്നശേഷിക്കാരുടെ സാമൂഹ്യാധിഷ്ഠിത സഹവാസം എന്ന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകി വരുന്നു. ഇതേ രീതിയിൽ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ബഡ്സ് സ്കൂൾ ടീച്ചേഴ്സിനും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്. സംസ്ഥാനമൊട്ടാകെയുള്ള സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് 2016 ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ നിയമത്തെക്കുറിച്ചും വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഒരു പൊതു ബോധവൽക്കരണം നടത്തി വരുന്നു. അതിനു പുറമേ ഘട്ടം ഘട്ടമായി 'അമ്മ – കെയർ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഈ വർഷം ഗർഭിണികളായ അമ്മമാർക്ക് വൈകല്യം എങ്ങനെ തടയാം, നേരത്തെ എങ്ങനെ കണ്ടുപിടിക്കാം എന്ന കാഴ്ചപ്പാടിൽ ഒരു പദ്ധതിയും, രക്ഷിതാക്കൾക്ക് |

| | | | | |
|---|---|---|---|---|
| | | | | ഇത്തരം വൈകല്യമുള്ള കുട്ടികളുടെ പരിചരണം, കഴിവുകൾ കണ്ടെത്തൽ, പരിപോഷിപ്പിക്കൽ എന്നീ ലക്ഷ്യത്തോടുകൂടി 'അമ്മ - ടീച്ചർ' പദ്ധതിയും അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| 7 | 14/16 | 17 | സംസ്ഥാനമെമ്പാടുമുള്ള ഗോത്രമേഖല യിൽ പുതുതായി അംഗൻവാടികൾ തുടങ്ങു ന്നതിന് നീക്കമുണ്ടോ? | സംസ്ഥാനത്ത് ഗോത്ര മേഖലയിൽ (പട്ടികവർഗ്ഗ മേഖലയിൽ) പുതുതായി 112 അങ്കണവാടികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

## XV. കായിക യുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/13 | 28 | യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അവർക്കാവശ്യമായ നിയമസഹായം നൽകു ന്നതിനും യുവജനകമ്മീഷൻ, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനും യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 14/13 | 29 | കായിക താരങ്ങൾക്കായി യുവജനക്ഷേമ ബോർഡ് വഴി ലഭ്യമാക്കുന്ന പദ്ധതികൾ ഏതൊക്കെ; ഇതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ? | കായികതാരങ്ങൾക്കായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളിലൂടെ യുവജനങ്ങളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഫുട്ബാൾ, വോളിബാൾ, കബഡി, ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നതിനായുള്ള പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ, ക്ലബ്ബുകൾക്ക് ആവശ്യമായ കായികോപകരണങ്ങൾ വാങ്ങി നൽകുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| 3 | 14/13 | 30 | കായിക പരിശീലനത്തോടൊപ്പം കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിന് എല്ലാ ജില്ലകളിലും സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ നിലവിൽ ജി.വി.രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരവും, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നീ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് കായിക |

| | | | | |
|---|---|---|---|---|
| | | | | രംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കൂടുതൽ കുട്ടികളെ തെരഞ്ഞെടുത്തത് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ സംസ്ഥാനത്ത് കൂടുതൽ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| 4 | 14/14 | 101 | സംസ്ഥാനത്തെ മൊത്തം സ്പോർട്സ് സൗകര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ളതും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു രൂപരേഖ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ മൊത്തം സ്പോർട്സ് സൗകര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ളതും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമായ ഒരു രൂപരേഖ (വിഷൻ ഡോക്കുമെന്റ്-2018) തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| 5 | 14/14 | 102 | സംസ്ഥാനത്തെ കായികരംഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കായിക ഭവൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | കായിക യുവജനകാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് കായിക ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 14/15 | 97 | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി പ്രകാരം പ്രകടനം മെച്ചപ്പെടാത്ത കായിക താരങ്ങൾക്ക് പകരം മികവ് പ്രകടിപ്പിക്കുന്ന മറ്റ് കായിക താരങ്ങളെ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ വ്യക്തമാക്കാമോ? | പരിശീലന കാലഘട്ടത്തിന്റെ നിശ്ചിത ഇടവേളകളിൽ അതാത് കായിക ഇനത്തിന്റെ വിദഗ്ദ്ധസമിതി നിർണ്ണയിക്കുന്ന പ്രകടന മികവിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ നിലവിലുള്ള കായിക താരങ്ങളുടെ തുടർ പരിശീലനം സംബന്ധിച്ചും മികവ് പ്രകടിപ്പിക്കുന്ന മറ്റ് താരങ്ങളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ചും ഉചിതമായ തീരുമാനവും നടപടികളും സ്വീകരിക്കുന്നതാണ്. |
| 7 | 14/16 | 15 | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ സ്പോർട്സ് ഡിവിഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ? | ഉണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ മൂന്ന് പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനു മൂന്ന് കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ് ജില്ലയിലെ ചായോത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

## XVI. ഉന്നത വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 110 | സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളുടെ ഭൗതീക അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ ഇടപെടുമോ; ഇതിനായി ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | സ്വാശ്രയ വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിച്ച ജസ്റ്റിസ് ദിനേശൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| 2 | 14/13 | 58 | എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ അൻപത് ശതമാനം പോലും വിജയിക്കുന്നില്ലായെന്ന വസ്തുത ഗൗരവമായെടുത്ത് ഈ മേഖലയുടെ സമഗ്രമായ ഉന്നമനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ലോകനിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താനുള്ള ചട്ടങ്ങൾ രൂപീകരിക്കും. തൊഴിൽ നൈപുണ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് പഠനം പകുതിവഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നിവ നൽകാനുള്ള തീരുമാനം പരിഗണനയിലുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 14/14 | 52 | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജു കളിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്നറിയിക്കുമോ? | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജു കളിലെ പ്രവേശന നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ, സർക്കാർ നിർദ്ദേശപ്രകാരം ഡോ. ആർ.വി.ജി. മേനോന്റെ അദ്ധ്യക്ഷതയിൽ ഒരു 3 അംഗ കമ്മറ്റിയെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. ഈ സമിതിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| 4 | 14/14 | 53 | എഞ്ചിനീയറിംഗ് കോളേജുകളിലെ പരീക്ഷ നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും സമഗ്ര പരിഷ്കരണം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; ഇത് സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ. എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സിലബസ്സ് പരിഷ്കരണത്തിന് തുടക്കമായിട്ടുണ്ടോ? | ആലോചിക്കുന്നുണ്ട്. പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റിസൾട്ട് സമയബന്ധിത മായി പ്രസിദ്ധീകരിക്കാനും, മൂല്യനിർണ്ണയ ത്തിൽ വീഴ്ചവരുത്തുന്ന അധ്യാപകർക്ക് ഏർപ്പെടുത്തിയിരുന്ന പിഴ 5000 രൂപയിൽ നിന്നും 25000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചനയിലാണ്. വീണ്ടും വിഴ്ച വരുത്തിയാൽ അവർക്ക് എതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷാ നടത്തിപ്പിനും മൂല്യ നിർണ്ണയത്തിനും എ.ഐ.സി.ടി.ഇ. |

| | | | | |
|---|---|---|---|---|
| | | | | ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എ.ഐ.സി.ടി.ഇ. പുറത്തിറക്കിയ എഞ്ചിനീയറിംഗ് കോഴ്സുകളുടെ മാതൃക സിലബസ്സിന്റെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് കോളേജുകളിലെ സിലബസ് പരിഷ്കരിക്കുന്നതാണ്. |
| 5 | 14/15 | 105 | സംസ്ഥാനത്ത് ഐ.ഐ.റ്റി. സ്ഥാപിക്കുന്നതിനുള്ള പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്ത തിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ; ആയത് അടിയന്തരമായി പൂർത്തിയാക്കുന്ന തിന് നടപടി സ്വീകരിക്കുമോ ? | പാലക്കാട് ഐ.ഐ.റ്റി. ക്യാമ്പസിന് ആവശ്യമായ സ്ഥലമെടുപ്പ് (504.54 ഏക്കർ) അവസാന ഘട്ടത്തിലാണ്. 18 ഹെക്ടറിന് ഫോറസ്റ്റിന്റെ ക്ലീയറൻസ് ലഭിക്കാത്തത് കാരണമാണ് താമസം അനുഭവപ്പെട്ടിട്ടുള്ളത്. ആയത് സത്വരമാക്കാൻ 25-3-2019-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസിലേക്ക് ക്ലീയറൻസിനായി അയച്ചു കൊടുത്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണ പ്രവൃത്തിക ളുടെ ടെന്റർ നടപടി CPWD മുഖേന ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറി ബ്ലോക്കിന്റെയും ട്രാൻസിറ്റ് ക്യാമ്പസിന്റെയും നിർമ്മാണം പൂർത്തിയാക്കി ഉപയോഗിച്ചു വരുന്നുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | 14/15 | 111 | പ്രവേശന പരീക്ഷകളിൽ വിജയശതമാനം കുറഞ്ഞുവരുന്നതുകൊണ്ട് പല കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എന്നാൽ കുട്ടികൾ അയൽ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ പോയി പ്രവേശനം നേടാൻ നിർബന്ധിതരാകുന്നു. എം.ബി.എ-യ്ക്ക് കെ-മാറ്റ് പരീക്ഷയിൽ കട്ട് ഓഫ് മാർക്ക് നേടിയത് 45 %-ത്തിൽ താഴെ കുട്ടികൾ മാത്രമാണ്. രണ്ട് പ്രാവശ്യം മാത്രമാണ് കെ-മാറ്റ് പരീക്ഷ നടന്നത്. അതുപോലെ എൻട്രൻസ് പരീക്ഷ എഴുതാത്ത കുട്ടികളുമുണ്ട്. കഴിഞ്ഞ പ്രാവശ്യം നിശ്ചിത ക്വാളിഫിക്കേഷൻ നേടാത്തവർക്കും എക്സ്റ്റംഷൻ കൊടുത്തുകൊണ്ടുള്ള സീറ്റുകളിൽ പ്രവേശനം നേടാൻ അവസരം കൊടുത്തു. ഇപ്രാവശ്യം പലകുട്ടികളും കോയമ്പത്തൂർ ഉൾപ്പെടെയുള്ള കോളേജുകളിൽ പോയി പ്രവേശനം നേടാൻ നിർബന്ധിതരാകുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ | കെ-മാറ്റിന്റെ കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് ഒരു പുനരാലോചന നടത്തും അതിനുവേണ്ടിയുള്ള ഒരു മീറ്റിംഗ് നാളെത്തന്നെ വിളിച്ചിട്ടുണ്ട്. തീർച്ചയായും നമ്മുടെ സംസ്ഥാനത്തുള്ള യോഗ്യരായുള്ള കുട്ടികൾക്ക് ഇവിടെയുള്ള എം.ബി.എ. കോഴ്സുകൾ പഠിക്കാനുള്ള സാഹചര്യം ഗവണ്മെന്റ് ഉണ്ടാക്കും. |

| | | | | |
|---|---|---|---|---|
| | | | പ്രവേശന പരീക്ഷയോടൊപ്പം തന്നെ ക്വാളിഫിക്കേഷൻ നേടുന്നതിന് പരീക്ഷകൾ ഉണ്ട്. ഹയർ സെക്കണ്ടറി പരീക്ഷയാണെങ്കിലും ഡിഗ്രി പരീക്ഷയാണെങ്കിലും ക്വാളിഫിക്കേഷൻ പരീക്ഷയുടെ മാർക്ക് കൂടി പരിഗണിച്ച് പ്രവേശന നടപടികൾ അർഹതപ്പെട്ട കുട്ടികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | |

## XVII. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 62 | പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂപ്രിന്റർ എന്നീ തസ്തികയിലെ ജീവനക്കാർ നിലവിൽ ഒരുജോലിയും ചെയ്യാതെ ശമ്പളം വാങ്ങുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂപ്രിന്റർ എന്നീ തസ്തികകൾ അബോളിഷ് ചെയ്ത് മേൽ സൂചിപ്പിച്ച ജീവനക്കാരെ റെസ്റ്റ് ഹൗസുകൾ | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | ഉൾപ്പെടെയുള്ള ഓഫീസുകളിലേക്കോ ജീവനക്കാരുടെ യോഗ്യതയനുസരിച്ചുള്ള മറ്റ് തസ്തികകളിലേക്കോ പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പുനർവിന്യസിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. താമസംവിനാ തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. |
| 2 | 14/10 | 69 | കോൺട്രാക്ടർമാർക്ക് പരിശീലനം നൽകുന്നതിന് വേണ്ടി കോൺട്രാക്ടേഴ്സ് അക്കാഡമി സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ? | കോൺട്രാക്ടർമാർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച കാര്യം പരിഗണനയിലുണ്ട്. |
| 3 | 14/10 | 139 | റോഡ് നിർമ്മാണത്തിന് മുമ്പ് തന്നെ പൈപ്പ് ലൈനും വൈദ്യുതി കേബിളും പോസ്റ്റുകളും മാറ്റി സ്ഥാപിച്ചാൽ അനാവശ്യ സാമ്പത്തിക ചെലവും നിർമ്മാണ നഷ്ടവും ഒഴിവാക്കുന്നതിന് കഴിയുമെന്ന കാര്യം പരിഗണിച്ച് ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ? | റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനും, വൈദ്യുതി കേബിളുകളും, പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പ്രവർത്തിയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. റോഡ് നിർമ്മാണത്തിന് മുൻപ് തന്നെ പൈപ്പു ലൈനുകളും, വൈദ്യുതി കേബിളുകളും, പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനായി പ്രത്യേക ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. വലിയ മരാമത്ത് പദ്ധതികൾ തുടങ്ങുന്നതിന് 6 മാസം മുമ്പും 3 ചെറിയ പദ്ധതികൾ തുടങ്ങുന്നതിനു 3 മാസം മുമ്പും ലിസ്റ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചു വരുന്നു. ഇത് പ്രവർത്തികളുടെ നടത്തിപ്പിന് |

| | | | | |
|---|---|---|---|---|
| | | | | കൂടുതൽ കാലതാമസം വരുത്തുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ റോഡ് നിർമ്മാണത്തിന് മുൻപ് തന്നെ പൈപ്പ് ലൈനുകളും വൈദ്യുത കേബിളുകളും മാറ്റി സ്ഥാപിക്കാറുണ്ട്. കൂടാതെ നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ്/ യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്തുന്നതാണ്. |
| 4 | 14/14 | 80 | തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രൊ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന്, 2017 ഡിസംബറിൽ ഡി. എം. ആർ.സി. കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പുതുക്കിയ പദ്ധതിരേഖ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം മൂലം പദ്ധതി ചെലവ് ഭീമമായി വർദ്ധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം എടുത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതി റിപ്പോർട്ടും, പുതുക്കിയ രൂപരേഖയും മന്ത്രി സഭയുടെ പരിഗണനയ്ക്ക് താമസിയാതെ വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 5 | 14/16 | 7 | വയനാട് ചുരത്തിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ദേശീയപാത 766 ചുരം ഉൾപ്പെടുന്ന പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള 45 കി.മി. പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വരിപ്പാതയായി IRC മാനദണ്ഡങ്ങൾ പ്രകാരം വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിന്റെ അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. ഈ രീതിയിൽ ഗതാഗതസാന്ദ്രതയ്ക്ക് അനുയോജ്യമായി വികസിക്കുമ്പോൾ വാഹനങ്ങൾക്ക് നിശ്ചിത വേഗത്തിൽ ചുരത്തിൽ കൂടി യാത്ര ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ അടിവാരം മുതൽ ചുണ്ടേൽ വരെയുള്ള 21 കിലോമീറ്ററിന്റെ ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഈ വർഷത്തെ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം നേടുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |

## XVIII. സാംസ്കാരിക വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 155 | പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്ന സ്കീമിന് സംഗീതനാടക അക്കാദമി | ബജറ്റ് പ്രസംഗത്തിൽ പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് കേരള സംഗീത നാടക അക്കാദമി രൂപം |

| | | | | |
|---|---|---|---|---|
| | | | രൂപം നൽകുമെന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | നൽകുന്നതിന് ധനസഹായം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള സംഗീത നാടക അക്കാഡമി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി കേരള സംഗീത നാടക അക്കാദമി മുഖേന നടപ്പിലാക്കുന്നതാണ്. |
| 2 | 14/10 | 160 | മതനിരപേക്ഷ ജനാധിപത്യ സാംസ്കാരിക ജീവിതം പ്രോത്സാഹിപ്പിക്കുവാൻ പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് സാംസ്കാരികവകുപ്പ് വഴി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;<br><br>ഇത്തരം വേദികളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിന് സന്നദ്ധരാകുന്ന കലാപ്രവർത്തകർക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തികസഹായം നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും മുന്നോടിയായി ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിന് സ്ഥലം ലഭ്യമായ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കലാ സാംസ്കാരിക സ്ഥാപനങ്ങളുടേയും സംഘടന കളുടേയും പ്രവർത്തനങ്ങൾക്ക് ഏകോപനവും സമന്വയവും ഉറപ്പാക്കാനായി ഒരു ഉന്നത സാംസ്കാരിക കൗൺസിൽ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. സമിതി പൂർണ്ണ നിലയിൽ നിലവിൽ വരുന്ന മുറയ്ക്ക് കലാ സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 14/11 | 9 | അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി, 1958 ലെ സിനിമാ റെഗുലേഷൻ ആക്ടും 1988 ലെ സിനിമാ റെഗുലേഷൻ റൂൾസും ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിന് 20-1-2018 ലെ സ.ഉ. (സാധാ)നം. 30/2018/സാം.കാ.വ, 25-5-2018 ലെ സ.ഉ.(സാധാ) നം. 365/2018 സാം.കാ.വ. ഉത്തരവുകൾ പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കരട് നിയമനിർമ്മാണം ഈ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്. |
| 4 | 14/11 | 116 | തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കുട്ടിക്കാനത്തെ അമ്മച്ചി കൊട്ടാരവും മറ്റു വസ്തുവകകളും സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ കുട്ടിക്കാനത്ത് തിരുവിതാംകൂർ രാജവംശത്തിന്റെ വേനൽക്കാല വസതി എന്നറിയപ്പെടുന്ന കെട്ടിടം സംരക്ഷിക്കുന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പ് പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 14/15 | 96 | പുരാവസ്തുവകുപ്പിന്റെ സമഗ്രവികസനത്തിനും വകുപ്പിന്റെ പ്രവർത്തന നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനുമായി മാർഗ്ഗ രേഖകൾ സമർപ്പിക്കുന്നതിന് പഠനം നടത്താൻ സർക്കാർ സർക്കാരിതര ഏജൻസികളെ ചുമതല ഏൽപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ? | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി രൂപരേഖ തയ്യാറാക്കുന്നതിന് പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി 16-8-2017-ലെ 506/2017/ സാം. ക. വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്ര റിപ്പോർട്ട് വിദഗ്ദ്ധസമിതി അംഗം കൂടിയായ ഡോ. പി. കെ. മൈക്കിൽ തരകന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ കാലോചിതമായ പരിഷ്കരണം വകുപ്പിലെ വിവിധ ഫാക്കൽറ്റികളുടെ ശാക്തീകരണം തുടങ്ങിയവ ലക്ഷ്യമിട്ടാണ് വിദഗ്ദ്ധസമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അതാതു വിഷയങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും പ്രാഗത്ഭ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനും ഈ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. ജൂലൈ രണ്ടാംവാരത്തോടെ ഈ റിപ്പോർട്ട് സർക്കാരിന് ഔദ്യോഗികമായി സമർപ്പിക്കുന്നതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

## XIX. വിനോദസഞ്ചാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/11 | 6 | ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ഉണ്ട്. പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തതിൻ പ്രകാരം ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ഒരു ശീർഷകം അനുവദിക്കുന്നതിനായി പ്രാരംഭ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| 2 | 14/15 | 121 | സംസ്ഥാനത്ത് ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അതോറിറ്റി എപ്പോൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ടൂറിസം മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സേവന ദാതാക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

| | | | | |
|---|---|---|---|---|
| 3 | 14/15 | 122 | കെ.ടി.ഡി.സി. യെ പൂർണ്ണമായും നവീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ? | കേരളത്തിന്റെ ടൂറിസം രംഗത്ത് മികച്ച സേവനങ്ങളും സൗകര്യങ്ങളും നൽകുന്നതിനായി വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വരുമാനം വർദ്ധിപ്പിക്കാനും മികച്ച നിരക്കിൽ കെ.ടി. ഡി.സി. ഹോട്ടൽ മുറികൾ ഉപഭോക്താക്കൾക്ക് നൽകുന്നതിനുമായി റവന്യൂ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കെ.ടി.ഡി.സി. വെബ് സൈറ്റ് വിപുലമായി നവീകരിക്കും. സാമൂഹിക മാധ്യമങ്ങളെ കെ.ടി.ഡി.സി.യുടെ പ്രചരണത്തിനായി ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കും. കെ.ടി.ഡി.സി.യുടെ വിവിധ ഹോട്ടൽ/ റിസോർട്ടുകൾ അനുയോജ്യമായ രീതിയിൽ നവീകരിക്കുവാൻ പദ്ധതിയുണ്ട്. മികച്ച സേവനം നൽകുന്നതിനായി ജീവനക്കാരുടെ ഗുണനിലവാരം ഉയർത്തും. ആവശ്യമെങ്കിൽ കെ.ടി.ഡി.സി. പ്രമോഷൻ പോളിസിയിൽ മാറ്റങ്ങൾ വരുത്തുന്നതുമാണ്. ജീവനക്കാർക്ക് കൂടുതൽ പ്രചോദനം നൽകുന്നതിനും ഊർജ്ജസ്വലത വർദ്ധിപ്പിക്കുന്നതിനുമായി വിറ്റുവരവുമായി ബന്ധപ്പെടുത്തിയുള്ള ഇൻസെന്റീവ് സ്കീം ആവിഷ്കരിക്കും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 14/16 | 8 | ടൂറിസം മേഖലയിൽ മൂന്നാറിൽ മുൻപുണ്ടായിരുന്ന ട്രെയിൻ സംവിധാനം പുനരാവിഷ്കരിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ മൂന്നാർ ടൂറിസം ട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തീരുമാനം തത്വത്തിൽ കൈക്കൊണ്ടിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾക്കായി 7-6-2019 ന് ചേർന്ന യോഗത്തിൽ പൊതു സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള സ്ഥലം റവന്യൂ, ടൂറിസം, ടാറ്റ, റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കെ.ടി.ഐ.എൽ. എന്നിവയിൽ ഉദ്യോഗസ്ഥരടങ്ങിയ ഒരു സംഘം സന്ദർശിച്ച് റിപ്പോർട്ട് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| | | | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും അവശേഷിക്കുന്ന നടപടികളും വിശദമാക്കാമോ? | പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന ഭൂമി നിലവിൽ ടാറ്റ ഗ്രൂപ്പ്/കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് ലിമിറ്റഡ്-ന്റെ കൈവശമായതിനാൽ പദ്ധതിയിൽ പങ്കാളിയാകുവാനുള്ള അവരുടെ താത്പര്യം അറിയിക്കുവാനും ആവശ്യപ്പെട്ടിരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി ടൂറിസം ഡയറക്ടർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

# XX. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 162 | സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം, എ.ടി.എം. എന്നിവ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; | സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം സ്ഥാപിച്ചു കഴിഞ്ഞു. ആയതിന്റെ തുടർപദ്ധതിയായി വിഭാവനം ചെയ്തിരുന്ന സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) സംസ്ഥാനതല ഉദ്ഘാടനം 2017 ഫെബ്രുവരി 23-ാം തീയതി ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. നാല് ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കുവാനുള്ള സംവിധാനം ഏർപ്പെടു ത്തുവാൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. (സ.ഉ. (കൈ) 10460/12/ ധന. തീയതി 14-12-2012). എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന സ്റ്റാന്റ് എലോൺ എ.ടി.എം.-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | | ഉപേക്ഷിക്കുകയും പകരം ഇ-ട്രഷറിയുമായി ഇന്റഗ്രേറ്റ് ചെയ്ത ബാങ്കുമായി സഹകരിച്ച് റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കാൻ കഴിയുന്ന തരത്തിലുള്ള എ.ടി.എം. കാർഡ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. |
| 2 | 14/13 | 34 | നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.മാർ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ(അച്ചടി)നം. 119/2018/ധന. തീയതി 4/8/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം (3) പ്രകാരം മാനദണ്ഡങ്ങൾക്കു വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചക്കകം തന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണെന്നും ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം തീർപ്പാക്കി പ്രവൃത്തികൾ കാലതാമസം വിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 14/16 | 2 | ലക്ഷക്കണക്കിന് പോളിസികളിലൂടെ പ്രതിമാസം കോടികൾ സംഭരിക്കുന്ന എൽ.ഐ.സി.യും ആകർഷകമായ പരസ്യം നൽകി ജനങ്ങളെ കൊള്ളയടിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കു മിടയിൽ സംസ്ഥാനം എൽ.ഐ.സി. മാതൃകയിലുള്ള ഇൻഷ്വറൻസ് കമ്പനി രൂപീകരിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ജനങ്ങൾക്ക് സുരക്ഷിതമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം ആലോചനകൾ സർക്കാർ നടത്തുമോയെന്ന് വ്യക്തമാക്കുമോ? | പൊതുജനങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് ഐ.ആർ.ഡി.എ. നിയമം പ്രകാരം വകുപ്പിന് പരിമിതികളുണ്ട്. എങ്കിലും ഇതുസംബന്ധിച്ച വിശദമായ പഠനങ്ങൾക്ക് ശേഷം ഐ.ആർ.ഡി.എ. യുടെ അനുമതിയ്ക്ക് വിധേയമായി പൊതു ജനങ്ങൾക്കായി ഇൻഷ്വറൻസ് വകുപ്പുമുഖേന ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നകാര്യം പരിഗണനയിലാണ്. |
| 4 | 14/16 | 10 | 2019-20 ബജറ്റിൽ പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് 250 കോടി രൂപയുടെ സഹായം ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;<br><br>എന്തെല്ലാം പദ്ധതികളാണ് ഇതര പഞ്ചായത്തുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | പ്രളയബാധിത പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക സഹായമായി മാറ്റി വച്ചിരിക്കുന്ന ധനസഹായം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് 30-5-2019 തീയതിയിലെ സ.ഉ. (സാധാ) നം.1105/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിയോഗിക്കപ്പെട്ട സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

# XXI. സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 163 | സംസ്ഥാനത്ത് സഹകരണ മേഖലയെ വൈവിധ്യവത്കരിക്കുന്നതിന് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ് സഹകരണ സംരംഭകത്വ പദ്ധതിക്കുള്ള 300 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. ഈ പുതിയ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലേയും പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെ തെരഞ്ഞെടുത്ത് ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനത്ത് നല്ലരീതിയിൽ പ്രവർത്തിക്കുന്നതും അനുയോജ്യമായ തുമായ സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 2 | 14/11 | 58 | അമൂൽ മോഡലിന്റെയും സിയാൽ മോഡലി ന്റെയും പോലെ റബ്ബർ പ്രാഥമിക സംഘങ്ങളിൽ നിന്നും ഇടനിലക്കാരില്ലാതെ സംഭരിക്കുന്ന കേന്ദ്രീകൃതമായി വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉണ്ടാക്കാനും അമൂൽ മോഡലിലുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ? | റബ്ബർ മേഖലയിൽ സിയാൽ മോഡൽ കമ്പനി രൂപീകരിക്കുന്നതിനും റബ്ബർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കാര്യങ്ങൾ പരിഗണിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 3 | 14/13 | 31 | ഹ്രസ്വകാല കാർഷിക വായ്പകൾ ഈടില്ലാതെ നൽകി ഗ്രാമ സമ്പദ് വ്യവസ്ഥയെ താങ്ങി നിർത്തുന്ന പ്രവർത്തനത്തോടൊപ്പം കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന പദ്ധതിയെക്കുറിച്ച് അറിയിക്കാമോ? | കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനം ലഭിയ്ക്കാനായി കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്ത് വരികയാണ്. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാ ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭനടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും, സംഭരണ ഗോഡൗണുകളും ആദ്യ ഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറായി വരുന്നു. |
| 4 | 14/15 | 93 | സഹകരണ ബാങ്കുകളിലെ വായ്പകളിൽ ഏർപ്പെടുത്തിയ റിസ്ക് ഫണ്ട് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നതിനും ഫണ്ട് തുക വർദ്ധിപ്പിക്കുന്നതിനും നടപടി ക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അർഹരായ മുഴുവൻ വായ്പക്കാർക്കും നിലവിൽ ധനസഹായം നൽകിവരുന്നുണ്ട്. റിസ്ക് ഫണ്ട് തുക വർദ്ധിപ്പിക്കുന്നതടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

## XXII. പ്രവാസി കേരളീയകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽനിന്നും ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 149 | സൗദി അറേബ്യയിലെ ചെറുകിട വ്യവസായ വാണിജ്യമേഖലകളിൽ സമ്പൂർണ്ണ സ്വദേശിവൽക്കരണം ഈ വർഷം സെപ്റ്റംബറിൽ നടപ്പിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>മലയാളികൾ ധാരാളമായി പ്രവൃത്തിയെടുക്കുന്ന പ്രസ്തുത മേഖലകളിലെ സ്വദേശിവൽക്കരണം മലയാളികളുടെ കൂട്ടത്തോടെയുള്ള ഒഴിഞ്ഞ് പോകലിന് ഇടയാക്കുമോ;<br><br>എങ്കിൽ പ്രസ്തുത സാഹചര്യം നേരിടുന്നതിനും സംസ്ഥാനത്ത് മടങ്ങിയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്ത് തിരികെയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നല്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ |

| | | | | |
|---|---|---|---|---|
| | | | | സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടാതെ വിദേശത്ത് സാങ്കേതിക മേഖലകളിൽ തൊഴിൽ ചെയ്ത് പരിചയമുള്ളതും എന്നാൽ മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവരുമായ പ്രവാസികൾക്ക് അവരുടെ തൊഴിൽ വൈദഗ്ധ്യം വിലയിരുത്തി പരിശീലനം നൽകി ആധികാരികമായി സാക്ഷ്യപ്പെടുത്തി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിവരുന്നു. ഇവർ നേടിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യം, പ്രവൃത്തി പരിചയം എന്നിവ കണക്കിലെടുത്ത് ഇവരെ വിവിധ മേഖലകളിൽ മാസ്റ്റർ ട്രെയിനേഴ്സ് ആയി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| 2 | 14/15 | 106 | സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ജോലി തേടി പോകുന്നവർ അജ്ഞതമൂലം കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്കുകളിലും പെട്ട് ശിക്ഷ അനുഭവിക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുമ്പോൾ അത്തരക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിൽ അഭയം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായ വാഹന ചെലവ് വഹിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്രവാസി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | നിയമസഹായ പദ്ധതി. ഈ പദ്ധതി പ്രായോഗികമാക്കുന്നതിന്റെ ഭാഗമായി 6 ജി.സി.സി. രാജ്യങ്ങളിൽ ലീഗൽ ലെയ്സൺ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| 3 | 14/15 | 116 | നാടിന്റെ വികസനത്തിനു ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സമ്പാദ്യത്തോടൊപ്പം അവരുടെ വിവിധ മേഖലകളിലുള്ള വൈദഗ്ദ്ധ്യം കൂടി പ്രയോജനപ്പെടുത്തുന്നതിനായി ലോക കേരള സഭയെ ഫലപ്രദമാക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ; ബി) ലോക കേരള സഭയുടെ സെക്രട്ടേറിയറ്റിന്റെയും വിഷയാടിസ്ഥാനത്തിലുള്ള മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം വിശദീകരിക്കാമോ ? | ലോക കേരള സഭ സെക്രട്ടേറിയറ്റിന്റെ സെക്രട്ടറി ചീഫ് സെക്രട്ടറിയും ജനറൽ കൺവീനർ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ്. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സമ്പാദ്യത്തോടൊപ്പം അവരുടെ വിവിധ മേഖലകളിലുമുള്ള വൈദഗ്ദ്ധ്യം കൂടി നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഏഴു വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതത് മേഖലയിൽ വിദഗ്ധരായ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച 48 ശിപാർശകൾ ലോക കേരള സഭ സെക്രട്ടേറിയറ്റിന് കൈമാറിയിരുന്നു. ഈ ശിപാർശകളെ നിക്ഷേപ സാധ്യതകൾ, ക്ഷേമ പദ്ധതികൾ, വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ, |

| | | | | |
|---|---|---|---|---|
| | | | | സാംസ്കാരികം എന്നിങ്ങനെ നാലായി തരംതിരിച്ച് താഴെക്കാണുന്ന 10 ശിപാർശകൾ ലോക കേരള സഭ സെക്രട്ടേറിയറ്റ് കണ്ടെത്തിയിട്ടുണ്ട്. 1 വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് കമ്പനി 2 എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി 3 എൻ.ആർ.ഐ. ബാങ്ക് 4 വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കാണ് എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി. 5 നോർക്ക റൂട്ട്സിൽ വനിതാ എൻ.ആർ.ഐ. സെൽ 6 വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപോർട്ടുകളിൽ Migration Facilitation Centre പാസ്പോർട്ട് ഓഫീസുകളിൽ Pre Embankment Orientation Centres 7 നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക. വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വിനിമയം നടത്തുന്നതിന് Student Exchange Programme സംഘടിപ്പിക്കുക, എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിനു വേണ്ടി ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം 8 കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre രൂപീകരിക്കുക. 9 മേഖലാടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക 10 പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക. മേൽപ്പറഞ്ഞവയിൽ എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുക. എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ എന്നിവ ഇപ്പോൾ നടപ്പാക്കുന്നില്ല. മറ്റു ശുപാർശകൾ നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |

## XXIII. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 109 | ഹൗസിംഗ് ബോർഡിന്റെ കീഴിൽ ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ഹൗസിംഗ് ബോർഡിന്റെ കീഴിൽ ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം എന്ന പദ്ധതി മെഡിക്കൽ കോളേജിനോട് ചേർന്നുള്ള ഭൂമിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സർക്കാർ മെഡിക്കൽ കോളേജുകൾ ഉള്ള എല്ലാ ജില്ലകളിലും സർക്കാർ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 2 | 14/15 | 98 | ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതികൾ ഉൾപ്പെടുത്തിയിരുക്കുന്നതെന്ന് വിശദമാക്കാമോ? | ഭവന നിർമ്മാണത്തിലെ ബദൽ മാർഗ്ഗങ്ങൾ, ഊർജ്ജസംരക്ഷിത ഭവനങ്ങൾ എന്നീ വിഷയത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ /ശിപാർശകൾ സ്വീകരിച്ച് സർക്കാരിന്റെ പുതിയ പാർപ്പിട നയത്തിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ ടി വിഷയങ്ങളും കേരള ബിൽഡിംഗ് കോഡ് രൂപീകരിക്കുമ്പോൾ പരിഗണിക്കുന്നതിന് നടപടി എടുക്കുന്നതാണ്. |

## XXIV. ഉദ്യോഗസ്ഥ - ഭരണപരിഷ്കാരവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 136 | പി.എസ്.സി. മുഖേന വിവിധ തസ്തികളിലേയ്ക്ക് നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുമ്പോൾ | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ട കേസുകളിൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | നിലവിലുള്ള അപേക്ഷകളുടെ യോഗ്യത സംബന്ധിച്ചുള്ള സ്പെഷ്യൽ റൂളിൽ കാലാനുസൃതമായ മാറ്റം വരുത്താത്തതുമൂലം പി.എസ്.സി. ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | |
| 2 | 14/13 | 45 | പി.എസ്.സി. പരീക്ഷകൾ മലയാളത്തിൽ ആക്കുന്നത് സംബന്ധിച്ച് | എല്ലാ തൊഴിൽ പരീക്ഷകളുടെയും ചോദ്യ പേപ്പറുകൾ പൂർണ്ണമായും മലയാളത്തിലോ അല്ലാത്ത പക്ഷം മലയാളം കൂടി ഉൾപ്പെടുത്തിയോ തയ്യാറാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

## XXV. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/13 | 33 | ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സമർപ്പിച്ച ശിപാർശ സർക്കാരിന്റെ സജ്ജീവ പരിഗണനയിലാണ്. |

| | | | | |
|---|---|---|---|---|
| 2 | 14/13 | 48 | പ്രതിസന്ധി നേരിടുന്ന കള്ളുചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ? | കള്ള് ചെത്ത് വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനും വൈവിധ്യ വൽക്കരിക്കുന്നതിനും ലക്ഷ്യമിട്ട് 2017-2018 വർഷത്തെ അബ്കാരി നയത്തിൽ ടോഡി ബോർഡ് രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ടോഡി ബോർഡ് രൂപീകരണ നടപടികൾ പരോഗമിച്ചുവരുന്നു. |

## XXVI. വനം-വന്യജീവി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/13 | 36 | കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ചു കൊണ്ട് വനാന്തര ഭാഗത്തുള്ള ആളുകളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്താണെന്നറിയാനുള്ള ആഗ്രഹമുണ്ട്. | വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാടിലെ വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റിത്താമസിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയായ 'സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ സ്വമേധയാ താല്പര്യമെടുക്കുന്ന 800 കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 10 ലക്ഷം രൂപ നിരക്കിൽ 80 കോടി രൂപ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ചെലവാക്കി വനപ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 300-ഓളം കുടുംബങ്ങളെ ഇതിനോടകം പുനരധിവസിപ്പിച്ചുകഴിഞ്ഞു. 100-ൽപ്പരം കുടുംബങ്ങളുടെ പുനരധിവാസം അന്തിമ ഘട്ടത്തിലാണ്. അവശേഷിക്കുന്ന 400 കുടുംബങ്ങളെക്കൂടി പുനരധിവസിപ്പിച്ചുകഴിഞ്ഞാൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കപ്പെടും. ഇതുമൂലം പ്രദേശത്ത് വന്യജീവി സംഘർഷത്തിൽ കാര്യമായ കുറവുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| 2 | 14/15 | 87 | സംസ്ഥാനത്ത് വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിന് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ; | സംസ്ഥാനത്ത് വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി വനം വകുപ്പിന്റെ കീഴിൽ രണ്ടു മൊബൈൽ യൂണിറ്റുൾപ്പെടെ 37 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വനാശ്രിതർ വനത്തിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ വനസംരക്ഷണ സമിതികൾ മുഖേന ശേഖരിച്ച് വനശ്രീ വഴി പൊതുജനങ്ങൾക്ക് വനവിഭവങ്ങൾ അനായാസം ലഭ്യമാക്കാൻ കഴിയുന്നുണ്ട്. കൂടാതെ വനവിഭവങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

## XXVII. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/11 | 118 | സൗരോർജ്ജ ഉത്പാദനം സാദ്ധ്യമായ സർക്കാർ സ്കൂൾ കോളേജ് കെട്ടിടങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചന നടത്തുമോ? | സ്മാർട്ട് എനർജി പ്രോഗ്രാം 2017-18-ന്റെ ഭാഗമായി അനർട്ടും, ഇ.എം.സി. യുടെ സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയിൽ 41 വിദ്യാഭ്യാസ ജില്ലകളിൽനിന്നും ഓരോ സ്കൂളുകൾ വീതം തെരഞ്ഞെടുത്തുകൊണ്ട് 2KW ന്റെ സൗരോർജ്ജ പാനൽ ഓഫ് ഗ്രിഡ് കണക്ഷൻ നൽകുവാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി താത്പര്യം കാണിച്ച 19 സ്കൂളുകളിൽ സംരംഭം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു സ്കൂളുകളിലും കൂടി പരിപാടി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സൗരോർജ്ജ ഉല്പാദനം സാധ്യമായ സർക്കാർ സ്കൂൾ/കോളേജ് കെട്ടിടങ്ങളെ ഇതിനായി പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 14/13 | 55 | ബ്രഹ്മപുരം പ്ലാന്റിന് തറക്കല്ലിട്ട് 6 മാസം കഴിഞ്ഞിട്ടും പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ല അത് പരിഹരിക്കുന്നതിന് ശക്തമായ നടപടി സർക്കാർ സ്വീകരിക്കുമോ? | ബ്രഹ്മപുരം പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

## XXVIII. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/14 | 78 | സംസ്ഥാനത്ത് തീരപരിപാലനവുമായി ബന്ധപ്പെട്ട് നിലവിലുണ്ടയിരുന്ന നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് വ്യക്തമായ നിർദ്ദേശം നൽകുന്നതിനും തുടർനടപടികൾ വേഗത്തിലാക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനായി മാറ്റിവെച്ചിരുന്ന അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | 18-1-2019-ൽ പുറപ്പെടുവിച്ച പുതിയ തീരദേശമേഖലാ നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ അടിയന്തരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. അനുബന്ധം 1 പുതിയ വിജ്ഞാപനമനുസരിച്ചുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് MoFF&CC-യുടെ നിയമാനുസൃതമായിട്ടുള്ള |

| | | | | |
|---|---|---|---|---|
| | | | | ഏജൻസിയും 2011-ലെ CZMP തയ്യാറാക്കിയ തുമായ National Centre for Earth Science Studies (NCESS) നിർദ്ദേശം നൽകണം.<br><br>2) 2011-ലെ CZMP-നെ അടിസ്ഥാനമാക്കി കൊണ്ട് വേലിയേറ്റ രേഖയിൽ നിന്നും 100m, 50m, 20m, 10m രേഖ വരയ്ക്കണം.<br><br>3) 2011-ലെ ജനസംഖ്യാ സാന്ദ്രത അനുസരിച്ച് CRZ III A-യിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായ ത്തുകളെ കണ്ടെത്തി CZMP-ൽ ഉൾപ്പെടുത്തണം.<br><br>4) ഇക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തണം.<br><br>5) പബ്ലിക് ഹിയറിംഗിൽ ലഭിച്ച അഭിപ്രായ ങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാപ്പ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെയും കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും ശിപാർശയോടുകൂടി കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയയ്ക്കണം.<br><br>6) ആയത് അംഗീകരിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം. |

## XXIX. പൊതുഭരണവകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | മന്ത്രി നൽകിയ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 14/10 | 142 | സംസ്ഥാനത്തെ ജനപ്രതിനിധകളു ടെയും പ്രവാസി പ്രതിനിധികളുടെയും സ്ഥിരം സംവാദ ആലോചന വേദിയായ ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ രൂപപ്പെട്ട പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;<br><br>ഇവയുടെ ഫലപ്രദമായ നടത്തിപ്പിനായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | കേരളത്തിന്റെ വികസന ഭാവിക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് ലോക കേരള സഭ നയിച്ചിട്ടുണ്ട്.<br><br>പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം,<br><br>അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം,<br><br>പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം-ലോക കേരളസഭാ സെക്രട്ടേറിയറ്റിന് രൂപം നൽകും, കേരള വികസനനിധി രൂപീകരണം, പ്രവാസി സംരക്ഷണ പദ്ധതി - രോഗബാധിതരാകുന്നവർക്ക്, തൊഴിൽ |

| | | | | |
|---|---|---|---|---|
| | | | | നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ, സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം, ചെറുകിട വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക – കാർഷി കാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ, അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം, മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.<br><br>പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ അന്തിമമാർഗ്ഗരേഖ തയ്യാറായിട്ടില്ല. അവ തയ്യാറാകുന്ന മുറയ്ക്ക് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. |

**അനുബന്ധം - II**

സമിതി അംഗീകരിച്ച നടപടി റിപ്പോർട്ടുകളുടെ പട്ടിക

**I. ആരോഗ്യ - കുടുംബക്ഷേമ വകുപ്പ്**

| ക്രമ നമ്പർ | നിയമസഭ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/6 | 14 | സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ? | Drugs & Cosmetics Act 1940 & Rules 1945, Drugs & Magic Remedies (Objectionable) Advertisement Act, Drugs Price Control Order എന്നീ കേന്ദ്ര നിയമങ്ങളും Kerala Drugs & Other Stores Unlawful Possession Act, Kerala Poison Rules എന്നീ സംസ്ഥാന നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ട് സംസ്ഥാന സർക്കാരിനു കീഴിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് വളരെ കാര്യക്ഷമമായി തന്നെയാണ് പ്രവർത്തിച്ചു വരുന്നത്. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരും, എ.ജി.യും വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്. |

447/2023.

| | | | | |
|---|---|---|---|---|
| 2 | 13/6 | 51 | ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ ? | സംസ്ഥാന ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധസാമഗ്രികളും പ്രസ്തുത വകുപ്പ് മേധാവികൾ ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത സുതാര്യ ഇ-ദർഘാസുകൾ മുഖേന സംഭരിച്ച് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ വിവിധ ജില്ലാ മരുന്ന് സംഭരണകേന്ദ്രങ്ങൾ വഴി വിതരണം നടത്തിവരുന്നത് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ മുഖേനയാണ്. ദേശീയ അവശ്യമരുന്ന പട്ടികയുടെ (NLEM) ചുവടു പിടിച്ച് തയ്യാറാക്കപ്പെട്ട അവശ്യമരുന്ന് പട്ടികയിൽ (Essential Drug List) പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് തലം വരെ ചികിത്സയ്ക്കായി എത്തുന്നവർക്ക് അവശ്യം വേണ്ട ജനറിക് മരുന്നുകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത പട്ടികയിൽ രോഗചികിത്സയ്ക്കാവശ്യമായ ഔഷധങ്ങൾക്ക് പുറമെ, മെഡിക്കൽ ഉപകരണങ്ങൾ (Medical Devices), രക്തപരിശോധനയ്ക്കായി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഉപയോഗിക്കുന്ന റീഏജന്റുകൾ (Blood Diagnostic kits & Reagents), ശസ്ത്രക്രീയാ നൂലുകൾ (Surgical Sutures) തുടങ്ങിയവയും ജനറിക് നാമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ജനറിക് മരുന്നുപട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെ ആവശ്യകത ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഓരോ വർഷവും ആനുകാലികമായി പരിശോധിച്ച് ഓരോ ഇനത്തിന്റെയും ആവശ്യകത വിലയിരുത്താറുണ്ട്.<br>585 ഇനം മരുന്നുകളും അനുബന്ധ സാമഗ്രികളുമാണ് 2016-17 സാമ്പത്തിക വർഷം അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ 2017-18 സാമ്പത്തിക വർഷം മേൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം 30 ഇനങ്ങൾ നീക്കം ചെയ്യുകയും 35 ഇനങ്ങൾ പുതിയതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് അർബുദരോഗ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന 65 ഇനം മരുന്നുകൾ ഉൾപ്പെടെ 590 ഇനം മരുന്നുകളാണ് 2017-18 സാമ്പത്തിക വർഷത്തെ അവശ്യമരുന്ന പട്ടികയിലുള്ളത്. |

| | | | | |
|---|---|---|---|---|
| | | | | 2017 ഏപ്രിൽ ഒന്നിന് എല്ലാ സർക്കാർ ആശുപത്രികളിലും അവശ്യമരുന്ന് പട്ടികയി ലുള്ള ജനറിക് മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻ നിറുത്തി 2016 ഒക്ടോബർ മാസം തന്നെ ദർഘാസ് നടപടികൾ ആരംഭിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 2017 ഫെബ്രുവരി മാസം മുതൽ വിതരണ ഉത്തരവുകൾ നൽകുകയും അതനുസരിച്ചുള്ള ജനറിക് മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങൾ മുഖേന എല്ലാ സർക്കാർ ആശുപത്രികൾക്കും ഇൻഡന്റ് അനുസരിച്ച് സൗജന്യമായി വിതരണം നടത്തി വരുന്നുമുണ്ട്. |
| 3 | 13/8 | 44 | ബി. എല്ലാ സർക്കാർ ആശുപത്രികളിലും പി.എച്ച്.സി. കളിലും രക്ത പരിശോധനയും മറ്റ് പരിശോധനകളും നടത്തുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ? | സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം മെച്ചപ്പെടുത്തു ന്നതിനും അടിസ്ഥാന സൗകര്യം വികസി പ്പിക്കുന്നതിനുമായി 23 കോടി രൂപയുടെ ഭരണാനുമതിയും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനായി അഞ്ചു കോടി രൂപയുടെ ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. അതിൻ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി കെ.എം.എസ്.സി.എൽ. വഴി നടന്നു വരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാ രോഗ്യകേന്ദ്രങ്ങളിൽ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുമുണ്ട്. |
| 4 | 13/9 | 31 | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അർബുദം, കുഷ്ഠം, ക്ഷയം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്കുള്ള പെൻഷൻ തുക 800 രൂപയായി ഉയർത്തിയിട്ടുള്ളത് സംബന്ധിച്ച പ്രഖ്യാപനത്തിന്റെ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br><br>കാരുണ്യ പദ്ധതിയിൽ ഒരു ലക്ഷം രൂപ വരുമാനമുള്ളവരെ പരിഗണിക്കുമ്പോൾ മാരകരോഗ ബാധിതർക്കുള്ള പെൻഷന് 24,000 രൂപ വരുമാനം കവിയരുത് എന്ന നിർദ്ദേശത്തിന് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>പ്രസ്തുത പെൻഷൻ തുക ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സർക്കാർ ഉത്തരവ് (അച്ചടി) നം.339/2013/ധന. തീയതി 2-7-2013 പ്രകാരം അർബുദം, കുഷ്ഠം, ക്ഷയം എന്നീരോഗം ബാധിച്ച രോഗികൾക്കുള്ള പ്രതിമാസ പെൻഷൻ 800 രൂപയായി ഉയർത്തിയിരുന്നു. ഇതിനുശേഷം സർക്കാർ ഉത്തരവ് (സാധാ)നം.2352/2014/ ആ.കു.വ. തീയതി 10-7-2014 പ്രകാരം പ്രതിമാസ പെൻഷൻ 1000 രൂപയായി വർധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇത്തരം രോഗം ബാധിച്ചവർക്ക് 1000 രൂപ പ്രതിമാസ പെൻഷൻ നൽകിവരുന്നു. അർബുദം, കുഷ്ഠം, ക്ഷയം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി സർക്കാർ ഉത്തരവ് (കൈ)നം.485/ 2013/ആ.കു.വ. തീയതി 13-12-2013 പ്രകാരം ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | 13/10 | 32 | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിദമാക്കാമോ ? | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയിട്ടുണ്ട്. മുൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. ഹർഷവർധൻ, 19-9-2014-ൽ ആർ.സി.സി.-യിൽ വച്ച് നടന്ന ചടങ്ങിലാണ് ഈ പ്രഖ്യാപനം നടത്തിയത്. 120 കോടി ചെലവ് വരുന്ന പദ്ധതിയാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി 48 കോടി രൂപ കേന്ദ്ര സർക്കാരും 31.31 കോടി രൂപ സംസ്ഥാന സർക്കാരും 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാം ഘട്ടമായി 10.56 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. |
| 6 | 13/10 | 64 | ഐ.വി.എഫ്. ചികിത്സാ രീതി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സംസ്ഥാന എല്ലാ ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കും ; വിശദാംശം വ്യക്തമാക്കുമോ ? | തിരുവനന്തപുരം തൈക്കാട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് ഉണ്ട്. ഇത് 2005 ജൂലൈ 1 മുതൽ പ്രവർത്തിച്ച് വരുന്നു. കൊല്ലം ജില്ലയിൽ ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. 2014 മേയ് മാസം മുതലാണ് പ്രസ്തുത ക്ലിനിക്ക് പ്രവർത്തിച്ച് വരുന്നത്. ഇടുക്കി ജില്ലയിലെ ജില്ലാ താലൂക്ക് ആശുപത്രികളിൽ ഗൈനക്കോളജി ഒ.പി. യുടെ ഭാഗമായി വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | തൃശ്ശൂർ ജനറൽ ആശുപത്രിയിൽ 2009 ഫെബ്രുവരി മുതൽ വന്ധ്യതാ ചികിത്സാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ക്ലിനിക്ക് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാശുപത്രി യോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എസ്.എ.ടി. ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വന്ധ്യതാ ക്ലിനിക്ക് 1985 മുതൽ പ്രവർത്തിച്ചുവരുന്നു. എ.ആർ.ടി. സെന്റർ ജൂലൈ 2012 മുതൽ ആരംഭിച്ചു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധി ച്ചുള്ള സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകൾ വളരെ മുമ്പു മുതൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും വന്ധ്യതാ ക്ലിനിക്ക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

| | | | | |
|---|---|---|---|---|
| 7 | 13/10 | 104 | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് അറിയിക്കാമോ? | 2014-ൽ 16 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിച്ച് വന്നിരുന്നത്. 2014 ന് ശേഷം 42 കാരുണ്യ കമ്മ്യൂണിറ്റികൾ കൂടി ആരംഭിച്ച് കഴിഞ്ഞു. നിലവിൽ ശബരിമല മണ്ഡല കാലത്ത് പ്രവർത്തിക്കുന്ന പമ്പ, സന്നിധാനം ഉൾപ്പെടെ 58 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു. ഇത് വ്യാപിപ്പിക്കുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| 8 | 13/11 | 50 | സർക്കാർ ഫാർമസികളും സ്റ്റോറുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം സംഭരിച്ച് വിതരണം ചെയ്യുന്ന അവശ്യമരുന്നുകൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി വികസിപ്പിച്ച് നൽകിയിട്ടുള്ള ഓൺലൈൻ ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ ആശുപത്രി ഫാർമസി സ്റ്റോറുകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ സർക്കാർ ആശുപത്രി മെയിൻ സ്റ്റോറുകളിലും ഒരു കമ്പ്യൂട്ടർ, ഒരു യു.പി.എസ് എന്നിവ ലഭ്യമാക്കുന്നതിനുള്ള ദർഘാസ് നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കൈക്കൊണ്ടിട്ടുണ്ട്. ടി ദർഘാസ് നടപടി പൂർത്തീകരിച്ച് വരുന്ന നാല് മാസത്തിനകം സംസ്ഥാനത്തെ എല്ലാ ആരോഗ്യസ്ഥാപനങ്ങൾക്കും ഒരു കമ്പ്യൂട്ടർ ഒരു യു.പി.എസ്. എന്നിവ ലഭ്യമാക്കുന്നതായിരിക്കും. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | 13/11 | 56 | സംസ്ഥാനത്ത് ജ്യൂസ് പാർലറുകൾ വഴി വിറ്റഴിക്കുന്ന ഷാർജ ഷേക്ക്, ബദാം, പിസ്ത തുടങ്ങിയ പാനീയങ്ങളുടെ രാസഘടന പരിശോധിക്കുവാനും ഹാനികരമായവ അടങ്ങിയിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകുമോ? | ജ്യൂസ് പാർലറുകളിലൂടെ വിറ്റഴിക്കുന്ന ഷാർജ, ഷേക്ക്, ബദാം, പിസ്ത, തുടങ്ങിയ പാനീയങ്ങളുടെ സാമ്പിളുകൾ എടുത്ത് പരിശോധിക്കുന്നതിന് അടിയന്തര നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 10 | 13/11 | 116 | രോഗികൾക്ക് നൽകുന്ന ഭക്ഷണ വിതരണ രീതി നിവിലുള്ളതിൽ നിന്നും ഉയർത്തി 250 ഗ്രാം അരിയുടെ കഞ്ഞിയും 100 ഗ്രാം പയറും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | രോഗികൾക്ക് നൽകുന്ന ഭക്ഷണരീതി നിലവിലുള്ളതിൽ നിന്നും ഉയർത്തി 250 ഗ്രാം അരിയുടെ കഞ്ഞിയും 100 ഗ്രാം പയറും നൽകുന്നതിന് നിർവ്വാഹമില്ല. ഒരു നേരത്തെ കഞ്ഞിക്ക് ഒരു പ്രായപൂർത്തിയായ വ്യക്തിക്ക് 250 ഗ്രാം നൽകുന്നത് വളരെ കൂടുതലാണ്. 100 ഗ്രാം പയറും നൽകുന്നതും കൂടുതലാണ്. കാരണം മറ്റു പല ഭക്ഷണങ്ങളിലൂടെയും ദിവസേന ആവശ്യമുള്ള മാംസ്യാഹാരവും നൽകി വരുന്നുണ്ട്. എങ്കിലും ഇപ്പോൾ കൊടുത്തു വരുന്ന 60 ഗ്രാം പയറിന്റെ അളവ് 80 ഗ്രാമായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 11 | 13/14 | 100 | പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമോ ഇല്ലയോ എന്നുള്ളത് അനിശ്ചിതമായി നീണ്ടു പോകുന്ന തിനെക്കുറിച്ച് തീർച്ചയോടു കൂടി ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയുമോ; മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്? | കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സും അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ ഏഴ് അനുബന്ധ സ്ഥാപനങ്ങളും ഒരു സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഹഡ്കോയ്ക്ക് നൽകാനുള്ള കുടിശിഖ തുകയുടെ ആദ്യ രണ്ട് ഗഡുക്കൾ നൽകിയിട്ടുണ്ട്. |
| **സമിതി (2019-2021) അഞ്ചാമത് റിപ്പോർട്ട്** | | | | |
| (1) | (2) | (3) | (4) | (5) |
| 12 | | ഖണ്ഡിക 66 | **ശിപാർശ** സംസ്ഥാനത്തെ ആശുപത്രികളിൽ ദുരന്തസമയത്ത് ഹോസ്പിറ്റലുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് എങ്ങനെയെന്നും വൈദ്യുതിയും വാർത്താവിനിമയ സംവിധാനങ്ങളും തകരാറിലാകുമ്പോൾ പകരം സംവിധാനം എങ്ങനെ ഉറപ്പുവരുത്തണമെന്നും പ്രതിപാദിപ്പിക്കുന്ന അടിയന്തര പ്രതികരണ പ്ലാനുകളും (Hospital Contingency Plan) വലിയൊരു ദുരന്തം ഉണ്ടാകുമ്പോൾ ആയിരക്കണക്കിന് ആളുകൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കേണ്ടിവരുന്ന സാഹചര്യം മുൻനിർത്തി അടിയന്തര ചികിത്സ പ്ലാനും (Mass Casuality Management Plan) തയ്യാറാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി** കാഷ്വാലിറ്റി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു ദുരന്തം അഭിമുഖീകരിക്കുവാൻ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. അതിനായി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഓഫ് ഹെൽത്ത് & ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റ് മാർഗ്ഗനിർദ്ദേശം അനുസരിച്ച് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതു സംബന്ധമായി ട്രെയിനിംഗുകൾ നടത്തുകയുണ്ടായി. ആരോഗ്യ വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായും എല്ലാ ജില്ലകളിലെയും സ്റ്റേറ്റിന്റെയും സാങ്കൽപ്പിക കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് റ്റി.ഒ.റ്റി ( T.O.T) വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. എല്ലാ ജില്ലകളിലെയും |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | | മേജർ ആശുപത്രികളിൽ 20-11-2019 മുതൽ 4-12-2019 വരെ എല്ലാ ജീവനക്കാർക്കും ഓറിയന്റേഷൻ ട്രെയിനിംഗ് നൽകുകയുണ്ടായി. ജില്ലാ തലത്തിൽ എല്ലാ ആശുപത്രികളിലെയും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫിസിഷ്യൻ, ഓർത്തോപീഡിക് സർജൻ എന്നിവർക്ക് ട്രെയിനിംഗ് നൽകി വരുന്നു. എല്ലാ മേജർ ആശുപത്രികൾക്കും അവരവരുടേതായ "ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഫോർ ഹോസ്പിറ്റൽ " തയ്യാറാക്കിയിട്ടുണ്ട്.<br>ആശുപത്രിയിൽ ഒരു ദുരന്തം സംഭവിക്കുകയോ, ആശുപത്രിയെയും പരിസര പ്രദേശങ്ങളെയും ഒരു പോലെ ബാധിക്കുന്ന സംഭവം ഉണ്ടാകുമ്പോഴോ, ആശുപത്രി ഒഴികെയുള്ള പ്രദേശം ദുരന്തം അഭിമുഖീകരിക്കേണ്ട സാഹചര്യമോ ഉണ്ടാകുമ്പോൾ പ്രവർത്തിക്കേണ്ടതായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) ദുരന്തം സംഭവിച്ചശേഷം നടപ്പിലാക്കേണ്ട എപ്പിഡമോളജിക്കൽ സർവയലൻസ് പ്രോഗ്രാം<br><br>ബി) മെന്റൽ ഹെൽത്ത് പ്രോഗ്രാം<br><br>(സി) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | ഡി) ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്<br><br>ഇ) എല്ലാ ആശുപത്രികളിലും ജനറേറ്റർ സോളാർ പാനൽ ഉണ്ടെന്ന് ഉറപ്പുവരുത്തൽ<br><br>വലിയ ദുരന്തം ഉണ്ടാകുമ്പോൾ ആയിരക്കണക്കിന് രോഗികൾ കാഷ്വാലിറ്റിയിൽ വരുന്ന അവസരത്തിൽ പ്രവർത്തിക്കേണ്ടതായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എ) TRIAGE SYSTEM -നടപ്പിലാക്കുന്നതു വഴി തിരക്ക് കുറയ്ക്കുവാനും സമയോചിതമായി ചികിത്സ നൽകുവാനും കഴിയുന്നു.<br><br>ബി) മാനവ വിഭവശേഷി കുറവാണെങ്കിൽ അവധിക്കുപോയവരെ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നു. മറ്റ് ജില്ലകളിൽ നിന്നും ആവശ്യമെങ്കിൽ ജീവനക്കാരെ വിന്യസിക്കുകയും ചെയ്യുന്നു.<br><br>സി) കാഷ്വാലിറ്റി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി വരുന്നു.<br><br>ഡി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകി വരുന്നു. |

## II. നികുതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/02 | 175 | സംസ്ഥാനത്ത് നടത്തുന്ന പ്രത്യേക ഭാഗ്യക്കുറി നറുക്കെടുപ്പുകളിൽ നിന്ന് ലഭിക്കുന്ന തുകകൾ ഉപയോഗിച്ച് പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;<br><br>ഫണ്ട് വിനിയോഗത്തിനുവേണ്ടി എന്തെല്ലാം ഭരണ സംവിധാനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>ഇതിന് ജില്ലാ സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ? | കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് നിർദ്ധനരായരോഗികൾക്ക് ധനസഹായം നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് രൂപീകരിച്ചുകൊണ്ട് 30-1-2012-ലെ സ.ഉ. (എംഎസ്.) നം.7/12/TD പ്രകാരം ഉത്തരവായിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലോട്ടറിയിൽ നിന്നുള്ള വരുമാനം മതിയാകാതെ വന്നതിനെ തുടർന്ന് വ്യാഴാഴ്ച നറുക്കെടുപ്പ് നടത്തിവന്നിരുന്ന പ്രതീക്ഷ ലോട്ടറിയുടെ പേര് കാരുണ്യ പ്ലസ് എന്നാക്കി മാറ്റി, മുഖവില 40 രൂപയിൽ നിന്ന് 50 രൂപയാക്കി ഉയർത്തി, അതിൽ നിന്നുള്ള അറ്റാദായം കൂടി കെ.ബി.എഫ്-ന് കൈമാറി വരുന്നു. ക്യാൻസർ, ഹൃദയ-വൃക്ക സംബന്ധമായ രോഗങ്ങൾ, തലച്ചോർ-കരൾ സംബന്ധമായ രോഗങ്ങൾ, ഹീമോഫീലിയ എന്നീ രോഗങ്ങളുള്ളവർക്കും പാലിയേറ്റീവ് കെയർ രോഗികൾക്കും ചികിത്സാധന സഹായം നൽകുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും, 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും പരമാവധി 2 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതാണ്. ഗവൺമെന്റ് ആശുപത്രികൾക്ക് പുറമെ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കും ധനസഹായം ലഭിക്കുന്നതാണ്. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായിട്ടുള്ള ജില്ലാതല കമ്മിറ്റിയും ധനകാര്യവകുപ്പ് മന്ത്രി അദ്ധ്യക്ഷനായിട്ടുള്ള സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറെ കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കാരുണ്യ. കാരുണ്യപ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം പദ്ധതി ചെലവുകൾക്കായി അഡ്മിനിസ്ട്രേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് 30-1-2012-ലെ സ.ഉ. (എം.എസ്.) 7/12/റ്റി.ഡി. നമ്പർ ഉത്തരവിലൂടെ അനുവാദം നൽകുകയും ഇതിനായി അഡ്മിനിസ്ട്രേറ്ററുടെ പേരിൽ അക്കൗണ്ട് അനുവദിച്ച് സ.ഉ. (ആർ.ടി.) 1583/ 12/ഫിൻ. തീയതി 22-2-2012 പ്രകാരം ഉത്തരവായിട്ടുമുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ധനസഹായത്തിനായി നിർദ്ദിഷ്ടഫോറത്തിൽ റേഷൻ കാർഡിന്റെ കോപ്പി, ആശുപത്രി രേഖകൾ എന്നിവ സഹിതം അതാതു ജില്ലകളിലെ ഭാഗ്യക്കുറി ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലാതലകമ്മിറ്റി അപേക്ഷകളുടെ അർഹത പരിശോധിച്ച്, സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം, അഡ്മിനിസ്ട്രേറ്റർ തുക അനുവദിക്കുകയും ചെയ്യുന്നു |
| 2 | 13/04 | 13 | കേരള സംസ്ഥാന ലോട്ടറിയുടെ സമ്മാനങ്ങൾ തട്ടിയെടുക്കുന്നതിനായി മുംബൈ കേന്ദ്രീകരിച്ച് ചിലർ പ്രവർത്തിക്കുന്നുണ്ടെന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;<br>സി) ഇതിനെക്കുറിച്ച് ഒരു അന്വേഷണത്തിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? | ക്രൈം നം.581/സി.ആർ/2010 ഹരിയാനയിലെ ശ്രീ. കിഷൻ ചന്ദിന്റെ സമ്മാന വിതരണവുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത ടിക്കറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് (genuine buyer) അന്വേഷണം നടത്തി റിപ്പോർട്ട് 4-10-2012-ന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും WP (C) 29708/12-ന്റെ 16-7-2014-ലെ കോടതി വിധിയുടേയും അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിക്ക് സമ്മാന വിതരണം നടത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 13/05 | 68 | കാരുണ്യ ലോട്ടറി പ്രകാരം നിർധന രോഗികൾക്ക് ഗവൺമെന്റിൽ നിന്നും യഥാസമയം പണം ലഭ്യമാകാത്തതിനാൽ ആനുകൂല്യം നിഷേധിക്കപ്പെടുന്നുവെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? | സർക്കാർ ആശുപത്രിയിൽ ചികിത്സിക്കുന്ന രോഗി സമർപ്പിക്കുന്ന അപേക്ഷയുടെ അടിയന്തര പ്രാധാന്യം അനുസരിച്ച് ചികിത്സയ്ക്കായി മുൻകൂർ ചികിത്സാനു മതിപത്രം അതാത് ആശുപത്രിക്ക് നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി യിരുന്നു. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ കാരുണ്യ അഡ്മിനിസ്ട്രേറ്ററും പ്രീ-ഓതറൈസേഷൻ നൽകി വന്നിരുന്നു. പ്രസ്തുത അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്ക് ചികിത്സ ലഭിയ്ക്കുകയും ആയതിന്റെ ഫണ്ട് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ആശുപത്രികൾക്ക് അനുവദിയ്ക്കുകയും ചെയ്തുവരുന്നു. ആയതിനാൽ രോഗികളുടെ ചികിത്സ നിഷേധിക്കപ്പെടുന്നില്ല. സ്വകാര്യ/അക്രഡിറ്റഡ് ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സ തുടങ്ങുന്നതിനു മുമ്പ് തന്നെ ജില്ലാകളക്ടർ മുഖേന പ്രീഓതറൈസേഷൻ നൽകുന്നുണ്ട്. ആയതിനാൽ രോഗികളുടെ ചികിത്സ നിഷേധിക്കപ്പെടുന്നില്ല. നിലവിൽ കെ.ബി.എഫ്. പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) ലയിപ്പിച്ചിട്ടുണ്ട്. എങ്കിലും നിലവിലുള്ള |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | എല്ലാ ഗുണഭോക്താക്കൾക്കും 31-3-2020 വരെ പദ്ധതി പ്രകാരമുള്ള ചികിത്സ തുടർന്നും നൽകാൻ ഉത്തരവായതിനെത്തുടർന്ന് 3-7-2019 വരെ ലഭിച്ച അപേക്ഷകളിൽ പ്രീഓതറൈസേഷൻ നൽകി വരുന്നുണ്ട്. |
| 4 | 13/05 | 135 | തൃക്കരിപ്പൂർ സബ് രജിസ്ട്രാർ വിഭജിച്ച് ചെറുവത്ത് കേന്ദ്രീകരിച്ച് ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് വിഭജിച്ച് ചെറുവത്തൂർ സബ് രജിസ്ട്രാർ ഓഫീസ് രൂപീകരിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു. ചെറുവത്തൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 15 സെന്റ് ഭൂമി ദാനമായി നൽകാമെന്ന് ചെറുവത്തൂർ പഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രസ്തുത ഉറപ്പ് രേഖാമൂലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകി. |
| 5 | 13/08 | 67 | നവീകരണപദ്ധതിയുടെ ഭാഗമായി എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് വകുപ്പിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | എക്സൈസ് വകുപ്പിൽ ദക്ഷിണ മേഖലയിലും, മദ്ധ്യമേഖലയിലും ഉത്തരമേഖലയിലും മൊബൈൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു. 6 ജില്ലകളിലേക്ക് അനുവദിച്ചിരുന്ന വയർലെസ്സ് |

| | | | | |
|---|---|---|---|---|
| | | | | സംവിധാനം ചില സാങ്കേതിക കാരണങ്ങളാലും നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. എന്നാൽ 2017-2018 സാമ്പത്തിക വർഷത്തിൽ വയർലസ്സ് സംവിധാനം സ്ഥാപിക്കുന്നതിനായി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപയോഗിച്ച് പാലക്കാട്, എറണാകുളം ജില്ലകളിൽ ആദ്യ ഘട്ടത്തിൽ വയർലെസ് സംവിധാനം നടപ്പിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. എന്നാൽ ലഹരി വസ്തുക്കൾ കടത്തുന്നത് തടയാൻ ഈ സംവിധാനം പര്യാപ്തമല്ലാത്തതിനാൽ ടി വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>25 സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പുകൾ 25 ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മുത്തങ്ങ, ചിന്നാർ എന്നീ ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | 13/09 | 7 | സംസ്ഥാനത്ത് കാരുണ്യ ഹോം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | കാരുണ്യ ബനവലന്റ് ഫണ്ട്, ചിസ് പ്ലസ് എന്നീ പദ്ധതികളും RSBY, CHIS, SCHIS എന്നീ ഇൻഷ്വറൻസ് പദ്ധതികളും കൂടി യോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി തുടങ്ങുന്നതിന് 29-5-2018-ലെ G. O. (Rt.) No.1739/2018/ H& FWD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ആരോഗ്യ സുരക്ഷാ പദ്ധതി 1-4-2019 മുതൽ നടപ്പിലാക്കുമെന്ന് 11-1-2019-ലെ G.O.(Rt.) No.163/2019/H&FWD നമ്പർ പ്രകാരവും ഉത്തരവായിട്ടുണ്ട്. ആയതിനാൽ നിലവിൽ ഈ വിഷയത്തിന് പ്രസക്തിയില്ല. |
| 7 | 13/09 | 19 | കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്ക് പ്രത്യേകം ഇൻഷ്വറൻസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | കാരുണ്യ ബെനവലന്റ് ഫണ്ട്, ചിസ് പ്ലസ് എന്നീ പദ്ധതികളും RSBY, CHIS, SCHIS എന്നീ ഇൻഷ്വറൻസ് പദ്ധതികളും കൂടി യോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പുതിയ പദ്ധതി തുടങ്ങുന്നതിന് 29-5-2018-ലെ G.O.(Rt.)No. 1739/18/H&FWD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 8 | 13/09 | 86 | ധനകാര്യ സ്ഥാപനങ്ങളുടെ പലിശ ഈടാക്കുന്നത് സംബന്ധിച്ച് ഏകീകൃത മാനദണ്ഡം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് കേന്ദ്ര നിയമത്തിന് അനുസൃതമാണോ എന്ന് വ്യക്തമാക്കുമോ? | കേരള മണിലെൻഡേഴ്സ് നിയമം 1958 നിയമത്തിലെ വകുപ്പ് 7 ഉപ വകുപ്പ് 1 പ്രകാരം ദേശസാൽകൃത ബാങ്കുകളേക്കാൾ 2% വരെ അധിക പലിശ വാങ്ങുന്നതിന് സ്വകാര്യ, ധനകാര്യ സ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ട്. ഇത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റ് 1934 -ന് വിധേയമാണ്. |
| 9 | 13/10 | 34 | ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു | കെ.എസ്.ബി.സി.-യിലെ സ്ഥിരം ജീവനക്കാർക്ക് എൽ.ഐ.സി.യുമായി ചേർന്നുള്ള പെൻഷൻ പദ്ധതി അന്തിമമായി തീരുമാനിച്ചു രൂപീകരിച്ചിട്ടില്ല. |
| 10 | 13/11 | 7 | രജിസ്ട്രേഷൻ വകുപ്പിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; പുതിയതായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്? | തിരുവനന്തപുരം ജില്ലയിൽ, ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളും ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഡിജിറ്റൽ ഒപ്പോടുകൂടി നൽകുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിവരുന്നു. കൊല്ലം ജില്ലയിൽ, ഓൺലൈൻ പദ്ധതി നടപ്പിലാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പേമെന്റ് സൗകര്യം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് മറ്റുജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 11 | 13/14 | 34 | ഓണം സീസണിൽ വ്യാജ വിദേശമദ്യ നിർമ്മാണവും വിപണനവും തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | 2015 വർഷത്തെ ഓണക്കാലത്ത് വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം എന്നിവ വർദ്ധിക്കുന്നതിനും, എൻ.ഡി.പി.എസ്. കുറ്റകൃത്യ ങ്ങൾ കൂടുന്നതിനും സാദ്ധ്യതയുള്ളത് മുന്നിൽക്കണ്ട് 5-8-2015 തീയതി മുതൽ 4-9-2015 തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ച് എക്സൈസ് സേനയെ കൂടുതൽ കർമ്മനിരതമാക്കി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടപ്പിലാ ക്കിയത്. എക്സൈസ് വകുപ്പിന്റെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓരോ കൺട്രോൾ റൂമും താലൂക്ക്തല കൺട്രോൾ റൂമുകളും ആരംഭിക്കുകയും ടി കൺട്രോൾ റൂമുകളിൽ ലഭിക്കുന്ന പരാതികൾ താമസംവിന നടപടി സ്വീകരിക്കുന്നതിന് ഒരു എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രണ്ട് വീതം സ്ട്രൈക്കിംഗ് ഫോഴ്സുകൾ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിച്ചിരുന്നു. കൺട്രോൾ റൂമുകളുടെ ടെലിഫോൺ നമ്പറുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജമദ്യം കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് എക്സൈസ് ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന കൂടുതൽ ശക്തമാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ എക്സൈസ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിരുന്നു. ലൈസൻസ് ചെയ്ത സ്ഥാപനങ്ങളിൽ കൂടി മായം ചേർത്തതോ വ്യാജമോ ആയിട്ടുള്ള മദ്യം വില്പന നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ടി സ്ഥാപനങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും സാമ്പിളുകൾ അപ്രതീക്ഷിത പരിശോധനകളിൽ ശേഖരിച്ച് രാസപരിശോധനക്ക് അയക്കുകയും ചെയ്തിരുന്നു.<br><br>ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അതാത് ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് പോലീസ്, വനം റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തിയിട്ടുണ്ട്. വ്യാജമദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും വ്യാപനം സംബന്ധിച്ച് എക്സൈസ് ഇന്റലിജൻസിനെയും ഷാഡോ എക്സൈസിനെയും ഉപയോഗിച്ച് ഫലപ്രദമായി രഹസ്യ വിവരങ്ങൾ ശേഖരിച്ച് |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | നടപടികൾക്കായി ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുള്ളതാണ്. അന്തർ സംസ്ഥാന അതിർത്തികളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തമിഴ്നാട്, കർണ്ണാടകം, മാഹി എന്നിവിടങ്ങളിലെ ഉയർന്ന പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുമായി സംയുക്ത യോഗങ്ങൾ സംഘടിപ്പിക്കുകയും പരസ്പരം വിവരങ്ങൾ കൈമാറുന്നതടക്കം ആവശ്യമായ സഹായ സഹകരണങ്ങൾ അവരിൽനിന്നും ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ഈ കാലയളവിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്ത് വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ച 5-8-2015 തീയതി മുതൽ 4-9-2015 തീയതി വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 1518 അബ്കാരി കേസുകളും 119 എൻ.ഡി.പി.എസ്. കേസുകളും കണ്ടെടുത്തിയിട്ടുള്ളതാണ്. ടി കേസുകളിൽ ആകെ 1514 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ടി കാലയളവിൽ 1689 ലിറ്റർ സ്പിരിറ്റ്, 1050.15 ലിറ്റർ ചാരായം, 3181.765 ലിറ്റർ വിദേശമദ്യം, 254.5 ലിറ്റർ കള്ള്, 2419.36 ലിറ്റർ അരിഷ്ടം, 33431 ലിറ്റർ വാഷ്, 22 ഗ്രാം ഹാഷിഷ് ഓയിൽ, 2 ലിറ്റർ കൊഡെൻ ഫോസ്ഫേറ്റ്, 10 ആംപ്യൂളുകൾ എന്നിവ കണ്ടെടുക്കുകയും ടി കേസുകളിലായി 63 വാഹനങ്ങൾ പിടിച്ചെടുക്കുകയും ലൈസൻസ് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും 3719 സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. |

## III. തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/04 | 67 | വയനാട് ജില്ലയിലെ പഞ്ചായത്തുകളെ ' പുര ' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | 2014-15 കാലയളവ് മുതൽ 'പുര'പദ്ധതി നിർത്തലാക്കിയിട്ടുള്ളതിനാൽ ടി പദ്ധതി ഇപ്പോൾ നിലവിലില്ല. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | 13/08 | 61 | ബാങ്കുകളിൽ നിന്നും ഗ്രൂപ്പായി വായ്പയെടുക്കുമ്പോൾ തിരിച്ചടവ് കുടിശ്ശിക വരുത്തിയവരുടെ ബാധ്യതകൂടി വായ്പ അടച്ചുതീർത്തവരുടെ പേരിൽ വരുന്നതിലൂടെ ജപ്തി നടപടികൾ സ്വീകരിക്കുന്ന അവസ്ഥ സംജാതമായിരിക്കുന്ന സാഹചര്യത്തിൽ വായ്പയെടുക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് ബാങ്കുമായി ഇടപ്പെട്ട് നിയമപരമായി എന്തെങ്കിലും സഹായം ചെയ്യാൻ സാധിക്കുമോ? | കുടുംബശ്രീയുടെ ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം ക്രെഡിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീം നിർത്തലാക്കിയിട്ടുണ്ട്. പകരം നിലവിൽ ആർ.എസ്.ബി.വൈ./ചിസ് സ്കീമിൽ അംഗമായിട്ടുള്ള കുടുംബശ്രീ അംഗങ്ങളുടെ എണ്ണം ഒരു സർവ്വേയിലൂടെ കണ്ടെത്താനും ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അംഗങ്ങൾക്ക് പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. ടി സർവ്വേ 2018 സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്. |
| 3 | 13/09 | 13 | നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ? | സംസ്ഥാനത്തെ നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ നഗരസഭകളുടെ ആസ്തിയും വരുമാനവും വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സഹായത്തോടെയും, ധനകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടെയുംകൂടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും, കൺവെൻഷൻ സെന്റർ, മൊബിലിറ്റി ഹബ്ബ്, പാർക്കിംഗ് ടവർ കം ഷോപ്പിംഗ് കോംപ്ലക്സ്, അന്താരാഷ്ട്ര നിലവാരമുള്ള മാർക്കറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും നഗരസഭകളിൽ സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 4 | 13/09 | 80 | സംസ്ഥാനത്ത് ഫ്ലാറ്റ് തട്ടിപ്പ് തടയാൻ അപ്പാർട്ട്മെന്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?<br><br>ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് സെക്ടർ നിയന്ത്രിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, കെട്ടിടങ്ങളുടെയും, പ്ലോട്ടുകളുടെയും വില്പന കാര്യക്ഷമവും സുതാര്യവുമാണെന്ന് ഉറപ്പാക്കുന്നതിനും റിയൽ എസ്റ്റേറ്റ് സെക്ടറിലെ ഉപഭോക്താവിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒരു റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കുന്നതിനും, പ്രസ്തുത അതോറിറ്റിയുടെ തീരുമാനങ്ങൾ, നിർദ്ദേശങ്ങൾ, ഉത്തരവുകൾ എന്നിയിന്മേലുള്ള അപ്പീലുകൾ കേൾക്കുന്നതിനുമായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിനും ഇവയുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ പരിഗണിച്ചുകൊണ്ടും 'ദി കേരള റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആന്റ് ഡെവലപ്മെന്റ്) ഓർഡിനൻസ് 2015', 4-5-2015-ൽ നിയമവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 5 | 13/10 | 74 | നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നഗരസഭകളുടെ ഗ്രേഡ് ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | 22-7-2014-ലെ സ.ഉ. (കൈ)നം.135/ 2014/തസ്വഭവ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളുടെ ഗ്രേഡ് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 6 | 13/10 | 76 | ത്രിതല പഞ്ചായത്തിലെ മുൻ മെമ്പർമാർക്കും മുൻസിപ്പൽ കോർപ്പറേഷൻ മെമ്പർമാർക്കും പെൻഷൻ ഏർപ്പെടുത്തുമോ? | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 7 | 13/10 | 94 | സ്കൂൾ പഠനം നടത്തിയിട്ടില്ലാത്ത പ്രായംചെന്ന അച്ഛനമ്മമാരുടെ കാര്യത്തിൽ, വില്ലേജ് ഓഫീസർ അത് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഔചിത്യമില്ലാത്ത ആവശ്യം ചില മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകളെങ്കിലും ഉന്നയിക്കുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ? | തിരുവനന്തപുരം നഗരസഭയിലും കോഴിക്കോട് നഗരസഭയിലും ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് ഒഴിവാക്കുന്നതിനായി ടി നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 8 | 13/11 | 44 | എല്ലാ നഗരങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;<br><br>ഇത്തരം പ്ലാന്റുകളിൽ ലഭ്യമാകുന്ന മാലിന്യങ്ങൾ വീണ്ടും ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | സർക്കാർ ഉത്തരവ് (സാധാ.) നം. 1641/ 2017/തസ്വഭവ. തീയ്യതി 19-5-2017 അനുസരിച്ച് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ളാസ്റ്റിക് ഷ്രെഡിങ്ങും ബെയ്ലിങ്ങ് യൂണിറ്റുകളുടെ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഷ്രെഡിംഗ് |

| | | | | |
|---|---|---|---|---|
| | | | | യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ക്ലീൻ കേരള കമ്പനി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 54 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കമ്പനി കരാറിൽ ഏർപ്പെടുകയും 20 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെഷിനറികൾ സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ നിർദ്ദേശ പ്രകാരം അഞ്ചുലക്ഷം ജനസംഖ്യയുള്ള നഗരങ്ങളുടെ 50 കിലോമീറ്റർ ചുറ്റളവിൽ നിർമ്മിക്കുന്ന റോഡുകളിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ ചേർക്കണമെന്ന് നിബന്ധന പുറപ്പെടുവിച്ചിട്ടുണ്ട്. 2016-17-ലെ സംസ്ഥാന സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻകമ്മിറ്റിയുടെ തീരുമാന പ്രകാരവും, സർക്കാർ ഉത്തരവ് (സാധാ.) നം3119/216/തസ്വഭവ. തീയ്യതി 17/11/2016 പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന റോഡ് നിർമ്മാണ പ്രവർത്തികളിൽ 10% റോഡ് നിർമ്മാണ പ്രവർത്തികളിൽ 8% ബിറ്റുമിന് പകരമായി പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | സംസ്ഥാനത്തെ 152 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 50 ടണ്ണോളം ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് 43 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവർത്തികളിൽ 35 കിലോമീറ്റർ റോഡുകളിൽ ഷ്രെഡ്ഡഡ്ഡ് പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന ടാറിംഗ് പ്രവർത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഈ ഇനത്തിൽ 8 ടണ്ണോളം ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പ്രവർത്തികളിലും ഉപയോഗിച്ചിട്ടുണ്ട്. |
| 9 | 13/11 | 70 | സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | "സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ സമഗ്ര വികസനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി 2015-16-ൽ 587.97 കോടി രൂപയുടെയും 2016-17-ൽ 796.06 കോടി രൂപയുടെയും 2017-18-ൽ 973.64 കോടി രൂപയുടെയും പദ്ധതികൾക്ക് |

| | | | | |
|---|---|---|---|---|
| | | | | കേന്ദ്ര സർക്കാർ അനുമതി നല്കി നടപ്പിലാക്കിവരുന്നു. കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് യഥാക്രമം 2076 കോടി രൂപയുടെയും, 1538.20 കോടി രൂപയുടെയും പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജെൻറം, യു.ഐ.ഡി.എസ്.എസ്. എം.റ്റി. പദ്ധതികളുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ബസ് വാങ്ങുന്നതിനുള്ള പദ്ധതിക്കും മലപ്പുറം നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പദ്ധതിക്കും മാത്രമാണ് അംഗീകാരം ലഭിച്ചത്". |
| | ശിപാർശ നമ്പർ | | സമിതി (2019-2021) യുടെ 6-ാമത് റിപ്പോർട്ട് | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
| 10 | 93 | | ക്വാറികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | പ്രചാരണപരിപാടികൾ സംഘടിപ്പിക്കണമെന്നും എൻവയോൺമെന്റൽ ക്ലീയറൻസ് കമ്മിറ്റി മൈനിംഗ് പ്ലാൻ പരിശോധിച്ച് അംഗീകരിച്ചതിനുശേഷം മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മൈനിംഗ് ലൈസൻസ് നൽകുന്ന രീതിയിൽ നടപടികൾ പുനഃക്രമീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സംസ്ഥാനത്ത് ക്വാറികൾക്ക് നിലവിൽ ലൈസൻസ് അനുവദിച്ചുവരുന്നത് എൻവയോൺമെന്റൽ ക്ലീയറൻസ്, മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി എക്സ്പ്ലോസീവ് ലൈസൻസ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം മറ്റ് ആവശ്യമായ രേഖകൾ എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമാണ്. മറ്റ് വകുപ്പുകളിൽനിന്നും ആവശ്യമായ അനുമതിയോ നിരാക്ഷേപപത്രമോ ലഭിയ്ക്കുകയും നിയമാനുസരണമുള്ള രേഖകൾ സമർപ്പിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നിബന്ധനകളും സർക്കാർ നിർദ്ദേശങ്ങളും കർശനമായി പാലിയ്ക്കേണ്ടതാണെന്ന നിബന്ധനകളോടെയാണ് ലൈസൻസ് അനുവദിക്കുന്നത്. ക്വാറികളുടെ പ്രവർത്തനംമൂലം ആരോഗ്യപ്രശ്നങ്ങളോ മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങളോ ആയത് ചൂണ്ടിക്കാണിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ അറിയിച്ചാൽ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്തുകൾ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിയ്ക്കുന്നുണ്ട്. ക്വാറികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന താണെന്നും ഇതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകാവുന്ന താണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.<br><br>നഗരസഭാ പരിധിയിൽ ക്വാറികൾ ഉള്ള എല്ലാ നഗരസഭകളും ക്വാറികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. കൂടാതെ എൻവയോൺമെന്റൽ ക്ലീയറൻസ് കമ്മിറ്റി മൈനിംഗ് പ്ലാൻ പരിശോധിച്ച് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമാണ് നഗരസഭകൾ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. |

## IV. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/04 | 73 | ജൈവകൃഷിയിലൂന്നിയ കാർഷിക നയം രൂപീകരിക്കാൻ ആലോചനയുണ്ടോ ; എങ്കിൽ നയം രൂപീകരിക്കുന്നതിന് ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;<br>പ്രസ്തുത നയം എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നറിയുമോ ? | 10-2-2010-ലെ സർക്കാർ ഉത്തരവ് നം. 39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിക്കുകയും ആയതിന്റെ ഭാഗമായി 2011-12 മുതൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കിയിട്ടുണ്ട്.<br>2011-12- ൽ 3000 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചു. തുടർന്ന് ചുവപ്പ്, മഞ്ഞ നിറങ്ങളിൽ ലേബൽ ചെയ്യപ്പെട്ട മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിലും മാരകമെന്നുകണ്ട 14 രാസ കീടനാശിനികൾ കേരളമൊട്ടാകെ നിരോധിക്കുകയുണ്ടായി. എൻഡോസൾഫാൻ ദുരിതബാധിത ജില്ലയായ കാസർഗോഡിനെ 2012-13 -ൽ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ജൈവകൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല |

447/2023.

| | | | | |
|---|---|---|---|---|
| | | | | പരിശീലന പരിപാടികൾ, സെമിനാർ, വർക്ക് ഷോപ്പ് എന്നിവ സംഘടിപ്പിച്ചു. ജൈവകൃഷി ആദ്യ ഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ സമീപനം സ്വീകരിച്ച് 287 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 7958 റൂറൽ കമ്പോസ്റ്റ് 212 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ ജൈവ പച്ചക്കറി, വാഴക്കൃഷി എന്നിവയും നടപ്പിലാക്കി.<br><br>2013-14-ൽ കാസർഗോഡ് ജില്ലയിലെ മുഴവൻ പഞ്ചായത്തുകളിലും (41 പഞ്ചായത്തുകളിലും) റൂറൽ കമ്പോസ്റ്റുകളും വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും ചെയ്തു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി അഞ്ച് ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.<br><br>2014-15 വർഷം കാസർഗോഡ് ജില്ലയിൽ ഓരോ കൃഷി ഭവനിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള 100 പുതിയ ക്ലസ്റ്ററുകൾ രൂപീകരിച്ച് ബോധവത്കരണം നടത്തി ജൈവകൃഷി പ്രോത്സാഹിപ്പിച്ചു. കഴിഞ്ഞ വർഷങ്ങളിലെ 150 ക്ലസ്റ്റർ തെരഞ്ഞെടുത്ത് ശാക്തീകരിച്ചു. കൂടാതെ റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ ഉൽപാദനം, കുരുമുളക് കൃഷി, കന്നുകട്ടി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷി, ജൈവകീടനാശിനികളുടെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഉപയോഗം, ജീവാമൃതം, ജൈവവേലി സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി.<br><br>2015-16-ൽ കാസർഗോഡ് ജില്ലയിൽ മാത്രമായി ജൈവകൃഷി വികസിപ്പിക്കുന്നതിനായി 161.5 ലക്ഷം രൂപ ചെലവഴിച്ചു. ഇപ്രകാരം 50 പുതിയ ക്ലസ്റ്ററുകൾ രൂപീകരിക്കുകയും നിലവിലുള്ള 200 ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. ജൈവവളം ഉൽപാദിപ്പിക്കുന്ന തിനായി 725 കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചു. കൂടാതെ 250 ഹെക്ടർ സ്ഥലത്ത് പച്ചിലവിള കൃഷി വ്യാപിച്ചു.<br><br>2015-16 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ജൈവകൃഷി വ്യാപനത്തിനായി താഴെ കാണിച്ചിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കി 498.05 ലക്ഷം രൂപ വിനിയോഗിച്ചു.<br><br>ജി.എ.പി. ക്ലസ്റ്റർ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം-പച്ചക്കറി വർഗ്ഗങ്ങൾ ഉൽപാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിച്ചു. ജൈവകൃഷി വ്യാപനത്തിനായി എല്ലാ ജില്ലാ ആഫീസുകളിലും കൃഷി ഡയറക്ടറേറ്റിലും |

| | | | | |
|---|---|---|---|---|
| | | | | ഓർഗാനിക് ഫാമിംഗ് സെൽ രൂപീകരിച്ചു. ജൈവ സന്ദേശയാത്ര മുഖേന ജൈവകൃഷിവ്യാപനത്തിനായി കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ടി തുക വിനിയോഗിച്ചു.<br><br>ഇക്കോഷോപ്പ് - ജൈവ കർഷകർക്കുള്ള ഉൽപാദന ഉപാധികൾ ലഭ്യമാക്കുന്നതിനും അവരുടെ ജൈവ ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും ക്ലസ്റ്ററുകൾ ഉൽപാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി 65 ഇക്കോഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നു.<br>ജൈവസന്ദേശ കൃഷി യാത്ര എല്ലാ ജില്ലകളിലും ജൈവകൃഷി വ്യാപനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ ജൈവ സന്ദേശ കൃഷി യാത്ര നടത്തി.<br><br>ജൈവകാർഷിക പ്രചരണാർത്ഥം ജൈവ സന്ദേശവുമായി കർഷകർ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, സാംസ്കാരിക പ്രവർത്തകർ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി കേരളത്തിലെ മുഴുവൻ മണ്ഡലങ്ങളിലും ജൈവസന്ദേശ കൃഷി യാത്ര നടത്തുകയുണ്ടായി. ജൈവകൃഷി സന്ദേശയാത്രയുടെ സമാപനമായി മണ്ഡലാടിസ്ഥാനത്തിൽ കലാജാഥ സംഘടിപ്പിക്കുകയും |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ജൈവകൃഷി സംബന്ധിയായ സെമിനാർ നടത്തുകയും ചെയ്തു. കലാജാഥയിൽ ജൈവ പ്രതിജ്ഞ, നാടൻ പാട്ട്, തെരുവ് നാടകം, ഉണർത്ത് പാട്ട് എന്നിവ അവതരിപ്പിച്ചു.<br><br>അവാർഡ് - ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തിയ നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകി. അവാർഡിനും പ്രോത്സാഹന സമ്മാനങ്ങൾക്കുമായി ആകെ 90 ലക്ഷം രൂപ ചെലവഴിച്ചു. 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ജൈവ കൃഷി വികസന പദ്ധതികൾ 14 ജില്ലകളിൽ കർഷകരുടെ 405 പുതിയ ക്ലസ്റ്ററുകൾ രൂപീകരിച്ചു. നല്ല കൃഷി രീതികൾ (ജി.എ.പി.) അവലംബിച്ച് കൃഷി ചെയ്യുന്ന 15-25 ഹെക്ടർ വരെ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾക്ക് 75,000 രൂപ വീതം ധനസഹായം നൽകി.<br><br>മെച്ചപ്പെട്ട വിപണന സൗകര്യം ഇല്ലാത്തതിനാൽ കേരളത്തിലെ കർഷകർ ഏറെ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. ജി.എ.പി. സ്റ്റാൻഡേർഡ് (നല്ല കൃഷി മുറകൾ) പാലിക്കുന്ന കർഷകരിൽനിന്നും ജി.എ.പി. സാക്ഷ്യപത്രത്തോടുകൂടിയ പച്ചക്കറികൾ ശേഖരിച്ച് ഇക്കോഷോപ്പുകൾ ജൈവ ഉൽപന്നങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | വിപണനം നടത്തിവരുന്നു. കാർഷിക ഉൽപ്പന്നങ്ങൾക്ക് കേരളത്തിൽത്തന്നെ വിപണികൾ കണ്ടെത്തി "കേരള ബ്രാന്റ്" എന്ന ലേബലിലുള്ള ഉൽപന്നങ്ങൾക്ക് പ്രാദേശിക വിപണികൾ വഴിയും ഇക്കോഷോപ്പുകൾ വഴിയും ഉപഭോക്താക്കളുടെ സ്വീകാര്യത വർദ്ധിപ്പിക്കും, ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടിയ തെരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകൾക്ക് ഇത്തരം വിപണികളുടെ സൗകര്യം ഉപയോഗപ്പെടുത്തുന്നു. ഇത്തരം ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ഉൽപന്നങ്ങൾ തരംതിരിച്ച്, ഗ്രേഡ് ചെയ്ത് പ്രത്യേക ലേബലോടുകൂടിയ പായ്ക്കറ്റുകളിലാക്കുന്നു. ഇതിലേയ്ക്ക് ക്ലസ്റ്ററുകൾ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കളാണ് പായ്ക്കിംഗിനായി ഉപേയാഗിക്കുന്നത്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. ഇതിലേയ്ക്കായി കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 18 മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളിലെയും ഉപഭോക്താക്കൾക്ക് 50 രൂപ, 100 രൂപ എന്നീ |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | | | നിരക്കിൽ പച്ചക്കറി കിറ്റുകൾ വിൽപന നടത്തുന്നതിന് ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം അനുവദിച്ചു.<br><br>കാസർഗോഡ് ഒഴികെയുള്ള ജില്ലകളിലെ 146 ബ്ലോക്കുകൾ ഉൾപ്പെടുത്തി, ഒരു ബ്ലോക്കിന് 20 യൂണിറ്റുകൾ വീതം (10 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ + 10 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ) ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റിന് 5,000/- രൂപയും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500/- രൂപയും ധനസഹായം നൽകി.<br><br>അവാർഡ് - ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തിയ നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്ത് എന്നിവയ്ക്ക് അവാർഡ് നൽകി. അവാർഡിനും പ്രോത്സാഹന സമ്മാനങ്ങൾക്കുമായി ആകെ 123 ലക്ഷം രൂപ ചിലവഴിച്ചു.<br><br>നടപ്പ് സാമ്പത്തിക വർഷം (2017-18) 10 കോടി രൂപയുടെ വിവിധ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച രൂപീകരിച്ച ജൈവകൃഷി പ്രോത്സാഹന |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനം നടത്തിവരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ജൈവ കൃഷി വ്യാപനം സാദ്ധ്യമാക്കുന്നതാണ്. നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.<br><br>2. <u>ജൈവകാർഷിക മണ്ഡല അവാർഡുകൾ</u><br><br>ജൈവകാർഷിക വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മൂന്ന് നിയോജകമണ്ഡലങ്ങൾക്കും മൂന്ന് മുനിസിപ്പാലിറ്റികൾക്കും സംസ്ഥാന തലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നൽകുന്നു. LA/LSGD യൂണിറ്റുകൾക്കിടയിലെ ആരോഗ്യകരമായ മത്സരവും ജൈവകൃഷി പ്രോത്സാഹനവുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം, ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 123 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്.<br><br>3. <u>സേഫ് റ്റു ഈറ്റ്</u><br>സംസ്ഥാന സർക്കാരിന്റെ " സേഫ് റ്റു ഈറ്റ് " എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാലാബ് മുഖേന മാർക്കറ്റിൽ നിന്നും |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പഴം, പച്ചക്കറി, സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാല യുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിൽ പരിശോധനാ ഫലം പരസ്യപ്പെടുത്തുക വഴി ഉപഭോക്താക്കൾക്ക് ഉൽപന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച് വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്.<br>4. <u>ഇക്കോഷോപ്പുകൾ</u><br>ജൈവ കർഷകരുടെ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ഇക്കോഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് 20 % അധിക വില ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകർക്ക് ലഭിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ കർഷകരുടെ ക്ലസ്റ്ററുകൾ വഴി ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ടുള്ള ഉൽപന്നങ്ങൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>5. <u>ജൈവ ഉൽപന്നങ്ങളുടെ നേരിട്ടുള്ള വിപണനം.</u><br><br>കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉൽപന്നങ്ങൾക്ക് കേരളത്തിൽ തന്നെ വിപണി കണ്ടെത്തുന്നതിനും " കേരള ഓർഗാനിക് " എന്ന ലേബലിലുള്ള ഉൽപന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയും ഉള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നു. ജി.എ.പി. സർട്ടിഫിക്കേഷനോടു കൂടിയ തെരഞ്ഞെടുക്കപ്പെട്ട കർഷക ക്ലസ്റ്ററുകൾക്ക് ഈ പദ്ധതിയിൽ പങ്കാളികളാകാം. ഇത്തരം ക്ലസ്റ്ററുകളിൽ നിന്നും ശേഖരിക്കുന്ന ഉൽപന്നങ്ങൾ തരംതിരിച്ച് ഗ്രേഡ് ചെയ്ത " കേരള ഓർഗാനിക് " ലേബലോടു കൂടിയ പായ്ക്കറ്റുകളിലാക്കുന്നു. പരിസ്ഥിതിക്ക് അനുയോജ്യമായ വസ്തുക്കളാവും പായ്ക്കിംഗിനായി ഉപയോഗിക്കുന്നത്. അതുവഴി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. ഇതിലേക്കായി കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക് പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| 2 | 13/08 | 31 | കുട്ടനാട്ടിലെ പാടശേഖരങ്ങൾക്ക് അനുയോജ്യമായ കൊയ്ത്ത്-മെതി യന്ത്രങ്ങൾ ആവശ്യത്തിനു വാങ്ങി നൽകുന്നതിനും സീസൺ കഴിഞ്ഞു ഇവ സൂക്ഷിക്കുവാനും റിപ്പയർ ചെയ്യുവാനും സംവിധാനം ഉണ്ടാക്കുമോ ? | കുട്ടനാട്ടിലെ കൊയ്ത്തിനായി കെയ്കോ 150 കൊയ്ത്ത്-മെതി യന്ത്രങ്ങൾ (class Make- 100 & kubota make 50) RKVY പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി കെയ്ക്കോയുടെ അമ്പലപ്പുഴ, തിരുവല്ല, വൈക്കം യൂണിറ്റുകൾ വഴി കർഷക സമിതികൾക്ക് കുറഞ്ഞ വാടകനിരക്കിൽ കൊയ്ത്തിനായി നൽകുന്നു. ഇവയുടെ റിപ്പയർ ചെയ്യുന്നതിന് കെയ്ക്കോയ്ക്ക് സ്വന്തമായി വർക്ക്ഷോപ്പുകളും, മെക്കാനിക്കുകളും ഉണ്ട്. കൊയ്ത്ത് കഴിഞ്ഞാൽ യന്ത്രങ്ങൾ സൂക്ഷിക്കുവാനും അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാനുമായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3 | 13/09 | 44 | സംസ്ഥാനത്ത് കൃഷി വകുപ്പിനുകീഴിൽ മാതൃകാ ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;<br><br>പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു.ധനമന്ത്രി പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി 19-10-2013-ലെ സ. ഉ. (ആർറ്റി.) നം.1830/2013/ കൃഷി പ്രകാരം നല്കിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോം വയക്കര, കാസർഗോഡ് ജില്ലയിൽ മൊഗ്റൽ പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ മാതൃകാ ഹൈടെക് ഹരിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന് 30-11-2013-ലെ സ.ഉ. (ആർറ്റി.) നം.2127/2013/ കൃഷി പ്രകാരം സർക്കാർ അംഗീകാരവും നല്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഓരോ പഞ്ചായത്തിലും 100 വീട്ടുകളിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനൽ, 100 വീട്ടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മേൽക്കൂരയിലെ മഴവെള്ള സംഭരണി, 1500 വീട്ടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 1500 വീട്ടുകളിൽ ദിനം പ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 500 വീട്ടുകളിൽ ഒരു ക്യൂബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനും 150 ഹെക്ടറിൽ വാഴകൃഷിയും, 60 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയും, ഹൈടെക് ഫാമിംഗ് പദ്ധതിയും നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജലസംഭരണ പദ്ധതികൾ ജലനിധി മുഖേനയും, ഊർജ്ജ സംരക്ഷണ പദ്ധതികൾ അനർട്ട് മുഖേനയും, ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ശുചിത്വ മിഷൻ മുഖേനയും ഹോർട്ടിക്കൾച്ചർ പദ്ധതികളും ഹൈടെക് ഫാമിംഗ് പദ്ധതിയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേനയുമാണ് |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് മുതലായ വകുപ്പുകളുമായി ബന്ധപ്പെട്ട ഭക്ഷ്യസുരക്ഷ, പരിസ്ഥിതിസുരക്ഷ എന്നിവ ഉറപ്പാക്കുന്ന പദ്ധതികൾ കൂടുതലായി ഈ പഞ്ചായത്തുകളിൽ നടപ്പിലാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.<br><br>മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എന്ന പദ്ധതിയുടെ നിർവ്വഹണ തന്ത്രങ്ങൾ ചർച്ചചെയ്യുന്നതിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, ജലനിധി, അനർട്ട്, ശുചിത്വ മിഷൻ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശില്പശാല തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് 2013 ഡിസംബർ മാസം 27-ാം തീയതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ പഞ്ചായത്ത് തല കമ്മിറ്റികൾക്ക് നിർദ്ദേശം നല്കിയിരുന്നു. |
| 4 | 13/09 | 68 | 'ഗ്രാമം നിറയെ കോഴി', വീട്ടിൽ ഒരു മാവ് പദ്ധതികൾ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | "ഗ്രാമം നിറയെ കോഴി" എന്ന പദ്ധതിയുടെ നടത്തിപ്പിനായി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷന് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിരുന്നു.<br>തുക ലഭിച്ച വർഷം അനുവദിച്ച തുക<br>2008-09 100 ലക്ഷം<br>പുനഃക്രമീകരിച്ച തുക 55 ലക്ഷം<br>2009-10 130 ലക്ഷം<br>2010-11 125 ലക്ഷം<br>2011-12 125 ലക്ഷം<br>2012-13 65 ലക്ഷം<br>ലഭ്യമായ തുക കേരളത്തിലെ 111 പഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്.<br>ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയായ മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന ഘടകം " |

| | | | | |
|---|---|---|---|---|
| | | | | ഒരു വീട്ടിൽ ഒരു മാവ്" എന്ന പേരിലാണ് 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 83 നിയോജകമണ്ഡലങ്ങളിലെ ഓരോ പഞ്ചായത്തുകളിലും 2014-15 സാമ്പത്തിക വർഷത്തിൽ 93 നിയോജകമണ്ഡലങ്ങളിലെ ഓരോ പഞ്ചായത്തുകളിലും വീതം നടപ്പിലാക്കി . ഇതിൻ പ്രകാരം 1900 മാവിൻ തൈകൾ വീതം ഓരോ പഞ്ചായത്തിലും വിതരണം ചെയ്തു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം കുട്ടനാട് മേഖലയിലെ 65 പഞ്ചായത്തുകളിൽ "ഒരു വീട്ടിൽ ഒരു മാവ് " എന്ന പദ്ധതി നടപ്പിലാക്കി. ഓരോ പഞ്ചായത്തുകളിലേയും തെരഞ്ഞെടുത്ത വീടുകളിൽ ഓരോ മാവിൻ തൈ വീതമാണ് വിതരണം ചെയ്തത്.കൂടാതെ ആർ.കെ.വി.വൈ.-യുടെ സാമ്പത്തിക സഹായത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തിൽ വീട്ടുവളപ്പിൽ മാവിന്റെ വിളവിസ്തൃതി വ്യാപനം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 556 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 3000 മാവിൻ തൈകൾ വീതം ഓരോ പഞ്ചായത്തിലും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു." |
| 5 | 13/10 | 62 | കാർഷികമേഖലയിലെ പ്രധാന പ്രതിസന്ധികൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | ബയോ പാർക്ക് പദ്ധതി പ്രസ്തുത സാമ്പത്തിക വർഷം നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നു വെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ കൃഷിയെ അടിസ്ഥാനപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പര്യാപ്തമായ നിലയിൽ പ്രത്യേക കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ കേന്ദ്രങ്ങളിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്ന തിനും തനത് കാർഷിക ഉല്പന്നങ്ങൾ കേരളത്തിന്റെ സ്വന്തം ബ്രാന്റായി വിറ്റഴിക്കുന്നതിനുമായി പ്രത്യേക കമ്പനി രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സജീവമായി പരിഗണിക്കുകയും അഗ്രോപാർക്കുകൾ സംബന്ധിച്ച പദ്ധതി രൂപരേഖ തയ്യാറാക്കുന്ന തിനായി നബാർഡിന്റെ കൺസൾട്ടൻസി ഏജൻസി ആയി നാബ്കോണിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. തനത് ഉല്പന്നങ്ങൾ ബ്രാന്റായി വിപണനം ചെയ്ത് |

| | | | | |
|---|---|---|---|---|
| | | | | കർഷകന് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള ഓർഗാനിക് എന്ന പേരിലുള്ള ബ്രാന്റിന്റെ ലോഗോ പ്രകാശനം ചെയ്യുകയും ഉല്പന്നങ്ങൾ ഒരൊറ്റ ബ്രാന്റിന്റെ കീഴിൽ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br><br>കർഷകരുടെ വരുമാന പരിരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി സമഗ്രമായി പരിഷ്കരിക്കുകയും നഷ്ടപരിഹാര തുക ഇരട്ടി മുതൽ പത്തിരട്ടി വരെ വർദ്ധിപ്പിച്ച് ഉത്തരവാകുകയും ചെയ്തു. |
| 6 | 13/10 | 88 | 2013 – 14 ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത കൃഷിത്തോട്ട പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ? | 2013-14 ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത കൃഷിത്തോട്ട പദ്ധതി പ്രകാരം അതേവർഷം സംസ്ഥാനത്ത് 3065 മാതൃകത്തോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി. |
| 7 | 13/10 | 91 | സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ? | സ്കൂൾ ബയോഗ്യാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലെ 3825 സ്കൂളുകളിൽ $1M^3$ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 8 | 13/12 | 16 | കാർഷിക വികസനനയം എന്ന് പ്രസിദ്ധീകരിക്കാനാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സംസ്ഥാന കാർഷിക വികസന നയം 28-3-2015-ലെ സ. ഉ. (പി) നം.59/15/കൃഷി പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 9 | 13/12 | 34 | മാരക രോഗങ്ങൾക്ക് കാരണമാകുന്ന കീടനാശിനികൾ ഉപയോഗിക്കുന്ന, അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന, പച്ചക്കറികളും പഴങ്ങളും നിരോധി ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | ചെക്ക് പോസ്റ്റുകൾ, മൊത്ത ചില്ലറ വിപണികൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറികളുടെ സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് ഫലം പരസ്യപ്പെടുത്താറുണ്ട്. സാമ്പിളുകളിൽ നിയമം അനുശാസിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനികളുടെ അംശം കണ്ടെത്തുന്നുവെങ്കിൽ ഫുഡ് സേഫ്റ്റി സ്റ്റാൻഡാർഡ് ആക്ട്-2006 പ്രകാരം വിതരണക്കാർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്.<br><br>കീടനാശിനി അവശിഷ്ടപരിശോധന സങ്കീർണ്ണമായതിനാൽ ഫലം ലഭിക്കുന്നതിന് ചുരുങ്ങിയത് 8 ദിവസം വേണം എന്നതിനാൽ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന വേഗം നശിച്ചുപോകുന്ന പഴം പച്ചക്കറികൾ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ പിടിച്ചെടുത്ത് വിഷാംശമുള്ളവ നശിപ്പിക്കുന്നത് പ്രായോഗികമല്ല. |

## V. പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/02 | 152 | പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് പദ്ധതി കൃത്യമായി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടക്കാതിരിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ;<br><br>വകുപ്പിലെ അഴിമതി തടയുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും ഭാഗമായി അവയ്ക്ക് സാമൂഹ്യ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുമെന്ന് സർക്കാരിന്റെ 2016-17 ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പൊതുമരാമത്ത് ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചുകൊണ്ടും ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചുകൊണ്ടും 5-1-2018-ലെ G.O. (Ms.) No. 1/2018/PWD പ്രകാരം സർക്കാർ ഉത്തരവായി.<br><br>പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ സമിതിയ്ക്ക് താഴെ പറയുന്ന നടപടികൾ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാം. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ<br>• പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.<br>• പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക<br>• സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.<br>• ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കരിലേക്ക് ശിപാർശ ചെയ്യുക.<br>• പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക. |
| 2 | 13/02 | 153 | സംസ്ഥാനത്ത് എത്ര പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസുകൾ ഉണ്ട്;<br>ഇവയുടെ ഇപ്പോഴത്തെ അവസ്ഥ നിരീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സംസ്ഥാനത്തെ 153 റസ്റ്റ് ഹൗസുകളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നവീകരണ പ്രവർത്തികളും അറ്റകുറ്റപ്പണികളും യഥാസമയം നടത്തി എല്ലാ റസ്റ്റ് ഹൗസുകളും |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | | | നല്ല രീതിയിൽ സംരക്ഷിച്ചു വരുന്നു. ജീവനക്കാരുടെ അപര്യാപ്തതമൂലം പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത റസ്റ്റ് ഹൗസുകൾ അവ പരിഹരിച്ച് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ക്യാന്റീൻ സംവിധാനം ഏർപ്പെടുത്താൻ സൗകര്യം ഉള്ള എല്ലാ റസ്റ്റ് ഹൗസുകളിലും ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്കിൽ നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. റസ്റ്റ് ഹൗസ് പരിസരത്തെ കാടുകൾ വെട്ടിതെളിച്ച് അവിടെ കൃഷി നടത്തിയും ചെടികൾ വെച്ച് പിടിപ്പിച്ച് നല്ല രീതിയിൽ വൃത്തിയായി സൂക്ഷിച്ച് വരുന്നു. കൂടാതെ റസ്റ്റ് ഹൗസുകളുടെ അകവും വൃത്തിയായി സൂക്ഷിച്ച് വരുന്നു. |
| | | | പ്രസ്തുത റസ്റ്റ് ഹൗസുകളും ഇതിന്റെ പരിസര പ്രദേശങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | റസ്റ്റ് ഹൗസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 872.18 ലക്ഷം രൂപയുടെയും 2017-18 സാമ്പത്തിക വർഷത്തിൽ 4219.61 ലക്ഷം രൂപയുടെയും അനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | 13/02 | 193 | ഗ്രാമീണ റോഡുകൾ സർക്കാർ ഏറ്റെടുത്ത് പണി ചെയ്യുന്നത് ആലോചിച്ചിട്ടുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;<br>എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന റോഡുകൾ ഇപ്രകാരം ഏറ്റെടുക്കുമോ? | കാബിനറ്റ് യോഗം കൂടി തീരുമാനിച്ച് സർക്കാർ ഭരണാനുമതി നൽകുകയും, പൊതുമരാമത്തു വകുപ്പിനോട് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ ഉത്തരവു നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഗ്രാമീണ റോഡുകളിൽ പൊതുമരാമത്തു വകുപ്പ് പ്രവൃത്തികൾ നടപ്പാക്കുന്നത്. സ.ഉ. (കൈ.)59/2015/പി.ഡബ്ല്യൂ.ഡി. തീയതി 3-7-2015, സ.ഉ. (കൈ.)61/2015/പി.ഡബ്ല്യൂ.ഡി. തീയതി 14-7-2015, സ.ഉ. (കൈ.)76/2015/പി.ഡബ്ല്യൂ.ഡി. തീയതി 18-9-2015, സ.ഉ. (കൈ) 107/2015/ പി.ഡബ്ല്യൂ.ഡി. തീയതി 21-12-2015, സ. ഉ. (കൈ)108/2015/ പി.ഡബ്ല്യൂ.ഡി. തീയതി 21-12-2015, സ.ഉ. (കൈ)109/2015/പി.ഡബ്ല്യൂ.ഡി. തീയതി 21-12-2015, സ.ഉ(കൈ) 602/2016/പി.ഡബ്ല്യൂ.ഡി. തീയതി 4-3-2016 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പുനരുദ്ധരിക്കുന്നതിനു വേണ്ടി 4544 പ്രവൃത്തികൾക്കായി 44,170.50 ലക്ഷം |

| | | | | |
|---|---|---|---|---|
| | | | | രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | 13/4 | 44 | സംസ്ഥാനത്ത് സമഗ്ര റോഡ് നയത്തിന്റെ കരട് തയ്യാറാക്കാൻ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; (സി) ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ? | "പുതിയകാലം പുതിയ നിർമ്മാണം" എന്ന ആപ്തവാക്യത്തിലൂന്നി കാലത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യകളും, പരിസ്ഥിതി സൗഹൃദ, അപകടരഹിത, സുരക്ഷിത നിർമ്മാണ രീതി ഉൾക്കൊള്ളുന്നതും വകുപ്പിന്റെ കാര്യക്ഷമത, ഗുണമേൻമ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് വകുപ്പിനെ ശക്തിപ്പെടുത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ "പുതിയകാലം പുതിയ നിർമ്മാണം" എന്ന സമഗ്ര പൊതുമരാമത്ത് നയം അംഗീകരിച്ച് 16-11-2018-ലെ ജി.ഒ. (കൈ.)-41/18/പൊ.മ.വ.പ്രകാരം ഉത്തരവായിട്ടുള്ളതാണ്.<br><br>കൂടാതെ 22-10-2016-ലെ ജി.ഒ. (എംഎസ്.) 72/16/ പി.ഡബ്ല്യു.ഡി. പ്രകാരം റോഡ് & ബ്രിഡ്ജ് മെയിന്റനൻസ് പോളിസിയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | 13/8 | 91 | സംസ്ഥാനത്ത് വ്യാപകമായി ബസ്സ് ഷെൽട്ടർ നിർമ്മിക്കുന്നപദ്ധതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ? | ബസ് ഷെൽട്ടറുകൾ നിർമ്മിച്ച് പരിപാലിക്കുന്നതിന് "പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി 27-2-2013-ലെ സ. ഉ. (കൈ.) 19/2013/പൊ.മ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| 6 | 13/10 | 38 | ആകാശപാതയെന്ന നിർദ്ദേശം പട്ടണങ്ങളിലെ വീതി കൂട്ടാനാവാത്ത റോഡുകളുടെയും ഹൈവേ ക്രോസിംഗു കളുടെയും കാര്യത്തിൽ പ്രായോഗിക മാണോ എന്ന കാര്യം കൂടി പരിശോധിക്കുകയും അനുയോജ്യ മെങ്കിൽ നടപ്പാക്കുകയും ചെയ്യുമോ ? | ദേശീയപാത 17, 47 എന്നിവ 4 വരിയായി വികസിപ്പി ക്കുന്നത് ദേശീയപാത അതോറിറ്റി മുഖേനയാണ്. സ്ഥല ലഭ്യത അനുസരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ IRC മാനദണ്ഡങ്ങൾ പ്രകാരം എലിവേറ്റഡ് ഹൈവേ, ഫ്ലൈ ഓവറുകൾ, ഓവർഹൈഡ് പെഡസ്ട്രിയൻ ക്രോസിംഗ് തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലാണ്. |
| 7 | 13/11 | 8 | ബൈപ്പാസ് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ദേശീയപാത വിഭാഗത്തിന്റെ അധികാരപരിധിയിൽ വരുന്ന കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം 22-1-2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ബൈപ്പാസിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു. കോഴിക്കോട് ജില്ലയിലെ |

447/2023.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പന്നിയങ്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം മോണോ റെയിൽ പദ്ധതിയുടെ ഭാഗമായി ഡി.എം.ആർ.സി. ആണ് നടത്തിയത്. |
| 8 | 13/13 | 37 | ചേർത്തല – അരൂർ അസംബ്ലി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട് - വിളക്കുമരം പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ചേർത്തല അരൂർ അസംബ്ലി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന് നബാർഡിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടില്ലാത്തതും എന്നാൽ കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി ജി.ഒ. (ആർറ്റി.) നം.1496/2016/പി.ഡബ്ല്യൂ.ഡി. തീയതി 31-10-2016 പ്രകാരം 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് മണ്ണ് പരിശോധിക്കുകയും സെറ്റ് സർവ്വെയും പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിലേയ്ക്ക് കൈമാറിയിരിക്കുകയുമാണ്. |

## VI. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/5 | 177 | പൊതുവിദ്യാഭ്യാസ രംഗത്ത് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | പൊതുവിദ്യാഭ്യാസ വകുപ്പിൽ 2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ മേഖലയിലെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ ആ സ്കൂളുകൾ ആവശ്യപ്പെട്ടതിൻ പ്രകാരം 2 ജോഡി കൈത്തറി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. 2017-18 വർഷത്തിൽ എയിഡഡ് മേഖലയിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് രണ്ട് ജോഡി യൂണിഫോമിന് 400 രൂപ നിരക്കിലാണ് തുക അനുവദിച്ചത്. |

| | | | | |
|---|---|---|---|---|
| | | | | സ്കൂൾ തുറപ്പിന് എല്ലാ കുട്ടികൾക്കും 6 കി.ഗ്രാം വീതം അരി നൽകുന്നതിനു സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.<br>2012-2013-ലെ ബജറ്റിൽ സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് മുറികളാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായും ആദ്യഘട്ട മെന്ന നിലയിൽ 2012-2013 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും ഒരുക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പരിപാടിയുടെ ഭാഗമായി2014-2015, 2015-2016 വർഷങ്ങളിൽ 738 മൾട്ടിമീഡിയ ക്ലാസ് മുറികൾ സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.റ്റി. @സ്കൂളിന്റെ (കെറ്റ്) നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. 2016-17-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയോടനുബന്ധിച്ച് 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പൈലറ്റ് പദ്ധതി പ്രകാരം 1069 ക്ലാസ് മുറികളും സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പിലാക്കിയ 7 സ്കൂളുകളിലെ 195 ക്ലാസ് മുറികളും ഉൾപ്പെടെ 1264 ക്ലാസ്സ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കിയിട്ടുണ്ട്.<br><br>അദ്ധ്യാപക പരിശീലനം ചിട്ടയായി നടത്തി വരുന്നു. വേനലവധിക്കാലത്ത് വിശദമായ മൊഡ്യൂളിന്റെ അടിസ്ഥാനത്തിലുള്ള പരിശീലനവും മറ്റു സന്ദർഭങ്ങളിൽ ആവശ്യാനുസരണം ശനിയാഴ്ചകളിൽ ക്ലസ്റ്റർ പരിശീലനങ്ങളും നൽകിവരുന്നുണ്ട്. |
| 2 | 13/6 | 9 | സ്കൂൾ കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനായി ഭക്ഷണശാലകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സ്കൂൾ ഉച്ചഭക്ഷണം പദ്ധതിയുടെ കീഴിൽ നിലവിലെ 12327 സ്കൂളുകളാണ് ഉള്ളത്. ഇവയിൽ ഒരു വലിയ വിഭാഗം സ്കൂളുകളിൽ കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് പ്രത്യേക ഭക്ഷണശാലകൾ ഇല്ല. സ്ഥല സൗകര്യമുള്ള സ്കൂളുകളിൽ പി.ടി.എ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ധനസഹായത്തോടെ ഡൈനിംഗ് ഹാളുകൾ |

| | | | | |
|---|---|---|---|---|
| | | | | നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകി യിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ചില സ്കൂളുകളിൽ നിലവിലുള്ള ഡൈനിംഗ് ഹാളുകൾ നവീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.<br>MPLAD ഫണ്ട് ഉപയോഗിച്ച് നിലവിലെ ഒഴിവുള്ള കെട്ടിട സൗകര്യം പ്രയോജനപ്പെടുത്തി സ്കൂളുകളിൽ വിവിധോദ്ദേശ ഡൈനിംഗ് ഹാളുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വ്യക്തിപരമായ ശ്രദ്ധ ചെലുത്തണമെന്ന് ജില്ലാ കളക്ടർമാരോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, അറ്റകുറ്റപ്പണി എന്നിവ MPLAD ഫണ്ട് ഉപയോഗിച്ച് ചെയ്യുവാൻ കഴിയുകയില്ലെന്നും പുതിയവ നിർമ്മിക്കുന്നതിന് മാത്രമേ ടി ഫണ്ട് |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | | | വിനിയോഗിക്കുവാൻ കഴിയുകയുള്ളു എന്നും കണ്ണൂർ ജില്ലാ കളക്ടർ മറുപടി നൽകിയിരുന്നു ഡൈനിംഗ് ഹാൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ഇല്ലാത്ത സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട എം.പി.-മാരുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്കൂളുകളിൽ വിവിദോദ്ദേശ ഡൈനിംഗ് ഹാളുകൾ നിർമ്മിക്കുന്ന തിന്റെയും നിലവിലുള്ളവ ആവശ്യമെങ്കിൽ നവീകരിക്കുന്നതിന്റെയും സാധ്യതകൾ 4-2-2016, 13-10-2017 തീയതികളിൽ കൂടിയ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട സംസ്ഥാനതല സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റി വിശദമായി പരിശോധിച്ചിരുന്നു. ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിലെ നൂൺമീൽ ഓഫീസർമാർ |

| | | | | |
|---|---|---|---|---|
| | | | | മുഖാന്തരം സ്കൂൾ ഡൈനിംഗ് ഹാളുകളുടെ വിവരശേഖരണം നടത്തി ആവശ്യമുള്ളടത്ത് ആയത് നിർമ്മിക്കുന്നതിനും നിലവിലുള്ളത് നവീകരിക്കുന്നതിനും ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത്/മുൻസിപ്പാലിറ്റികൾക്ക് അടിയന്തരമായി സമർപ്പിക്കുന്നത് പൊ.വി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| 3 | 13/8 | 14 | വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉൾപ്പെടുത്തി പാഠ്യവിഷയങ്ങൾ ഇ-ടെക്സ്റ്റ് വഴിയുള്ള ടാബ് ലറ്റുകളായി നല്കുന്ന പദ്ധതി പരിഗണനയിലുണ്ടോ? | വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉൾപ്പെടുത്തി പാഠ്യവിഷയങ്ങൾ ഇ-ടെക്സ്റ്റ് വഴിയുള്ള ടാബ്‌ലറ്റുകളായി നൽകുന്ന പദ്ധതി നിലവിൽ സർക്കാർ പരിഗണനയിലില്ല |
| 4 | 13/8 | 19 | സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഒരു സ്കൂൾ മാപ്പിംഗ് നടത്തി ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു സ്കൂൾ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | 13/9 | 74 | സംസ്ഥാനത്തു പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കൂൾ നവീകരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | ഡോ. എം. കെ. ജയരാജ് കമ്മീഷൻ റിപ്പോർട്ടിലെ 78 ശിപാർശകൾ പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടവയാണ്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയും പഠനരീതിയും നടപ്പാക്കണമെന്ന ശിപാർശ നടപ്പിലാക്കി. പാഠ്യപദ്ധതിയുടെ കരട് എസ്.സി.ഇ. ആർ.ടി.സി. പുറത്തിറക്കിയിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിനായി സർക്കാർമേഖലയിൽ നാല് D.Ed.SE (MR) ട്രയിനിംഗ് സെന്ററുകൾ കാസർഗോഡ്, മലപ്പുറം, പാലക്കാട്, കോട്ടയം, എന്നീ ജില്ലകളിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറത്ത് നിലവിൽ ട്രയിനിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് നിലവിൽ |

| | | | | |
|---|---|---|---|---|
| | | | | ട്രയിനിംഗ് സെന്ററിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന സ്റ്റേജിലാണ്. കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കാൻസഹായകരമാകുന്ന വിധം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ എന്ന സ്ഥാപനത്തിനെ മികവിന്റെ കേന്ദ്രമായി ഉയർത്തണമെന്ന ശിപാർശയുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിന്റെ റീജിയണൽ സെന്ററുകൾ കാസർഗോഡും മലപ്പുറത്തും ആരംഭിക്കുവാൻ തീരുമാനി ച്ചിട്ടുണ്ട്. കൂടാതെ മറ്റൊരു ശിപാർശയായ ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്കു വിധേയമായി എയ്ഡഡ് പദവി നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | അംഗീകരിച്ച് സ.ഉ. (എംഎസ്.)115/15/ പൊ.വി.വ. തീയതി 15-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ മാനസിക വൈകല്യമുള്ള 50 കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കുന്നതിന് തത്ത്വത്തിൽ അനുമതി നല്കി സ.ഉ. (എംഎസ്.) 116/15/ പൊ.വി.വ. തീയതി 15-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| 6 | 13/10 | 46 | സി.എഫ്.എൽ. വെളിച്ചത്തിൽ കൂടുതൽ സമയം ഇരുന്ന പഠിക്കേണ്ടി വരുന്ന സ്കൂൾ കുട്ടികളുടെ കാഴ്ചശക്തിക്ക് ന്യൂനതകളുണ്ടാകാൻ സാധ്യതയുണ്ടെന്ന പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരാതി ലഭിക്കുന്നതുവരെ കാത്തിരിക്കാതെ ക്ലാസ് മുറികളിൽ നിന്നും സി.എഫ്.എൽ/എൽ.ഇ.ഡി. ലാമ്പുകൾ നീക്കുന്നതിന് സത്വര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | സി.എഫ്.എൽ./എൽ.ഇ.ഡി. ലാമ്പുകളുടെ വെളിച്ചത്തിൽ കൂടുതൽ സമയം ഇരുന്ന് പഠിക്കേണ്ടി വരുന്ന സ്കൂൾ കുട്ടികളുടെ കാഴ്ചശക്തിക്ക് ന്യൂനതയുണ്ടാകുവാൻ സാധ്യതയുണ്ടെന്നത് സംബന്ധിച്ചുള്ള പഠന റിപ്പോർട്ടുകളൊന്നും തന്നെ സർക്കാർ ശ്രദ്ധയിൽപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ സ്കൂളുകളിൽ നിലവിലുള്ള സി.എഫ്.എൽ./എൽ.ഇ.ഡി. ലാമ്പുകൾ നീക്കം ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 7 | 13/11 | 62 | യു.ഐ.ഡി. സംവിധാനത്തിൽ വിദ്യാർത്ഥികളുടെ ആരോഗ്യപരമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | യു.ഐ.ഡി. സംവിധാനത്തിൽ വിദ്യാർത്ഥി കളുടെ ആരോഗ്യപരമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം വിശദമായി പരിശോധിച്ചു. Unique Identification Authority of India (UIDAI) നൽകുന്ന ആധാർ ആണ് കുട്ടികളുടെ UID ആയി ഉപയോഗിക്കുന്നത്. ഇതിൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി നവീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാന ത്തിൽ ഉൾപ്പെട്ടുവരുന്ന വിഷയമാണ്. അപ്രകാരം കേന്ദ്ര സർക്കാരിന്റെ /UIDAI യുടെ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |
| 8 | 13/12 | 14 | സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിലെ ഒരു സർക്കാർ സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ? | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്. |

## VII. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/05 | 27 | പോലീസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കാൻ സർക്കാരിന് ആലോചന യുണ്ടോ? | നിലവിലെ കേരള പോലീസ് മാന്വൽ പരിഷ്കരിക്കുന്നതിനായി ഡോ. ശിവകുമാർ (Member of Law Commission of India) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ ശിപാർശ പ്രകാരം കേരള പോലീസ് മാന്വൽ പരിഷ്കരിക്കുന്നതിനായി സബ് കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുമുണ്ട്. നിലവിൽ ഈ വിഷയത്തിൽ പോലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ തുടർനടപടികൾ നടന്നുവരുന്നു. |
| 2 | 13/08 | 37 | എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | കേരളത്തിലെ 20 പോലീസ് സ്റ്റേഷനുകളിൽ ഒരു പൈലറ്റ് പ്രോജക്ട് ആയി ആരംഭിച്ച ജനമൈത്രി സുരക്ഷാ പദ്ധതി, 2016 വരെ 267 പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ വിജയത്തെത്തുടർന്ന് കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളും ജനമൈത്രി |

| | | | | |
|---|---|---|---|---|
| | | | | സംവിധാനത്തിൻ കീഴിലായി. നിലവിൽ കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| 3 | 13/11 | 122 | സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും സൈബർ കേസുകൾ കൈകാര്യം ചെയ്യാൻ കഴിവുള്ള പരിശീലനം നേടിയിട്ടുള്ള രണ്ടു പോലീസുകാരെ ഇതിനുവേണ്ടി മാത്രം ചുമതലപ്പെടുത്താനും അതിൽ ഒരാൾ വനിതയായിരിക്കണമെന്നുള്ള നിബന്ധന ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ ? | Information Technology Act-2000 പ്രകാരം ടി ആക്ടിൽ നിർവചിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന ക്രൈം കേസുകളുടെ അന്വേഷണ ചുമതല ടി ആക്ടിലെ തന്നെ സെക്ഷൻ 80 പ്രകാരം പോലീസ് ഇൻസ്പെക്ടർ റാങ്കിനും അതിന് മുകളിലുമുള്ള ഉദ്യോഗസ്ഥരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സംസ്ഥാന പോലീസ് മേധാവിക്കും മറ്റ് ഉന്നത ഉദ്യോഗസ്ഥർക്കും ലഭിക്കുന്ന പരാതികളിന്മേൽ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന Hi-Tech Crime Enquiry Cell-ൽ പ്രാഥമിക അന്വേഷണം നടത്തിയ ശേഷം ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ട ആവശ്യകത ഉണ്ടെങ്കിൽ മേലധികാരികളുടെ ശിപാർശയോടുകൂടി സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നു. ലോക്കൽ പോലീസ് അന്വേഷിക്കുന്ന സൈബർ കേസുകളിലെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | തെളിവുകൾ ശേഖരിക്കുന്നതിനും ആയത് പ്രാഥമിക വിശകലനം ചെയ്യുന്നതിനും എല്ലാ പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ സാങ്കേതിക യോഗ്യതയുള്ള സൈബർ കോഴ്സുകൾ കഴിഞ്ഞ വിദഗ്ധരായ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ സൈബർ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടു കൂടിയ കേരള പോലീസ് സൈബർ ഡോം 8-4-2016 മുതൽ തിരുവനന്തപുരം ടെക്നോപാർക്കിലും ഒരു സൈബർ പോലീസ് സ്റ്റേഷൻ ഇൻഫോപാർക്ക്, കൊച്ചിയിലും പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി ഓരോ സൈബർ പോലീസ് സ്റ്റേഷനുകളിലും പുതിയതായി 18 തസ്തികകൾ വീതം സൃഷ്ടിച്ചുകൊണ്ട് മൂന്നു പുതിയ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും അനുമതി നൽകിക്കഴിഞ്ഞു. |

| സമിതി (2019-2021) ആറാമത് റിപ്പോർട്ട് | | | | |
|---|---|---|---|---|
| | | ശിപാർശ നമ്പർ | ശിപാർശ | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
| 1 | 2 | 3 | 4 | 5 |
| 4 | | 71 | നോട്ടിഫൈഡ് കോസ്റ്റൽ വില്ലേജുകളിലെ ശാരീരിക ക്ഷമതയും നീന്തൽ വൈദഗ്ധ്യവുമുള്ള അഭ്യസ്തവിദ്യരായ യുവാക്കളെ പോലീസിൽ പി.എസ്.സി. മുഖേന നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഭരണഘടനയുടെ അനുഛേദം 16(1) എല്ലാ പൗരൻമാർക്കും രാഷ്ട്രത്തിന്റെ കീഴിലുള്ള ജീവനത്തെയോ അഥവാ ഏതെങ്കിലും ഉദ്യോഗത്തിലുള്ള നിയമനത്തെയോ സംബന്ധിച്ച വിഷയങ്ങളിൽ അവസരസമത്വം ഉറപ്പ് നൽകുന്നു. അനുഛേദം 16(2) രാഷ്ട്രത്തിന്റെ കീഴിലുള്ള ഏതെങ്കിലും ജീവനത്തെയോ ഉദ്യോഗത്തെയോ സംബന്ധിച്ച് മതം, വർഗ്ഗം, ജാതി, ലിംഗം, വംശം, ജനനസ്ഥലം, വാസസ്ഥലം എന്നിവയോ അവയിലേതെങ്കിലുമോ മാത്രം അടിസ്ഥാനമാക്കി യാതൊരു പൗരനും അയോഗ്യനാവുകയോ വിവേചനത്തിന് വിധേയനാകുകയോ ചെയ്യുന്നതല്ല എന്ന വ്യവസ്ഥ ചെയ്യുന്നു. അനുഛേദം 16(1)-ന് പൂരകമായ വ്യവസ്ഥയാണ് 16(2)-ൽ നിഷ്കർഷി ച്ചിട്ടുള്ളത്. അനുഛേദം 16(1) അവസരസമത്വവും തുല്യതയും ഉറപ്പ് വരുത്തുമ്പോൾ അനുഛേദം 16(2) |

215

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | public employment-ൽ എന്തിന്റെയൊക്കെ അടിസ്ഥാനത്തിലുള്ള വിവേചനമാണ് പാടില്ലാത്തത് എന്ന് വ്യവസ്ഥ ചെയ്യുന്നു. അഥവാ അനുച്ഛേദം 16(2) ൽ പ്രതിപാദിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ public employment-ൽ വിവേചനം കൊണ്ടുവരുന്നത് ഭരണഘടനാ വിരുദ്ധമാണ്. ജനനസ്ഥലം, വാസസ്ഥലം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഭരണഘടനാ അനുച്ഛേദം 16-ലെ വിവിധ clause, ഇതു സംബന്ധിച്ച സുപ്രീം കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ public employment-ൽ ഉദ്യോഗാർത്ഥികളുടെ നിയമനത്തിനായി വാസസ്ഥലം അടിസ്ഥാനമാക്കുന്നത് അനുച്ഛേദം 16(2)-ലെ വ്യവസ്ഥകൾക്കും അനുച്ഛേദം 16-ലെ ഭരണഘടനാ തത്വങ്ങൾക്കും വിരുദ്ധമാകുമെന്ന് ഇതു സംബന്ധിച്ച് kailash Chand Sharma and Ors. vs State of Rajasthan and Ors. (30-7-2002 - SC) : MANU/SC/0641/2002, " Dr.Pradeep Jain Etc. Vs Union Of India |

| | | | | |
|---|---|---|---|---|
| | | | | And Ors. Etc. on 22 June, 1984: 1984 AIR 1420, 1984 SCR (3) 942 എന്നീ വിധിന്യായങ്ങളിൽ ബഹു. സുപ്രീം കോടതി നിരീക്ഷിച്ചിട്ടുണ്ട്. പ്രാദേശികമായ ഘടകങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് public employment-ൽ മുൻഗണന നൽകുന്നതിനുള്ള അധികാരം പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണ്. സംസ്ഥാനങ്ങൾക്ക് public employment-ൽ അത്തരം ഒരു മാനദണ്ഡം നിഷ്കർഷിയ്ക്കുന്നതിന് അധികാരമില്ല.<br><br>മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, Direct Recruitment പ്രകാരം കോസ്റ്റൽ പോലീസിലേയ്ക്ക് നിയമനം നടത്തുന്നത് നിയമപരമായും ഭരണപരമായും പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും, സ്പെഷ്യൽ റൂൾ തയ്യാറാക്കിയ ശേഷം നിയമനം നടത്തുന്നത് ഏറെ കാലതാമസത്തിനിടയാക്കുമെന്നും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ, പോലീസ് കോൺസ്റ്റബിളിന്റെ ശാരീരിക യോഗ്യതകളുള്ള, എട്ടാം സ്റ്റാൻഡേർഡ് പാസ്സായ, സമുദ്രത്തിലെ നീന്തലിലും രക്ഷാപ്രവർത്തനങ്ങളിലും |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പ്രാവീണ്യമുള്ള തീരദേശത്ത് വസിക്കുന്ന 200 മത്സ്യത്തൊഴിലാളി യുവാക്കളെ ലഘുവായ എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് അനുമതി നൽകിക്കൊണ്ട് 3-9-2018 തീയതിയിലെ സ.ഉ. (കൈ.) നം.141/2018/ ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്. തുടർന്ന്, 26-7-2020-ലെ സ.ഉ. (കൈ.) നം. 1677/2020/ആഭ്യന്തരം പ്രകാരം മേൽ പ്രതിപാദിച്ച പ്രകാരം തെരഞ്ഞെടുത്ത ജീവനക്കാരുടെ നിയമനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായ ഘടകങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് public employment-ൽ മുൻഗണന നൽകുന്നതിനുള്ള അധികാരം പാർലമെന്റിൽ മാത്രം നിക്ഷിപ്തമാണെന്നും സംസ്ഥാനങ്ങൾ employment-ൽ അത്തരം ഒരു മാനദണ്ഡം നിഷ്കർഷിയ്ക്കുന്നതിന് അധികാരമില്ലെന്നും ബഹു.സമിതിയെ സവിനയം അറിയിക്കുന്നു. |

| | | | | |
|---|---|---|---|---|
| 5 | | 72 | കടലിൽ നിരന്തരം അപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ നാവിക് ഹൈ ഫ്രീക്വൻസി വയർലെസ് സിസ്റ്റം തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളെയും പോലീസ് സ്റ്റേഷൻ കം-കൺട്രോൾ റൂം ആക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ, സാറ്റലൈറ്റ് ഫോൺ, മറൈൻ VHF, ഫാക്സ്, ഇ-മെയിൽ, ലാന്റ് ഫോൺ എന്നിവ നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്. കടലിൽ ഉണ്ടാകുന്ന അപകടങ്ങളിൽ വളരെ വേഗം നടപടികൾ കൈക്കൊള്ളുവാൻ ഇത്തരത്തിലുള്ള നൂതന ഉപകരണങ്ങൾ സഹായിക്കുന്നുണ്ട്. കൂടാതെ, കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ ഫാക്സ്, ഇ-മെയിൽ, ലാൻഡ് ഫോൺ എന്നിവ ഉപയോഗിച്ചുവരുന്നു. കോസ്റ്റ് ഗാർഡിന്റെ സഹായത്തോടെ കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തനക്ഷമമാക്കിയിരിക്കുന്ന National Automatic Identification System (NAIS) എന്ന സംവിധാനം കോസ്റ്റൽ പോലീസിന്റെ അധികാര പരിധിയായ 12 NM വരെയുള്ള കടലിലൂടെയുള്ള യാനങ്ങളുടെയും കപ്പലുകളുടെയും നീക്കങ്ങൾ വീക്ഷിക്കുവാൻ സാധിക്കുന്നുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | | 73 | കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിനു ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഫേസ് 1 പ്രകാരം ആരംഭിച്ച 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്ക് 16 എണ്ണം 12 ടൺ ബോട്ടും, 8 എണ്ണം 5 ടൺ ബോട്ടും അനുവദിച്ചിരിക്കുന്നു. തുടർന്ന് ഫേസ് II പ്രകാരം ആരംഭിച്ച 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും 20 ബോട്ടുകൾ അനുവദിച്ചിട്ടുള്ളതായി അറിയിച്ചിരുന്നെങ്കിലും ടി ബോട്ടുകൾ ഒന്നും തന്നെ നാളിതുവരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ബോട്ടുകൾ സ്റ്റേഷനുകളിലേക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനായി ഒരു റിപ്പോർട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ ഫേസ് Ii പ്രകാരം ആരംഭിച്ച 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേക്ക് ബോട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ടി കാരണത്താൽ ഫേസ് II പ്രകാരം ആരംഭിച്ച 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകൾ പുതുതായി ആരംഭിച്ച 10 കോസ്റ്റൽപോലീസ് സ്റ്റേഷനുകളിലേക്കും കൂടിയായി പുനർ വിന്യസിച്ചിട്ടുള്ളതുമാകുന്നു. |

| | | | | |
|---|---|---|---|---|
| 7 | | 95 | സംസ്ഥാനത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ചെയ്യേണ്ട പ്രാഥമിക കാര്യങ്ങൾ സംബന്ധിച്ചും രക്ഷാപ്രവർത്തനങ്ങൾ സംബന്ധിച്ചും ട്രാഫിക് നിയമങ്ങൾ സംബന്ധിച്ചും പ്രത്യേക പ്രായോഗിക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | എസ്.പി.സി. കേഡറ്റുകൾക്ക് ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ചെയ്യേണ്ട പ്രാഥമിക കാര്യങ്ങൾ സംബന്ധിച്ചും രക്ഷാപ്രവർത്തനങ്ങൾ സംബന്ധിച്ചും കേരള ഫയർ & റെസ്ക്യൂ ഫോഴ്സിൽ നിന്നും ക്ലാസ്സുകൾ നൽകുന്നുണ്ട്. കൂടാതെ കേരളാ മോട്ടോർ വെഹിക്കിൾ വകുപ്പിൽ നിന്നും കേഡറ്റുകൾക്ക് ട്രാഫിക് നിയമങ്ങൾ സംബന്ധിച്ചും ക്ലാസ്സുകൾ നൽകുന്നു. |
| 8 | | 96 | ഇന്ത്യ ഒട്ടാകെ മാതൃകയാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അധ്യാപക രക്ഷകർത്തൃ സമിതിയുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കണമെന്നും സമിതിത ശിപാർശ ചെയ്യുന്നു. ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി യൂണിഫോം ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കുവാൻ തയ്യാറാകുന്ന എയ്ഡഡ് സ്കൂളുകൾക്ക് മുൻഗണന നൽകാവുന്നതാണ്. | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുവാൻ പുതിയ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. നിലവിൽ സംസ്ഥാനത്ത് 748 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തിക്കുന്നുണ്ട്. കേഡറ്റുകളെ പരിശീലിപ്പിക്കുന്നതിന് അധ്യാപകരിൽ നിന്നും തെരഞ്ഞെടുത്ത ഒരു വ്യക്തിയെ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും പദ്ധതി നടത്തിപ്പിനായി അഡീഷണൽ സി.പി.ഒ.-യെയും നിയമിക്കുന്നുണ്ട്. സി.പി.ഒ.-യോ അഡിഷണൽ സി.പി.ഒ.യോ ഒരാൾ അധ്യാപികയായിരിക്കണം എന്നും |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | നിബന്ധനയുണ്ട്. തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് ജില്ലാ പോലീസ് സൂപ്രണ്ട് വിദഗ്ധ പരിശീലനം നൽകുന്നു. കൂടാതെ എസ്.പി.സി. നിയമപ്രകാരം കേഡറ്റുകളെ പരിശീലിപ്പിക്കുന്നതിന് അതാത് പോലീസ് സ്റ്റേഷനിൽ നിന്നും 2 പോലീസ് ഓഫീസർമാരെ നിയമിക്കുന്നുണ്ട്. പെൺകുട്ടികൾ ഉള്ള സ്കൂളുകളിൽ ഒരാൾ വനിത പോലീസ് ഓഫീസർ ആയിരിക്കണം. ഒരു സ്റ്റേഷൻ പരിധിയിൽ 2-ൽ അധികം സ്കൂളുകൾ അനുവദിച്ചാൽ സ്റ്റേഷനിൽ നിന്നും സ്കൂളുകളിൽ ഡ്യൂട്ടിക്ക് പോകാൻ പോലീസ് ഓഫീസർമാരെ ലഭിക്കാത്ത അവസ്ഥ സംസ്ഥാന പോലീസ് മേധാവി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ഒരു സ്കൂളിൽ അനുവദിക്കുന്നതും, ഒരു സ്റ്റേഷൻ പരിധിയിൽ 2-ൽ അധികം യൂണിറ്റുകൾ |

| | | | | |
|---|---|---|---|---|
| | | | | അനുവദിക്കുന്നതും, കുറഞ്ഞത് 100 കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ യൂണിറ്റ് അനുവദിക്കുന്നതും എസ്.പി.സി. പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. എന്നിരുന്നാലും ഘട്ടം ഘട്ടമായി കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിനായി സർക്കാർ ലക്ഷ്യമിടുന്നുണ്ട്.<br><br>കൂടാതെ 26-2-2021 തീയതിയിലെ G.O. (Rt.) No. 656/2021/HOME പ്രകാരം 2020-2021 അധ്യായന വർഷം ആരംഭത്തിൽ അനുവദിക്കാനായി തയ്യാറാക്കിയതും കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് സ്കൂളുകളിൽ ക്ലാസ്സുകൾ പ്രവർത്തിക്കാത്തതിനാൽ മാറ്റിവച്ചതുമായ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള പട്ടിക പ്രസിദ്ധീകരിച്ച് വിജ്ഞാപനം ചെയ്യുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

# VIII. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/05 | 69 | കൂടുതൽ വൈദ്യുതി ഉപഭോഗം നടത്തുന്ന കേന്ദ്രീകൃത ഓഫീസ് സമുച്ചയങ്ങളിലും മറ്റും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ? | സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നം. 16/2016 പി. എൽ.ജി, തിരുവനന്തപുരം, തീയതി 13-4-2016, ജി.ഒ. (എംഎസ്.)നം. 19/2016 പി.എൽ.ജി, തിരുവനന്തപുരം, തീയതി 27-4-2016 എന്നിവ പ്രകാരം 2016-17 വാർഷിക പദ്ധതികളിൽ ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ ഉടമസ്ഥതയിലുള്ള സർക്കാർ സ്കൂൾ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 14 ജില്ലാ പഞ്ചായത്തുകളുടെയും ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പരിശോധന കെ.എസ്.ഇ.ബി.എൽ. |

| | | | | |
|---|---|---|---|---|
| | | | | കാര്യാലയത്തിൽ നിന്നും നടത്തിയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ പഞ്ചായത്തുകളിലും കൂടി മൊത്തം 18.589 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കളക്ടറേറ്റ് കെട്ടിടങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സർവ്വേ കെ.എസ്.ഇ.ബി.എൽ. നടത്തുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി അനെർട്ടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ 14 കളക്ടറേറ്റുകളിൽ 9 ഇടത്ത് സോളാർ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ആകെ സ്ഥാപിത ശേഷി 390 കിലോ വാട്ട് ആണ്. ഇത് കൂടാതെ മറ്റ് ചില സ്ഥാപനങ്ങളും സോളാർ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടണ്ടായി പദ്ധതിയുടെ മുഴുവൻ പ്രവൃത്തിയും ഇ.പി.സി. കരാർ അടിസ്ഥാനത്തിൽ ആണ് പ്രാവർത്തിക മാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള കരാറുകാരനെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ-ടെൻഡർ വഴി കണ്ടെത്തും. നിയമസഭാ മന്ദിരത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി അനെർട്ട് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കി യിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്ക വേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. എൽ. നടത്തിവരുന്നു. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ |

| | | | | |
|---|---|---|---|---|
| | | | | സോളാർ പാനലുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. |
| 2 | 13/06 | 33 | ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ? | സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നം. 16/2016 പി.എൽ.ജി. തീയതി 13-4-2016, ജി.ഒ. (എംഎസ്.) 19/2016 പി.എൽ.ജി. തീയതി 27-4-2016 പ്രകാരം സംസ്ഥാന പ്ളാനിംഗ് ബോർഡ്, അഡീഷണൽ പ്ളാൻ ഫണ്ട് അലോക്കേഷനായി 2016-17 വാർഷിക പദ്ധതികളിൽ ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ ഉടമസ്ഥതയിലുള്ള സർക്കാർ സ്കൂൾ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് പ്ളാൻ ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 14 ജില്ലാ പഞ്ചായത്തുകളുടേയും |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പരിശോധന ഈ കാര്യാലയത്തിൽ നിന്നും നടത്തിയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ പഞ്ചായത്തുകളിലും കൂടി മൊത്തം 18.589 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ കളക്ടറേറ്റ് കെട്ടിടങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സർവ്വേ കെ.എസ്.ഇ.ബി.എൽ. നടത്തുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി അനെർട്ടിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ 14 കളക്ടറേറ്റുകളിൽ 9 ഇടത്ത് സോളാർ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ആകെ സ്ഥാപിതശേഷി 390 കിലോ വാട്ട് ആണ്. ഇത് കൂടാതെ മറ്റ് ചില സ്ഥാപനങ്ങളും |

| | | | | |
|---|---|---|---|---|
| | | | | സോളാർ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടണ്ടായി പദ്ധതിയുടെ മുഴുവൻ പ്രവർത്തിയും ഇ.പി.സി. കരാർ അടിസ്ഥാനത്തിൽ ആണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള കരാറുകാരനെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ-ടെൻഡർ വഴി കണ്ടെത്തും.<br><br>അനെർട്ടിന്റെ കൺസൾട്ടൻസി, ഡെപ്പോസിറ്റ് വർക്ക് സ്കീമുകൾ പ്രകാരം ഘട്ടം ഘട്ടമായി പല സർക്കാർ സ്ഥാപനങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | **അനുബന്ധം** |

**അനുബന്ധം**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപിത ശേഷി (KWP) | അടങ്കൽ തുക (ലക്ഷം രൂപ) | മറ്റ് വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 480 (44 ഇടങ്ങളിൽ) | 350 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 670 (29 ഇടങ്ങളിൽ) | 549 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 3 | നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് | 25 (ഒരു സ്ഥല ത്ത്) | 20.63 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |
| | | | | 4 | ആറ്റിങ്ങൽ മുനിസി പ്പാലിറ്റി | 27 (2 ഇടങ്ങ ളിൽ) | 20 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |
| | | | | 5 | കരിയോ ട്ടുമല ഫാം | 5.5 (ഒരു സ്ഥല ത്ത്) | 4.5 | ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |
| | | | | 6 | കാസർ ഗോഡ് ജില്ലാ പഞ്ചായ ത്ത് | 195 (8 Locat ions) | 150 | ടെൻഡർ ക്ഷണിക്കാൻ പോകുന്നു. 31-3-2018-ന് പദ്ധതി പൂർത്തീകരിക്കും |
| | | | | 7 | മലപ്പുറം | 110 | 77.74 | ടെൻഡർ |

| | | | | |
|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | | | ക്ഷണിയ്ക്കാൻ പോകുന്നു. 31-3-2018-ന് പദ്ധതി പൂർത്തീകരിയ്ക്കും |
| 8 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 250 (8 ഇടങ്ങളിൽ) | 200 | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |
| 9 | എറണാകുളം ജില്ലാ പഞ്ചായത്ത് | 130 (13 ഇടങ്ങളിൽ) | 100 | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 10 | കോഴി ക്കോട് കളക്ടറേറ്റ് | 100 | 78 | ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കു ന്നതാണ്. |
| 11 | വയനാട് കളക്ടറേറ്റ് | 15 | 13.5 | |
| 12 | മലപ്പുറം കളക്ടറേറ്റ് | 80 | 65 | |
| 13 | പാലക്കാട് കളക്ടറേറ്റ് | 20 | 15.7 | |
| 14 | ഇടുക്കി കളക്ടറേറ്റ് | 24 | 18.5 | |
| 15 | ആലപ്പുഴ കളക്ടറേറ്റ് | 25 | 20.06 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 16 | പത്തനം തിട്ട കളക്ടറേറ്റ് | 55 | 42.35 | |
| | | | | 17 | കൊല്ലം കളക്ടറേറ്റ് | 20 | 15.7 | |
| | | | | 18 | തിരുവന ന്തപുരം കളക്ടറേറ്റ് | 53 | 42.2 | |
| | | | | 19 | പത്തനം തിട്ട ജില്ലാ പഞ്ചായ ത്ത് | 250 (8 ഇടങ്ങ ളിൽ) | 200 | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് പൂർത്തീകരിക്കു ന്നതാണ്. |
| | | | | 20 | തിരുവന ന്തപുരം മെഡിക്കൽ കോളേജ് | 10 കോടി രൂപ ഇതി നായി | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | അനെർട്ടിൽ ലഭ്യമാണ് | | |
| | | | | 21 | മേപ്പാടി സർക്കാർ സ്കൂൾ | വിശദാംശം നൽകിയിട്ടില്ല. | | സർവേയ്ക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| | | | | 22 | തൃശ്ശൂർ മെഡിക്കൽ കോളേജ് | 1500 | | |
| | | | | 23 | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | വിശദാംശം നൽകിയിട്ടില്ല. | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 24 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 500 | | |
| | | | | 25 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 600 | | |
| | | | | 26 | കോട്ടയം ജില്ലാ പഞ്ചായത്ത് | 15 | | |
| | | | | 27 | പാങ്ങോട് ഗ്രാമ പഞ്ചായത്ത് | 5 കിലോവാട്ട് | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | സ്ഥാപിത ശേഷിയിൽ നിലയം സ്ഥാപിക്കാൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. | | |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | 13/08 | 26 | നിശ്ചിത അളവിൽ കൂടുതൽ വലിപ്പമുള്ള കെട്ടിടത്തിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കിയില്ലെങ്കിൽ നമ്പരിട്ട് നൽകുകയില്ല എന്ന നിയമം കൊണ്ടുവരുമോ? | 13-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനത്തിൽ 19-3-2013-ലെ 32-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്മേൽ ശ്രീ. ജോസഫ് വാഴയ്ക്കൻ എം.എൽ.എ ഉന്നയിച്ച 'നിശ്ചിത അളവിൽ കൂടുതൽ വലിപ്പമുള്ള കെട്ടിടത്തിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കിയില്ലെങ്കിൽ നമ്പരിട്ട് നൽകുകയില്ല എന്ന നിയമം കൊണ്ടുവരുമോ' എന്ന ഉപചോദ്യത്തിന് 'അതിനുവേണ്ടി ഒരു നിയമം ഡ്രാഫ്റ്റ് ചെയ്യാനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു' എന്ന് ബഹു. ഊർജ്ജ വകുപ്പ് മന്ത്രി മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടിയാണ് ഉറപ്പ് നമ്പർ 26 ആയി വന്നിട്ടുള്ളത്.പ്രസ്തുത വിഷയം സംബന്ധിച്ച് G.O.(P) No.21/2015/PD dated 11-6-2015 (SRO No.401/2015) പ്രകാരം Energy Conservation (Energy Consumption standards for Equipments & Appliances) Directions പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ നിശ്ചിത അളവിൽ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | കൂടുതൽ വലിപ്പമുള്ള ഗാർഹിക കെട്ടിടങ്ങൾക്കും കൊമേഴ്സ്യൽ കെട്ടിടങ്ങൾക്കും സൗരോർജ്ജ പാനൽ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയം കൂടുതൽ പ്രായോഗികമാകണമെങ്കിൽ Kerala Municipality Building Rules, Kerala Panchayat Building Rules എന്നീ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ടാണ് നിർബന്ധമാക്കേണ്ടത് എന്നതിനാൽ ടി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 16 ബി (സൗരോർജ്ജ സഹായത്താൽ വെള്ളം ചൂടാക്കൽ/വെളിച്ചം തെളിക്കൽ സംവിധാനം) ചട്ടം 109 സി പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 17 ചട്ടം 103 പ്രകാരവും സൗരോർജ്ജ സഹായത്താലുള്ള വാട്ടർഹീറ്റിംഗ് സംവിധാനമോ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | സൗരോർജ്ജ സഹായത്താലുള്ള ലൈറ്റിംഗ് സംവിധാനമോ ഗ്രൂപ്പ് എ 1, എ 2, സി, ഡി തുടങ്ങിയ ഒക്കുപ്പെൻസി ഗ്രൂപ്പുകളിലെ 500 ച.മീ. കവിയുന്ന കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും, എന്നാൽ 400 ച.മീ. കൂടുതൽ നിർമ്മിതി വിസ്തീർണ്ണമുള്ള ഏക കുടുംബ വാസസ്ഥല കെട്ടിടങ്ങളുടെ സംഗതിയിൽ സൗരോർജ്ജ ജലതാപന സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. അങ്ങനെയുള്ള കെട്ടിടങ്ങൾക്ക് മേൽക്കൂരയ്ക്ക് മുകളിൽ സോളാർ വാട്ടർ ഹീറ്റിംഗ് സംവിധാനം സ്ഥാപിക്കാവുന്നിടത്ത് സൂര്യപ്രകാശം ലഭിക്കുന്ന തുറന്ന സ്ഥലമുണ്ടായിരിക്കേണ്ടതാണെന്നും ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പ് എല്ലാ പുതിയ കെട്ടിടങ്ങളും സൗരോർജ്ജ സഹായത്താലുള്ള ലൈറ്റിംഗ് സംവിധാനം/സൗരോർജ്ജ ജലതാപന സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്ന് |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| 4 | 13/09 | 01 | സർക്കാർ ഓഫീസുകളിലെ വൈദ്യുതി ഉപഭോഗം കുറക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; പരമാവധി വൈദ്യുതി ഉപഭോഗം കുറക്കാൻ ശ്രദ്ധിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനം നൽകാൻ നടപടിയുണ്ടോ? | സർക്കാർ ഓഫീസുകളിൽ പ്രീ-പെയ്ഡ് മീറ്റർ സമ്പ്രദായം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ പദ്ധതിയായ ഐ.പി.ഡി.എസ്. (ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം) പ്രകാരം തുടക്കത്തിൽ പദ്ധതിയിട്ടിരുന്നു. എന്നാൽ പ്രീ-പെയ്ഡ് മീറ്റർ ആയും ഉപയോഗിക്കാൻ കഴിയുന്ന കൂടുതൽ ആധുനികമായിട്ടുള്ള സ്മാർട്ട് മീറ്റർ സമ്പ്രദായം ആണ് ഇപ്പോൾ വ്യാപകമായി വരുന്നത്. തിരുവനന്തപുരം നഗരത്തിലെ ഒരു ഇലക്ട്രിക്കൽ സെക്ഷനിൽ (കേശവദാസപുരം) പൂർണ്ണമായും സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ഐ.പി.ഡി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ ആറ് കോർപ്പറേഷനുകളിലെ ഏകദേശം മുപ്പതോളം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഇലക്ട്രിക്കൽ സെക്ഷനുകളിൽ പൂർണ്ണമായും സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇപ്രകാരം സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുമ്പോൾ സർക്കാർ ഓഫീസുകൾക്ക് അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിച്ച് കുറവു വരുത്താവുന്നതാണ്. |
| 5 | 13/10 | 56 | ഊർജ്ജോല്പാദനക്ഷമതയുടെ കാര്യത്തിൽ ജർമ്മൻ സാങ്കേതികത മികച്ചതും, ആധുനികവുമാണെന്ന വാദത്തെക്കുറിച്ച് പരിശോധിക്കാനും, അത് സ്വായത്തമാക്കി ഉത്പാദനം വർദ്ധിപ്പിക്കാനുമുള്ള ശ്രമം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ദേശീയ ഏജൻസി വഴി അതിനുള്ള ശ്രമം നടത്തുമോ? | സൗരോർജ്ജ പ്ലാന്റുകളുടെ ഉത്പാദനക്ഷമത മുഖ്യമായും അതിൽ ഉപയോഗിച്ചിട്ടുള്ള ഉപകരണങ്ങളെ ആശ്രയിച്ചിരിക്കുന്നു. സൗരോർജ്ജ പ്ലാന്റുകളിൽ ഉപയോഗിക്കുന്ന പ്രധാന ഘടകഭാഗങ്ങൾ സൗരോർജ്ജ പാനലുകളും ഇൻവെർട്ടറും ആണ്. ടി ഘടക ഭാഗങ്ങൾ വിദേശ നിർമ്മിതവും സ്വദേശ നിർമ്മിതവും ഉണ്ട്. എന്നാൽ ജർമ്മനി തുടങ്ങിയുള്ള വിദേശ നിർമ്മിത ഘടകഭാഗങ്ങൾ ഉത്പാദനക്ഷമത കൂടിയവയും ആയതിനാൽ തന്നെ |

| | | | | |
|---|---|---|---|---|
| | | | | മുതൽ മുടക്കും കൂടുതലാണ്. എന്നിരുന്നാലും ഇന്ത്യയിലെ പല ഭാഗങ്ങളിലും മേൽ പ്രസ്താവിച്ച രീതിയിലുള്ള പ്ലാന്റുകൾ പ്രവർത്തനക്ഷമം ആണ്.<br><br>കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കർത്തവ്യം കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിച്ച് പ്രസരണം നടത്തി ന്യായമായ വിലയിൽ വിതരണം ചെയ്യുകയാണ്. ഇതിനുവേണ്ട യാതൊരു യന്ത്രഭാഗങ്ങളും സ്വയം നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ലഭ്യമായതിൽ കാര്യക്ഷമതയുള്ളതും ഒപ്പം ചെലവ് കുറഞ്ഞതുമായ സൗരോർജ്ജ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്. |
| 6 | 13/11 | 26 | സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | 7-12-2017-ലെ സ.ഉ. (എംഎസ്.) നം. 24/201/ഊ.വ. പ്രകാരം അട്ടപ്പാടി അഗളി പഞ്ചായത്തിൽ 8 MW പവനോർജ്ജ പദ്ധതി നടപ്പിലാക്കുവാൻ NHPC Ltd.-ന് അംഗീകാരം നൽകിയിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | M/s. Inox Renewable Energy Limited കഞ്ചിക്കോട്ടുള്ള KINFRA-യുടെ സ്ഥലത്ത് 22 മെഗാവാട്ട് പദ്ധതിയിൽപ്പെട്ട 16 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കുന്ന ജോലി 2017 മാർച്ചിൽ പൂർത്തിയാകുകയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ) ഗ്രിഡ് കണക്ടിവിറ്റി നൽകുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ഉൽപ്പാദനം നടന്നു വരുന്നു. |
| 7 | 13/11 | 164 | പാരമ്പര്യേതര ഊർജ്ജം കൂടുതൽ ഉത്പാദിപ്പിക്കുന്നതിനു സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പവർപ്ലാന്റ് സ്ഥാപിക്കുകയുണ്ടായി. ഇത് 2016 ഡിസംബർ 9 ന് കമ്മീഷൻ ചെയ്ത് കെ.എസ്.ഇ.ബി. ഗ്രിഡുമായി കണക്ട് ചെയ്തു. |

## IX. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/02 | 56 | ഇതേവരെ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലാത്തതും കുടിവെള്ള ക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | കുടിവെള്ള ക്ഷാമം നേരിടുന്നതും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ലാത്തതുമായ ഗ്രാമീണ പ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള ജല അതോറിറ്റി ഊന്നൽ നൽകിയിട്ടുണ്ട്. എൻ.ആർ.ഡി.ഡബ്ള്യൂ.പി, നബാർഡ് എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾക്ക് 2011-2017 കാലയളവിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്നു. |
| 2 | 13/04 | 31 | തിരുവനന്തപുരം നഗരത്തിലെ പൈപ്പ്ലൈനുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥ കോൺട്രാക്ടർ മാഫിയ ബന്ധം നിലവിലുണ്ടെന്ന ആരോപണമുണ്ട്. കോൺട്രാക്ടർമാർ കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യമായ ഉത്തരവാദിത്വത്തോടെ | 2012 കാലയളവിൽ വട്ടിയൂർക്കാവ്, കഴക്കൂട്ടം, തിരുവനന്തപുരം, നേമം മണ്ഡലങ്ങളിൽ അതാത് എം.എൽ.എ-മാർ ചെയർമാൻമാരായും, ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജനറൽ കൺവീനർമാരായും ഉപദേശകസമിതികൾ രൂപീകരിക്കുകയും യോഗം ചേരുകയും ടി യോഗങ്ങളിൽ ഉന്നയിക്കപ്പെട്ട പരാതികൾക്ക് ഉടനടി തന്നെ പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ-കോൺട്രാക്ടർ മാഫിയ ബന്ധം നിലവിലുണ്ടെന്ന |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | കാര്യനിർവ്വഹണ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്. ഉപദേശക സമിതി യോഗങ്ങൾ അടിയന്തര മായി വിളിച്ച് കൂട്ടുവാൻ ചുമതലപ്പെട്ട ഉദ്ധ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ? | ആരോപണവുമായി ബന്ധപ്പെട്ട് ഏതെങ്കിലുമൊരു പ്രത്യേക പരാതി ലഭിക്കുകയാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്വീകരിക്കുന്നതാണ്. |
| 3 | 13/04 | 37 | വടകര മുൻസിപാലിറ്റിയിലും അഴിയൂർ ഒഞ്ചിയം ഏറാമല ചേറോട് പഞ്ചായത്തുകളിലും വിതരണത്തിനു വെള്ളമെടുക്കുന്ന പുഴകളുടെ സംരക്ഷണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണത്തിനുവേണ്ടി (2012-17 കാലഘട്ടത്തിൽ) റിവർ മാനേജ്മെന്റ് ഫണ്ടിൽ (RMF) ഉൾപ്പെടുത്തി 4,70,61,349/- രൂപയുടെ 15 പ്രവൃത്തികളും മാഹി പുഴയുടെ തീരസംരക്ഷണത്തിന് 2,82,07,481 രൂപയുടെ 12 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | 13/05 | 117 | കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾമാറ്റി സ്ഥാപിക്കാത്ത തിനാൽ നേരിടുന്ന കുടിവെള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി (സ്റ്റേറ്റ് പ്ലാൻ, കിഫ്ബി തുടങ്ങിയവ) വർഷാവർഷം സമയബന്ധിതമായി മാറ്റി സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിച്ചുവരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 5 | 13/10 | 110 | കുളങ്ങളും നീരുറവകളും സംരക്ഷിക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കുമോ? | നിലവിലുള്ള കുളങ്ങൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ സമഗ്ര പദ്ധതിയാണ് ഹരിത കേരളത്തിന്റെ ഉപമിഷനായ മണ്ണ് ജലസംരക്ഷണം (ജലസമൃദ്ധി) ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ഉദ്യോഗ സ്ഥതല പരിശീലനം പൂർത്തിയാക്കി നീർത്തടമാപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കുളങ്ങളുടെയും, നീരുറവകളുടെയും സംരക്ഷണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെയും ജലപ്രതിനിധികളുടെയും നിർദ്ദേശാനുസരണം, ജലസേചന വകുപ്പിൽ ലഭ്യമായ പദ്ധതിവിഹിതം ഉപയോഗപ്പെടുത്തി 536 കുളങ്ങളുടെ സംരക്ഷണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതോടൊപ്പം 33 കോടി രൂപ അടങ്കൽ തുക വരുന്ന തോടുകൾ, തടയണകൾ തുടങ്ങിയ പുനരുദ്ധാരണ പ്രവൃത്തികളും പുതിയ ചെറുജല സംഭരണികളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. |

| സമിതി (2019-21) യുടെ 6-ാമത് റിപ്പോർട്ട് | | | |
|---|---|---|---|
| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
| 6 | 37 | കേരളത്തിലെ എല്ലാ അണക്കെട്ടുകൾക്കും എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | **സർക്കാർ സ്വീകരിച്ച നടപടി**<br>ഈ വിഷയം സംബന്ധിച്ച് 14/02/2020-ന് ISWCI/150/ 2019/WRD/2019 നമ്പർ കത്ത് പ്രകാരം സർക്കാർ നൽകിയ മറുപടിയുടെ തുടർച്ചയായി, EAP തയ്യാറാക്കി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ ശേഷിച്ചിരുന്ന കേരളത്തിലെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന 14 അണക്കെട്ടുകളിൽ ബാക്കിയുള്ള പീച്ചി, കല്ലട എന്നീ അണക്കെട്ടുകളുടെയും EAP ക്ക്, കേന്ദ്ര ജലകമ്മീഷന്റെ അംഗീകാരം ലഭ്യമാക്കി, അവ ജലസേചന വകുപ്പിന്റെയും കേന്ദ്ര ജലകമ്മീഷന്റെയും ഔദ്യോഗിക വെബ്സൈറ്റുകളിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട് എന്ന വിവരം കൂടി അറിയിക്കുന്നു. |

## X. റവന്യൂ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/04 | 38 | കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിലെ യുനെസ്കോ | ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ ക്ഷേത്രക്കുള നവീകരണം പൂർത്തിയായിട്ടുള്ളതായും മാലിന്യ |

| | | | | |
|---|---|---|---|---|
| | | | അംഗീകാരത്തിനായി പരിഗണിക്കപ്പെട്ട ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ ക്ഷേത്രക്കുളനവീകരണവും മാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ? | സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടി കരാർ ലഭിച്ചിട്ടുള്ള ദർഘാസ് 2012 ഷെഡ്യൂൾ പ്രകാരമായതിനാൽ നിലവിലെ റേറ്റ് പ്രകാരം അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| 2 | 13/04 | 49 | വയനാട് ജില്ലയിലെ മുപ്പൈനാട് വില്ലേജിലെ കടച്ചികുന്ന് നിവാസികൾക്ക് കൈവശാവകാശ രേഖ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടം (1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം മൂപ്പൈനാട് വില്ലേജിൽ കടച്ചിക്കുന്ന് പ്രദേശത്തെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 1-1-1977-ന് മുൻപ് വനഭൂമി കൈവശമുണ്ടായിരുന്നവർക്ക് പട്ടയം നൽകുന്നതിനായി റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അർഹരായ കൈവശക്കാരെ കണ്ടെത്തി തയ്യാറാക്കുന്ന ലിസ്റ്റ് 1980-ലെ വന സംരക്ഷണ നിയമം സെക്ഷൻ II പ്രകാരം കേന്ദ്രാനുമതിക്കായി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സംസ്ഥാനത്തൊട്ടാകെയുള്ള കേസുകളിൽ ഒറ്റ പ്രൊപ്പോസലായാണ് അനുമതിയ്ക്കായി സമർപ്പിക്കേണ്ടത് എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംയുക്ത പരിശോധന പൂർത്തിയാകാത്ത ജില്ലകളിൽ 31-12-2017 നകം സംയുക്ത പരിശോധന പൂർത്തിയാക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് അർഹരായവർക്ക് പട്ടയം/കൈവശരേഖ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 3 | 13/05 | 57 | സംസ്ഥാനത്തെ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ അപകടങ്ങൾ നേരിടുന്നതിനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 1-3-2007-ലെ സ.ഉ. (പി) നം.71/2007/ദുനിവ പ്രകാരം രൂപികരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്ത സാധ്യതകളെ മനസ്സിലാക്കുക, അവ ലഘൂകരിക്കുന്നതിനായി ഭരണ തലത്തിൽ തയ്യാറെടുപ്പുകൾ നടത്തുക, ദുരന്ത അതിജീവനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക, ദുരന്ത പ്രതികരണ സംവിധാനങ്ങളും ദുരന്തശേഷമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുക |

| | | | | |
|---|---|---|---|---|
| | | | | തുടങ്ങിയവയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ലക്ഷ്യങ്ങൾ. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചു കൊണ്ട് 02.03.2016 തീയതിയിലെ സ.ഉ.(പി) നം.208/2016/ഡി.എം.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ നയം 2010 രൂപീകരിച്ചു കൊണ്ട് സ.ഉ.(എംഎസ്.)240/2010/ഡി.എം.ഡി. തീയതി 19.06.2010 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെ ശക്തിപ്പെടുത്തുന്നതിന് 27 ഇന കർമ്മ പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ സേന രൂപീകരിച്ച് കൊണ്ട് സ.ഉ.(എം.എസ്)നം. 262/2012/ആഭ്യന്തരം തീയതി 17.10.2012 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ബോധവൽക്കരണം നടത്തുന്നതിനും വില്ലേജ് തലത്തിലുള്ള സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഐ.എൽ. ഡി.എം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന/ജില്ലാ അടിയന്തര പ്രതികരണ കേന്ദ്രങ്ങൾ എന്നിവ മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | 13/5 | 201 | മലബാർ ദേവസ്വം ബോർഡിലെ ഒഴിവുകൾ പി.എസ്.സി.ക്ക് വിടുന്നതിന് നടപടി സ്വീകരിക്കുമോ, അതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ ? | മലബാർ ദേവസ്വം ബോർഡുൾപ്പെടെ എല്ലാ ദേവസ്വം ബോർഡിലേയും നിയമനങ്ങൾക്കായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽ നിലവിൽ അന്യത്ര സേവനം വഴി ഒഴിവുകൾ നികത്തുന്നുണ്ട്. |
| 5 | 13/5 | 207 | പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമഭേദഗതി എന്നുമുതൽക്കാണ് പ്രയോഗത്തിൽ വരുന്നതെന്ന് വെളിപ്പെടുത്തുമോ ? | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-1-2017-ൽ കൂടിയ യോഗത്തിൽ വനേതര സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്തിട്ടുള്ളതും വനേതര സ്വകാര്യ ഭൂമിയിലെ 28 ഇനം മരം മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമില്ലെന്ന മുൻ തീരുമാനം നിലനിർത്താൻ ധാരണയായിട്ടുള്ളതുമാണ്.<br><br>Kerala Land Assignment (Regularization of occupation of Forest Land prior to 1/1/1977) Special Rules 1993-ലെ റൂൾ 13 പ്രകാരം പതിച്ചു ലഭിച്ച വസ്തുവിൽ നിലവിലുള്ളതും The Kerala Preservation of Trees Act 1986 പറഞ്ഞിട്ടുള്ളതുമായ 10 മരങ്ങൾ (ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തെമ്പാവ്, കമ്പകം ചടച്ചി, ചന്ദന വെമ്പ്, ചീനി) യാതൊരു കാരണവശാലും മുറിക്കാൻ പാടുള്ളതല്ല. എന്നാൽ CHR ഭൂമി EFL Act പ്രകാരം വിജ്ഞാപനം ചെയ്ത |

| | | | | |
|---|---|---|---|---|
| | | | | പ്രദേശം Preservation Trees Act പ്രകാരം സ്വകാര്യ വനമായി വിജ്ഞാപനം ചെയ്ത പ്രദേശം, ഏലം കൃഷി ചെയ്യുന്ന പ്രദേശം എന്നിവിടങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ പാടില്ലാത്തതുമാണ്.<br><br>കേരള ഭൂമി പതിവ് ചട്ടം 1964, Rule 9(2) പ്രകാരം റവന്യൂ ഭൂമിക്കനുവദിക്കുന്ന പട്ടയത്തിന്റെ Appendix – II എന്ന ഫോറത്തിലുള്ള വ്യവസ്ഥ – 1 പ്രകാരം പട്ടയം ലഭിച്ചതിനുശേഷം പിന്നീടുണ്ടാകുന്ന ഈട്ടി, തേക്ക്, ചന്ദനം എന്നീ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാകും എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിന് കേരള വൃക്ഷം സംരക്ഷണ നിയമം, 1986, കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം 2007 എന്നിവ പ്രകാരം നിയന്ത്രിച്ചിട്ടുള്ളതിനാൽ ഭൂവുടമയ്ക്ക് ടി വൃക്ഷങ്ങൾ യഥേഷ്ടം മുറിച്ചുമാറ്റുവാൻ കഴിയുകയില്ല. ആയതിനാൽ പട്ടയം ലഭിച്ചതിനുശേഷം പിന്നീടുണ്ടാകുന്ന വൃക്ഷങ്ങളും കർഷകർ നട്ടുപിടിപ്പിച്ച വൃക്ഷങ്ങളുടെയും ഉടമസ്ഥാവകാശം മാത്രം കർഷകന് ലഭിക്കത്തക്ക വിധത്തിൽ പട്ടയവ്യവസ്ഥ 1-ൽ ഭേദഗതി വരുത്തുന്ന വിഷയത്തിന്റെ പ്രായോഗികവും സാങ്കേതിക വശങ്ങളും പരിശോധിച്ച് വ്യക്തമായ ശിപാർശയോടെ റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ 6-10-2017-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | 13/11 | 158 | കൈവശരേഖ ഉള്ളവർക്കെങ്കിലും പട്ടയം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുമോ? | 2006-ലെ വനാവകാശ നിയമപ്രകാരവും ജി.ഒ. (എംഎസ്.) 511/97/റവ. ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തുകളിലെ തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകളിലെ കൈവശക്കാർക്ക് റവന്യൂ വകുപ്പ് കൈവശ രേഖ നൽകി വരുന്നു. മേൽ പരാമർശ പുറമ്പോക്ക് ഭൂമികൾ പതിച്ചു നൽകുന്നതിന് നിലവിലെ ചട്ടപ്രകാരം വ്യവസ്ഥ യില്ലാത്തതാണ്. |

## XI. മൃഗസംരക്ഷണ വകുപ്പ്

| ക്രമ നമ്പർ | സമിതിയുടെ (2016-2019) നാലാമത് റിപ്പോർട്ടിന്മേലുള്ള ശിപാർശ | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|
| 1 | 2 | 3 |
| 1 | ഗുണനിലവാരമുള്ള കൂടുതൽ പശുക്കളെ സൃഷ്ടിക്കുവാനുള്ള എംബ്രിയോ ട്രാൻസ്ഫർ പദ്ധതിയിന്മേലുള്ള ചെലവ് സംസ്ഥാന സർക്കാർ സബ്സിഡിയായി കർഷകർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ആഭ്യന്തര പാലുൽപാദനം സ്വയം പര്യാപ്തതയിലെത്തിക്കുവാൻ ഉത്പാദനക്ഷമതയുള്ള പശുക്കളെ ശാസ്ത്രീയ സാങ്കേതിക വിദ്യകൾ പ്രയോഗിച്ചു മിനിമം എണ്ണം പശുക്കൾ സംസ്ഥാനത്തിനകത്തു നിലനിർത്തേണ്ടത് അത്യാവശ്യമാണ്. ഗുണനിലവാരമുള്ള കൂടുതൽ പശുക്കളെ സൃഷ്ടിക്കുവാനുള്ള എംബ്രിയോ ട്രാൻസ്ഫർ പദ്ധതിയിന്മേലുള്ള ചെലവ് സംസ്ഥാന സർക്കാർ സബ്സിഡിയായി കർഷകർക്ക് നൽകണമെന്ന സമിതി ശിപാർശ നിലവിൽ പരിഗണനയിലില്ല. എന്നാൽ, |

| | | |
|---|---|---|
| | | രാജ്യത്ത് അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ ജനസ്സുകളുടെ കൂടുതൽ കുട്ടികളെ ഭ്രൂണമാറ്റ സാങ്കേതിക വിദ്യയിലൂടെ ഉൽപാദിപ്പിക്കുവാനുള്ള ഒരു പദ്ധതി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഇപ്പോൾ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വെച്ചൂർ, സഹിവാൾ ഇനങ്ങളിലാണ് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നത്. |
| 2 | വാക്സിനേഷൻ ഫലപ്രാപ്തിയിലെത്തുവാൻ 21 ദിവസം ആവശ്യമാണ്. അതിന് മുന്നേ ഈ മൃഗങ്ങളെ വിറ്റഴിക്കുന്നത് രോഗ പ്രതിരോധത്തെത്തന്നെ തകരാറിലാക്കും. അതിനാൽ ചെക്ക് പോസ്റ്റുകളിലോ ഇതര സംസ്ഥാനങ്ങളിൽ വച്ചോ വാക്സിനേഷൻ എടുത്ത മൃഗങ്ങളെ 21 ദിവസം കഴിഞ്ഞുമാത്രമേ സംസ്ഥാന ത്തേക്ക് കടത്തിവിടാൻ പാടുള്ളൂ. ഇക്കാര്യം പ്രത്യേകം പരിശോധിക്കുക യും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഉരുക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് 21 ദിവസം മുമ്പ് എടുത്തിട്ടുണ്ട് എന്ന ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന വാഹനങ്ങൾ മാത്രം ചെക്ക് പോസ്റ്റിൽ കൂടി കടത്തിവിടാൻ ജോയിന്റ് ഡയറക്ടർക്ക് (റിന്റർപെസ്റ്റ് ഇറാഡിക്കേഷൻ) നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| 1 | 2 | 3 |
|---|---|---|
| 3 | കെ.എൽ.ഡിബോർഡിന്റെ ഭാവിയിലെ വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. | ബോർഡിന്റെ വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു സബ്കമ്മിറ്റി കൂടി സത്വര നടപടി സ്വീകരിച്ചുവരുന്നു. |
| 4 | കെ.എൽ.ഡി. ബോർഡിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കമ്മിറ്റി മുമ്പാകെ ഈ വിഷയം സമർപ്പിച്ച പൊതുവായ തീരുമാനം കൈക്കൊള്ളേണ്ടിയിരിക്കുന്നു. |
| 5 | ഫാമുകളിലെ ഉദ്യോഗസ്ഥർക്കും, മൃഗസംരക്ഷണ വകുപ്പിലെ സമാന തസ്തികകളിലെ അലവൻസുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഫാമുകളിൽ മാത്രം സേവനമനുഷ്ഠിക്കേണ്ടിവരുന്ന കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ വെറ്ററിനറി ഓഫീസർമാർക്ക്, വിവിധതരം മൃഗങ്ങളുടെ ആരോഗ്യപരിപാലനവും ചികിത്സയും നടത്തിവരുന്ന മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഓഫീസർമാർക്ക് നൽകിവരുന്ന സ്പെഷ്യൽ അലവൻസുകൾ അനുവദിക്കണമെന്ന ആവശ്യം പരിഗണന അർഹിക്കുന്നില്ല. |
| 6 | നോൺപ്ലാൻ സപ്പോർട്ടിന്റെ അപര്യാപ്തത കെ.എൽ.ഡി.ബോർഡിന്റെ വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. ആയത് | സംസ്ഥാനത്തിന്റെ നിലവിലെ സ്ഥിതി, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണച്ചെലവുകൾക്കായി നോൺ പ്ലാൻ അനുവദിക്കുന്നതിന് പര്യാപ്തമല്ല. |

| | | |
|---|---|---|
| | പരിഹരിക്കുന്നതിന് ബോർഡിന്റെ ആവശ്യകത വിശദമായി പരിശോധിച്ച് ആവശ്യമായ നോൺ പ്ലാൻ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ഉൽപ്പാദന ചെലവുകൾ പരിമിതപ്പെടുത്തിക്കൊണ്ട് ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായുള്ള തുക കണ്ടെത്തുന്നതിനുള്ള നടപടികൾ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സ്വന്തം നിലയിൽ സ്വീകരിക്കേണ്ടതാണ്. |

## XII. ധനകാര്യ വകുപ്പ്

| | | | | |
|---|---|---|---|---|
| 1 | 13/9 | 26 | സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പ്രവൃത്തി ദിവസം 5 ആയും പ്രവൃത്തി സമയം 9 മണി മുതൽ 5.15 വരെയായും നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>വർദ്ധിച്ചുവരുന്ന വൈദ്യുതി ചെലവുകൾ, ഊർജ്ജ പ്രതിസന്ധി, ഗതാഗത പ്രശ്നങ്ങൾ, എന്നിവ കണക്കിലെടുത്ത് സർക്കാർ ഓഫീസ് പ്രവൃത്തി ദിവസവും സമയവും പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ? | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ആഴ്ചയിൽ 5 ദിവസമാക്കുന്നത് സംബന്ധിച്ച വിഷയം 24-9-2014-ലെ മന്ത്രിസഭാ യോഗം ഇനം.നം. 5780 (ഫയൽ നം.43838/ സി.ഡി.എൻ.4/14/പൊ.ഭ.വ.) ആയി പരിഗണിക്കുകയും നിർദ്ദേശം നിരസിക്കുകയും ചെയ്തിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | 13/10 | 112 | ബഡ്ജറ്റ് ചർച്ചയുടെ മറുപടി | കാട്ടാക്കട അസംബ്ലി മണ്ഡലത്തിലെ വിളപ്പിൽശാല ഉൾപ്പെടെ സർക്കാർ മേഖലയിൽ 6 പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് 3-6-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.229/2015/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതോടൊപ്പം പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കുവാനും AICTE അനുമതി തേടുന്നതിനുമായി ഓരോ പോളിടെക്നിക്കിനും ഓരോ സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവിയായ ശ്രീ. അലക്സ് ബെഞ്ചമിനെ യാണ് വിളപ്പിൽശാല പോളിടെക്നിക് സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. കൂടാതെ സ്പെഷ്യൽ ഓഫീസറെ സഹായിക്കുവാനായി സീനിയർസൂപ്രണ്ട് തസ്തിക സൃഷ്ടിക്കുവാനുള്ള ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്. നിർദ്ദിഷ്ട പോളിടെക്നിക്കിനായി സ്പെഷ്യൽ ഓഫീസർ നിർദ്ദേശിച്ചിരിക്കുന്ന വിളപ്പിൽ |

| | | | | |
|---|---|---|---|---|
| | | | | വില്ലേജിലെ ഭൂമി അളന്ന് തിട്ടപ്പെടുത്തി കൃത്യമായ അലൈൻമെന്റ് സ്കെച്ച് ചേർത്ത് അയക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് വേണ്ടി ബന്ധപ്പെട്ട തഹസിൽദാർക്കും താലൂക്ക് സർവേയർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| 3 | 13/10 | 118 | സ്റ്റേറ്റ് പെൻഷൻകാരുടെ മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനരാരംഭിക്കുമോ? | മെഡിക്കൽ ബെനിഫിറ്റ് സ്കീമിനു പകരമായി 10-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ശിപാർശയനുസരിച്ചും 2017-18 ബജറ്റ് പ്രസംഗത്തിലെ 92-ാം ഖണ്ഡികയിൽ പ്രതിപാദിച്ചതും പ്രകാരം G.O(P) No. 54/2017/Fin dated 24/04/2017 പ്രകാരം സർക്കാർ ജീവനക്കാർക്കും പെൻഷൻ കാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| 4 | 13/11 | 82 | സ്വകാര്യ സ്ഥാപനങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നു വെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് ഇൻഷ്വറൻസ് തുക നിഷേധിക്കുന്ന സാഹചര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ഒരു സമഗ്ര അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ധനകാര്യ | എല്ലാ ജനവിഭാഗങ്ങളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഇതുവരെ നടപ്പാക്കിയിട്ടില്ല. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | |
| 5 | 13/12 | 7 | സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | സംസ്ഥാനത്തെ ട്രഷറികളെ പൂർണ്ണമായും ബന്ധിപ്പിക്കുന്നതിനുള്ള നെറ്റ് വർക്കിംഗ് നടപടികൾ അന്തിമഘട്ടത്തിലാണ്. നെറ്റ് വർക്കിംഗ് നടപ്പിലാകുന്നതോടുകൂടി സംസ്ഥാനത്തെ എല്ലാ ട്രഷറികളിലുമുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളേയും പരസ്പരം ബന്ധിപ്പിക്കുവാൻ സാധിക്കും. ഇതുവഴി ഒരു ട്രഷറിയിൽ അക്കൗണ്ടുള്ളവർക്ക് സംസ്ഥാനത്തെ മറ്റെല്ലാ ട്രഷറികൾ വഴിയും ഇടപാടുകൾ നടത്തുവാൻ സാധിക്കും. ഈ സാഹചര്യം കൂടി കണക്കിലെടുത്ത് ട്രഷറികളിൽ ATM സ്ഥാപിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ട്രഷറികളിലെ ATM-നെ മറ്റ് ബാങ്കുകളുടെ ATM മായി ബന്ധിപ്പിക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 6 | 13/12 | 52 | നിയമസഭാ സാമാജികരുടെ ആസ്തിവികസന ഫണ്ടിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുകയും അതുപ്രകാരമുള്ള പദ്ധതികളുടെ ബില്ല് മാറി നൽകുന്നതിന് പ്രത്യേക മുൻഗണന നൽകുകയും ചെയ്യുമോ? | നിയോജക മണ്ഡല ആസ്തിവികസന ഫണ്ടിനത്തിൽ പ്രതിവർഷം ഒരു എം.എൽ.എ.-യ്ക്ക് 5 കോടി രൂപ വീതം ആകെ 705 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവർത്തികൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാകായാൽ 28 വിവിധ ശിർഷകങ്ങളിലായി വകുപ്പ അധ്യക്ഷൻ മാരുടെ നിയന്ത്രണത്തിലും സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികൾ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തികൾക്ക് ഫണ്ട് റിലീസ് ചെയ്തുനല്കുന്നതിനായി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺട്രോളിംഗ് ഓഫീസറായി 5475-00-800-91 ശീർഷകത്തിലും ഉൾപ്പെടെ ആകെ 705 കോടി രൂപ ആസ്തി വികസന ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുണ്ട്. 3-6-2014-ലെ സർക്കുലർ നം 54/2014/ധന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | | | വരുന്ന പ്രവർത്തികൾ എന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ പിഡബ്ല്യുഡി/മറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം നടപ്പിലാക്കേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തികൾക്കാ വശ്യമായി വരുന്ന തുക ഒരു റെസല്യൂഷന്റെ അടിസ്ഥാനത്തിൽ ഡിപ്പൊസിറ്റ് വർക്കായി അനുവദിക്കേണ്ട താണെന്നും സ.ഉ.(പി) നം 213/2015/ധന തീയതി 5-6-2015 പ്രകാരം ആസ്തി വികസന ഫണ്ടിൽ എം.എൽ.എ.-മാർ ശിപാർശചെയ്യുന്ന പ്രവൃത്തികൾ, LSGD യുടെ അധീനതയിലുള്ള ഒഴികെ, അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികൾക്കുള്ള ബില്ലുകൾ ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രകാരം പേയ്മെന്റ് നല്കുന്ന സ്റ്റേറ്റ് സീനിയോരിറ്റി ലിസ്റ്റിൽനിന്നും ഒഴിവാക്കി നല്കുകയും പകരം 5475-00-800-91 ശീർഷകത്തിൽ നിന്നും നേരിട്ട് റിലീസ് ചെയ്തുനല്കുകയും ചെയ്തുവരുന്നുണ്ട്. |

## XIII. തൊഴിലും നൈപുണ്യവും വകുപ്പ്

| | | | | |
|---|---|---|---|---|
| 1 | 13/10 | 16 | സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ? | സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഫോട്ടോഗ്രഫി ആൻഡ് വീഡിയോഗ്രഫി, പേപ്പർ പ്രൊഡക്ഷൻ, ഫുട് വെയർ മാനുഫാക്ചർ, പ്രൈവറ്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ, കേബിൾ ടി.വി. എന്നീ മേഖലകളെ പുതുതായി മിനിമം വേതനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ഈ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും, സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | | വിജയകരമായി നടപ്പിലാക്കിവരുന്നു. |
| 1 | 2 | 3 | 4 | 5 |
| | | | | ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം, നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന എടുക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും. നാളിതുവരെ 279 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 67.86 |

| | | | | |
|---|---|---|---|---|
| | | | | കോടി രൂപയോളം വേതന സുരക്ഷാ പദ്ധതി മുഖേന ഇതിനകം കൈമാറി കഴിഞ്ഞിട്ടുണ്ട്. |
| 2 | 13/11 | 20 | അന്യസംസ്ഥാന തൊഴിലാളികൾക്ക് ന്യായമായ നിരക്കിൽ മാന്യമായ താമസ സൗകര്യം ഒരുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം പ്രദാനം ചെയ്യുന്നതിനുമായി ഭവനം ഫൗണ്ടേഷൻ കേരള എന്ന സ്ഥാപനം മുഖേന അപ്നാഘർ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 21-12-2013-ലെ സ.ഉ. (സാധാ.) നം. 2067/13/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഭവനം ഫൗണ്ടേഷൻ കേരളയുടെ സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും പാലക്കാട് കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ വ്യവസായ പാർക്കിൽ 0.60 ഏക്കർ വസ്തു 30 വർഷത്തേക്ക് 30,19,732/- രൂപയ്ക്ക് ലീസിന് എടുക്കുകയും പദ്ധതി നടത്തിപ്പിനായി |

| | | | | |
|---|---|---|---|---|
| | | | | 4.99 കോടി രൂപയുടെ പ്രോജക്ട് കോസ്റ്റ് ഫോർഡിന് സമർപ്പിച്ചതിന്റെ |
| 1 | 2 | 3 | 4 | 5 |
| | | | | അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡിൽ കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ടം അടുത്തവർഷം ഫെബ്രുവരിയോടു കൂടി പൂർത്തീകരിക്കുന്നതാണ്. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ പണിതുവരുന്നത്. ടി മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| 3 | 13/11 | 100 | Skilljobs.kerala.gov.in. എന്ന പോർട്ടൽ സജീവമായി പ്രവർത്തിപ്പിക്കാൻ നടപടി | Skilljobs.kerala.gov.in. എന്ന പോർട്ടലിന്റെ സാങ്കേതിക തകരാർ |

| | | | | |
|---|---|---|---|---|
| | | | സ്വീകരിക്കുമോ? | പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഡേറ്റാ സെന്ററിനെ ബന്ധപ്പെടുകയും, തകരാർ 16-6-2016-ന് പരിഹരിക്കുകയും ചെയ്തു. <br> Skilljobs.kerala.gov.in. എന്ന പോർട്ടലിന്റെ പ്രവർത്തനത്തിന് ഐ.ടി.ഐ.കളിൽ രണ്ട് അംഗങ്ങൾ അടങ്ങിയ ടീമിന് ചുമതല നൽകുന്നതാണെന്നും മേഖല അടിസ്ഥാനത്തിൽ മേൽനോട്ടം വഹിക്കുന്നതിന് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനെ നിയോഗിക്കുന്ന താണെന്നും അറിയിക്കുന്നു. പോർട്ടലിന്റെ പ്രവർത്തനം നടപ്പിലാക്കുന്നതിന് നിയോഗി ച്ചിട്ടുള്ളവർ സോഫ്റ്റ് വെയർ ഡവലപ് ചെയ്തു TSP-യുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ്. |
| 4 | 13/14 | 80 | എൻഡോസൾഫാൻ ദുരിതബാധിതർ താമസിക്കുന്ന പ്രദേശങ്ങളിൽ പ്രകൃതിക്കും, ജീവജാലങ്ങൾക്കും മനുഷ്യനും വന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാൻ ട്രിബ്യൂണൽ രൂപീകരിക്കണമെന്ന | ട്രിബ്യൂണൽ രൂപീകരിക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | |
| 1 | 2 | 3 | 4 | 5 |
| 5 | 13/14 | 88 | തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം നടപ്പിലാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; (ഡി) പുതിയ വേതന പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ? | 17-5-2016-ലെ സ.ഉ. (അച്ചടി) നമ്പർ 76/2016/തൊഴിൽ ഉത്തരവ് പ്രകാരം പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മേൽ തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| 6 | 13/14 | 106 | ഉച്ചഭാഷിണി മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ തൊഴിലാളികൾക്ക് ക്ഷേമനിധിയും ആരോഗ്യ ഇൻഷ്വറൻസും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഉച്ചഭാഷിണി മേഖലയിൽ പണിയെടുക്കുന്ന അസംഘടിതരായ തൊഴിലാളികൾ നിലവിൽ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ള കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിൽ അംഗത്വമെടുത്ത് ആനുകൂല്യം കൈപ്പറ്റിവരുന്നുണ്ട്. സംസ്ഥാനത്ത് ഇതുവരെ ഉച്ചഭാഷിണി മേഖലയിലുള്ള 41 തൊഴിലാളികൾ ടി ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്തിട്ടുണ്ട്. പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ |

| | | | | |
|---|---|---|---|---|
| | | | | തൊഴിലാളികൾക്കും, കുടുംബത്തിനും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ കവറേജ് ലഭിക്കുന്നുണ്ട്. |

## XIV. പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/04 | 85 | പി.എസ്.സി. പരീക്ഷകൾകുള്ള പരിശീലനം സൗജന്യമായി സർക്കാർ നടപ്പിലാക്കുന്നുണ്ടോ;<br>എങ്കിൽ ഏതെല്ലാം വിഭാഗങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br>പരിശീലനം നൽകുന്നതിന് വേണ്ടത്ര സൗകര്യമില്ലാത്ത ജില്ലകളിലുള്ളവർ പി.എസ്.സി. പരീക്ഷകളിൽ പിന്നോക്കം പോകുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഇത് പരിഹരിക്കുവാൻ എസ്.എസ്.എൽ. സി. വിദ്യാർത്ഥികൾക്ക് പഠനസഹായമായി | ഒരു PETC ആരംഭിക്കുന്നതിനു 55 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ നിലവിലുള്ള 4 PETC കളിലായി കഴിഞ്ഞ 3 വർഷങ്ങളിൽ വിവിധ കോഴ്സുകൾക്കായി പരിശീലനം നൽകിയ 5427 പരിശീലനാർത്ഥികളിൽ വെറും 1 % (57 പേർ) മാത്രമാണ് ജോലിക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ഈ സാഹചര്യത്തിൽ പുതിയ PETC-കൾ ആരംഭിക്കുന്നതിനുപകരം മികച്ച പരിശീലന സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ അയച്ച് മത്സര പരീക്ഷകൾക്കും എൻട്രൻസിനും വേണ്ട പരിശീലനം നൽകാവുന്നതാണ് എന്നും ഇതിന് ഫീസിനത്തിൽ ആവശ്യമായ തുക ' Assistance for Training Employment and Human Resource Development' എന്ന പദ്ധതിയിൽ നിന്നും |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | ഉപയോഗിക്കുന്ന വിഭവ പോർട്ടൽ യു ട്യൂബ് പോലുള്ള ആധുനിക സാങ്കേതിക വിദ്യയിലൂടെ വളരെ ലളിതമായ രീതിയിൽ പി എസ് സി കോച്ചിംഗ് ക്ലാസ്സുകൾ, ഉദ്ധ്യോഗാർത്ഥികൾക്കായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | കണ്ടെത്താവുന്നതാണ് എന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2 | 13/08 | 86 | എസ്.സി. പ്രൊമോർട്ടർ മാർക്ക് നൽകുന്ന ഓണറേറിയം വർദ്ധിപ്പിക്കാനും കൂടുതൽപേരെ നിയമിക്കാനും നടപടി സ്വീകരിക്കുമോ? | 7/11/2015-ലെ സ.ഉ. (കൈ.) നം. 84/2015/ പജപവവിവ. പ്രകാരം പ്രൊമോട്ടർമാരുടെ ഓണറേറിയം 7000 രൂപയായും, റസിഡന്റ് ട്യൂട്ടർമാരുടെ ചുമതല വഹിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം 7500 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, 19-10-2017-ലെ സ.ഉ. (കൈ) നം. 84/2017/പജപവവിവ പ്രകാരം പുതുതായി രൂപീകൃതമായ മുനിസിപ്പാലിറ്റികളിൽ 48 പ്രമോട്ടർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റസിഡന്റ് ട്യൂട്ടർമാരുടെ ചുമതല |

| | | | | |
|---|---|---|---|---|
| | | | | വഹിക്കുന്ന 91 പേരടക്കം ആകെ 1231 പേർ പട്ടികജാതി വികസന വകുപ്പിൽ പ്രൊമോട്ടർമാരായി സേവനമനുഷ്ഠിക്കുന്നുണ്ട്. |
| 3 | 13/10 | 98 | കാസർഗോഡ് ജില്ലയിലെ പിന്നോക്ക വിഭാഗങ്ങൾക്ക് സിവിൽ സർവ്വീസ് അടക്കമുള്ള പരീക്ഷകളിൽ പരിശീലനം നടക്കുന്നതിന് ഒരു പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | "പല വകുപ്പുകളുടെ കീഴിൽ ഒരേതരം ട്രെയിനിങ് സെന്ററുകൾ അനഭിലഷണീയവും, അപ്രായോഗികവും മാത്രമാണെന്നും , ഇതിലൂടെയുള്ള ചെലവ് ദുരുപയോഗം നിലവിലെ സാമ്പത്തിക സ്ഥിതിയ്ക്ക് താങ്ങാൻ കഴിയാത്തതുമായതിനാൽ ഇത്തരം ട്രെയിനിങ് സെന്ററുകൾ ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ എന്നിവയുമായി ഏകോപിപ്പിക്കാവുന്നതാണ് എന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിലില്ല. എന്നാൽ നിലവിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സിവിൽ സർവീസ് അടക്കമുള്ള പരീക്ഷകളിൽ പരിശീലനം ലഭ്യമാക്കുന്നതിന് ഈ വകുപ്പ് "എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം "മുഖേന സാമ്പത്തികസഹായം അനുവദിച്ചു വരുന്നുണ്ട് ". |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | 13/11 | 14 | മിഷൻ 676 - പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് വിശദമാക്കുമോ? | സ്കൂൾ തലത്തിൽ പട്ടിക ജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്ന വിദ്യാജ്യോതി എന്ന പേരിലുള്ള പദ്ധതി സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലില്ല.<br><br>പട്ടിക ജാതി വിഭാഗക്കാരായ പ്രൈമറി വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയിഡ് ആയി 2000 രൂപ അനുവദിച്ചുവരുന്നു.<br><br>പട്ടിക ജാതി വിഭാഗക്കാർക്കായുള്ള ശ്മശാനങ്ങളുടെ നവീകരണം/അറ്റകുറ്റപ്പണി എന്നിവയ്ക്കായി പരമാവധി 1,00,000 രൂപ അനുവദിച്ചുവരുന്നു. |
| 5 | 13/11 | 110 | അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ളതും തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | പട്ടിക ജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1,00,000 രൂപ വരെ എഴുതി തള്ളുന്നതിന് സ.ഉ.(പി).നം.24/2015/പജപവവിവ. |

| | | | | |
|---|---|---|---|---|
| | | | | തീയതി 30-3-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. |
| 6 | 13/11 | 170 | തരിശിട്ടിരിക്കുന്ന ഭൂമി ഏറ്റെടുത്ത് ആദിവാസികൾക്ക് കൃഷിക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | പട്ടിക വർഗ്ഗ സങ്കേതങ്ങളോട് ചേർന്ന് കിടക്കുന്നതും കൃഷിയോഗ്യവുമായ ഭൂമി നിലവിൽ കണ്ടെത്തിയിട്ടില്ല. |

## XV. ഭക്ഷ്യപൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/02 | 122 | ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾ ലാബുകളിൽ പരിശോധിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | 2011 ആഗസ്റ്റ് 5 മുതൽ നിലവിൽ വന്ന 2006-ലെ Food Safety and Standards Act പ്രകാരമുള്ള സാമ്പിളിംഗ് പുനരാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷ പരിശോധന |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | കർശനമാക്കിയിട്ടുണ്ട്. കൂടാതെ ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ആഹാരവസ്തുക്കൾ ഉല്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളിലും പരിശോധന കർശനമാക്കിയിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന അവസരങ്ങളിലും ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയച്ച് തുടർ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ എല്ലാ മാനദണ്ഡങ്ങളും പാലിക്കാത്ത സ്ഥാപന ങ്ങൾക്കെതിരെ കുറ്റകൃത്യത്തിന്റെ ഗൗരവം |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | കണക്കിലെടുത്ത് നിയമം അനുശാസിക്കും വിധം കോമ്പൗണ്ടിംഗ്, അഡ്ജ്യൂഡിക്കേഷൻ, ക്രിമിനൽ കേസ് എന്നീ നടപടികളും സ്വീകരിക്കുന്നുണ്ട്. |
| 2 | 13/06 | 08 | ക്യാപിറ്റൽ ഗെയിൻടാക്സും ഇൻടാക്സും കോർപ്പറേറ്റ് ടാക്സും 20 ശതമാനമെങ്കിലും കുറച്ച്, സബ്സിഡി വർദ്ധിപ്പിച്ച് റേഷൻ അരിയുടെ വില കുറയ്ക്കണമെന്നുള്ള ഒരു ഫോർമുല തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകുമോ ? | 2016 നവംബർ മാസം മുതൽ സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി ബി.പി.എൽ. നിരക്കിനേക്കാൾ കുറഞ്ഞ എ.എ.വൈ. നിരക്കിൽ (അരിയ്ക്ക് 3/- രൂപയും ഗോതമ്പിന് 2/- രൂപയും) മുൻഗണനാ വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്തിന് കിലോഗ്രാമിന് 3/- രൂപ നിരക്കിൽ അരി നല്കുമ്പോൾ കിലോഗ്രാമിന് 29.64 രൂപ ഇതിൽ കേന്ദ്ര സബ്സിഡി ലഭ്യമാകുന്നുണ്ട്. കൂടാതെ ടി അരിയ്ക്ക് സംസ്ഥാന സർക്കാർ 3/- രൂപ കൂടി സബ്സിഡി നല്കി സൗജന്യമായി നല്കിവരുന്നു. ടൈഡ് ഓവർ വിഹിതത്തിൽ |

| 1 | 2 | 3 | 4 | 5 |
| --- | --- | --- | --- | --- |
| | | | | ലഭിക്കുന്ന അരി കിലോഗ്രാമിന് 8.30/- രൂപയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. മുൻഗണനേതര വിഭാഗത്തിൽ നിലവിലുള്ള 45 ലക്ഷത്തിൽ പരം കാർഡുകളിൽ ഏകദേശം 30 ലക്ഷത്തോളം കാർഡുകളിലെ ഓരോ അംഗത്തിനും ടൈഡ് ഓവർ വിഹിതം, അരി കിലോഗ്രാമിന് 6.30/- രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡി നല്കി കിലോഗ്രാമിന് 2/- രൂപ നിരക്കിൽ നല്കി വരുന്നു. ഇപ്രകാരം സബ്സിഡി നിരക്കിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമായി ക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് വർദ്ധിപ്പിക്കുന്നതിന് നിരവധി ശിപാർശകൾ കേന്ദ്രത്തിലേയ്ക്ക് സമർപ്പി ച്ചെങ്കിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. |

| | | | | |
|---|---|---|---|---|
| 3 | 13/10 | 4 | ഗ്യാസ് വിതരണം എസ്.എം.എസ് വഴി ഉപഭോക്താവിനെ അറിയിക്കുന്നതിന് ഏജൻസി കൾക്ക് നിർദ്ദേശം നൽകുന്നതു പരിഗണിക്കുമോ? | സംസ്ഥാനത്തെ മൂന്ന് എണ്ണക്കമ്പനികളും ഉപഭോക്താക്കൾക്ക് പാചക വാതക സിലിണ്ടർ ബുക്ക് ചെയ്യുന്നതിനായി ഐ.വി.ആർ.എസ്/എസ്.എം.എസ്. ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| 4 | 13/10 | 116 | കേരളത്തിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുന്ന നിരവധി വാഹനങ്ങളുണ്ട്. എന്നാൽ അതിന് ആനുപാതികമായി എൽ.പി.ജി. പമ്പുകൾ ഇല്ല. ആയതിനാൽ പൊതുമേഖലാ എണ്ണ കമ്പനികളുടെയും സപ്ലൈകോയുടെയും ആഭിമുഖ്യത്തിൽ കൂടുതൽ എൽ.പി.ജി. പമ്പുകൾ തുറക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുമോ? | എൽ.പി.ജി. പമ്പുകൾ അനുവദിക്കുന്നത് എണ്ണ കമ്പനികളാണ്. എണ്ണ കമ്പനികൾ ടി പമ്പുകൾ തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടില്ല. |
| 5 | 13/11 | 32 | റേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകൾ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്? | ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെ യഥാർത്ഥ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് കുറ്റമറ്റ രീതിയിൽ റേഷൻ സാധനങ്ങളുടെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | വിതരണം നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ഇതിന് സ്മാർട്ട് കാർഡ് ഒരു അത്യാവശ്യ ഘടകമല്ലാത്തതിനാൽ സ്മാർട്ട് കാർഡുകളുടെ വിതരണം നിലവിൽ പരിഗണനയിലില്ല. റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി പേപ്പർ റേഷൻ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. |



## XVI. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/9 | 25 | അടിക്കടിയുണ്ടാകുന്ന ഡീസൽ വിലവർദ്ധനയുടെ ഭാഗമായി കെ.എസ്. ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ വൈവിദ്ധ്യ വൽക്കരണം നടപ്പാക്കുമോ; യാത്രക്കാരെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ തന്നെ തപാൽ ഉരുപ്പടികൾ കയറ്റുന്ന കൊറിയർ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ/പാഴ്സൽ സംവിധാനം നടപ്പിലാക്കുന്നത്തിന്റെ ഭാഗമായി 07/2015 മുതൽ 5 വർഷത്തേക്ക് ട്രാക്കോൺ കൊറിയേഴ്സ് എന്ന സ്ഥാപനവുമായി ലൈസൻസ് ഫീയുടെയും, വരുമാന പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുകയും ആയതുപ്രകാരം കൊറിയർ/ പാഴ്സൽ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പാർസലുകൾ കൊണ്ടുപോകുവാൻ അനുമ തിയുണ്ടോ; ഇല്ലെങ്കിൽ അത് പുനഃസ്ഥാപിച്ച്, ബസ്സുകളിൽ പ്രത്യേക സൗകര്യമേർപ്പെടുത്തി പാർസലുകൾ കയറ്റി അയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | |
| 2 | 13/9 | 122 | കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെയും തീർത്ഥാടന കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തി മികച്ച സൗകര്യങ്ങളോടു കൂടിയുള്ള പ്രത്യേക സർവ്വീസ് പാക്കേജുകൾ സ്റ്റേജ് കാര്യേജായോ കോൺട്രാക്ട് കാര്യേജായോ കെ.എസ്. ആർ.ടി.സി. നടത്താൻ നടപടി സ്വീകരിക്കുമോ? | വിനോദ സഞ്ചാര കേന്ദ്രങ്ങളേയും, തീർത്ഥാടന കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി ഡബിൾ ഡക്കർ സംവിധാനമുള്ള കോൺട്രാക്ട് ക്യാരേജ് സർവ്വീസ് (ഹെറിട്ടേജ് സർവ്വീസ്) തിരുവനന്തപുരം സിറ്റി യൂണിറ്റിൽ നിന്നും സർവ്വീസ് നടത്തിവരുന്നു. |
| 3 | 13/10 | 20 | കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് അനുവദിക്കുമോ? | കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യെ പുന:സംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേയ്ക്ക് എത്തിക്കുന്നതിനുമായിട്ടുള്ള സമഗ്ര പാക്കേജിന്റെ ഭാഗമായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നം. G. O. (Rt.) 367/2016/Trans. തീയതി 24-9-2016 പ്രകാരം വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ചുമതലപ്പെടുത്തി യിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. കൂടാതെ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യ ത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-യ്ക്ക് വായ്പ തിരിച്ചടവിന ത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | 13/11 | 98 | കോഴിക്കോട്, തിരുവനന്തപുരം കെ.എസ്.ആർ. ടി.സി. സ്റ്റാൻഡുകളുടെ നവീകരണ പ്രവൃത്തി പൂർത്തിയാക്കി ഷോപ്പുകൾ പൂർണ്ണമായി എന്നത്തേക്ക് വാടകയ്ക്ക് കൊടുക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;<br><br>കരുനാഗപ്പള്ളിയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സ് കൊണ്ടുവരുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | തിരുവനന്തപുരം തമ്പാനൂർ ബസ് സ്റ്റേഷനിലെയും, കോഴിക്കോട് ബസ് സ്റ്റേഷനിലെയും BOT പ്രോജക്ട് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ ഉദ്ഘാടനം യഥാക്രമം 3-2-2014-ലും 1-6-2014-ലും നടത്തിയിട്ടുണ്ട്.<br><br>കരുനാഗപ്പള്ളിയിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്തെ പ്ലാൻ, ഡിസൈൻ എന്നിവ ബസ് ഓപ്പറേഷനേയും, വാണിജ്യ സാധ്യതയെയും ബാധിക്കുമെന്നതിനാൽ KSRTC ഭരണസമിതി തീരുമാനപ്രകാരം പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു. |
| 5 | 13/11 | 121 | എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കണം . | കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ് കമ്പനിക്ക് പ്രവർത്തനം |

| | | | | ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | | | ചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ ഇളവുകൾ അനുവദിച്ച് എയർ കേരള പദ്ധതി യഥാർത്ഥ്യമാക്കാൻ ഇടപെടണമെന്ന് അഭ്യർത്ഥിച്ച് 8-6-2015-ൽ ബഹു. മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. |



## XVII. വിനോദസഞ്ചാര വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/04 | 55 | തലശ്ശേരി പൈതൃക-ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുപണിക്കായി നീക്കിവച്ച തുക ടൂറിസം വകുപ്പിൽ നിന്നും പൊതുമരാമത്ത് | തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി റോഡ് പണികൾ നടത്തുന്നതിന് ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ച തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും പദ്ധതി സമയബന്ധിതമായി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരിക്കുകയും ചെയ്തു. |
| | | | വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |
| 2 | 13/08 | 73 | ആഭ്യന്തര യാത്രക്കാർക്ക് കൂടി സീ പ്ലെയിൻ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | ആവശ്യമായ എല്ലാ അനുമതികളും രേഖകളും ലഭ്യമായിട്ടുള്ള സീപ്ലെയിനുകളുമായി സേവനമാരംഭിക്കുവാൻ ഓപ്പറേറ്റർമാർ ആരും തന്നെ ഇതുവരെ മുന്നോട്ടു വന്നിട്ടില്ലാത്തതിനാലും പ്രാദേശിക സമൂഹത്തിന്റെ എതിർപ്പ് കാരണവും ടി പദ്ധതി നടപ്പാക്കാൻ സാധ്യമായിട്ടില്ല. |
| 3 | 13/11 | 02 | വരുമാന വർദ്ധനവിനായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;<br>ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വൻകിട ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 5 വർഷത്തേക്ക് നികുതി അവധി നൽകുന്നതിനും ഉത്തരവാദിത്ത ടൂറിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ മാനദണ്ഡമാക്കി അവ നടപ്പാക്കുന്ന യൂണിറ്റുകൾക്ക് അർഹമായ സബ്സിഡി നല്കുന്നതിനും ടൂർ ഓപ്പറേഷൻ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ഹൗസ് ബോട്ട്, ആയുർവേദ മേഖലകളിലെ പുതിയ സംരംഭം എന്നിവയ്ക്ക് ദേശീയ വിദേശ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനും സർക്കാരിന്റെ പുതിയ ടൂറിസം നയം |

| | | | | |
|---|---|---|---|---|
| | | | | വിഭാവനം ചെയ്യുന്നുണ്ട്. |
| 1 | 2 | 3 | 4 | 5 |
| 4 | 13/12 | 22 | വിനോദസഞ്ചാര മേഖലയുടെയും വിനോദസഞ്ചാരികളുടെയും പരിപൂർണ്ണ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള കർമ്മ പരിപാടികൾക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേരളത്തിലെ വിവിധ ബീച്ചുകളിലായി ലൈഫ്ഗാർഡുമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ലൈഫ്ഗാർഡുമാരുടെ ആവശ്യത്തിനായി ജീവൻരക്ഷാ ഉപകരണങ്ങളും യൂണിഫോറവും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായ കോവളത്ത് വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി Police Aid Post കൾ പുതുതായി സ്ഥാപിക്കുന്നതിനും. Alarm with PA System നടപ്പിലാക്കുന്നതിനും, അപകടമേഖലകളിൽ Sign Board കൾ സ്ഥാപിക്കുന്നതിനും 56,31,146 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രയെ പ്രസ്തുത ജോലി നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, കേരളത്തിലെ വിനോദസഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | സംസ്ഥാനത്തുടനീളം പാതയോരങ്ങളിലും, വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആധുനിക രീതിയിലുള്ള |
| | | | | ദിശാ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു മുന്നോടിയായി നാറ്റ്പാക്ക് മുഖേന വിശദമായ പഠനം നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 4.46 കോടി രൂപയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നാറ്റ്പാക്ക് മുഖേന നടപ്പാക്കുകയുമുണ്ടായി. ഓരോ തരത്തിലുമുള്ള ബോർഡുകളിലും വിവിധ രീതിയിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ വിനോദസഞ്ചാര കേന്ദ്രത്തിന്റെ പേര്, ദൂരം, ചിത്രം, മാപ്പ് എന്നിവ ഉൾപ്പെടുന്നു. കേരളാ ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റുകളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുവാനായി ക്യൂ.ആർ. കോഡും ബോർഡുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## XVIII. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/5 | 147 | കെ.എസ്.ഐ.ഡി.സി. നടത്തുന്നതുപോലുള്ള സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ? | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ അനുവർത്തിക്കുന്നതുപോലെ ലാഭത്തിന്റെ ഒരു വിഹിതം (ലാഭത്തിന്റെ 2% മുതൽ 5% വരെ) സാമൂഹിക പ്രതിബദ്ധത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ ലാഭത്തിന്റെ ഒരു വിഹിതം (ലാഭത്തിന്റെ 2% മുതൽ 5%വരെ) സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ നിർബന്ധമായും നീക്കി വയ്ക്കണമെന്ന് കമ്പനി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | വ്യവസായ വകുപ്പിന്റെ അധീനതയിൽ ഗണ്യമായ ലാഭമുണ്ടാക്കുന്നകമ്പനികളാണ് പ്രധാനമായും സാമൂഹിക പ്രതിബദ്ധത പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പ്രധാനമായും വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള പദ്ധതി, ഉച്ച ഭക്ഷണ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി സംരക്ഷണം, വിവിധ എൻ.ജി.ഒ. കളുമായി ചേർന്നുള്ള സാമൂഹിക സുരക്ഷിതത്വ പദ്ധതികൾ, കായിക വികസന പദ്ധതികൾ, പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് & ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കെ.എസ്.ഐ.ഡി.സി, |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ട്രാവൻകൂർ ടൈറ്റാനിയം പോഡക്ട്സ് ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, കെൽട്രോൺ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രധാനമായും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| 2 | 13/6 | 45 | എമർജിംഗ് കേരളയിൽ എന്തെല്ലാം പുത്തൻ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്; | കേരളത്തിലെ നിക്ഷേപ സാധ്യതകളെ കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ മുൻ സർക്കാർഎമർജിംഗ് കേരള സംഗമം കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിരുന്നു.<br>സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന വിഭവങ്ങളും സാധ്യതകളും ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുക എന്നതും വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദ പരമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുക |

| | | | | |
|---|---|---|---|---|
| | | | | എന്നതുമായിരുന്നു എമർജിംഗ് കേരളയിലൂടെ ലക്ഷ്യമാക്കിയിരിക്കുന്നത്. കേരളം വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി പുറംലോകത്തിനുമുന്നിൽ അവതരിപ്പിക്കുവാനും നിക്ഷേപസാധ്യതകൾ വർദ്ധിപ്പിക്കുവാനും ഈ സംഗമത്തിലൂടെ സാധിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുകയെന്നതും എമർജിംഗ് കേരളയിലൂടെ ലക്ഷ്യമിടുന്നു. എമർജിംഗ് കേരള സംഗമത്തിൽ ടൂറിസം, സയൻസ് ആന്റ് ടെക്നോളജി, പോർട്ട്, സ്വയംഭരണ വകുപ്പ്, പവർ, ഇൻഫർമേഷൻ ടെക്നോളജി, വിദ്യാഭ്യാസം, ഭക്ഷ്യ സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്ന തിനുവേണ്ടി പ്രത്യേക സമ്മേളനങ്ങളും നടത്തിയിരുന്നു. ഇതുകൂടാതെ, പ്രസ്തുത സംഗമത്തിൽ മുകളിൽ പറഞ്ഞ മേഖല കളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ചർച്ചകളും അവലോകന യോഗങ്ങളും നടത്തുകയുണ്ടായി. എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസംചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതാത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാന ത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.യുടെ മേൽനോട്ടത്തി ലുള്ളത്. ഇതിൽ 2 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| 3 | 13/11 | 22 | കൈത്തറി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കണമെന്നും, ഇൻകം സപ്പോർട്ട്, ദിവസം 150 എന്നത് 300 ആക്കണമെന്നും ഇൻകം സപ്പോർട്ട് വർഷത്തിൽ 100 ദിവസം എന്നത് 240 ദിവസമാക്കി ഉയർത്തണമെന്നുമുള്ള ട്രേഡ് യൂണിയനുകളുടെ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | കൈത്തറി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതുമായിബന്ധപ്പെട്ട വിഷയം തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരിഗണന യിലാണ്. പ്രസ്തുത മേഖലയിലെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം സൂക്ഷ്മപരിശോധന നടത്തുന്നതിനായി നിയമവകുപ്പിന് കൈമാറി യിട്ടുണ്ടെന്ന വിവരം ആ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| 4 | 13/11 | 104 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമില്ലാത്ത തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ? | നിലവിൽ കയർ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗത്വം നല്കുന്നതിനുള്ള നടപടികൾ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 2018 മാർച്ച് വരെ 1,60,217 തൊഴിലാളികൾക്ക് ക്ഷേമനിധിബോർഡിൽ അംഗത്വം നിലവിലുണ്ട്. |

## XIX. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/04 | 79 | ദുർബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും ഭവനവായ്പാ തിരിച്ചടവ് ആവശ്യങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുമോ? | പതിമൂന്നാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിലെ ഉറപ്പ് നമ്പർ 79 ദുർബല വിഭാഗങ്ങൾക്ക് ഭവന വായ്പ ഇൻഷ്വറൻസ് സംബന്ധിച്ച വിഷയത്തിനുള്ള മറുപടി സമിതിയ്ക്ക് നൽകിയിരുന്നു. ഉറപ്പുകൾ സംബന്ധിച്ച സമിതി ആയത് പരിശോധിക്കുകയും ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് മറുപടി നൽകുന്നതിനാവശ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ജന പങ്കാളിത്തത്തോടെ അടുത്ത 5 വർഷത്തിനുള്ളിൽ വീട് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | | | | 8-11-2016-ലെ സ.ഉ.(കൈ) നമ്പർ 160/2016/ ത.സ്വ.ഭ. ഉത്തരവുപ്രകാരം തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പാർപ്പിടാവശ്യം പരിഹരിക്കുന്നതിനുവേണ്ടി ഒരു കേരള സംസ്ഥാന പാർപ്പിട നിധി (ഷെൽട്ടർ ഫണ്ട്) തല്ക്കാലം രൂപീകരിക്കേണ്ട ആവശ്യകതയില്ല. |
| 2 | 13/05 | 75 | ലക്ഷം വീട് കോളനികളിലെ വീടുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഇരട്ടവീടുകൾ ഒറ്റവീടുകളാക്കാൻ നടപടി സ്വീകരിക്കുമോ? | ലക്ഷം വീട് പദ്ധതിയിൽ ഇരട്ടവീടുകൾ ഒറ്റ വീടുകൾ ആക്കുവാൻ ബോർഡ് താഴെപ്പറയുന്ന നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1972-1976 കാലഘട്ടത്തിൽ സർക്കാർ നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയിലെ വീടുകളുടെ (ഒറ്റവീടുകളുടെയും/ഇരട്ട വീടുകളുടെയും അടക്കം) നവീകരണത്തിനായി ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിക്ക് 22-11-2004-ലെ ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ഈ പദ്ധതി 19-9-2008, 15-12-2009 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി എന്ന പേരിൽ പുനർ നാമകരണം ചെയ്ത് ജനറൽ വിഭാഗത്തിന് 75,000/- രൂപയായും, എസ്.സി. വിഭാഗത്തിന് 1 ലക്ഷം രൂപയായും, എസ്.റ്റി. വിഭാഗത്തിന് 1,25,000/- രൂപയായും വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് സർക്കാർ അനുമതി ലഭിക്കുകയും ഇതേ നിരക്കിൽ തന്നെ നിലവിലും ഭവന നിർമ്മാണ ബോർഡ് മുഖേന സബ്സിഡി അനുവദിച്ച് വരികയുമാണ്. ടി പദ്ധതിയിലെ അർഹരായ ഗുണഭോക്താക്കളെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി ബോർഡിന് അപേക്ഷ സമർപ്പിക്കുമ്പോൾ ബോർഡിൽ നിന്നും ബന്ധപ്പെട്ട പഞ്ചായത്തിന് സബ്സിഡി തുക അനുവദിക്കുകയാണ് ചെയ്തു വരുന്നത്. 10-12-2013-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സ.ഉ. (സാധാ.) നം. 3034/13/ തസ്വഭവ. ഉത്തരവിൽ എം.എൻ.ലക്ഷം വീട് പദ്ധതിയിൽ ഡ്യൂപ്ലെക്സ് വീടുകൾക്ക് പകരം പുതിയ |

| | | | | |
|---|---|---|---|---|
| | | | | വീടുകൾ നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ നടത്തിപ്പിനായി 5% സർവ്വീസ് ചാർജ്ജ് അനുവദിക്കണമെന്ന് ബോർഡ് ആവശ്യപ്പെട്ടതിനെ തുടർന്ന് ബോർഡിന് സർവ്വീസ് ചാർജ്ജ് നൽകാനാവില്ല എന്ന് 17-5-2014-ലെ കത്ത് മുഖേന അറിയിക്കുകയുണ്ടായി. തുടർന്ന് 23-12-2014-ലെ കത്ത് പ്രകാരം എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി സബ്സിഡി തുക 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പദ്ധതിയുടെ സബ്സിഡിയും സർവ്വീസ് ചാർജ്ജും കൂടി നൽകി ടി പദ്ധതി ബോർഡ് വഴി നടപ്പിലാക്കുന്നതിനോട് യോജിക്കാനാവില്ലെന്നും, ആയതിനാൽ ടി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതാണ് ഉചിതമെന്ന് തീരുമാനിക്കുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേസ്വയംഭരണ വകുപ്പ്നടത്തുന്ന ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ലക്ഷം വീട് പദ്ധതിയിൽപ്പെട്ട ഇരട്ടവീടുകൾ ഒറ്റവീടുകൾ ആക്കുവാൻ നടപടി സ്വീകരിച്ചിരിക്കുന്നത്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | 13/9 | 2 | ഭവന നിർമ്മാണ ബോർഡിൽ നിന്ന് ഭവന വായ്പ എടുത്തിട്ട് തിരിച്ചടക്കാൻ സാധിക്കാതെ കടക്കെണിയിൽപെട്ടിട്ടുള്ളവരുടെ കടം എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുവോ? വിശദാംശങ്ങൾ നൽകുമോ? | പതിമൂന്നാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിലെ ഉറപ്പ് നമ്പർ 02 ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളാൻ നടപടി സംബന്ധിച്ച വിഷയത്തിനുള്ള മറുപടി സമിതിയ്ക്ക് നൽകിയിരുന്നു. ഉറപ്പുകൾ സംബന്ധിച്ച സമിതി ആയത് പരിശോധിയ്ക്കുകയും ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് മറുപടി നൽകുന്നതിനാവശ്യമായ വിവരങ്ങൾ ചുവടെചേർക്കുന്നു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയ ഹഡ്കോ 80, എൽ.ഐ.ജി 83, എൽ.ഐ.ജി 86, എൽ.ഐ.ജി 82 എന്നീ പദ്ധതിയിൽപ്പെട്ട ഭവന വായ്പകൾ നാളിതുവരെ സർക്കാരിൽ നിന്നും എഴുതിത്തള്ളി ഉത്തരവായിട്ടില്ല. 34,000 രൂപയ്ക്ക് മുകളിൽ അനുവദിച്ചിട്ടുള്ള LIG വിഭാഗത്തിൽപ്പെട്ട വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്തവർ അപേക്ഷ സമർപ്പിക്കുകയും, ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും രോഗികളും അശരണരുമായ ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക വിവിധ ഉത്തരവുകൾ വഴി എഴുതിത്തള്ളി വരുന്നു. എന്നാൽ എൽ.ഐ.ജി. വിഭാഗത്തിൽ |

| | | | | |
|---|---|---|---|---|
| | | | | വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവരുടെ കുടിശ്ശികത്തുക പൂർണ്ണമായും എഴുതിത്തള്ളുന്നത് സംബന്ധിച്ച് പൊതുവായ തീരുമാനമൊന്നും ഉണ്ടായിട്ടില്ല. എന്നാൽ ബോർഡിലെ എൽ.ഐ.ജി. വായ്പാ പദ്ധതിയിൽ കുടിശ്ശികക്കാരായി അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് വായ്പ പലിശ/ പിഴപ്പലിശ ഇളവും, കടാശ്വാസവും അനുവദിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരമുള്ള ഇളവുകൾ ബോർഡിലും നടപ്പിൽ വരുത്തിയിരുന്നു. ടി പദ്ധതി പ്രകാരം മുതലും മുതലോളം തന്നെ പലിശയും ഒടുക്കിയ 18 പേർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കടാശ്വാസത്തിന് അതായത് പൂർണ്ണമായും എഴുതിത്തള്ളുന്നതിന് അർഹത ഉള്ളതായി കണ്ടെത്തിയിട്ടുള്ളതാണ്. പലിശ, പിഴപ്പലിശ എന്നിവ എഴുതിത്തള്ളുന്നതിന് മുതലിന്റെ 150 ശതമാനം എങ്കിലും അടച്ച് തീർത്തിട്ടുള്ളതായ 49 ഗുണഭോക്താക്കൾക്കും ബാക്കി നിൽക്കുന്ന മുതലിന്റെ 200 ശതമാനം വരെ എത്തുന്നതു വരെയുള്ള തുക |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | 24 പ്രതിമാസ ഗഡുക്കളായി ഒടുക്കുവാൻ അനുവാദം നലകിയിട്ടും ഉണ്ട്. മൈത്രീ ഭവന വായ്പയെടുത്തിട്ടുള്ളതിൽ കുടിശ്ശികക്കാരായ 38,384 ഗുണഭോക്താക്കളുടെ കുടിശ്ശിക തുകയായ 137.94 കോടി രൂപ 08.11.2011-ലെ സ.ഉ. (എം.എസ്) നം.34/2011/ഭവനം പ്രകാരം സർക്കാർ എഴുതിത്തള്ളി ഉത്തരവായി. കൂടാതെ മൈത്രി പദ്ധതി പ്രകാരം തന്നെ ഭാഗികമായി വായ്പാ ഗഡുക്കൾ കൈപ്പറ്റി തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ അവശേഷിച്ചിരുന്ന 691 പേരുടെ 30.04.2015 വരെയുള്ള കുടിശ്ശികയായ 4.03 കോടി രൂപയും 04.12.2015-ലെ സ.ഉ. (എംഎസ്.) നം.29/2015/ഭവനം പ്രകാരം എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. |
| 4 | 13/11 | 91 | സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ ഒരു നിശ്ചിത ശതമാനം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ലഭിക്കത്തക്കവിധം ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ? | സർക്കാർ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള ഏജൻസികൾ ഏറ്റെടുത്ത് നടത്തുന്ന തിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിന്നും 30/07/ 14-ലെ ജി. ഒ. (പി) നം. 311/14/ഫിൻ. 16/06/15-ലെ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | ജി. ഒ.(പി) നം.230/15/ഫിൻ. 07/08/15-ലെ ജി. ഒ (പി) നം.339/15/ഫിൻ എന്നീ ഉത്തരവുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിലവിൽ കെസ്കിക്ക് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നുമുണ്ട്. |

## XX. സാമൂഹ്യനീതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/05 | 03 | വയോമിത്രം പരിപാടി ഗ്രാമങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുമോ? | സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യസംരക്ഷണം, മാനസിക ഉല്ലാസം എന്നിവ നൽകുന്നതിലേയ്ക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കി വരുന്ന പദ്ധതിയാണ് വയോമിത്രം. ടി പദ്ധതി ഗ്രാമങ്ങളിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലേയും ഓരോ ബ്ലോക്കുകളിൽ വീതം പുതിയതായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | 13/10 | 2 | ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്നതു കൊണ്ട്, വൃദ്ധജനങ്ങളുടെ സംരക്ഷണ ക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി എന്തൊക്കെ മുൻകരുതലുകളും, സംവിധാനങ്ങളുമാണ് കൂടുതലായി ഏർപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ? | സംസ്ഥാന സർക്കാർ വയോജന ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് പകൽ പരിപാലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്യുന്ന 'സായംപ്രഭാ' ഹോം പദ്ധതി, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 60 വയസ്സ കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് പൂർണ്ണ കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്ന ' മന്ദഹാസം ' പദ്ധതി, സർക്കാർ വൃദ്ധ സദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പരിരക്ഷ നൽകുന്ന 'വയോ അമൃതം' പദ്ധതി വയോജനങ്ങൾ ക്കായി ഒരു മാതൃകാ സായംപ്രഭ ഹോം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മൾട്ടി സർവ്വീസ് 'ഡേ കെയർ സെന്റർ' മുതിർന്ന പൗരൻമാരുടെ അവശതകൾ പരിഹരിക്കുന്നതിനും അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തു കളെ വയോ സൗഹൃദമാക്കുന്നതിനായുള്ള 'വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത് പദ്ധതി, വൃദ്ധസദനത്തിലെ |

| | | | | |
|---|---|---|---|---|
| | | | | അന്തേവാസികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും അവർക്ക് മാനസികോല്ലാസം പ്രദാനം ചെയ്യുന്നതിനുമായി നടപ്പാക്കുന്ന ' മ്യൂസിക് തെറാപ്പി ', സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസിക സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന ' സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡർലി പേഴ്സൺസ് ഇൻ ഓൾഡ് ഏജ് ഹോം ' പദ്ധതി, 65 വയസ്സ് കഴിഞ്ഞ കോർപ്പറേഷൻ/മുനിസിപ്പൽ നഗരസഭ പ്രദേശത്ത് വസിക്കുന്നവർക്ക് സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ ലഭ്യമാക്കുന്ന ' വയോമിത്രം ' പദ്ധതി എന്നിവ സംസ്ഥാനത്ത് വയോജനങ്ങൾക്കായി നടപ്പാക്കി വരുന്ന പദ്ധതികളാണ്.<br><br>സംസ്ഥാനത്തെ 90 നഗരസഭകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി ഈ സാമ്പത്തിക വർഷം 14 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി ' ആയുർമിത്രം ' എന്ന പദ്ധതി |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നതാണ്. സ്വത്തുക്കൾ കൈവശപ്പെടുത്തിയ ശേഷം സ്വീകരിയ്ക്കുന്നതിന് സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ആഫീസർ അദ്ധ്യക്ഷനായുള്ള മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>മുതിർന്ന പൗരൻമാരുടെ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണ, വിചാരണ നടപടികൾ പൂർത്തിയാക്കി അർഹരായ മുതിർന്ന പൗരൻമാർക്ക് മക്കളിൽ നിന്ന് സംരക്ഷണ ചിലവും Maintenance and Welfare of Parents and Senior Citizens Act പ്രകാരം, മെയിന്റനൻസ് ഓഫീസർ മുഖേന ഉറപ്പാക്കുന്നു. പരമാവധി 10,000/- രൂപ വരെ സംരക്ഷണ ചിലവായി എതിർ കക്ഷികളിൽ നിന്നും ഈടാക്കാൻ പ്രസ്തുത നിയമം അനുവദിയ്ക്കുന്നു. അതോടൊപ്പം നിരവധി വയോജന പ്രശ്നങ്ങളിൽ ക്രിയാത്മകവും അനുഭാവ പൂർണ്ണവുമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ചട്ടങ്ങൾ പ്രകാരം സംസ്ഥാന വയോജന കൗൺസിലും അനുബന്ധമായി ജില്ലാ കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നു.<br><br>പരമാവധി 1500 രൂപ വരെ വാർദ്ധക്യകാല പെൻഷൻ നൽകിവരുന്നു. |

| | | | | |
|---|---|---|---|---|
| 3 | 13/10 | 08 | അംഗൻവാടി ജീവനക്കാർക്ക് ചുരുങ്ങിയത് 1000 രൂപ പെൻഷൻ നൽകുന്നതിനും, ഓണറേറിയം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സ.ഉ. (എം. എസ്) നം.21/2016/സാനീവ, തീയതി. 25/02/2016 പ്രകാരം, അംഗൻവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 7,000 രൂപയായും വർദ്ധിപ്പിച്ചിരുന്നു. അതുപോലെ അംഗൻവാടി വർക്കർമാരുടെയും ഹെല്പർമാരുടെയും പ്രതിമാസ പെൻഷൻ വർക്കർക്ക് 1,000 രൂപയായും ഹെല്പർക്ക് 600 രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 2016 ഏപ്രിൽ 1 മുതൽ പ്രാബല്യമാകത്തക്കവിധത്തിൽ 22/04/2017-ലെ സ.ഉ(എം. എസ്) നം. 15/2017/സാനീവ. പ്രകാരം ഉത്തരവായിട്ടുമുള്ളതാണ്. |
| 4 | 13/11 | 74 | വയോജന നയം ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി യിരിക്കുന്നത്; വിശദമാക്കുമോ? | സംസ്ഥാന സർക്കാർ വയോജന ക്ഷേമത്തിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് പകൽ പരിപാലന കേന്ദ്രങ്ങളെ അപ്ഗ്രേഡ് ചെയ്യുന്ന |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | 'സായംപ്രഭാ' ഹോം പദ്ധതി, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് പൂർണ്ണ കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്ന 'മന്ദഹാസം' പദ്ധതി, സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പരിരക്ഷ നൽകുന്ന 'വയോ അമൃതം' പദ്ധതി വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മൾട്ടി സർവ്വീസ് 'ഡേ കെയർ സെന്റർ', മുതിർന്ന പൗരന്മാരുടെ അവശതകൾ പരിഹരിക്കുന്നതിനും അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്നതിനായുള്ള 'വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത്' പദ്ധതി, തിരുവനന്തപുരത്തെ രണ്ട് വൃദ്ധ സദനങ്ങളിൽ നടപ്പാക്കുന്ന 'മ്യൂസിക് തെറാപ്പി', സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസിക സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | 'സൈക്കോ സോഷ്യൽ കെയർ ഫോർ എൽഡർ പേഴ്സൺസ് ഇൻ ഓൾഡ് ഏജ് ഹോം' പദ്ധതി, 65 വയസ്സ് കഴിഞ്ഞ കോർപ്പറേഷൻ/മുനിസിപ്പൽ നഗരസഭ പ്രദേശത്ത് വസിക്കുന്നവർക്ക് സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ ലഭ്യമാക്കുന്ന 'വയോമിത്രം' പദ്ധതി എന്നിവ സംസ്ഥാനത്ത് വയോജനങ്ങൾക്കായി നടപ്പാക്കി വരുന്ന പദ്ധതികളാണ്.<br><br>സംസ്ഥാനത്തെ 90 നഗരസഭകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി ഈ സാമ്പത്തിക വർഷം 14 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം ആയൂർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി 'ആയൂർമിത്രം' എന്ന പദ്ധതി വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നതാണ്. |

## XXI. കോസ്റ്റൽ ഷിപ്പിംഗ് ഇൻലാന്റ് നാവിഗേഷൻ

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 13/02 | 86 | കൊല്ലം മുതൽ വിഴിഞ്ഞം വരെയുള്ള ജലപാതയുമായി ബന്ധപ്പെട്ട് തോടിന്റെ വീതി കൂട്ടുന്നതിനും ഉൾനാടൻ മത്സ്യ ത്തൊഴിലാളിമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | കോവളം മുതൽ കൊല്ലം വരെയുള്ള 74 കി. മീ. ജലപാതയിൽ 32.00 കി. മീ. ഗതാഗതയോഗ്യമാണ്. കോവളത്തിന് തെക്കോട്ട് വിഴിഞ്ഞം വരെ നിലവിൽ കനാൽ ഇല്ല. ആക്കുളം മുതൽ കോവളം വരെ 16.5 കി.മീ. നീളമുള്ള പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനായി 150 കോടി രൂപ കിഫ്ബി ധനസഹായത്തോടെ നടക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ KWIL (കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനമാണ് നടപ്പാക്കുന്നത്. പനത്തുറ ഭാഗത്ത് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് സമീപം മണൽ മൂടി അടഞ്ഞുകിടക്കുന്ന പാർവ്വതീപുത്തനാറിന്റെ ഭാഗം പുനഃസ്ഥാപിക്കുന്നതിലേക്ക് ജനങ്ങൾ തടസ്സവാദങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നുവരുന്നു. പാർവ്വതീ പുത്തനാറിന്റെ ആക്കുളം മുതൽ പനത്തുറ വരെയുള്ള 14 കി.മീ. ജലപാതയുടെ |

| | | | | |
|---|---|---|---|---|
| | | | | ശുചീകരണം KWIL-ന്റെ നേതൃത്വത്തിൽ ചെയ്യിട്ടുണ്ട്. വെൺപാലവട്ടം പാലത്തിനും പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ആക്കുളം ജെട്ടിക്കും ഇടയ്ക്കുള്ള പുറമ്പോക്ക് ഭൂമി വെട്ടി തെളിച്ച് ജലപാതയോട് ചേർന്ന് നടപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വേളി മുതൽ പൗണ്ട്കടവ് വരെയുള്ള ഭാഗത്തെ ജലപാതാ വികസന പ്രവൃത്തിയും നടന്നു വരുന്നു. പാർവ്വതീപുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന സെപ്റ്റിക് ടാങ്ക് ഇല്ലാത്ത 680 വീടുകൾക്കായി 577 സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാനുള്ള 1.55 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വള്ളക്കടവ് മുതൽ ആക്കുളം വരെയുള്ള 60 വീടുകൾക്ക് 45 സെപ്റ്റിക് ടാങ്കുകൾ 12 ലക്ഷം രൂപ മുടക്കി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതീ പുത്തനാറിന് കുറുകെ |

307

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | കരിയ്ക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടിയ പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br>ആകെ 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ നിലവിലുള്ള ടണൽ പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികളും നടന്നു വരുന്നു.<br>വർക്കല അഞ്ചുതെങ്ങ്, താഴെവെട്ടൂർ, നടയറ ഭാഗങ്ങളിലായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ 3 പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ സമയപരിധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാത്തതിനാലും കാലാവധി കഴിഞ്ഞതിനാലും ടി പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ പൂർത്തിയാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, അനക്കപ്പിള്ള പാലത്തിനും ചാന്നാങ്കര പാലത്തിനുമിടയിൽ റ്റി.എസ്. കനാൽ വികസനം, |

| | | | | |
|---|---|---|---|---|
| | | | | വെട്ടൂർ പഞ്ചായത്തിൽ റ്റി.എസ് കനാൽ വികസനം, വർക്കലയിൽ ചെ. 49.740 കി. മീ. മുതൽ 50.90 കി. മീ. വരെ കനാൽ വികസനം എന്നീ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി, സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചിറയിൻകീഴ് പഞ്ചായത്തിൽ കടകം, വടക്കേ അരയതുരുത്ത്, തെക്കേ അരയതുരുത്ത് എന്നീ ഭാഗങ്ങളിൽ പാലം നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ഡിസൈൻ പ്രവർത്തനങ്ങൾ IDRB-യിൽ നടന്നുവരുന്നു. വർക്കല നടയറ മുതൽ ഇരവിപുരം വരെ ഗതാഗത യോഗ്യമാണ്. കൊല്ലംതോടിന്റെ വികസനവുമായി ബന്ധപ്പെട്ട് കൈയ്യേറ്റക്കാരെ മാറ്റി പാർപ്പിക്കുന്ന നടപടികൾ പൂർത്തീകരിച്ച് സ്ഥലം വീണ്ടെടുത്തിട്ടുണ്ട്. കൊല്ലംതോടിലെ 1 - 5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൊല്ലംതോടിന് കുറുകെ കല്ലുപാലത്തിന്റെ പുനർനിർമ്മാണത്തിന് കരാർ ഉടമ്പടി വച്ച് തുടർ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| 2 | 13/05 | 165 | കോട്ടപ്പുറം - നീലേശ്വരം ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | കൊല്ലം മുതൽ തൃശ്ശൂർ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാത നം. 3 ആണ്. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. കൂടി ദേശീയ ജലപാത നം. 3 -ൽ ഉൾപ്പെടുത്തിക്കൊണ്ട് 2016-ൽ കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്തു. കോഴിക്കോട് മുതൽ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | നീലേശ്വരം വരെയുള്ള ശേഷിക്കുന്ന 188 കി.മീ. ഭാഗം സംസ്ഥാന ജലപാതയായി വികസിപ്പിച്ചു വരുന്നു. ഭാവിയിൽ ദേശീയ ജലപാതയായി പ്രഖ്യാപിക്കുവാൻ സാധ്യതയുള്ളതിനാൽ സ്ഥല സൗകര്യമുള്ള ഭാഗങ്ങളിൽ ദേശീയ ജലപാത മാനദണ്ഡമനുസരിച്ചുള്ള വികസനമാണ് നടപ്പിലാക്കുന്നത്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ ഇലഞ്ഞിക്കൽ - കല്ലായി കനാൽ കോഴിക്കോട് നഗരത്തിലൂടെയാണ് കടന്നു പോകുന്നത്. 9.70 കി.മീ. വരുന്ന ഈ കനാലിന്റെ വികസനത്തിനായി പദ്ധതി തയ്യാറാക്കിവരുന്നു. കോഴിക്കോടിനും വടകരക്കും ഇടയിൽ ജലപാത ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇലഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടേയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>വടകര - മാഹി കനാലിന്റെ (ചെ. 450.08 കി.മീ. - 467.69 കി.മീ.) പണികൾ 5 റീച്ചുകളായി തിരിച്ച് നടന്നു വരുന്നു. മാഹി - വളപട്ടണം റീച്ചിൽ (ചെ. 467.69 കി.മീ. - 558.00 കി.മീ.) അൺകട്ട് ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി |

| | | | | |
|---|---|---|---|---|
| | | | | ബന്ധപ്പെട്ട് നാട്ടുകാരുടെ എതിർപ്പിനിടയിലും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി കനാൽ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 90.31 കി.മീ. വരുന്ന ഈ റീച്ചിൽ 26 കി.മീ. മാത്രമാണ് പുതിയ പാത. അവശേഷിച്ച ഭാഗങ്ങൾ പുഴകളും കായലുകളുമാണ്. ജലാശയങ്ങളുള്ളത് ആഴംകൂട്ടി പാത ഗതാഗതയോഗ്യമാക്കുന്ന കാര്യവും സർക്കാർ പരിഗണനയിലാണ്.<br><br>കേരളത്തിലെ ഉൾനാടൻ ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും പ്രയോജനപ്പെടുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വികസന പരിപാലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മറ്റുമായി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നം. 2/2017/സി.എസ്.ഐ.എൻ.ഡി. തീയതി, 17/06/2017 പ്രകാരം Kerala Waterways and Infrastructures Ltd. (KWIL) എന്ന പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 3 | 13/11 | 146 | ഉൾനാടൻ ജലപാത കന്യാകുമാരി മുതൽ കാസർഗോഡുവരെ വികസിപ്പിക്കുവാനുള്ള എല്ലാ സാധ്യതകളും നമുക്കുണ്ട്. അതിനെ ക്കുറിച്ച് സർക്കാരിന്റെ വിഷൻ എന്താണെന്ന് വ്യക്തമാക്കുമോ ? | തിരുവനന്തപുരം - കാസർഗാഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല) വരെയുള്ള ദേശീയ ജലപാത നം. 3 ഗതാഗത യോഗ്യമാണ്. ദേശീയജലപാതയുടെ നിർമ്മാണം കേന്ദ്രഫണ്ട് ഉപയോഗിച്ച് കേന്ദ്ര സ്ഥാപനമായ ഐ.ഡബ്ല്യു.എ.ഐ. ആണ് നിർവ്വഹിക്കുന്നത്. കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ. ആണ് പ്രധാന പാത. കൂടാതെ 23 കി.മീ. വരുന്ന ഉദ്യോഗമണ്ഡൽ കനാലും 14 കി.മീ. വരുന്ന ചമ്പക്കര കനാലും ദേശീയ ജലപാതയുടെ ഭാഗമാക്കിയിട്ടുണ്ട്. 10 ടെർമിനൽ ജെട്ടികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ 26-3-2016 -ലെ ഗസറ്റ് വിജ്ഞാപന പ്രകാരം നാഷണൽ വാട്ടർ വേ - 3 കോട്ടപ്പുറത്ത് നിന്നും കോഴിക്കോട് വരെ നീട്ടിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ - ചങ്ങനാശ്ശേരി കനാൽ (28 കി.മീ. - നാഷണൽ വാട്ടർ വേ - 8) ആലപ്പുഴ - കോട്ടയം - ആതിരമ്പുഴ കനാൽ (38 കി.മീ. - നാഷണൽ വാട്ടർ വേ 9) കോട്ടയം - വൈക്കം കനാൽ (28 കി.മീ. - നാഷണൽ വാട്ടർ വേ - 59) പൂവ്വാർ - ഇരയിമ്മൻ തുറൈ (38 കി.മീ. - നാഷണൽ വാട്ടർ വേ -13) എന്നീ കനാലുകളും ദേശീയ ജലപാതയാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഈ കനാലുകൾ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ ഐ.ഡബ്ല്യു.എ.ഐ. വഴി ആരംഭിച്ചിട്ടുണ്ട്. ഈ കനാലുകളുടെ വികസനവും കേന്ദ്രഫണ്ട് ഉപയോഗിച്ച് ഐ.ഡബ്ല്യു.എ.ഐ.-യാണ് നടപ്പിലാക്കുക.<br><br>തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 611 കി.മീ. ദൈർഘ്യമുള്ള പ്രധാന ജലപാതയും (വെസ്റ്റ് കോസ്റ്റ് കനാൽ) ടി ജലപാതയെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, വ്യവസായ കേന്ദ്രങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, കോർട്ടുകൾ തുടങ്ങിയ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ എന്നിവയും വികസിപ്പിച്ച് സുസ്ഥിരമായ ഒരു ജലഗതാഗത മാർഗ്ഗം സാദ്ധ്യമാക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.<br><br>കോവളം മുതൽ കൊല്ലം വരെയുള്ള ചെ. 0 – 74.18 കി.മീ. പ്രവൃത്തികളിൽ പല ഭാഗത്തും പ്രദേശവാസികൾ കനാൽ അതിർത്തികൾ കയ്യേറി നിർമ്മാണങ്ങൾ നടത്തിയിരുന്നു. കയ്യേറ്റം ഒഴിപ്പിച്ച് ഭവന രഹിതരെ പുനരധിവസിപ്പിച്ച് സ്ഥലങ്ങൾ വീണ്ടെടുത്ത് കനാൽ വികസനം സാദ്ധ്യമാക്കുന്നതിന് സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | പാർവ്വതി പുത്തനാറിന്റെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) 186.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ സമഗ്ര വികസനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഒന്നാം ഘട്ടത്തിൽ 80 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ധനസഹായത്തിനായി തയ്യാറാക്കി കഴിഞ്ഞു. കയ്യേറ്റം ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുത്ത ശേഷം അവശേഷിച്ച് രണ്ടാം ഘട്ടത്തിന്റെ പദ്ധതി തയ്യാറാക്കും.<br><br>വർക്കല മുതൽ അഷ്ടമുടിക്കായൽ വരെയുള്ള വിവിധ ഭാഗങ്ങളിലെ പണികൾ 2017-ൽ തന്നെ പൂർത്തീകരിക്കത്തക്കരീതിയിൽ പുരോഗമിച്ചുവരുന്നു. വർക്കല തുരങ്കങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുന്നുണ്ട്.<br><br>വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ ഇലഞ്ഞിക്കൽ - കല്ലായി കനാൽ കോഴിക്കോട് നഗരത്തിലൂടെയാണ് കടന്നു പോകുന്നത്. (ചെ. 402.18 കി.മീ. - 411.78 കി.മീ.) 9.70 കി.മീ. വരുന്ന ഈ കനാലിന്റെ വികസനത്തിനായി പദ്ധതി തയ്യാറാക്കി വരുന്നു.<br><br>കോഴിക്കോടിനും വടകരക്കും ഇടയിൽ ജലപാത ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ |

| | | | | |
|---|---|---|---|---|
| | | | | ഇലഞ്ഞിക്കൽ - കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>വടകര - മാഹി കനാലിന്റെ ചെ. 450.08 കി.മീ. - 467.69 കി.മീ. പണികൾ 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു.<br><br>മാഹി-വളപട്ടണം റീച്ചിൽ (ചെ. 467.69 കി.മീ. - 558.00 കി.മീ.) 3 അൺകട്ട് ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ എതിർപ്പിനിടയിലും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി കനാൽ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 90.31 കി.മീ. വരുന്ന ഈ റീച്ചിൽ 26 കി.മീ. മാത്രമാണ് പുതിയ പാത. അവശേഷിച്ച ഭാഗങ്ങൾ പുഴകളും കായലുകളുമാണ്. സ്ഥലം ഏറ്റെടുത്ത് കനാൽ ഗതാഗതയോഗ്യമാക്കുന്നത് പരിശോധിക്കാവുന്നതാണ്.<br><br>കൊറ്റി നീലേശ്വരം പാത, പാലക്കോട് പുഴ മുതൽ നിലേശ്വരം വരെ (ചെ. 560.75 കി.മീ. മുതൽ 590.00 കി.മീ.വരെ) ജലാശയങ്ങളുള്ളത് ആഴം കൂട്ടി ടി പാത ഗതാഗതയോഗ്യമാക്കാവുന്നതാണ്. |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | | നീലേശ്വരം - ബേക്കൽ പാത (590-611 കി.മീ) - 21 കി.മീ. വരുന്ന ഈ പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിലുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച് വരുന്നു. ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വികസന, പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു സ്ഥാപനം അനിവാര്യമായ സാഹചര്യത്തിൽ എസ്.പി.വി. യായി ഒരു പ്രത്യേക പബ്ലിക് ലിമിറ്റഡ് കമ്പനി കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കെ.ഡബ്ല്യു. ഐ.എൽ.), ജി.ഒ. (എംഎസ്.) 02/17/സി.എസ്.ഐ. എൻ.ഡി., തീയതി, 17/06/2017 ഉത്തരവു പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾ തിരുവനന്തപുരം മുതൽ കാസർഗോഡ് ബേക്കൽ വരെയുള്ള ജലപാത കഴിവതും വേഗം പൂർത്തീകരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. |

## XXII മത്സ്യബന്ധന-തുറമുഖ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | | (3) | (4) |
| 1 | 13/05 | 189 | മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്ന കാര്യം പരിഗണിക്കുമോ; (ബി) സബ്സിഡി കഴിച്ച് എത്ര നിരക്കിൽ മണ്ണെണ്ണ നൽകാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകുകയുണ്ടായി. മത്സ്യഫെഡ് മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം 2015-16 മുതൽ ആരംഭിച്ചിട്ടുണ്ട്. വിപണി വിലയിൽ മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിന്റെ ബങ്കുകളിൽ നിന്നും മണ്ണെണ്ണ വാങ്ങുകയും, ആയതിന് ലിറ്ററിന് 25/- രൂപ നിരക്കിൽ സബ്സിഡി DBT വഴി നൽകി വരുന്നു. 10 HP എഞ്ചിനുകൾക്ക് പ്രതിമാസം 140 ലിറ്ററും 10 മുതൽ 15 HP വരെയുള്ള എഞ്ചിനുകൾക്ക് പ്രതിമാസം 150 ലിറ്ററും 15 HP യ്ക്ക് മുകളിൽ പ്രതിമാസം 190 ലിറ്ററും വെള്ള മണ്ണെണ്ണ മത്സ്യഫെഡ് മുഖേന ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു |

| (1) | (2) | | (3) | (4) |
|---|---|---|---|---|
| | | | | വരുന്നു. 2015-16 സാമ്പത്തിക വർഷം 10 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 13.5 കോടി രൂപയും പദ്ധതിയ്ക്കായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| 2 | 13/10 | 85 | നിരോധിത വല ഉപയോഗിച്ചു മത്സ്യബന്ധനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;<br><br>ഇത്തരം നിരോധിത മാർഗ്ഗങ്ങളിലൂടെ യുള്ള മത്സ്യബന്ധനം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ? | നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽ പ്പെടുമ്പോൾ KMFR ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. Trawlnet ന് 35mm ൽ കൂടുതൽ meshsize വേണമെന്നാണ് നിയമം. അത് ലംഘിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുന്നതിന് ജില്ലാതല ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **സമിതി (2019-2021) യുടെ ആറാമത് റിപ്പോർട്ട്** | | | | |
| 3 | | 85 | <u>ശിപാർശ</u><br>ഓഖി ചുഴലിക്കാറ്റിലും മഹാപ്രളയത്തിലുമൊക്കെ രക്ഷാപ്രവർത്തകരായി മുന്നോട്ടുവന്ന തീരദേശ മേഖലയിലെ ജനങ്ങളുടെ കർമ്മശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി, മത്സ്യത്തൊഴിലാളികളിൽ നിന്നും അർഹരായ യുവാക്കളെ തെരഞ്ഞെടുത്ത് മറൈൻ | <u>സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി</u><br>ഫിഷറീസ് ഡയറക്ടറുടെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ട്. ഈ യൂണിറ്റിന്റെ മേൽ നോട്ടം വഹിക്കുന്നത് കേരള പോലീസ് വകുപ്പിൽ നിന്നും Deputation വ്യവസ്ഥയിൽ നിയമിതനായ പോലീസ് സൂപ്രണ്ട് ആണ്. |

| | | | | |
|---|---|---|---|---|
| | | | എൻഫോഴ്സ്മെന്റിന്റെ ഭാഗമാക്കി പ്രസ്തുത വിഭാഗത്തിനെ ശാക്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | കൂടാതെ ചീഫ് ഗാർഡ്, ഗാർഡ് ഇൻസ്പെക്ടർ, ഹെഡ് ഗാർഡ്, ഫിഷറീസ് ഗാർഡ് എന്നിവരും ഉൾപ്പെടുന്നു. ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇമ്പാണ്ടിംഗ് ഡ്യൂട്ടിയിൽ സഹായിക്കുന്നതിനും ക്രമ സമാധാന പാലനത്തിനുമായിട്ടാണ് ഇവർ നിയോഗിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ഓഖി, പ്രളയം തുടങ്ങിയവയിൽ മത്സ്യത്തൊഴിലാളികളുടെ കാര്യക്ഷമമായ പ്രവർത്തനം പരിഗണിച്ച് കടൽ രക്ഷ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇമ്പൗണ്ടിംഗ് നടപടികൾ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനുമായി മത്സ്യത്തൊഴിലാളികളിൽ നിന്നും പരിശീലനവും പരിജ്ഞാനവും നേടിയുള്ള 50 (അൻപത്) sea rescue ഗാർഡുകളെ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് അനുവദിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുകയും ഇവർക്ക് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. |

## XXIII. സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 169 | ഷൊർണ്ണൂർ മണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ഷൊർണൂർ നിയോജക മണ്ഡലത്തിലെ മൊബൈൽ ത്രിവേണി മറ്റൊരു മൊബൈൽ ത്രിവേണി യൂണിറ്റിലെ ജീവനക്കാരെ ഉപയോഗിച്ച് 27-5-2014 ൽ പ്രവർത്തനം ആരംഭിച്ചു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഇതിന്റെ പ്രവർത്തനം നിർത്തിവെക്കുകയും തുടർന്ന് പ്രവർത്തനം പുനരാരംഭിക്കുവാനും സാധിച്ചിട്ടില്ല. |
| 2 | 13/06 | 27 | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതി നിലവിലില്ല. പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. |

447/2023.

## XXIV. സാംസ്കാരികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/02 | 206 | കേരള സംഗീത അക്കാഡമിയുടെ കീഴിൽ നാടകകലാകാരന്മാർക്ക് ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷ സംവിധാനവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;<br><br>ഉത്സവ സീസണിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് കലാകാരൻമാർക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ? | കേരള സംഗീത നാടക അക്കാദമി സർക്കാരുമായി സഹകരിച്ച് പ്രൊഫഷണൽ നാടകം, വാദ്യകലാ, കഥാപ്രസംഗം, മാജിക്ക്, സർക്കസ്സ് എന്നീ മേഖലകളിലെ കലാകാരന്മാർക്ക് 2015-16 മുതൽ ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്.<br><br>ഉത്സവ സീസണിൽ കേരള സംഗീത നാടക അക്കാദമിയിൽ നിന്ന് കലാകാരന്മാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല |
| 2 | 13/11 | 38 | സംഗീത സംവിധായകനായ പരവൂർ ജി. ദേവരാജൻ മാസ്റ്റർക്ക് ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കുവാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ ? | സ്ഥലവും മറ്റടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി സ്മാരക നിർമ്മാണത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുകയാണെങ്കിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാരകം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

## XXV. വനം - വന്യജീവി വകുപ്പ്

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1 | 13/5 | 153 | ചന്ദനമരങ്ങളുടെ മോഷണം തടയുന്നതിനും അവയുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ, വിശദാംശം വ്യക്തമാക്കുമോ? | ചന്ദന കേസ് അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനും വാഹനങ്ങൾ വഴിയുള്ള ചന്ദനക്കടത്ത് ഫലവത്തായി നിയന്ത്രിക്കുന്നതിനുമായി മറയൂർ ആസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള ഡോഗ് സ്ക്വാഡിന്റെ സേവനം നിലവിലും ഉപയോഗിച്ചുവരുന്നുണ്ട്. നിലവിൽ ടി ഡോഗ് സ്ക്വാഡിൽ ഒരു യൂണിറ്റും കൂടി ഉൾപ്പെടുത്തി ഡോഗ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ചന്ദന സംരക്ഷണ ജീവനക്കാരുടെ സഞ്ചാരം, ചന്ദന മോഷണം അടക്കമുള്ള സംഭവങ്ങളുടെ നിരീക്ഷണം എന്നിവക്കായി പരീക്ഷണാടിസ്ഥാനത്തിൽ നൽകിയിരുന്ന പി.ഡി.എ. (Personal Digital Assistances)കൾ നിലവിൽ അവ സർവ്വീസിനും അറ്റകുറ്റപണി കൾക്കുമായി നൽകിയിരിക്കുകയുമാണ്.<br>മുൻ വർഷങ്ങളിൽ ചന്ദന മരങ്ങളിൽ ഇലക്ട്രോണിക്ക് ചിപ്പുകൾ ഘടിപ്പിക്കുന്ന തിനുള്ള സാധ്യതകളെക്കുറിച്ച് പഠിച്ചിട്ടുള്ളതും മറയൂർ ഡിവിഷനിലെ ആകെയുള്ള ഏകദേശം 60,000 ചന്ദന മരങ്ങളിൽ ടി ഇലക്ട്രോണിക്ക് ചിപ്പുകൾ ഘടിപ്പിക്കുക എന്നത് സാമ്പത്തികമായി വളരെ ചിലവേറിയതുമാണ്. ആയതിനാൽ ചിപ്പുകൾ ഘടിപ്പിയ്ക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

<table>
<tr>
<td>2</td>
<td>13/11</td>
<td>52</td>
<td>ഹരിതശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ പാതയോരങ്ങളിൽ തണൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?</td>
<td>ഹരിതശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയ പാതയോരങ്ങളിൽ ആകെ 3518 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇവയുടെ വിശദവിവരം ഇതോടൊപ്പം ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>സ്ഥലം</th><th>നട്ടുപിടിപ്പിച്ച തൈകളുടെ എണ്ണം</th></tr>
<tr><td>ആലപ്പുഴ</td><td>മാന്നാർ-പുലിയൂർ-ചെങ്ങന്നൂർ റോഡ്</td><td>600</td></tr>
<tr><td></td><td>പൊട്ടുമുപ്പത് അഞ്ചങ്ങാടി റോഡ്</td><td>120</td></tr>
<tr><td></td><td>പുറക്കാട്-സ്മൃതിവനം റോഡ്</td><td>200</td></tr>
<tr><td></td><td>എ.സി. കനാൽ റോഡ്</td><td>100</td></tr>
</table>
</td>
</tr>
</table>

| (1) | (2) | (3) | (4) | (5) | | |
|---|---|---|---|---|---|---|
| | | | | കോട്ടയം | കോടിമത | 102 |
| | | | | | മിഠായിക്കുന്ന് വഴിയോരം | 150 |
| | | | | | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 150 |
| | | | | | പറത്താനം (മുണ്ടക്കയം-പൂഞ്ഞാർ റോഡ്) | 150 |
| | | | | | ചാന്നാനിക്കാട് | 100 |
| | | | | | സി.എം.എസ്. എൽ.പി. സ്കൂൾ | |
| | | | | | നാലുമണിക്കാറ്റ് ഏരിയ | 523 |
| | | | | | തിരുവഞ്ചൂർ-മോസ്കോ | 75 |
| | | | | | ആർപ്പൂക്കര | 60 |

| | | |
|---|---|---|
| എറണാകുളം | കോതമംഗലം-മൂവാറ്റുപുഴ | 150 |
| | തങ്കളം-കാക്കനാട് | 150 |
| തൃശ്ശൂർ | വലപ്പാട് (എൻ.എച്ച്. 47) | 200 |
| | ചാലക്കുടി (എൻ. എച്ച്. 47) | 500 |
| കണ്ണൂർ | മുഴപ്പിലങ്ങാട് (എൻ.എച്ച്. 17) | 28 |
| വയനാട് | കൽപ്പറ്റ ബൈപ്പാസ് (എൻ.എച്ച്. 212) | 110 |
| കോഴിക്കോട് | കൊയിലാണ്ടി -കൊല്ലം ചിറ (എൻ.എച്ച്. 17) | 50 |
| ആകെ | | 3518 |

## XXVI. വിവര പൊതുജനസമ്പർക്ക വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 51 | സർക്കാർ പരിപാടികളുമായി ബന്ധപ്പെട്ടുള്ള പരിപാടികളുടെ പരസ്യത്തിനായി അനിയന്ത്രിതമായി ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇനിയുള്ള നാളുകളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | സംസ്ഥാന സർക്കാരിന്റെ വിവിധ പരിപാടികളുടെ പ്രചാരണത്തിനായി/ പരസ്യത്തിനായി ഫ്ളക്സ് ബോർഡുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, സർക്കാർ പരിപാടി സംഘടിപ്പിക്കുന്ന ബന്ധപ്പെട്ട വകുപ്പുകളും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളും പരിപാടികളുടെ പരസ്യത്തിനായി ഫ്ളക്സ് ബോർഡുകൾ ഉപയോഗിക്കുന്നത് പൂർണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് 14-2-2018-ലെ സി2/274/ 2017/ഐ&പി ആർ നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| 2 | 13/08 | 02 | പത്രപ്രവർത്തകർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഉണ്ടോ; ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | പ്രതിമാസ പത്രപ്രവർത്തക/ പ്രഗത്ഭ പത്രപ്രവർത്തക ക്ഷേമ പെൻഷൻ, 21-3-2015 ലെ സ.ഉ. (എം എസ്) 05/2015/ഐ & പി ആർ ഉത്തരവ് പ്രകാരം 7000 രൂപയിൽ നിന്നും 8000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

## XXVII. പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/11 | 86 | ഉപയോഗശൂന്യമായ ഇലക്ട്രോണിക് വസ്തുക്കളുടെ ഫലപ്രദമായ ശേഖരണം, സംസ്കരണം, പുനരുപയോഗം എന്നീ കാര്യങ്ങളിൽ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി അടിയന്തിരമായി നടപ്പാക്കുമോ? | സംസ്ഥാനത്തെ വിവിധ സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങളുടെ നിയമപ്രകാരമുള്ള ശാസ്ത്രീയമായ പുനഃ ചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനും ഉതകുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ 10-10-2014-ലെ സ.ഉ. (സാധാ) നം.2612/2014/ തസ്വഭവ പ്രകാരം പുറപ്പെടുവി ച്ചിട്ടുണ്ട്. ആയതിൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങൾ കിലോഗ്രാമിന് 5 രൂപ നിരക്കിൽ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനി ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനകം 130 ടൺ ഇ-മാലിന്യങ്ങൾ ഇപ്രകാരം ശേഖരിച്ച് ശാസ്ത്രീയമായി പ്രോസ്സസ് ചെയ്തിട്ടുണ്ട്. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s എർത്ത് സെൻസ് റീ സൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് ഹൈദ്രാബാദിലുള്ള റീ സൈക്ലിംഗ് പ്ലാന്റിൽ ശാസ്ത്രീയമായി പ്രോസസിംഗ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ മുഖേന ഇ-മാലിന്യങ്ങൾ ശേഖരിച്ച് പ്രോസ്സസ് ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്കും ക്ലീൻ കേരള കമ്പനി രൂപം നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 200 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് പ്രോസ്സസ് ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്കും ക്ലീൻ കേരള കമ്പനി രൂപകൽപ്പന നൽകിയിട്ടുണ്ട്. |

447/2023.

| | | | | |
|---|---|---|---|---|
| 2 | 13/11 | 140 | എല്ലാ ജില്ലകളിലും നഗരവനവത്ക്കരണ പദ്ധതി വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | "സാമൂഹ്യ വനവത്കരണ പദ്ധതി നടപ്പിലാക്കുന്നത് വനം വന്യജീവി വകുപ്പാണ്. തിരുവനന്തപുരം ജില്ലയിൽ നഗര വന വൽക്കരണത്തിന്റെ ഭാഗമായി കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം നഗരത്തെ ഹരിതാഭമാക്കുന്നതിനായി ചാക്ക-വേളി, കരമന-നീറമൺകര, പൂജപ്പുര-മുടവന്മുകൾ, പൂജപ്പുര-കരമന, തിരുമല – ഇടപ്പഴഞ്ഞി എന്നിവിടങ്ങളിൽ റോഡിനിരുവശവും വിവിധ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി 65,875 തൈകളും, നേമം, കൊച്ചുവേളി, കഴക്കൂട്ടം എന്നീ റെയിൽവേ സ്റ്റേഷൻ ഏരിയകളിൽ 26,200 തൈകളും വച്ചു പിടിപ്പിച്ചിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിലുള്ള വീടുകളിൽ 128 റസിഡൻസ് അസോസിയേഷനുകൾ വഴി 37,500 ഫല വൃക്ഷത്തൈകളും 15,000 ലക്ഷ്മി തരു തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | കൊല്ലം ജില്ലയിൽ ഗ്രീൻ ഇന്ത്യാ മിഷനിൽ ഉൾപ്പെടുത്തി നഗരവൽകരണം പദ്ധതി നടപ്പിലാക്കുന്നതിനായും ആശ്രാമം മൈതാനം ഹരിതാഭമാക്കുന്നത് സംബന്ധിച്ചും പ്രൊപ്പോസലുകൾ ആയിട്ടുണ്ട് ആയത് അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്.<br>ആലപ്പുഴ ജില്ലയിലെ ചേർത്തല നഗര സഭയുടെ ഉടമസ്ഥതയിൽ ആലപ്പുഴ- ചേർത്തല കനാൽ കരയിലുള്ള പാർക്കിൽ ഉദ്യാന വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനു 2017-18 വർഷത്തിൽ 2406-01-800-55-EF എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ചേർത്തല നഗര സഭാ അധികൃതരുമായി ചേർന്നു തുടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കായംകുളം നഗരത്തിൽ 2017-18 വർഷത്തിൽ റയിൽവേ പുറമ്പോക്ക് ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി ബ്ളോക്ക് പ്ലാന്റിങ്ങ് ജോലികൾ പൂർത്തിയായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കോട്ടയം ജില്ലയിൽ 2014-15 വർഷത്തിൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ നിർദ്ദേശാനുസരണം കോട്ടയം - കോടിമത എം.സി റോഡിന്റെ സൗന്ദര്യ വത്കരണവുമായി ബന്ധപ്പെട്ട ഹരിത നഗരം സർക്കാർ അംഗീകാരം നൽകുകയും റോഡ് മീഡിയനിൽ അരളിതൈ നട്ടുകൊണ്ട് ബഹു; വനം വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. റോഡ് മീഡിയനിൽ അരളിച്ചെടിയും റോയൽ പാം, പ്ളുമേറിയ അലമണ്ട എന്നിവയും റോഡിനിരുവശവും തണൽമരങ്ങളായ ഇലഞ്ഞി, മഹാഗണി എന്നിവയും നട്ടു പിടിപ്പിച്ചിട്ടുണ്ട്. കോട്ടയം വനം ഡിവിഷന്റെ കീഴിലുള്ള അയ്യപ്പൻ കോവിൽ നഗരംപാറ എഫ്.ഡി.എ യുടെ പരിധിയിൽ ഹരിത ഭാരത ദൗത്യം പദ്ധതിയിൽപ്പെടുത്തി കോടിമത ഹരിത ഗ്രാമസമിതി മുഖാന്തിരം ഹരിത നഗര പദ്ധതിയുടെ തുടർ പരിപാലനം നടത്തിവരുന്നു.<br><br>മലപ്പുറം ജില്ലയിൽ വണ്ടൂർ ബ്ളോക്കിലെ വണ്ടൂർ ടൗൺ റോഡ് ഡിവൈഡറിൽ 600 മീറ്റർ നീളത്തിൽ 2460 കോളാമ്പി തൈകൾ (Allamanda camertica) നട്ടു പിടിപ്പിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ, പാതയോരങ്ങളിൽ 200 വൃക്ഷത്തൈ കളും മേഡിക്കൽ കോളേജ് പരിസരത്ത് വലിയ കോൺക്രീറ്റ്പ്ളോട്ടു കളിലായി 40 വൃക്ഷങ്ങളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.<br><br>വയനാട് ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ കൽപ്പറ്റ നഗരത്തിലെ ബൈപ്പാസ് റോഡിൽ 260 തൈകൾ വച്ചുപിടിപ്പിച്ചു പരിപാലിച്ചു വരുന്നു.<br><br>കണ്ണൂർ ജില്ലയിൽ, മുഴപ്പിലങ്ങാട്, കണ്ണൂർ ജില്ലാ ആശുപത്രി, തളാപ്പ് രാജേന്ദ്ര പാർക്ക് എന്നീ സ്ഥലങ്ങളിൽ നഗരവത്കരണ പദ്ധതി പ്രവർത്തി കൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നഗര സഭയിൽ 2017-18 വർഷത്തിൽ നഗര വനവല്ക്കരണം നടപ്പിലാക്കുന്നതിനായി പദ്ധതി പ്രദേശം വനം വകുപ്പും നഗരസഭാ ചെയർമാനും സംയുക്തമായി കണ്ടെത്തിയിട്ടുണ്ട്.<br><br>പത്തനംതിട്ട, ഏറണാകുളം, തൃശ്ശൂർ, ഇടുക്കി പാലക്കാട് എന്നീ ജില്ലകളിൽ നഗര വന വൽകരണ പദ്ധതി (UEIP)ഫണ്ടിന്റെ അഭാവം മൂലം നടപ്പിലാക്കിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്." |

## XXVIII. പൊതുഭരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/04 | 01 | സംസ്ഥാനത്തെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായിട്ടുള്ള കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ : വിശദമാക്കുമോ ; കോർപ്പറേഷൻറെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കിയിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഉണ്ട്. 25-4-2012 ലെ സ.ഉ (എം.എസ്) 84/12/പൊഭവ. പ്രകാരം മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യാനുള്ള നടപടി ക്രമങ്ങൾക്കായി ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കോർപ്പറേഷൻ പ്രവർത്തിച്ചു വരുന്നത്. കോർപ്പറേഷന് നിലവിൽ ഭരണത്തിനായി 11/8/2017 ലെ സ.ഉ.(സാധാ) നം. 5105/17/പൊഭവ. പ്രകാരം ചെയർമാൻ ഉൾപ്പെടെ 10 അംഗഭരണ സമിതി (ബോർഡ് ഓഫ് ഡയറക്ടേഴ്സ്) രൂപീകരിച്ചിട്ടുണ്ട്. |

## XXIX. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 09 | സാമ്പത്തികവർഷത്തിന്റെ അവസാനം പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പദ്ധതി ചെലവ് ഉണ്ടാകുമെന്ന പ്രതീക്ഷയിൽ തുക നഷ്ടപ്പെടാതിരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തുക പിൻവലിച്ച് ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

## XXX. വിജിലൻസ് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/10 | 80 | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ നേരിട്ട് അറിയിക്കുവാൻ വിജിലൻസ് ഡയറക്ടറേറ്റിൽ ഒരു ടോൾഫ്രീ നമ്പർ സംവിധാനം, (8592900900) ആരംഭിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | കൂടാതെ പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി ലൈറ്റിനിംഗ് സ്ക്വാഡ് പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊതു ജന പങ്കാളിത്തത്തോടുകൂടി അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി പഞ്ചായത്ത് തലം മുതൽ 'വിജിലന്റ് കേരള' പദ്ധതി ആരംഭിച്ചിട്ടുണ്ട്. 25-3-2013 ലെ സ.ഉ(സാധാ) നം.11/2013/വിജി. ഉത്തരവു പ്രകാരം എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരെ ചെയർമാനായും വിജിലൻസ് ജില്ലാ യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട്മാരെ കൺവീനറായും ഉൾപ്പെടുത്തി ജില്ലാ വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വി.എ.സി.ബിയിലെ പോലീസ് ഇൻസ്പെക്ടർമാരും അതിനു മുകളിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും മികച്ച സേവനത്തിന്റെ അടിസ്ഥാനത്തിൽ ബാഡ്ജ് ഓഫ് ഓണർ ബഹുമതി നൽകി വരുന്നുണ്ട്. കൂടാതെ വി.എ.സി.ബിയുടെ നവീകരണത്തിന്റെ ഭാഗമായി വിജിലൻസ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും വിജിലൻസിന് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് പരാതിയിൽ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്ന് പരാതിക്കാരന് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഓൺലൈൻ ആയി തന്നെ അറിയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എസ്.എം.എസ്. ഇൻഫർമേഷൻ സിസ്റ്റം വഴി പരാതിക്കാരന്റെ മൊബൈൽ നമ്പറിലേക്ക് പരാതി രജിസ്റ്റർ ചെയ്ത നമ്പർ തുടർനടപടിയ്ക്കായി അയച്ചു കൊടുത്ത യൂണിറ്റ് മുതലായവ എസ്.എം.എസ് മുഖേന അറിയിക്കുന്നുണ്ട്. കൂടാതെ വിജിലൻസ് ഉദ്യോഗസ്ഥർക്കായി അടിയന്തര പ്രാധാന്യമുള്ള വിവരങ്ങൾ വളരെ വേഗത്തിൽ കൈമാറാനും പ്രസ്തുത സിസ്റ്റം വഴി സാധിക്കുന്നുണ്ട്. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലേക്കായി ബോധ വൽക്കരണ എസ്.എം.എസ്. കേരളത്തിലുട നീളം അയച്ചു വരുന്നു. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ വന്നതിനു ശേഷമുള്ള മുഴുവൻ സർക്കുലറുകളും (1965-2010) പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് സോഫ്റ്റ്‌വെയർ ആയി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോയുടെ അഴിമതി വിരുദ്ധ പ്രചാരണങ്ങളും മറ്റും പൊതുജനങ്ങളിലേക്കും യുവാക്കളിലേക്കും എത്തിക്കുന്നതിലേക്കായി ഫേസ്ബുക്ക്, ട്വിറ്റർ, ഗൂഗിൾ പ്ലസ്, യൂട്യൂബ് എന്നീ നവമാധ്യമങ്ങളിലും പേജുകൾ ആരംഭിക്കുകയും കൂടാതെ പൊതുജന ങ്ങളിൽ നിന്ന് വീഡിയോ ഓഡിയോ പരാതികൾ സ്വീകരിക്കുന്നതി ലേക്കായി 9447789100 എന്ന വാട്സ് ആപ് സംവിധാനവും ആരംഭിച്ചിട്ടുണ്ട്. |

## XXXI. ഉന്നത വിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/11 | 139 | സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ? | ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച പ്രൊഫ രവീന്ദ്രനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളും അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പുതുക്കുന്ന വിഷയത്തിൽ സമഗ്ര ചർച്ചകൾക്കും പഠനത്തിനുംശേഷം കോളേജ് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയും എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള മാനദണ്ഡം അംഗീകരിച്ച് 29-2-2016-ലെ സ.ഉ (കൈ)60/2016/ ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ഓരോ കോളേജുകളുടേയും സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. |

## XXXII. പ്രവാസി കേരളീയകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/5 | 213 | പ്രവാസികളിൽ താഴ്ന്ന വരുമാനക്കാരായവരുടെ മക്കൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | താഴ്ന്ന വരുമാനക്കാരായ പ്രവാസികളുടെ മക്കൾക്കായി നോർക്ക റൂട്ട്സ് വിഭാവനം ചെയ്ത് ഡയറക്ടർ ബോർഡിന്റെ അംഗീകാരം ലഭിച്ച പദ്ധതിയാണ് ഡയറക്ടേഴ്സ് പദ്ധതി. എൻ.ആർ.ഐ. ഡയറക്ടർമാർ പ്രതിവർഷം 50 ലക്ഷം രൂപയും നോർക്ക റൂട്ട്സിന്റെ വരുമാനത്തിൽ പ്രതിവർഷം |

| | | | | |
|---|---|---|---|---|
| | | | | 10 ലക്ഷം രൂപയും നീക്കിവച്ച് ആ തുക ഉപയോഗിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ സ്കോളർഷിപ്പിൽ നിന്നുള്ള ധനസഹായം തുടർച്ചയായി നൽകേണ്ടതിനാൽ ഡയറക്ടർമാരു ടെ വിഹിതം മാത്രം ആശ്രയിക്കുന്നത് ഉചിതമായിരിക്കുകയില്ല എന്നതിനാൽ പ്ലാൻ ഫണ്ട് വിഹിതം കൂടി ലഭ്യമായാലേ പദ്ധതി ആരംഭിക്കാൻ കഴിയൂ. വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് തീരുമാനം എടുക്കുന്നതിനായി സർക്കാർ ഈ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. കൂടാതെ പ്രവാസി ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളവരുടെ മക്കളുടെ ഉപരിപഠന സഹായത്തിനായി, രണ്ടു വർഷമെങ്കിലും തുടർച്ചയായി നിധിയിൽ അംശദായം അടച്ചിട്ടുള്ള, കല്പിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള പദ്ധതി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന 2014-15 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പരമാവധി 4,000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഗ്രാന്റ് തുക. |

## XXXIII. എക്സൈസ് വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/8 | 67 | നവീകരണപദ്ധതിയുടെ ഭാഗമായി എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് വകുപ്പിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | എക്സൈസ് വകുപ്പിൽ ദക്ഷിണ മേഖലയിലും, മദ്ധ്യമേഖലയിലും മൊബൈൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു. 6 ജില്ലകളിലേക്ക് അനുവദിച്ചിരുന്ന വയർലസ്സ് സംവിധാനം ചില സാങ്കേതിക കാരണങ്ങളാലും നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. എന്നാൽ 2017-2018 സാമ്പത്തിക വർഷത്തിൽ വയർലസ്സ് സംവിധാനം സ്ഥാപിക്കുന്നതിനായി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപയോഗിച്ച് പാലക്കാട്, എറണാകുളം ജില്ലകളിൽ ആദ്യ ഘട്ടത്തിൽ വയർലസ് |

## XXXIV. കായികയുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/10 | 58 | എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സസ് സെന്ററുകൾ ആരംഭിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ? | യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പരിഗണനയിലുണ്ടായിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. |

അനുബന്ധം - III

# സമിതി അംഗീകരിച്ച അധികവിവര റിപ്പോർട്ടുകളുടെ പട്ടിക

## I. ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 11/12 | 14 | കേരളത്തിലെ ആയുർവേദ ഔഷധങ്ങളെ രാജ്യാന്തര ബ്രാന്റായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?<br><br>**അധികവിവരം**<br><br>ആയുർവേദ ചികിത്സാ രംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച പ്രസ്തുത ഉറപ്പിന്മേൽ കേരളത്തിലെ ആയുർവ്വേദ ഔഷധങ്ങളെ രാജ്യാന്തര ബ്രാന്റായി വികസിപ്പിക്കുന്നതിനായി കേന്ദ്രസഹായം ലഭ്യമാക്കാനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ? | നിലവിൽ ആയുർവേദ ഔഷധങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും, താളിയോല ഗ്രന്ഥങ്ങൾ, പുരാതനമായ രേഖകൾ എന്നിവയെ സംബന്ധിച്ച് പഠിക്കുന്നതിനുമായി ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിൽ പേറ്റന്റ് സെൽ പ്രവർത്തിച്ചു വരുന്നു.<br><br>ഇന്ത്യയിൽ വളർന്നുവരുന്ന വിവിധ ഔഷധ സസ്യങ്ങൾക്ക് വ്യാജ പേറ്റന്റ് വിവാദം ഉണ്ടായ സാഹചര്യത്തിൽ കേരള സർക്കാർ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 2003-ൽ പേറ്റന്റ് സെൽ രൂപീകരിക്കുക യുണ്ടായി. 2013-ൽ ഇത് ട്രഡീഷണൽ നോളഡ്ജ് ഇന്നോവേഷൻ |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | | കേരള (TKIK) എന്ന സ്ഥാപനമായി മാറുകയുണ്ടായി.<br>ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ ആയുർവേദ ചികിത്സാ മേഖലയിലെ പാരമ്പര്യ വിജ്ഞാനത്തെ കണ്ടെത്തുകയും, അവയ്ക്ക് ബൗദ്ധിക സ്വത്തവകാശ നിയമത്തിന്റ പരിധിയിൽപ്പെടുത്തി പേറ്റന്റ് സംരക്ഷണം നേടുകയും, വ്യാജ പേറ്റന്റുകൾ തടയുകയും അതോടൊപ്പം രാജ്യത്തിന്റെ താൽപര്യം സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം പുരാതന വൈദ്യരേഖകൾ കണ്ടെത്തി ജനങ്ങൾക്ക് പ്രയോജനപ്രദമായ ഔഷധങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും കണ്ടെത്തിയ അറിവുകൾ പേറ്റന്റ് നേടി സംരക്ഷിക്കുകയും ചെയ്യുക എന്നതാണ്. 2009-2012 കാലയളവിൽ നടപ്പിലാക്കി പൂർത്തീകരിച്ച കേന്ദ്രസഹായ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നാളിതുവരെ സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് കണ്ടെത്തിവരികയാണ്. മേൽപ്പറഞ്ഞ |

| | | | | |
|---|---|---|---|---|
| | | | | കാലയളവിൽ കേന്ദ്ര ആയുഷ് വകുപ്പിൽ നിന്നും മൊത്തം 71.7 ലക്ഷം രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. 3 ഗഡുക്കളായിട്ടാണ് ഇവ ലഭിച്ചത്. 11-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനവും 12-ാം പഞ്ചവൽസര പദ്ധതിയുടെ തുടക്കവുമായ 2012 വർഷത്തിൽ സംഭവിച്ച ധനവിനിയോഗം സംബന്ധിച്ച തീരുമാനങ്ങൾ ഉണ്ടാവാനുള്ള കാലതാമസം കേന്ദ്രത്തിൽ നിന്ന് തുടർ ധനസഹായം ലഭിക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിച്ചു. എന്നാൽ പദ്ധതി നിർവ്വഹണം Utilisation Certificate തുടങ്ങിയ രേഖകൾ സമർപ്പിച്ച കേന്ദ്ര പദ്ധതി 2012-ൽ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കേന്ദ്ര പദ്ധതി പൂർത്തിയായ ശേഷം 2013 മുതൽ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ചാണ് ട്രഡീഷണൽ നോളഡ്ജ് ഇന്നൊവേഷൻ കേരളയുടെ എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നത്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരത്തിന്മേൽ അധികവിവരം**<br>ആയുർവ്വേദ ഔഷധങ്ങളെ രാജ്യാന്തര ബ്രാന്റായി വികസിപ്പിക്കാനുള്ള പദ്ധതി സംബന്ധിച്ച ഒരു റിപ്പോർട്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്. | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ട്രെഡീഷണൽനോളഡ്ജ് ഇന്നൊവേഷൻ കേരളയിലൂടെ ആയുർവേദ ഔഷധങ്ങളുടെ രാജ്യാന്തര ബ്രാന്റ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. സംസ്ഥാന പദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഈ പ്രവർത്തനം പുരോഗമിക്കുന്നു. താളിയോലകളിൽ നിന്ന് കണ്ടെടുക്കുന്ന ഫലപ്രദമായ ഔഷധങ്ങളുടെ ഡ്രഗ് മാസ്റ്റർ ഫയൽ തയ്യാറാക്കി, ക്ലീനിക്കൽ ട്രയൽ പൂർത്തിയാക്കി വിപണനം നടത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. ഇപ്രകാരം താളിയോലകളിൽ നിന്നും കണ്ടെടുത്ത 3 ഔഷധങ്ങളുടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണ പ്രക്രിയകൾ ഉൾക്കൊള്ളുന്ന ഡ്രഗ് മാസ്റ്റർ ഫയൽ (DMF) പൂർത്തിയാക്കുകയും ഇതിൽ ഒരു ഔഷധത്തിന്റെ ക്ലീനിക്കൽ ട്രയൽ |

| | | | | |
|---|---|---|---|---|
| | | | | വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇത് കയറ്റുമതിയും വിദേശനാണ്യ ലഭ്യതയ്ക്കും സാധ്യത ഉള്ള ഒന്നാണ്. ആയുർവേദ ഔഷധങ്ങളുടെ ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിനായി സി.എസ്.ഐ. ആർ.ടി.കെ.ഡി.എൽ, ന്യൂഡൽഹിയുമായി ധാരണാപത്രം ഒപ്പുവച്ചു കൊണ്ട് ആയുർവേദ സംബന്ധമായ വിവരങ്ങൾ ഇലക്ട്രോണിക് ഡേറ്റാ ബേസിൽ ആക്കി സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിലൂടെ രാജ്യത്തിനകത്തും പുറത്തും ആയുർവേദ ത്തിലെ വ്യാജപേറ്റന്റുകൾ തടയാൻ സാധിക്കുന്നതാണ്. |
| 2 | 13/02 | 75 | ചാലിയാറിന്റെ തീരത്തുള്ള പ്രദേശങ്ങളിലെ കുട്ടികളിൽ പാദം വിണ്ടുകീറുന്നതായുള്ള അസുഖത്തിൻമേൽ അടിയന്തര നടപടി സ്വീകരിക്കുമോ? | മലപ്പുറം ജില്ലയിലെ അരീക്കോട് പ്രദേശങ്ങളിലെ സ്കൂൾ കുട്ടികളുടെ കാൽപ്പാദത്തിന്റെ ഉൾവശം പഴുത്ത് പൊട്ടി വികൃതമാകുന്ന അപൂർവ്വ രോഗം സാധാരണയായി മൺസൂൺ കാലത്താണ് കണ്ടുവരുന്നതെന്നും ഇതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡെർമറ്റോളജി വിഭാഗത്തിലെ പ്രൊഫസർ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരം**<br>മലപ്പുറം ജില്ലയിലെ അരീക്കോട് പ്രദേശങ്ങളിൽ കണ്ടുവരുന്ന അപൂർവ്വരോഗത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിൽ ആരോഗ്യവകുപ്പ് വീഴ്ച വരുത്തിയിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത രോഗത്തിനെതിരെ സ്വീകരിച്ചിരിക്കുന്ന നടപടിയെ സംബന്ധിച്ചും രോഗകാരണം കണ്ടെത്തുന്നതിനുവേണ്ടി പഠനം നടത്തിയിട്ടുണ്ടോയെന്നും രോഗം ബാധിച്ചവർക്ക് ധനസഹായം നൽകിയിട്ടുണ്ടോയെന്നും ആരാഞ്ഞു. | ഡോ. നജീബറാചാസിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സംഘം രോഗബാധിത പ്രദേശം സന്ദർശിച്ച് ഈ രോഗികളെ പരിശോധിച്ച് വിദഗ്ധ ചികിത്സയ്ക്കായി ഇവരിൽ 6 പേരുടെ ബയോപ്സി എടുത്ത് പരിശോധിക്കുകയും ചെയ്തതായും എന്നാൽ ഈ രോഗം പ്ലാന്റ്റാർസോറിയോസിസ്, അലർജി ഡെമറ്റെറ്റീസ് എന്നീ രോഗ ലക്ഷണങ്ങൾ ആണെന്ന് മനസ്സിലാക്കുകയും ഇതിനുള്ള ചികിത്സ നൽകുകയും ചെയ്തിട്ടുണ്ടെന്നും ശരിയായ രോഗ കാരണം എന്താണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും എന്നാൽ എല്ലാ രോഗികൾക്കും മെഡിക്കൽ സംഘത്തിന്റെ ചികിത്സകൊണ്ട് രോഗം മാറിയിട്ടുണ്ടെന്നും ഈ മഴക്കാല സീസണിലും ഇത്തരത്തിലുള്ള രോഗങ്ങൾ ഈ പ്രദേശത്ത് ചെറിയതോതിൽ ഉള്ളതായി |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് ചെയ്തിരുന്നെന്നും അവയെല്ലാം ചികിത്സകൊണ്ട് ഭേദമായിട്ടുണ്ട് എന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ള വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു. മലപ്പുറം ജില്ലയിൽ അരീക്കോട് പ്രദേശങ്ങളിൽ കുട്ടികളുടെ കാൽപ്പാദം വിണ്ടുകീറി പഴുത്ത് പൊട്ടി വികൃതമാകുന്ന രോഗത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി ഒരു മെഡിക്കൽ സംഘത്തെ നിയോഗിച്ചു. പ്രസ്തുത സംഘം പ്രായം, ലിംഗം, ഋതുഭേദം (Seasonal variation), ചിലതരം കറുത്ത പാദരക്ഷകളുടെ ഉപയോഗം, സിമന്റുമായുള്ള ഇടപെടൽ, കുടുംബചരിത്രം തുടങ്ങി ഒട്ടനവധി വിഷയങ്ങളെ സംബന്ധിച്ചുള്ള വ്യക്തമായ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ വണ്ടൂർ, മുണ്ടമ്പ്ര എന്നീ സ്ഥലങ്ങളിലെ സ്കൂളികളിൽ പഠനം നടത്തി, 4 വയസ്സിനും 14 വയസ്സിനും |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഇടയിലുള്ള പാദത്വക്ക് രോഗങ്ങൾ ഉള്ള ഏകദേശം 238 കുട്ടികളെ പരിശോധിച്ചു. ഈ കുട്ടികളിൽ പെൺകുട്ടികൾക്കാണ് ആൺകുട്ടികളെക്കാളും കൂടുതലായി ഈ രോഗം ബാധിച്ചിട്ടുള്ളത് എന്ന് കണ്ടെത്തി. ഏതെങ്കിലും അലർജൻസ് കൊണ്ടുണ്ടാകുന്ന ത്വക്ക് രോഗങ്ങളാണോ എന്ന് കണ്ടെത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ പരിശോധനയ്ക്ക് തയ്യാറായ 40 കുട്ടികളെ Patch Testing-ന് ഗവൺമെന്റ് മെഡിക്കൽ കോളേജ് ഡെർമറ്റോളജി ഡിപ്പാർട്ട്മെന്റിലേയ്ക്ക് വിടുകയും അവരിൽ 24 പേർക്ക് പോസിറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു. ജനിതക-പാരമ്പര്യ കാരണങ്ങളാലും മഞ്ഞ്-മഴ എന്നിവമൂലവും ചിലതരം കറുത്ത നിറത്തിലുള്ള കട്ടി കുറഞ്ഞ ചെരുപ്പ്, സോപ്പിന്റെ അമിത ഉപയോഗം, ചളി, സിമന്റ് എന്നിവയു |

| | | | | |
|---|---|---|---|---|
| | | | | മായുള്ള സമ്പർക്കം എന്നിവ മൂലമാണ് ഈ രോഗം ഉണ്ടാകുന്നത് എന്ന് കണ്ടെത്തി. രോഗബാധിതർക്ക് ആരോഗ്യവകുപ്പ് ആവശ്യമായചികിത്സ നൽകിയിട്ടുണ്ട്. ഈ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ് ധനസഹായം നൽകിയിട്ടില്ല. |
| 3 | 13/02 | 141 | സ്വകാര്യ ആശുപത്രികളിലെ അനാവശ്യ ചികിത്സാ രീതികളും അമിത ഫീസ് ഈടാക്കലും നിയന്ത്രിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം നിയമനം മുഖേന നിയന്ത്രിക്കുവാനായി രൂപം നൽകിയ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"- നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ (2018-ലെ 52-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട്, |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരം**<br>"കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ &റഗുലേഷൻ) ആക്ട് 2017" നിയമസഭ പാസ്സാക്കിയ സാഹചര്യത്തിൽ അത് നടപ്പാക്കാനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വകുപ്പിനോട് ആരാഞ്ഞു. | 26-12-2018 തീയതിയിലെ എസ്.ആർ.ഒ നമ്പർ 929/2018 പ്രകാരം 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടം രൂപീകരിച്ചിട്ടുണ്ട്. |
| 4 | 13/02 | 189 | അന്യസംസ്ഥാന ങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യസാധനങ്ങളിലും ഉണ്ടെന്നു പറയപ്പെടുന്ന രാസകീടനാശിനികളുടെയും മറ്റ് രാസപദാർത്ഥങ്ങളുടെയും അവശിഷ്ടങ്ങൾ ഏതൊക്കെ രോഗങ്ങൾക്ക് കാരണമാകുന്ന എന്നത് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?<br><br>**അധികവിവരം**<br><br>ഭക്ഷ്യവസ്തുക്കളിലെ രാസവസ്തുക്കൾ മൂലമുണ്ടാകുന്ന രോഗങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാതല സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നതിന്റെ വിശദവിവരം ലഭ്യമാക്കുക | ഭക്ഷ്യസാധനങ്ങളിലെ രാസകീടനാശിനികളുടെയും മറ്റു രാസപദാർത്ഥങ്ങളുടെയും അവശിഷ്ടങ്ങൾ സംബന്ധിച്ച പഠനം Food Safety and Standards Authority of India നടത്തുന്നുണ്ട്. Food Safety and Standards Authority of India യിൽ നിന്നും പഠനറിപ്പോർട്ടുകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പും അത് സംബന്ധിച്ച തുടർ നടപടി സ്വീകരിച്ചുവരുന്നു.<br><br>ഇത് കൂടാതെ സംസ്ഥാനത്ത് ഭക്ഷ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന ഗവേഷണസ്ഥാപനങ്ങളുടെ |

| | | | | |
|---|---|---|---|---|
| | | | | സർവ്വകലാശാലകളിലും ഈ വിഷയം സംബന്ധിച്ച് ലഭിച്ച കണ്ടെത്തലുകളോ അനുമാനങ്ങളോ ലഭ്യമാണെങ്കിൽ അവ കൂടി പൊതുജനങ്ങളിലേക്ക് കൂടുതലായി എത്തിക്കുകയെന്ന ഉദ്ദേശത്തോടെ ദേശീയ ഭക്ഷ്യദിനത്തോടനുബന്ധിച്ച് കനകക്കുന്ന് കൊട്ടാരത്തിൽ ഒരു ദേശീയ സെമിനാർ ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി. സെമിനാറിൽ നിന്നും കിട്ടിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാ തലത്തിലും ഇത്തരത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>**അധികവിവരത്തിനുള്ള മറുപടി**<br><br>ഭക്ഷ്യവസ്തുക്കളിലെ രാസവസ്തുക്കൾ മൂലമുണ്ടാകുന്ന രോഗങ്ങൾ സംബന്ധിച്ചും ഭക്ഷ്യസുരക്ഷയെ സംബന്ധിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്തി നിരവധി സെമിനാറുകൾ ഭക്ഷ്യസുരക്ഷാവകുപ്പ് ഭക്ഷ്യ സുരക്ഷാ മാതൃകാ ഗ്രാമ പഞ്ചായത്ത് എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലേയും മറ്റ് സ്വകാര്യ ആശുപത്രികളിലെയും ന്യൂട്രിഷ്യൻ മാരെയും വിദഗ്ധരെയും പ്രസ്തുത സെമിനാറുകളിൽ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2016-2017 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുക്ക പ്പെട്ട 50 ഗ്രാമ പഞ്ചായത്തുകളിലും 2017-2018 സാമ്പത്തിക വർഷം തെരഞ്ഞെടുക്ക പ്പെട്ട 100 ഗ്രാമ പഞ്ചായത്തുകളിലും പ്രസ്തുത പരിപാടി വിജയകരമായി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 129 ഗ്രാമ പഞ്ചായത്തുകളിൽ പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 5 | 13/5 | 199 | (ബി) ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനൽ വകുപ്പിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം കുറയ്ക്കുന്നതിന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ? (സി) ഉണ്ടെങ്കിൽ ആയതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശം വ്യക്തമാക്കുമോ ? | നഴ്സുമാർക്ക് 3 ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധിക തസ്തിക സൃഷ്ടിക്കുന്ന ഇനത്തിലും സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് നൽകുന്ന ഇനത്തിലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പിലെയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും നേഴ്സുമാരുടെ |

<table>
<tr><td rowspan="2"></td><td rowspan="2"></td><td rowspan="2"></td><td rowspan="2">അധികവിവരം<br>ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം കുറയ്ക്കുന്നതു സംബന്ധിച്ച ഉറപ്പിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് അറിയിക്കുക.</td><td>ജോലി സമയം 3 ഷിഫ്റ്റ് ആക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ല.<br><br>അധികവിവരത്തിനുള്ള മറുപടി<br><br>നേഴ്സുമാരുടെ ജോലി സമയം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് 27-11-2017 ലെ സ.ഉ(സാധാ) 546/2017/ആയുഷ് നമ്പർ ഉത്തരവ് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള മുപ്പതും അതിലധികവും കിടക്കകളുള്ള ആയുർവേദ ആശുപത്രികളിൽ നേഴ്സ് തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br><u>ഷിഫ്റ്റ് ഡ്യൂട്ടി സമയം</u><br>
<table>
<tr><td>ഒന്നാം ഷിഫ്റ്റ്</td><td>രണ്ടാം ഷിഫ്റ്റ്</td><td>മൂന്നാം ഷിഫ്റ്റ്</td></tr>
<tr><td>7 AM-1PM</td><td>1AM-7PM</td><td>7PM - 7AM</td></tr>
<tr><td>ഒന്നാം ഷിഫ്റ്റ്</td><td>രണ്ടാം ഷിഫ്റ്റ്</td><td>മൂന്നാം ഷിഫ്റ്റ്</td></tr>
</table>
</td></tr>
<tr><td>മുപ്പതിന് താഴെ കിടക്കകളുള്ള ആശുപത്രികളിൽ സ്റ്റാഫിന്റെ അപര്യാപ്തത കാരണം 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ കഴിയുകയില്ല.</td></tr>
</table>

## II. കൃഷി വകുപ്പ്

| ക്രമ നമ്പർ | നിയമസഭ /സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/02 | 196 | പച്ചക്കറി കൃഷിക്കും നെൽകൃഷിക്കും വളത്തിന് സബ്സിഡി സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ?<br>**അധികവിവരം**<br>വളം സബ്സിഡി സംബന്ധിച്ച ഉറപ്പിന്മേൽ സബ്സിഡി തുക കൃത്യമായി കൊടുക്കുന്നുണ്ടോയെന്നും എത്ര ജില്ലകളിൽ സബ്സിഡി വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള കാര്യങ്ങൾ കൃഷി വകുപ്പിൽ നിന്നും ആരായുവാനും 2004 മുതൽ കർഷകർക്ക് കൊടുത്തിട്ടുള്ള സബ്സിഡി തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു. | ഉറപ്പിൻമേൽ സ്വീകരിച്ച നടപടി പി.ഡി.എഫ് ആയി അപ് ലോഡ് ചെയ്തിട്ടുണ്ട്.<br>2012-13 വർഷം മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി ക്ലസ്റ്റർ (5 ഹെക്ടർ) കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 15,000 രൂപ പ്രകാരം ഒരു ക്ലസ്റ്ററിന് 75000 രൂപ ആനുകൂല്യം നൽകിവരുന്നു. ഈ ധനസഹായം കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, ഉൽപാദനോപാധികൾ, വളം ഉൾപ്പെടെയുള്ള ചെലവുകൾക്കായിട്ടാണ് നൽകുന്നത്. 2012-13 വർഷത്തിൽ 800 ക്ലസ്റ്ററുകൾക്ക് ആനുകൂല്യം നൽകിയത് 2017-18 വർഷമായപ്പോൾ 1000 ക്ലസ്റ്ററുകൾക്ക് മേൽ പറഞ്ഞ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | <br><br><br><br><br><br><br><br><br>പച്ചക്കറി കൃഷിക്കും നെൽകൃഷി ക്കുമുള്ള വളത്തിന് സബ്സിഡി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ഉറപ്പിന്മേൽ സമിതി ആവശ്യപ്പെട്ടിരുന്ന അധിക വിവരമായ “2004 മുതൽ കർഷകർ ക്ക് കൊടുത്തിട്ടുള്ള സബ്സിഡി തുകയുടെ ജില്ല തിരിച്ചുള്ള കണക്ക്" വകുപ്പിനോട് ആരായാൻ തീരുമാനിച്ച | നെൽകൃഷി വികസന പദ്ധതിയിൽ സുസ്ഥിര കൃഷി വികസനത്തിനായി ഹെക്ടറിന് 1500 രൂപ പ്രകാരം സബ്സിഡി നൽകുന്നുണ്ട് കൂടാതെ കരനെൽകൃഷി തരിശുനില കൃഷി എന്നിവയ്ക്കും നെൽകൃഷിയിലെ എല്ലാ പ്രവർത്തനങ്ങൾക്കും, വളം ഉൾപ്പെടെയുള്ള ഉൽപാദനോ പാധികൾക്കായി ധനസഹായം നൽകുന്നുണ്ട്<br><br>**അധികവിവരത്തിനുള്ള മറുപടി**<br><br>(ഫയൽ നമ്പർ. അഗ്രി -എജി3/132/2019-അഗ്രി )<br>പച്ചക്കറി കൃഷിക്കും, നെൽ കൃഷിക്കും വിത്ത്, ജൈവ/രാസ/ജീവാണുവളം, ജൈവ കീടനാശിനി, ബയോകൺട്രോൾ ഏജന്റ്സ്, സർട്ടിഫിക്കേഷൻ മുതലായവയ്ക്ക് വേണ്ടിയാണ് സബ്സിഡി തുക ചെലവഴിച്ചിട്ടുള്ളത്. 2004-05 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ പച്ചക്കറി കൃഷിയുടെയും നെൽകൃഷിയുടെയും പദ്ധതി ഘടകങ്ങൾക്ക് സംസ്ഥാനതലത്തിൽ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാണെങ്കിലും വളത്തിന് സബ്സിഡി നൽകിയതു മാത്രമായുള്ള രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല. 2004-05 സാമ്പത്തിക വർഷം മുതൽ 2018-19 സാമ്പത്തിക വർഷം വരെ പച്ചക്കറി കൃഷിക്കും നെൽകൃഷിക്കും വളത്തിന് |

| 1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | സബ്സിഡിയുമായി ബന്ധപ്പെട്ട ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സാമ്പത്തിക വർഷം | പദ്ധതി | സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2004-05 | പച്ചക്കറി വികസന പദ്ധതി | 14.999 |
| | | നെൽകൃഷി വികസനം | 650 |
| 2 | 2005-06 | പഴം പച്ചക്കറി വികസന പദ്ധതി | 356.75 |
| 3 | 2006-07 | പച്ചക്കറി കൃഷി വിസ്തൃതി വ്യാപനം | 15 |
| | | നെൽകൃഷി വികസനം | 1838.25 |
| 4 | 2007-08 | എസ്.എച്ച്.എം., വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി വികസനം | 25 |

| | | | |
|---|---|---|---|
| | | നെൽകൃഷി വികസനം | 1406.59 |
| 5 | 2008-09 | പച്ചക്കറി വികസനം പദ്ധതി | 186.29 |
| | | നെൽകൃഷി വികസനം | 1999.72 |
| 6 | 2009-10 | പച്ചക്കറി വികസനം - 1000 | 124.8 |
| | | പച്ചക്കറി ഗ്രാമം പദ്ധതി | |
| | | നെൽകൃഷി വികസനം | 2288.70 |
| 7 | 2010-11 | വാണിജ്യ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | 150 |
| | | നെൽകൃഷി വികസനം | 2892.14 |

| 1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 8 | 2011-12 | പച്ചക്കറി വികസനം പദ്ധതി | | 380.149 |
| | | നെൽകൃഷി വികസനം | | 2899.34 |
| 9 | 2012-13 | പച്ചക്കറി വികസനം പദ്ധതി | | 2755.140 |
| 10 | | നെൽകൃഷി വികസനം | | 4908.09 |
| ക്രമ നം. | വർഷം | ജില്ല | പദ്ധതി | സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക ലക്ഷത്തിൽ |
| 10 | 2013-14 | തിരുവനന്തപുരം | പച്ചക്കറി വികസന പദ്ധതി | 235.585 |
| | | കൊല്ലം | | 222.3399 |

| | | | | |
|---|---|---|---|---|
| | | പത്തനംതിട്ട | | 207.0241 |
| | | ആലപ്പുഴ | | 244.5461 |
| | | കോട്ടയം | | 199.0831 |
| | | ഇടുക്കി | | 169.3403 |
| | | എറണാകുളം | | 253.7534 |
| | | തൃശ്ശൂർ | | 216.098 |
| | | പാലക്കാട് | | 244.3497 |
| | | മലപ്പുറം | | 194.8366 |

| 1) | (2) | (3) | (4) | (5) | | | | |
|---|---|---|---|---|---|---|---|---|
| | | | | | | കോഴിക്കോട് | | 197.3367 |
| | | | | | | കണ്ണൂർ | | 210.7972 |
| | | | | | | വയനാട് | | 173.33 |
| | | | | | | കാസർഗോഡ് | | 152.74 |
| | | | | | | **ആകെ** | | **2921.16** |
| | | | | | | | നെൽകൃഷി വികസന പദ്ധതി | **4897.13** |
| | | | | 11 | 2014-15 | തിരുവനന്തപുരം | പച്ചക്കറി വികസന പദ്ധതി | 176.04718 |
| | | | | | | കൊല്ലം | | 172.70745 |

447/2023.

| | | | | |
|---|---|---|---|---|
| | | പത്തനംതിട്ട | പച്ചക്കറി വികസന പദ്ധതി | 134.697 |
| | | ആലപ്പുഴ | | 182.90024 |
| | | കോട്ടയം | | 159.30506 |
| | | ഇടുക്കി | | 176.159 |
| | | എറണാകുളം | | 219.51892 |
| | | തൃശ്ശൂർ | | 222.28567 |
| | | പാലക്കാട് | | 201.05477 |
| | | മലപ്പുറം | | 162.28613 |
| | | കോഴിക്കോട് | | 165.46051 |

| 1) | (2) | (3) | (4) | (5) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | കണ്ണൂർ | | 192.76847 |
| | | വയനാട് | | 98.49854 |
| | | കാസർഗോഡ് | | 94.612 |
| | | **ആകെ** | | **2358.30094** |
| | | | നെൽകൃഷി വികസന പദ്ധതി | 3313.518 |
| 12 | 2015-16 | തിരുവനന്തപുരം | പച്ചക്കറി വികസന പദ്ധതി | 174.10369 |
| | | കൊല്ലം | | 173.87704 |
| | | പത്തനംതിട്ട | | 137.784 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | ആലപ്പുഴ | | 217.71355 |
| | | | | | | കോട്ടയം | | 159.08258 |
| | | | | | | ഇടുക്കി | | 164.75755 |
| | | | | | | എറണാകുളം | | 188.28788 |
| | | | | | | തൃശ്ശൂർ | | 246.85834 |
| | | | | | | പാലക്കാട് | | 240.8032 |
| | | | | | | മലപ്പുറം | | 189.32327 |
| | | | | | | കോഴിക്കോട് | | 169.69104 |
| | | | | | | കണ്ണൂർ | | 236.67883 |
| | | | | | | വയനാട് | | 104.43 |

| 1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| | | കാസർഗോഡ് | | 110.60 |
| | | **ആകെ** | | **2513.99097** |
| | | | നെൽകൃഷി വികസന പദ്ധതി | **2647.10** |
| 13 | 2016-17 | തിരുവനന്തപുരം | പച്ചക്കറി വികസന പദ്ധതി | 190.6112 |
| | | കൊല്ലം | | 185.26077 |
| | | പത്തനംതിട്ട | | 149.7655 |
| | | ആലപ്പുഴ | | 225.0119 |
| | | കോട്ടയം | | 161.6844 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | ഇടുക്കി | | 161.9031 |
| | | | | | | എറണാകുളം | | 190.33662 |
| | | | | | | തൃശ്ശൂർ | | 239.79505 |
| | | | | | | പാലക്കാട് | | 225.24254 |
| | | | | | | മലപ്പുറം | | 214.1177 |
| | | | | | | കോഴിക്കോട് | | 165.90 |
| | | | | | | കണ്ണൂർ | | 181.17347 |
| | | | | | | വയനാട് | | 113.83356 |
| | | | | | | കാസർഗോഡ് | | 106.89159 |
| | | | | | | **ആകെ** | | **2511.5274** |
| | | | | | | നെൽകൃഷി വികസന പദ്ധതി | | **2576.859** |

| 1) | (2) | (3) | (4) | (5) | | | | |
|---|---|---|---|---|---|---|---|---|
| | | | | 14 | 2017-18 | തിരുവനന്തപുരം | പച്ചക്കറി വികസന പദ്ധതി | 223.5238 |
| | | | | | | കൊല്ലം | | 201.475 |
| | | | | | | പത്തനംതിട്ട | | 166.90 |
| | | | | | | ആലപ്പുഴ | | 244.20 |
| | | | | | | കോട്ടയം | | 190.844 |
| | | | | | | ഇടുക്കി | | 235.259 |
| | | | | | | എറണാകുളം | | 189.85 |
| | | | | | | തൃശ്ശൂർ | | 257.6199 |
| | | | | | | പാലക്കാട് | | 268.0214 |

| | | | | |
|---|---|---|---|---|
| | | മലപ്പുറം | | 247.0332 |
| | | കോഴിക്കോട് | | 187.9073 |
| | | കണ്ണൂർ | | 149.5284 |
| | | വയനാട് | | 228.8923 |
| | | കാസർഗോഡ് | | 135.4055 |
| | | **ആകെ** | | **2926.45978** |
| 15 | 2018-19 | | നെൽകൃഷി വികസന പദ്ധതി | **2719.66** |
| | | തിരുവനന്തപുരം | | 226.77742 |
| | | കൊല്ലം | | 183.85997 |
| | | പത്തനംതിട്ട | | 156.38042 |

| (1) | (2) | (3) | (4) | (5) | | | | |
|---|---|---|---|---|---|---|---|---|
| | | | | | | ആലപ്പുഴ | പച്ചക്കറി വികസന പദ്ധതി | 244.07268 |
| | | | | | | കോട്ടയം | | 176.66075 |
| | | | | | | ഇടുക്കി | | 211.78536 |
| | | | | | | എറണാകുളം | | 178.75576 |
| | | | | | | തൃശ്ശൂർ | | 246.38652 |
| | | | | | | പാലക്കാട് | | 263.29129 |
| | | | | | | മലപ്പുറം | | 228.31502 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | കോഴിക്കോട് | | 172.17142 |
| | | | | | | കണ്ണൂർ | | 132.34919 |
| | | | | | | വയനാട് | | 217.36696 |
| | | | | | | കാസർഗോഡ് | | 134.96698 |
| | | | | | | **ആകെ** | | **2773.13974** |
| | | | | | | | നെൽകൃഷി വികസന പദ്ധതി | **5449.05** |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| 2 | 13/05 | 183 | കാസർകോഡ് ജില്ലയിലെ സി.പി,സി,ആർ.ഐ., പീലിക്കോട് പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രം, പടന്നക്കാട് കാർഷിക കോളേജ് എന്നിവയുടെ മേൽ നോട്ടത്തിൽ ജില്ലയിലെ പ്ളാന്റേഷൻ അധീനതയിലുള്ള സ്ഥലങ്ങളിലോ സർക്കാർ അധീനതയിലുള്ള ഭൂമിയിലോ കാർഷികാധിഷ്ഠിതമായ വ്യവസാ യങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?<br><br>**അധികവിവരം**<br><br>കാസർഗോഡ് ജില്ലയിൽ കോക്കനട്ട് ബയോപാർക്ക് ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്നും ചേലക്കര കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിന് പ്രാരംഭ | 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഗ്രി ബയോപാർക്ക്സ് പദ്ധതിക്ക് കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 24/05/2013 ലെ സ.ഉ. (എം.എസ്) 170/2013 പ്രകാരം അനുമതി നൽകി. പദ്ധതി നടത്തിപ്പിനായി 'അഗ്രി ബയോ പാർക്ക്സ് കേരള' എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. (രജി.നം. Tvm /TC/97/2013, തീയതി 23/08/2013).<br><br>തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലെ 25 ഏക്കർ സ്ഥലം കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കുകയും പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>എന്നാൽ കാസർഗോഡ് ജില്ലയിൽ കോക്കനട്ട് ബയോപാർക്ക് ആരംഭിക്കുന്നതു സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.<br><br>കാസർഗോഡ് ജില്ലയിൽ പുതുതായി കോക്കനട്ട് |

| | | | | |
|---|---|---|---|---|
| | | | നടപടികൾ സ്വീകരിച്ച ശേഷം മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും ആരാഞ്ഞു | അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രീ ഫീസിബിലിറ്റി പഠനം നടത്തുന്നതിന് NABCONs ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ചേലക്കരയിൽ കോക്കനട്ട് അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രീ ഫീസിബിലിറ്റി പഠനം പൂർത്തിയാക്കി NABCONs റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 3 | 13/06 | 15 | 2001 മുതൽ എത്ര ഏക്കർ നെൽകൃഷി ഏതെല്ലാം ജില്ലകളിൽ നികത്തപ്പെട്ടു എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു വിദഗ്ധ സമിതിയെ നിയമിക്കുന്ന തിന് നടപടി സ്വീകരിക്കുമോ?<br><br>**അധിക വിവരം**<br>2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരം സ്ഥാപിതമാകേണ്ട ഡാറ്റാബാങ്ക് ഏതെല്ലാം ജില്ലകളിലാണ് പൂർത്തിയായ തെന്നും മറ്റ് ജില്ലകളിൽ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും | എക്കൊണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നെൽകൃഷിയുടെ വിസ്തീർണം, നെല്ലിന്റെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിനായീ കൃഷി വകുപ്പ് സമിതിയെ നിയോഗിച്ചിട്ടില്ല. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശിക സമിതികൾ നെൽവയൽ പരിവർത്തനം സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിച്ചു വരുന്നുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോയെന്നും ആരാഞ്ഞു. | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കേണ്ട നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടേയും ഡാറ്റാബാങ്ക്, കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ യോജിച്ചാണ് പൂർത്തിയാക്കേണ്ടത്. നാളിതുവരെ ഡാറ്റാബാങ്ക് പൂർണ്ണമായും പ്രസിദ്ധീകരിച്ച ജില്ലകൾ ഇല്ല.<br>സംസ്ഥാനത്തെ 1076 കൃഷിഭവനുകൾ അടിസ്ഥാനമാക്കി കരട് ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ 2009 വർഷം ആരംഭിക്കുകയുണ്ടായി. ഡാറ്റാബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച് 31-1-2017-ലെ തൽസ്ഥിതി കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 1076 കൃഷിഭവനുകളിൽ 669 എണ്ണത്തിൽ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 226 കൃഷിഭവനുകളിലെ ഡാറ്റാബാങ്ക് ഗസറ്റ് വിജ്ഞാപനത്തിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ നൽകിയിട്ടുണ്ട്. 136 കൃഷിഭവൻ പ്രദേശങ്ങളിലെ ഡാറ്റാബാങ്ക് തയ്യാറാക്കി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പ്രസിദ്ധീകരണത്തിനായി |

| | | | | |
|---|---|---|---|---|
| | | | | നൽകിയിരിക്കുകയുമാണ്. 23 കൃഷിഭവൻ പ്രദേശങ്ങളിൽ ഡാറ്റാബാങ്ക് തയ്യാറാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി വരുന്നുണ്ട്. 22 കൃഷിഭവനുകളിൽ നെൽവയൽ - തണ്ണീർത്തടങ്ങൾ ഇല്ലാത്തതിനാൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ല. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. 4-1-2017-ന് സർക്കാർ വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച ചർച്ചയും അവലോകനവും നടത്തുകയുണ്ടായി. നെൽവയൽ - തണ്ണീർത്തട ഡാറ്റാബാങ്കുകൾ സാറ്റലൈറ്റ് സാങ്കേതികവിദ്യ ഉപയോഗിച്ച് പരിശോധിച്ച് വാലിഡേറ്റ് ചെയ്യുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലേയ്ക്കായി കെ.എസ്.ആർ.ഇ.സി. സമർപ്പിച്ച പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകുകയും കൃഷിവകുപ്പ് മുഖേന 2016-17 വർഷം 50 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ഡാറ്റാബാങ്ക് സമയബന്ധിതമായി തീർപ്പാക്കേണ്ടതിനാൽ പദ്ധതി പുരോഗതി അവലോകനം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സ.ഉ.(ആർ.റ്റി.) നമ്പർ 47/2017/കൃഷി, കൃഷി (എൻ.സി.എ.) വകുപ്പ് തീയതി, 18/01/2017 പ്രകാരം ഉന്നതതല സമിതിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br>23/11/2016-ലെ 16671/ലെഗ് ബി.2/16/നിയമം നമ്പർ വിജ്ഞാപന പ്രകാരം 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള നെൽവയലിന്റെ പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ക്രമവൽക്കരിക്കുന്നതിനുള്ള ആ ആക്ടിലെ സെക്ഷൻ 3A ഒഴിവാക്കുകയുണ്ടായി. |
| 4 | 13/09 | 97 | ഡയറി ഫ്രണ്ട്ലി പഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?<br><br>**അധിക വിവരം**<br>ഡയറി ഫ്രണ്ട്ലി പഞ്ചായത്തുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുക | ഡയറി ഫ്രണ്ടിലി പഞ്ചായത്തുകൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുവാനായി മാറ്റി വച്ചിരിക്കുകയാണ്.<br>2016-17 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ മണിക്കടവ്, ആലക്കോട്, ഇടുക്കി ജില്ലയിലെ വാത്തിക്കുടി, കോട്ടയം ജില്ലയിലെ മാഞ്ഞൂർ എന്നീ 4 ഡയറി ഫ്രണ്ട് ലി പഞ്ചായത്തുകളിൽ ക്ഷീരവികസന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |

## III. സഹകരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/04 | 62 | പട്ടികജാതി/പട്ടികവർഗ്ഗ ഫണ്ട് ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പഠനം നടത്തുന്നതിന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംഘങ്ങളുടെ ആഫീസ് കെട്ടിട പുനരുദ്ധാരണത്തിനായി ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപവരെ നൽകിവരുന്നു. സംഘം ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡിയിനത്തിൽ അഞ്ച് കൊല്ലം ധനസഹായം നൽകുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഒരു സംഘത്തിന് ആദ്യത്തെ രണ്ട് കൊല്ലം 60,000 രൂപ വീതവും, മൂന്നും നാലും വർഷങ്ങളിൽ 36,000 രൂപ വീതവും, അഞ്ചാം വർഷത്തിൽ 12,000 രൂപ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരം**<br>പ്രസ്തുത സഹകരണ സംഘങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ വകുപ്പിനോട് ശിപാർശ ചെയ്യുകയും ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ആവശ്യപ്പെ ടാൻ തീരുമാനിക്കുകയും ചെയ്തു. | വീതവും നൽകാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സംഘങ്ങളുടെ വികസനവും പുനരുദ്ധാരണവും പദ്ധതി പ്രകാരം ഒരു സംഘത്തിന് 2:3 എന്ന അനുപാതത്തിൽ ഓഹരി സബ്സിഡിയിനത്തിൽ പരമാവധി 6 ലക്ഷം രൂപ വരെയും നൽകി വരുന്നുണ്ട്. സർക്കാർ ഓഹരി മൂലധന പങ്കാളിത്തമായി ഒരു സംഘത്തിന് പരമാവധി 2 ലക്ഷം രൂപയും നൽകാൻ വ്യവസ്ഥയുണ്ട്. ഇതിനു പുറമേ റിവോൾവിംഗ് ഫണ്ടിനത്തിൽ ഒരു സംഘത്തിന് പരമാവധി അഞ്ചു ലക്ഷം രൂപയും, സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വാശ്രയ ഗ്രൂപ്പുകളുടെ പ്രാരംഭ ചെലവുകൾക്കായി ഗ്രൂപ്പൊന്നിന് 1000 രൂപ വീതവും നൽകി വരുന്നു.<br>ഈ നിർദ്ദേശം പ്ലാനിങ് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ പരിഗണനയിലാണ്.<br>1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000 രൂപ നിരക്കിൽ ആദ്യത്തെ അഞ്ച് വർഷവും ടി അഞ്ച് വർഷക്കാലയളവിനു ള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം |

| | | | | |
|---|---|---|---|---|
| | | | പ്രസ്തുത സംഘങ്ങളുടെ പുനരുദ്ധാരണ ത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്ന തിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുക. | സംഘങ്ങൾക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.<br>2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ച വരുന്നു.<br>3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കു ന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ച വരുന്നു.<br>4. സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപയും അനുവദിച്ച വരുന്നു.<br>5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി-5 ലക്ഷം രൂപ, സബ്സിഡി-15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.6. പട്ടികജാതി പട്ടികവർഗ്ഗ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും (ഓഹരി-1,50,000 രൂപ; സബ്സിഡി-3,50,000 രൂപ) അനുവദിച്ചു വരുന്നു.<br>7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും 40 ലക്ഷം രൂപ (ഓഹരി -10 ലക്ഷം രൂപ, സബ്സിഡി- 30 ലക്ഷം രൂപ) അനുവദിച്ചു വരുന്നു.<br>8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ചവയെ ലാഭകരമാക്കിത്തീർക്കുക യെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപയും (ഓഹരി-20 ലക്ഷം രൂപ, സബ്സിഡി-30 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.<br>9. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിച്ചു വരുന്നു. |

| | സമിതി (2016-19) യുടെ മൂന്നാമത് റിപ്പോർട്ട് | | | |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 2 | ശിപാർശ നം. 14 | | **ശിപാർശ**<br>മരുന്നുകളുടെ പർച്ചേസ് സംബന്ധിച്ച കാര്യങ്ങൾ വൈദഗ്ധ്യം വേണ്ട മേഖലയായതി നാൽ ആ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ സേവനം കൺസ്യൂമർ ഫെഡിനു വിട്ടുനൽകാൻ സർക്കാർ തയ്യാറാകണം. ഇതു കൂടാതെ എല്ലാനീതി മെഡിക്കൽ സ്റ്റോറുകളും അവയ്ക്കാവശ്യമായ മരുന്നുകൾ കൺസ്യൂമർ ഫെഡ് വഴി മാത്രമേ വാങ്ങാവൂ എന്ന നിർദ്ദേശം നൽകണം. | കൺസ്യൂമർ ഫെഡിൽ മരുന്നുകളുടെ പർച്ചേസ് കുറ്റമറ്റ രീതിയിലും പരാതികൾക്കിടവരാതെയു മാണ് നടന്നുവരുന്നത്. കൺസ്യൂമർഫെഡ് ആവശ്യപ്പെടുന്ന മുറയ്ക്ക് ഉദ്യോഗസ്ഥരുടെ സേവനം വിട്ടുനൽകുന്നതാണ്. മരുന്നുവിപണിയിൽ ശക്തമായ മത്സരം നിലനിൽക്കുന്നതിനാൽ എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളും അവയ്ക്കാവശ്യമായ മരുന്നുകൾ കൺസ്യൂമർഫെഡ് വഴി മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശം നൽകുന്നത് പ്രായോഗികമല്ല. എന്നാൽ നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ മരുന്നുകൾ കൺസ്യൂമർ ഫെഡിൽ ലഭ്യമായവ കൺസ്യൂമർ ഫെഡിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് സ്റ്റോറിന് അനുമതി നൽകുന്ന വേളയിൽ നിബന്ധനയായി ഉത്തരവിൽ കാണിക്കാറുണ്ട്. |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | **അധികവിവരം**<br>നീതി മെഡിക്കൽ സ്റ്റോറുകളിൽ ജനറിക് മരുന്നുകൾക്കായ് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടിയുടെ തൽസ്ഥിതി, നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിൽക്കുന്ന മരുന്നുകളുടെ വിശദ വിവരങ്ങൾ. | **അധികവിവരത്തിനുള്ള മറുപടി**<br>നീതി മെഡിക്കൽ സ്റ്റോറുകളിൽ ജനറിക് മരുന്നുകൾ വിൽപന നടത്തി വരുന്നതിന്റെ തോത് വളരെ കുറവാണ്. നിലവിൽ പ്രാദേശികമായി വിൽപ്പന സാദ്ധ്യതയുള്ള ഇത്തരം മരുന്നുകൾ കേന്ദ്രീകൃത സംഭരണം നടത്തി വിതരണം ചെയ്യുന്നതിന് ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നതിനാൽ കൺസ്യൂമർ ഫെഡിന്റെ 12 നീതി മെഡിക്കൽ വെയർഹൗസുകൾ വഴി ലോക്കൽ പർച്ചേയ്സ് കമ്മിറ്റി മുഖേന ഇത്തരം മരുന്നുകൾ സംഭരിക്കുകയും വിതരണം ചെയ്തു വരികയുമാണ്. നീതി മെഡിക്കൽ സ്റ്റോറുകൾ വഴി പ്രധാനമായും പ്രമേഹരോഗത്തിന് ഉപയോഗിക്കുന്ന ജീവൻ രക്ഷാ മരുന്നുകളിൽ ഉൾപ്പെടുന്ന ഇൻസുലിൻ, ഹൃദയസംബന്ധമായും വൃക്ക സംബന്ധമായും ആവശ്യം വരുന്ന മറ്റിതര മരുന്നുകൾ, എന്നിവയൊക്കെയാണ് വിതരണം ചെയ്തുവരുന്നത്. |

| | | | | |
|---|---|---|---|---|
| 3 | 19 | | സ്വകാര്യ രോഗനിർണ്ണയ സ്ഥാപനങ്ങളുടെ ചൂഷണം തടയുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ശുശ്രൂഷാ ഹൈടെക് ക്ലീനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത മേഖലയിൽ വൈദഗ്ധ്യമുള്ള വരുടെ സേവനം ഉറപ്പാക്കുന്നതിനും ക്ലീനിക്കുകളുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന തിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>**അധികവിവരം**<br>കായംകുളത്ത് ആരംഭിച്ച ശുശ്രൂഷ ഹൈടെക് ക്ലീനിക്കൽ ലാബിന്റെ നിലവിലെ സ്ഥിതി, ലാബ് പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ | 'ശുശ്രൂഷാ ഹൈടെക് ' ക്ലീനിക്കൽ ലാബ് കായംകുളത്ത് ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതയിൽ എത്തിയിട്ടില്ല.<br>**അധികവിവരത്തിനുള്ള മറുപടി**<br>2013-14 സാമ്പത്തിക വർഷത്തിലാണ് ശുശ്രൂഷ ഹൈടെക് ലാബ് പ്രവർത്തനമാരംഭിക്കുന്നത്. എന്നാൽ 2019 ഡിസംബർ മുതൽ ലാബിലെ ബയോ-കെമിസ്ട്രി അനലൈസർ പ്രവർത്തന രഹിതമാവുകയും അന്ന് മുതൽ ലാബ് പ്രവർത്തിക്കാതിരിക്കുകയും ചെയ്തിരുന്നു. എന്നാൽ ബയോ കെമിസ്ട്രി അനലൈസറും മറ്റു അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിച്ച് 2020 സെപ്റ്റംബർ മുതൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ളതാണ്. |

## IV. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/01 | 14 | ട്രാൻസ്ഫോർമർ ആൻഡ് റിപ്പയർ ഡിവിഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാല താമസത്തിന്റെ കാരണം അറിയിക്കുമോ ? | കണ്ണൂർ ട്രാൻസ്ഫോർമർ ആൻഡ് മീറ്റർ റിപ്പയർ ഡിവിഷന്റെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൻറെ ഭാഗമായി ലേ ഔട്ട് പ്ലാൻ തയ്യാറാക്കി കഴിഞ്ഞു. വിശദമായ എസ്റ്റിമറ്റ് തയ്യാറാക്കി വരുന്നു. മീറ്ററുകൾ സ്വീകരിക്കുന്നതിനും അവ പരിശോധിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| | | | **അധിക വിവരം**<br>ട്രാൻസ്ഫോർമർ ആൻഡ് റിപ്പയർ ഡിവിഷനുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? | കണ്ണൂരിലെ ട്രാൻസ്ഫോർമർ & മീറ്റർ റിപ്പയർ ഡിവിഷന്റെ (TMR) പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. നിലവിൽ മീറ്ററുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവയുടെ പരിശോധന, റിപ്പയറിംഗ് തുടങ്ങിയ പ്രവർത്തികൾ നടന്നു വരുന്നു. |

| | | | | |
|---|---|---|---|---|
| 2 | 13/05 | 195 | ഉപയോഗശൂന്യമായ സി.എഫ്.എൽ. വിളക്കുകൾ തിരികെ ശേഖരിച്ച് സുരക്ഷിതമായി നശിപ്പിക്കുന്നതിന് ഉൽപ്പാദകരുമായി വ്യവസ്ഥ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇന്ത്യയിൽ ഫ്ലൂറസെന്റ് വിളക്കുകൾ തിരികെ ശേഖരിച്ച് സുരക്ഷിതമായി നശിപ്പിക്കുന്നതിന് വേണ്ടി Ministry of Environment and Forest ഉദ്ദേശിച്ച പരിപാടി നടപ്പിലായിട്ടില്ല. ഇന്ത്യയിൽ ആകമാനമായി മാത്രമെ ഇത്തരം പരിപാടികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.<br>2012-13 ലെ ബഡ്ജറ്റിൽ സി. എഫ്. എൽ. സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കുന്ന തിനുവേണ്ടി 15 ലക്ഷം രൂപ നീക്കി വച്ചിരുന്നു. 1-6-2013 ലെ G.O. (Rt) No.155/2013 /PD ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നല്കുകയുണ്ടായി. സി.എഫ്.എൽ. സുരക്ഷിതമായി നശിപ്പിക്കുന്ന തിനുള്ള പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കി നല്കുന്നവരിൽനിന്നും ടെണ്ടർ ക്ഷണിക്കുന്നതിനായി ടെണ്ടർ ഡോക്കുമെന്റ് തയ്യാറാക്കി വരുന്നു.<br>പദ്ധതിയുടെ നടത്തിപ്പിനായി സി.എഫ്.എൽ, ട്യൂബ് ലൈറ്റ് എന്നിവസുരക്ഷിതമായി നശിപ്പി ക്കുന്നതിനുള്ള തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരം**<br>പ്രസ്തുത വിഷയം സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് ആരാഞ്ഞു. | തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് 2014, മാർച്ച് 15 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. വിശദ പഠനപ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠന റിപ്പോർട്ട് (Detailed Project Report) റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 16,96,636 രൂപയ്ക്കാണ് വർക്ക് ഓർഡർ നൽകിയത്. 2013-14 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 7 ലക്ഷം രൂപയും ഈ പദ്ധതിയ്ക്കായി അനുവദിച്ചു.<br><br>5-2-2015-ൽ ഐ.ആർ.ജി.സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 27-6-2015 ന് എല്ലാ ഏജൻസികളുമായും ചർച്ച നടത്തി അതിൻ പ്രകാരമുള്ള<br><br>തിരുത്തലുകൾ വരുത്തി 22-7-2015 ന് ഐ.ആർ.ജി. സിസ്റ്റംസ് വിശദമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിൻ പ്രകാരം എറണാകുളം, തൃശ്ശൂർ ജില്ലകൾ ആയിരിക്കും പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമെന്നും സി.എഫ്.എൽ-ലുള്ള മെർക്കുറി വേർതിരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് 9 കോടി 67 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയും |

447/2023.

| | | | | |
|---|---|---|---|---|
| | | | ഉപയോഗ ശൂന്യമായ സി എഫ് എൽ ബൾബുകൾ സുരക്ഷിതമായി നശിപ്പിക്കുന്ന പദ്ധതി നടത്തിപ്പ് ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദ വിവരം, പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു | കണക്കാക്കിയിട്ടുണ്ട്.<br>ഐ.ആർ.ജി. സിസ്റ്റംസ് സമർപ്പിച്ച DPR തുടർ നടപടികൾക്കായി ഇ.എം.സി. ജൂലൈ 2015-ൽ സർക്കാരിൽ സമർപ്പിച്ചു. തുടർന്ന് ക്ലീൻകേരള എന്ന കമ്പനിയെ പദ്ധതിനടത്തിപ്പ് ഏൽപ്പിക്കുന്നത് സംബന്ധിച്ച് കമ്പനിയുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ ഇ.എം.സി. ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഉപയോഗ് ശൂന്യമായ സി.എഫ്.എൽ. ബൾബുകൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനായി ഇ.എം.സി. വിശദപഠന റിപ്പോർട്ട് (DPR) തയ്യാറാക്കി ക്ലീൻ കേരള കമ്പനിയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ഉപയോഗ ശൂന്യമായ സി.എഫ്.എൽ. ബൾബുകൾ ശേഖരിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് (സ.ഉ(സാധാ)നം. 3326/2017/തസ്വഭവ. തീയതി 17-10-2017) പുറപ്പെടുവിച്ചിട്ടുണ്ട് |

## V. ഭക്ഷ്യപൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/01 | 2 | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പ്രതിരോധിച്ചു കൊണ്ടിരുന്ന സർക്കാർ സംവിധാനങ്ങളെ ശക്തിപ്പെട്ടുത്താൻ നടപടി സ്വീകരിക്കുമോ? | വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ താഴെ പറയുന്ന വിലയിൽ സപ്ലൈകോ മാവേലി സ്റ്റോറുകൾ / സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റു വരുന്നു. |

| ക്രമനമ്പർ | ഇനം | വില കി.ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 49.00 |
| 2 | ഉഴുന്ന് (ബോൾ) | 36.00 |
| 3 | വൻ കടല | 44.00 |
| 4 | വൻ പയർ | 26.50 |
| 5 | തുവരപ്പരിപ്പ് | 34.00 |
| 6 | മുളക് | 45.00 |

| | | |
|---|---|---|
| 7 | മല്ലി | 45.90 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 21.00 |
| 10 | കുറുവ അരി | 19.00 |
| 11 | മട്ട അരി | 16.00 |
| 12 | പച്ചരി സോർട്ടക്സ് | 16.00 |
| 13 | വെളിച്ചെണ്ണ | 62.00 |

2.പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി) കി.ഗ്രാമിന് 16 രൂപ നിരക്കിലും ജയ അരി 21 രൂപ നിരക്കിലും കുറുവ അരി19 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 20 കി.ഗ്രാം വരെ വിതരണം ചെയ്തുവരുന്നു.

3. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലയ്ക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | ഒഴിവാക്കുന്നു. ഇതിനു പുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 14 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.<br>4. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പനറേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യുന്നു.<br>5. ഗോതമ്പു പൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.<br>6. എ.ആർ.ഡി. - ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | | 7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 ശതമാനം വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.<br><br>8. പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡർ, വെളിച്ചെണ്ണ, കായം, വാളൻപുളി, ഏലം എന്നിവ ' ശബരി ' എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.<br><br>9. ഉത്സവ കാലങ്ങളിലെ വില വർദ്ധനവ് നിയന്ത്രിക്കാൻ പ്രത്യേക ഉത്സവ കാല ചന്തകൾ നടത്തി വരുന്നു.<br><br>കൂടാതെ വിലക്കയറ്റം തടയുന്നതിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതികളിലൊന്നാണ് ഒറ്റത്തവണ പദ്ധതി സഹായം. ഇത് പ്രകാരം സപ്ലൈകോ വിതരണ ശാലകൾ വഴി എല്ലാ ബി.പി.എൽ. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | കാർഡുടമകൾക്കും സബ്സിഡി നിരക്കിൽ അവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി 68.35 കോടി രൂപ ജി..(ആർ.റ്റി.) നം.76/2012/എഫ് & സി.എസ്.ഡി. തീയതി 13-3-2012 പ്രകാരം സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു. കൂടാതെ 2012-13 സാമ്പത്തിക വർഷം 135 കോടി രൂപ സപ്ലൈകോയ്ക്ക് വിപണിയിടപെടലിനായി അനുവദിച്ചു.<br><br>1-9-11 മുതൽ എല്ലാ ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്കും പ്രതിമാസം ഒരു രൂപ നിരക്കിൽ യഥാക്രമം 25 കി.ഗ്രാം, 35 കി.ഗ്രാം വീതം അരി റേഷൻ കടകൾ വഴി വിതരണം ചെയ്തുവരുന്നു. നിബന്ധനകൾക്ക് വിധേയമായി 42.5 ലക്ഷം എ.പി.എൽ. കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പു നൽകി വരുന്നു.<br><br>കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നത് തടയുവാൻ കർശന പരിശോധനകൾ നടത്തുകയും കുറ്റം കണ്ടെത്തുന്ന പക്ഷം അവശ്യസാധന നിയമപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |

| | | | | |
|---|---|---|---|---|
| | | | **അധിക വിവരം**<br>സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിതരണം ചെയ്യുന്ന 13 ഇനം അവശ്യസാധനങ്ങളുടെ വില കഴിഞ്ഞ രണ്ട് വർഷത്തിനടിയിൽ എത്ര തവണ വർദ്ധിപ്പിച്ചുവെന്നും മാർക്കറ്റ് വിലയുമായി എത്ര രൂപയുടെ വില വ്യത്യാസം ഇവ ഓരോന്നിലുമുണ്ടെന്നും മുൻപ് നൽകിയിരുന്ന 13 ഇനങ്ങൾ തന്നെയാണോ ഇപ്പോഴും നൽകുന്ന തെന്നും ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും അതാത് സീസണുകളിൽ സാധനങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടോയെന്നുമുള്ള വിവരങ്ങൾ ആരായാൻ തീരുമാനിച്ചു. | കഴിഞ്ഞ 2 വർഷത്തിനിടയിൽ സബ്സിഡി ഉത്പന്നങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. വാങ്ങൽ വിലയിലുണ്ടാകുന്ന കുറവിന്റെ പ്രയോജനം ഉപഭോക്താവിന് നൽകുക എന്ന ഉദ്ദേശ്യത്തോടെ സബ്സിഡി വിലകളിൽ പലതവണ ഡിസ്കൗണ്ട് നൽകിയിട്ടുണ്ട്. അരിയുടെ വൈവിധ്യവും ലഭ്യതയും കൂടുതലായി ഉറപ്പ് വരുത്തുന്നതിനായി 'ആന്ധ്ര ഇതര ജയ അരി' എന്ന ഇനം കൂടി സബ്സിഡി ഉത്പന്നങ്ങളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. അവശ്യ ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് ഇ-ടെണ്ടർ, ഇ-ലേലം തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും നാഫെഡിൽ നിന്നും പയറുവർഗ്ഗങ്ങൾ നേരിട്ട് വാങ്ങി വിതരണം നടത്തുകയും ചെയ്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴത്തെ സബ്സിഡി വിലയും നിലവിലെ സബ്സിഡി വിലയും അനുബന്ധമായി ചേർക്കുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | |

| ക്രമ നം. | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴത്തെ സബ്സിഡി വില (രൂപ കിലോഗ്രാമിന്) | നിലവിലെ സബ്സിഡി വില (രൂപ കിലോഗ്രാമിന്) | പൊതു വിപണി വില as per economics and statistics dept. of 17.08.19 (per Kg.) | സപ്ലൈകോ വിലയും പൊത വിപണി വിലയും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 61.00 | 96.36 | 35.36 |
| 2 | ഉഴുന്ന് ബോൾ | 66.00 | 60.00 | 91.29 | 31.29 |
| 3 | വൻകടല | 43.00 | 42.00 | 77.71 | 35.71 |

| | | | | | |
|---|---|---|---|---|---|
| 4 | വൻപയർ | 45.00 | 45.00 | 76.86 | 31.86 |
| 5 | തുവര പരിപ്പ് | 65.00 | 58.00 | 99.50 | 41.50 |
| 6 | മുളക് | 75.00 | 75.00 | 143.14 | 68.14 |
| 7 | മല്ലി | 92.00 | 82.00 | 102.71 | 20.71 |
| 8 | പഞ്ചസാര | 22.00 | 22.00 | 38.46 | 16.46 |
| 9 | വെളിച്ചെണ്ണ | 88.00 | 90.00 | 189.50 | 99.50 |
| 10 | ജയ അരി | 25.00 | 25.00 | 37.00 | 12.00 |
| 11 | കുറുവ അരി | 25.00 | 25.00 | 37.50 | 12.50 |
| 12 | മട്ട അരി | 24.00 | 24.00 | 38.79 | 14.79 |

<table>
<tr><th>(1)</th><th>(2)</th><th>(3)</th><th>(4)</th><th>(5)</th></tr>
<tr><td></td><td></td><td></td><td></td><td>
<table>
<tr><td>13</td><td>പച്ചരി</td><td>23.00</td><td>23.00</td><td>35.00</td><td>12.00</td></tr>
<tr><td>14</td><td>ആന്ധ്ര<br>ഇതര<br>ജയഅരി</td><td></td><td>25.00</td><td>36.00</td><td>11.00</td></tr>
</table>
</td></tr>
<tr><td>2</td><td>13/05</td><td>1</td><td>റേഷൻ സാധനങ്ങൾ ഗോഡൗണു കളിൽ നിന്ന് റേഷൻ കടകളിൽ എത്തിക്കുന്ന വാഹനങ്ങളിൽ വച്ച് നടക്കുന്ന തിരിമറി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ?</td><td>എൻഡ് - ടു - എൻഡ് കമ്പ്യൂട്ടറൈസേഷന്റെ മോഡൽ പൈലറ്റ് പദ്ധതിയുടെ ഭാഗമായി കെൽട്രോണിന്റെ i-tac (Intelligent Tracking and Communication) എന്ന ജി.പി.എസ്. സംവിധാനം പരീക്ഷിച്ചിരുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഔദ്യോഗിക വാഹനത്തിലും വലിയതുറ എഫ്.സി.ഐ. ഡിപ്പോയിലെ ഒരു ലോറിയിലും ടി ഉപകരണം ഘടിപ്പിച്ച് പരീക്ഷണം നടത്തിയിരുന്നു. ടി ഉപകരണം ഘടിപ്പിച്ച വാഹനങ്ങൾ പോകുന്ന വഴിയും സമയവും ഓഫീസിലെ കമ്പ്യൂട്ടർ സ്ക്രീനിലൂടെ വീക്ഷിക്കുന്നതിന് പരീക്ഷണ സമയത്ത് സാധിച്ചിരുന്നു. വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഇതിനോടകം വിജയ കരമായി നടപ്പിലാക്കിയിട്ടുള്ള മറ്റു സംസ്ഥാനങ്ങളിലെ</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | അധിക വിവരം ഭക്ഷ്യധാന്യ വിതരണ വാഹനങ്ങ ളിൽ വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുക. | പ്രവർത്തന രീതിയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ഐ.ടി. വകുപ്പ് എന്നിവരുടെ സാങ്കേതിക ഉപദേശവും കണക്കിലെടുത്ത് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പൊതുവിതരണ രംഗത്ത് പൂർണ്ണമായും നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുന്നതാണ്. റേഷൻസാധനങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്ന വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |

## VI. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/06 | 03 | ടെക്സ്റ്റൈൽ കോർപ്പറേഷൻ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | 2012-13 ലെ ബഡ്ജറ്റിൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് അനുവദിച്ച 60 കോടി രൂപയുടെ പാക്കേജിൽ 27.60 കോടി രൂപ 30-3-2013 ലെ 483/2013/വ്യവ നമ്പർ സർക്കാർ ഉത്തരവ് (സാധാ) പ്രകാരം റിലീസ് ചെയ്തിരുന്നു. ഇതിൽ ബാക്കിയുള്ള 32.40 കോടി രൂപ പ്രവർത്തന |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | മൂലധനമായി ഉപയോഗിക്കുന്നതിനും ഭരണാനുമതി നൽകിയിരുന്നു. ഇതിൽ നിന്നും 6 കോടി രൂപ ടെക്സ്ഫെഡിനും കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 1.80 കോടി രൂപ, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ - 1 കോടി രൂപ, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ-3.20 കോടി രൂപ ഒരു കോടി രൂപ ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിനും അനുവദിച്ചിരുന്നു. 60 കോടി രൂപയിൽ ബാക്കി വന്ന 25.40 കോടി രൂപ 10-3-2014 ലെ 321/2014/വ്യവ നമ്പർ സർക്കാർ ഉത്തരവ് സാധാ പ്രകാരം റീലീസ് ചെയ്തിരുന്നു.കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിലെ റിപ്പയേഴ്സ് & മെയിന്റനൻസ് നടത്തുന്നതിനായി 18-3-2017 ലെ സ.ഉആർ.ടിനം. 389/2017/വ്യവ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്.കൂടാതെ, 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം അനുസരിച്ച് കോർപ്പറേഷന്റെ കീഴിലുള്ള പ്രഭുറാം മിൽ, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽ എന്നിവിടങ്ങളിലെ |

| | | | | |
|---|---|---|---|---|
| | | | **അധിക വിവരം**<br>ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുക | മെഷീനറികളുടെ റിപ്പയേഴ്സ് & മെയിന്റനൻ സിനായി 762 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച 'എക്സ്പെർട്ട് കമ്മിറ്റി' അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കോർപ്പറേഷന്റെ മില്ലുകളുടെ ആധുനികവൽക്കരണത്തിനും പുതിയ മെഷിനറികൾ സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ ഉണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ് |
| 2 | 13/11 | 152 | സംസ്ഥാനത്ത് വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശി ക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;<br><br>എവിടെയെല്ലാമാണ് ഇവ സ്ഥാപി ക്കാനുദ്ദേശിക്കുന്നത്? | സംസ്ഥാനത്ത് ഇന്നവേറ്റീവ് ഇന്റർനാഷണൽ ഫർണീച്ചർ ഹബ് എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്നതിനുവേണ്ടി മോഡിഫൈഡ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം പദ്ധതി പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചു. മൊത്തം പദ്ധതി വിഹിതത്തിന്റെ അർഹതപ്പെട്ടിട്ടുള്ള ഘടകങ്ങളുടെ 25% സംസ്ഥാന വിഹിതം അംഗീകരിച്ചുകൊണ്ടുള്ള കത്ത് 24-6-2016-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.ഡിസൈൻ സെന്റർ, എക്സിബിഷൻ സെന്റർ, മെറ്റീരിയൽ ബാങ്ക്, വെയർ ഹൗസുകൾ തുടങ്ങിയവയാണ് ഫർണീച്ചർ ഹബ്ബിൽ ഉദ്ദേശിക്കുന്നത്. എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ വ്യവസായ വാണിജ്യ മേഖലകളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കണ്ണൂർ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരം**<br>സംസ്ഥാനത്തെ പ്രധാനപ്പെട്ട തുറമുഖങ്ങളെയും വിമാനത്താവളങ്ങ ളെയും ബന്ധപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കു മെന്ന ഉറപ്പിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ പുരോഗതി റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു. | ജില്ലയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലത്ത് ഇൻകെൽ Read to occupy മാതൃകയിൽ തയ്യാറാക്കിയ 4.55 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിൽ 2.12 ലക്ഷം ചതുരശ്ര അടി സ്ഥലത്ത് വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ 42000 ചതുരശ്ര അടിയുള്ള Ready to occupy കെട്ടിടത്തിൽ കയറ്റുമതി പ്രത്സാഹിപ്പിക്കുന്നതിനായി അപ്പാരൽ പാർക്കായി ഒരുക്കുന്നു.<br><br>സംസ്ഥാനത്ത് തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കുന്ന പദ്ധതിയു മായി ബന്ധപ്പെട്ട് കിൻഫ്ര കണ്ണൂരിൽ ഭൂമി കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തും പദ്ധതിയ്ക്ക് അനുയോ ജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കിൻഫ്ര ശ്രമിച്ചു വരികയാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന കണ്ണൂർ ജില്ലയിലെ കൂത്തുപ്പറമ്പിലും കോഴിക്കോട് ജില്ലയിലെ കിനാലൂരും അങ്കമാലിയിലെ ടെൽക്കിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തും വ്യവസായ പാർക്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. എറണാകുളം |

| | | | | |
|---|---|---|---|---|
| | | | | ജില്ലയിലെ ആമ്പല്ലൂർ വില്ലേജിൽ ഇലക്ട്രോണിക്സ് വ്യവസായ പാർക്കിനുള്ള സ്ഥലം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഏറ്റെടുക്കൽ നടപടി സ്വീകരിച്ചു വരുന്നു. |

## VII. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/5 | 188 | ഇതുവരെ മിനിമം വേജസ് നിർണ്ണയിച്ചിട്ടില്ലാത്ത മേഖലകളിൽ ആയത് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | ബ്രുവറിസ്, ഫുട്വെയർ മാനുഫാക്ചറിംഗ്, മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് കേബിൾ ടി.വി. എന്നിവയാണ് 2012-ന് ശേഷം പുതുതായി മിനിമം വേതനം നിശ്ചയിക്കുവാൻ തീരുമാനിച്ച മേഖലകൾ ഇതിൽ ബ്രുവറീസ് മേഖലയിൽ 2013-ലും മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് മേഖലയിൽ 2016-ലും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, ഫുട്വെയർ മാനുഫാക്ചറിംഗ്, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | **അധികവിവരം**<br>മിനിമം വേജസ് നിർണ്ണയം സംബന്ധിച്ച ഉറപ്പിന്റെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി ഫോട്ടോഗ്രാഫി ആന്റ് വീഡിയോ ഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, ഫുട്‌വെയർ മാനുഫാക്ചറിംഗ്, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവി ച്ചിട്ടില്ല. എന്ന് അഭിപ്രായപ്പെടുകയും ഇനിയും മിനിമം വേജസ് നിശ്ചയിക്കാത്ത മേഖലകളിൽ ആയത് നിർണ്ണയിക്കുന്ന തിന് സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങളും | നിശ്ചയിച്ചുകൊണ്ട് സർക്കാർ കരട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേബിൾ ടി.വി. മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**അധികവിവരത്തിനുള്ള മറുപടിയായി**<br>ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, ഫുട്‌വെയർ മാനുഫാക്ചറിംഗ്, എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത മേഖലയിൽ മിനിമം വേതനം നിശ്ചയിച്ച കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. കാലാവധി പൂർത്തിയായ 27 തൊഴിൽ മേഖലകളിൽ തെളിവെടുപ്പ് നടത്തി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ സർക്കാരിന് സമർപ്പിക്കാൻ 4-7-2017-ലെ സ.ഉ.(പി)65/2017/തൊഴിൽ നമ്പർ പ്രകാരം സബ്കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ |

447/2023.

| | | | | |
|---|---|---|---|---|
| | | | തൊഴിൽ നൈപുണ്യവും വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. | ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാക്കി മേഖലകളിൽ മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മിനിമം വേതന ഉപദേശക സമിതിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2 | 13/09 | 116 | സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്ന 'വേതന സുരക്ഷാ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; വേതന സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും വേതന സുരക്ഷാ പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ |

| (1) | (2) | (3) | (4) | (5) |
| --- | --- | --- | --- | --- |
| | | | **അധികവിവരം**<br>സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള സുരക്ഷാ പദ്ധതിയനുസരിച്ച് മിനിമം വേതനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുക. | എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. കടകളും വ്യാപാര വാണിജ്യ സ്ഥാപനങ്ങളും. സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, ക്ലിനിക്കൽ ലാബുകൾ, സ്കാനിംഗ് സെൻററുകൾ, എക്സറേ യൂണിറ്റുകളും അനുബന്ധ സ്ഥാപനങ്ങളും, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സേവനങ്ങൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (നോൺ ടീച്ചിംഗ്പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ മേഖലകളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ വേതനം എല്ലാമാസവും നിർദ്ദിഷ്ട തീയതിയിൽ അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് ഉടമ ക്രെഡിറ്റ് ചെയ്യുന്നു. ടി വേതനവിതരണം തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഇൻസ്‌പെക്ടർക്ക് ഓൺലൈനായി നീരിക്ഷിക്കുന്നതിന്) ജീവനക്കാർ എന്നീ മേഖലകളിലാണ് സാധിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നത് വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാകുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സാധിക്കും. 1948 ലെ മിനിമം വേതനം നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും, നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്‌പെക്ടർമാർക്ക് |

| | | | | |
|---|---|---|---|---|
| | | | | ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. സംസ്ഥാനമൊട്ടാകെ വേതന സുരക്ഷാ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണലൈസ്ഡ് ബാങ്കുകളുടെ പ്രതിനിധികൾ, സ്വകാര്യ തൊഴിലുടമകൾ എന്നിവരുമായി ലേബർ കമ്മീഷണർ സംസ്ഥാന തലത്തിലും റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ മുഖാന്തിരം ജില്ലാ തലത്തിലും ചർച്ചകൾ നടത്തുകയും ബോധവത്കരണ പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. ടി പദ്ധതിപ്രകാരം വേതനവിതരണം നടത്തുമ്പോൾ തൊഴിലുടമകൾക്കുണ്ടാകാനിടയുള്ള സംശയങ്ങൾക്കും പരാതികൾക്കും പരിഹാരം കാണുന്നതിന് ലേബർ കമ്മീഷണറേറ്റിൽ ഒരു ഐ.റ്റി.സെക്ഷൻ പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതി മുഖേന വേതനം വിതരണം ചെയ്യുന്നതിന് 24 ബാങ്കുകളുമായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്. അതിൽ 19 ബാങ്കുകൾ വഴി നിലവിൽ വേതനവിതരണം പൂർണ്ണതോതിൽ നടന്നുവരുന്നു.വേതന സുരക്ഷാ പദ്ധതി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | വഴി വേതന വിതരണം ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് 1948 മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വ്യവസ്ഥയുടെ ലംഘനം മിനിമം വേതന ചട്ടത്തിന്റെ ലംഘനമായി കണക്കാക്കുന്നു. നിലവിൽ മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള ശിക്ഷ 500/- രൂപയാണ്. ആയത് ഭേദഗതി ചെയ്ത് 1 ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെയായി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |



## VIII. ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| 1 | 13/05 | 39 | ധനകാര്യ വകുപ്പിൽ അനോമിലിയുടെ പേരിൽ എത്ര പരാതികൾ തീർപ്പാകാതെ കിടക്കുന്നുണ്ട്? | ഒൻപതാം ശമ്പള പരിഷ്കരണ അപാകത സംബന്ധിച്ച പരാതികൾ വിശദമായി പരിശോധിച്ച് അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ട കേസുകളിൽ ആയവ പരിഹരിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 191 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഒമ്പതാം ശമ്പള പരിഷ്കരണ അപാകത സംബന്ധിച്ച |

| | | | | |
|---|---|---|---|---|
| | | | **അധികവിവരം**<br>ഒമ്പതാം ശമ്പള പരിഷ്ക്കരണ അപാകത സംബന്ധിച്ച പരാതികളിൽ എത്ര എണ്ണം പരിഹരിക്കാൻ ബാക്കിയുണ്ടെന്ന വിവരം അറിയിക്കുക. | പരാതികൾ വിശദമായി പരിശോധിച്ച് അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 217 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് ഉചിത മാർഗ്ഗേന ലഭിച്ചു കൊണ്ടിരിക്കുന്ന പരാതികൾ അനുയോജ്യമായ തലത്തിൽ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

## IX. നിയമ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/05 | 123 | ഗ്രാമപഞ്ചായത്തുകളിൽ സാധാരണ ക്കാരന് നിയമ സഹായം നൽകുന്ന തിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ? | മേൽ പറഞ്ഞ ചോദ്യത്തിനുള്ള മറുപടിയായി എല്ലാ ഗ്രാമപഞ്ചായത്തുകളോടനുബന്ധിച്ചും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കിയിരുന്നു.<br>എല്ലാ പഞ്ചായത്തുകളിലും നിയമസഹായ ക്ലിനിക്ക കൾ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യ ങ്ങൾ തയ്യാറാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, എല്ലാ പഞ്ചായത്തുകളിലും നിയമ സഹായ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരിപത്രം ഇറക്കുകയുണ്ടായി. സ്ഥല സൗകര്യം ലഭ്യമായ എല്ലാ പഞ്ചായത്തുകളിലും നിയമ സഹായ ക്ലിനിക്കുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്നും ലഭ്യമായ കണക്കു പ്രകാരം കേരളത്തിൽ 14 ജില്ലകളിലായി 676 പഞ്ചായത്തുകളിൽ ലീഗൽ എയിഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ ജില്ല തിരിച്ച് തിരുവനന്തപുരം 51, കൊല്ലം 31, പത്തനംതിട്ട 49, ആലപ്പുഴ 71, കോട്ടയം 74, ഇടുക്കി 39, എറണാകുളം 59, തൃശ്ശൂർ 75, പാലക്കാട് 15, മലപ്പുറം 76, കോഴിക്കോട് 25, വയനാട് 13, കണ്ണൂർ 81, കാസർഗോഡ് 17 എന്നിങ്ങനെയാണ്.<br><br>പ്രസ്തുത വിവരം സമിതിയുടെ അറിവിലേക്കായി സമർപ്പിച്ചു കൊള്ളുന്നു.<br><br>(ഇതിന് ബഹു. ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അംഗീകാരവും ഉണ്ട്). |

**ഗ്രാമീണ ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ**

പതിമൂന്നാം കേരള നിയമ സഭയുടെ 5-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6437- ന് നൽകിയ ഉറപ്പ് നമ്പർ 123 മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന് സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

| ക്രമ നമ്പർ | ജില്ല | ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത പഞ്ചായത്തുകളുടെ എണ്ണം | ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ലാത്തതിന്റെ കാരണങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 11 | 1. സ്ഥല സൗകര്യമില്ലായ്മ (ലീഗൽ എയ്ഡ് ക്ലിനിക്കുകൾ അടുത്ത മാസത്തോടെ ആരംഭിക്കുന്നത് ജില്ലാ ലീഗൽ അതോറിറ്റിയുടെ പരിഗണനയിലാണ്. |

| (1) | (2) | (3) | (4) | (5) | | | |
|---|---|---|---|---|---|---|---|
| | | | | | | | 2. പഞ്ചായത്തുക ളിൽ നിന്നും ആവശ്യം ഉന്നയിച്ചിട്ടില്ല. 3. പാരാ ലീഗൽ വോളണ്ടി യറുടെ അഭാവം. |
| | | | | 2 | കൊല്ലം | 36 | ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നത് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പരിഗണനയി ലാണ്. |
| | | | | 3 | പത്തനം തിട്ട | 36 | പഞ്ചായത്തുക ളിൽ പരാതികൾ കുറവായതിനാ ൽലീഗൽ എയ്ഡ് ക്ലിനിക്കുകൾ |

447/2023.

| | | | |
|---|---|---|---|
| | | | സ്ഥാപിക്കേണ്ടതില്ലെന്ന് ബന്ധപ്പെട്ട പഞ്ചായത്തു സെക്രട്ടറിമാർ ലീഗൽ സർവ്വീസസ് അതോറിറ്റിയെ അറിയിച്ചിരിക്കുന്നു |
| 4 | ആലപ്പുഴ | ഇല്ല | ഇല്ല |
| 5 | കോട്ടയം | 48 | എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചിരുന്നതാണ്. എന്നാൽ നിയമ |

| (1) | (2) | (3) | (4) | (5) | | | |
|---|---|---|---|---|---|---|---|
| | | | | | | | സഹായത്തിനായി ലീഗൽ എയ്ഡ് ക്ലിനിക്കുകളെ സമീപിക്കുന്നവരുടെ എണ്ണം വളരെ കുറവായതിനാൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി / താലൂക്ക് ലീഗൽ സർവ്വീസസ്കമ്മിറ്റികൾ പ്രസ്തുത 48 ലീഗൽ എയ്ഡ് ക്ലിനിക്കുകൾ നിർത്തലാക്കി. |
| | | | | 6 | ഇടുക്കി | 17 | ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 7 | എറണാകുളം | 16 | 1. ലീഗൽ എയ്ഡ് ക്ലിനിക്കുകൾ നടത്തുന്നതിന് പഞ്ചായത്തിന് താത്പര്യമില്ലാത്തതിനാൽ നിർത്തലാക്കി.<br>2. ക്ലിനിക്ക് ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br>3. അടുത്ത മാസത്തോടെ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതാണ്.<br>4. ആദ്യഘട്ടത്തിൽ കൊടുങ്ങല്ലൂർ പഞ്ചായത്തും നോർത്ത് പരവൂർ |

| (1) | (2) | (3) | (4) | (5) | | | |
|---|---|---|---|---|---|---|---|
| | | | | | | | മുനിസിപ്പാലിറ്റിയും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തയ്യാറല്ലായിരുന്നു. ഈ രണ്ടിടങ്ങളിലും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. 5. കേസുകളുടെ അഭാവം. |
| | | | | 8 | തൃശ്ശൂർ | ഇല്ല | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 9 | പാലക്കാട് | 55 | പാലക്കാട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മറുപടി ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| (1) | (2) | (3) | (4) | (5) | | | |
|---|---|---|---|---|---|---|---|
| | | | **അധികവിവരം** സംസ്ഥാനത്തെ ഓരോ ജില്ലയിലും ഗ്രാമീണ ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ എത്രയാണെന്നും പ്രസ്തുത പഞ്ചായത്തുകളിൽ ക്ലിനിക്കുകൾ സ്ഥാപിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും അറിയിക്കുക. | 10 | മലപ്പുറം | 9 | ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| | | | | 11 | കോഴിക്കോട് | 68 | 1. ലീഗൽ എയ്ഡ് ക്ലിനിക്കുകൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2. ലീഗൽ എയ്ഡ് ക്ലിനിക്കുകൾ തുറന്നെങ്കിലും പ്രസ്തുത സൗകര്യം ഗുണഭോക്താക്കൾ ഉപയോഗപ്പെടുത്താത്തതിനാൽ പ്രവർത്തനം നിലച്ചു. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 12 | വയനാട് | 3 | 1. ലീഗൽ എയ്ഡ് ക്ലിനിക്കുകൾ അടുത്ത മാസത്തോടെ ആരംഭിക്കുന്നതാണ്.<br>2.ലീഗൽ എയ്ഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം പഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. |
| | | | | 13 | കണ്ണൂർ | ഇല്ല | ഇല്ല |
| | | | | 14 | കാസർ ഗോഡ് | 12 | സ്ഥലസൗകര്യം പഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. |

## X. ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ / സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/08 | 32 | പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് ലാൻഡ് യൂസ് ബോർഡിന്റെ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | 1. പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് അവലോകനം സൃഷ്ടിക്കുന്നതിനായി ത്രൈമാസ വാർത്താപത്രികയുടെ 3 ലക്കങ്ങളെ (വിഭവ കേരളം) പ്രസിദ്ധീകരിച്ചു. ദേശീയ തലത്തിൽ സ്പേഷ്യൽ ടെക്നോളജി ഫോർ വാട്ടർ ഷെഡ് പ്ലാന്നിംഗ് എന്ന വിഷയത്തിൽ 2014 ജനുവരി 8,9 എന്ന് തീയതികളിൽ തിരുവനന്തപുരത്തു വച്ച് ദേശീയ സെമിനാർ നടത്തി.<br><br>2. ജില്ലാ തലത്തിൽ 1 സെമിനാറും, ബ്ലോക്ക് തലത്തിൽ 2 സെമിനാറുകളും, പഞ്ചായത്ത് തലത്തിൽ 45 സെമിനാറുകളും ശില്പ ശാലകളും ബോധവല്ക്കരണ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു .<br><br>3. വിദ്യാർഥികളിലും യുവജനങ്ങളിലും പരിസ്ഥിതി പരിപാലനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായി 2014 ഫെബ്രുവരി 22 ന സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. |

കൂടാതെ ഭൂവിഭവ ബോധവല്ക്കരണ, സംരക്ഷണം എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂൾ വിദ്യാർഥികൾക്കായി സംസ്ഥാനതല ഓഡിയോ വിഷ്വൽ ക്വിസ് മത്സരവും 21-2-2014 ന സംഘടിപ്പിച്ചു.

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

ഉറപ്പ് നമ്പർ - 32-ന് മേലുള്ള അധിക വിവരം.

ചോദ്യം നമ്പർ - US 3520

ദിവസം - 04/10/2013

വകുപ്പ് - ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

വിഷയം - കേരള ലാന്റ് യൂസ് ബോർഡിന്റെ പ്രവർത്തനം

| സമതി ആവശ്യപ്പെട്ട അധിക വിവരം | മറുപടി |
|---|---|
| 2011 മുതലുള്ള 5 വർഷ ക്കാലത്തിനിടയിൽ പ്രതിവർഷം എത്ര രൂപയാണ് ലാന്റ് യൂസ് ബോർഡിനായി വകയിരുത്തിയിട്ടുള്ളതെന്നും | 2402-00-001-98-പ്ലാൻ ശീർഷകത്തിലും 2402-00-001-96-പ്ലാൻ ശീർഷകത്തിലുമാണ് പരിസ്ഥിതി പാലനമുൾപ്പെടെയുള്ള |

<table>
<tr><th>(1)</th><th>(2)</th><th>(3)</th><th>(4)</th><th>(5)</th></tr>
<tr><td></td><td></td><td></td><td>

**അധികവിവരം**

2011 മുതലുള്ള 5 വർഷക്കാലത്തിനിടയിൽ പ്രതിവർഷം എത്ര രൂപയാണ് ലാന്റ് യൂസ് ബോർഡിനായി വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എത്ര രൂപ പരിസ്ഥിതി പാലനത്തിനായി ചെലവഴിച്ചുവെന്നും ആരായുവാൻ തീരുമാനിച്ചു.

</td><td>
<table>
<tr><td colspan="3">അതിൽ എത്ര രൂപ പരിസ്ഥിതി പാലനത്തിനായി ചെലവഴിച്ചുവെന്നും ആരായുവാൻ തീരുമാനിച്ചു.</td><td colspan="2">ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഭൂവിനിയോഗ ബോർഡിന് തുക അനുവദിക്കുന്നത്. ഈ രണ്ട് ശീർഷകങ്ങ ളിലായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.</td></tr>
<tr><td colspan="3"></td><td colspan="2">പരിസ്ഥിതി പാലനത്തിന്</td></tr>
<tr><td>1</td><td>2011-12</td><td>125 ലക്ഷം</td><td>3 ലക്ഷം</td><td>3 ലക്ഷം</td></tr>
<tr><td>2</td><td>2012-13</td><td>195 ലക്ഷം</td><td>4 ലക്ഷം</td><td>4 ലക്ഷം</td></tr>
<tr><td>3</td><td>2013-14</td><td>85 ലക്ഷം</td><td>6.75 ലക്ഷം</td><td>6.75 ലക്ഷം</td></tr>
<tr><td>4</td><td>2014-15</td><td>177 ലക്ഷം</td><td>10 ലക്ഷം</td><td>8.54 ലക്ഷം</td></tr>
<tr><td>5</td><td>2015-16</td><td>185 ലക്ഷം</td><td>7 ലക്ഷം</td><td>6.89 ലക്ഷം</td></tr>
</table>
</td></tr>
</table>

## XI. ഭവനനിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/09 | 121 | ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവാസികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രവാസികൾക്കായി ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം ബോർഡ് ആലോചിക്കുമോ? | ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവാസികൾക്ക് നിലവിൽ ഭവന നിർമ്മാണ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതികളിലൂടെ പ്രവാസികൾക്കും ഫ്ലാറ്റ് സ്വന്തമാക്കാവുന്നതാണ്. ടി പദ്ധതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും ഫ്ലാറ്റിന്റെ വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശേഖരിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്.ടി പദ്ധതികളും ബോർഡിന്റെ പരിഗണനയിലാണ്. ഇതോടൊപ്പം പ്രവാസികൾക്കായി അവരുടെ സ്വന്തം ഭൂമിയിൽ ഭവന നിർമ്മാണ ബോർഡ് മുഖേന പാരസ്പര്യം മാതൃകയിൽ ഉപഭോക്താക്കളിൽ നിന്നും നിർമ്മാണചെലവ് മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളായി ശേഖരിച്ചുകൊണ്ട് 'വില്ല' നിർമ്മിക്കുന്നതിനുള്ള പദ്ധതിയും ബോർഡിന്റെ പരിഗണനയിലാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധിക വിവരം**<br>പ്രവാസികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുക? | 24-9-2016-ലെ സ.ഉ(കൈ)നം.34/2016 ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രവാസികൾക്ക് അവരുടെ സ്വന്തം ഭൂമിയിൽ പാരസ്പര്യം മാതൃകയിൽ വില്ലകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു. എറണാകുളം ജില്ലയിലെ തൃക്കാക്കരയിൽ അനുമതിയ്ക്കായി അഭ്യർത്ഥിച്ചിരുന്ന പാരസ്പര്യം മാതൃകയിലുള്ള റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് പദ്ധതി ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിൽ ഇല്ലായെന്ന് അറി യിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.1/2018/ഭവനം തീയതി 17-1-2018 പ്രകാരം തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് പാരസ്പര്യം മാതൃകയിൽ 22 വില്ലകൾ നിർമ്മിക്കുന്നതിനുള്ള ബോർഡിന്റെ പദ്ധതിയ്ക്ക് അനുമതി നൽകിയിരുന്നു. എന്നാൽ തിരുവനന്തപുരത്തിന്റെ മാസ്റ്റർ പ്ലാനിനോടനു ബന്ധിച്ച് തിരുവനന്തപുരം നഗരസഭ തയ്യാറാക്കിയ Interim Development Order 11-9-2017-ലെ ജി ഒ(എം.എസ്) നം.180/ 2017/ എൽ.എസ്.ജി.ഡി. പ്രകാരം ആക്കുളത്ത് ഭവന |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള നിർദ്ദിഷ്ട ഭൂമിയിൽ വില്ലകൾ, ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതല്ല. മേൽ കാരണങ്ങളാൽ പ്രവാസി കൾക്ക് മാത്രമായി നിലവിൽ പദ്ധതികൾ ഒന്നും തന്നെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പരിഗണനയിൽ ഇല്ല. |

## XII. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | നിയമസഭ/ സമ്മേളനം | ഉറപ്പ് നമ്പർ | സഭയിൽ ഉന്നയിക്കപ്പെട്ട ചോദ്യം | സർക്കാരിൽ നിന്ന് ലഭ്യമായ മറുപടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 13/11 | 46 | എല്ലാ മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലെ ഓഫീസുകളിലും ക്യാമറകൾ സ്ഥാപിക്കാ നുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | കെൽട്രോൺ സമർപ്പിച്ച പദ്ധതിയിലെ ഹാർഡ് വെയർ, സോഫ്റ്റ് വെയർ സംബന്ധമായ പ്രത്യേക നിർദ്ദേശങ്ങൾ ടെക്നിക്കൽ കമ്മിറ്റിയുടെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | **അധികവിവരം**<br>പ്രസ്തുത ഓഫീസുകളിൽ അടിയന്തരമായി ക്യാമറ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാനും ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ആരായാനും സമിതി തീരുമാനിച്ചു. | പരിഗണനയിലാണ്. പദ്ധതിയിൽ ഉപയോഗിക്കേണ്ട ഉപകരണങ്ങളുടെ അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.<br>ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെൽട്രോൺ നൽകിയ പദ്ധതി ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും പദ്ധതി നടത്തിപ്പിനായി ആവശ്യപ്പെട്ടിരിക്കുന്ന തുക അധികമാണെന്നും രണ്ട് കോടി രൂപയ്ക്കുമേൽ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ടെണ്ടർ ക്ഷണിക്കാതെ കെൽട്രോണിനെ ഏൽപ്പിക്കുന്നത് ഉചിതമല്ല എന്നും അഭിപ്രായപ്പെട്ടു. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തെ ഏൽപ്പിക്കുവാനുള്ള അനുമതിക്കായി FAST മോണിറ്ററിംഗ് കമ്മിറ്റിയെ സമീപിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. വകുപ്പ് ഓഫീസുകൾ സന്ദർശിച്ച് വിശദമായ പദ്ധതി രൂപരേഖ നൽകുവാൻ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. |

**അനുബന്ധം IV**

## സമിതി അധികവിവരം ആവശ്യപ്പെട്ട റിപ്പോർട്ടുകളുടെ പട്ടിക

### I. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 5-ാം സമ്മേളനം. ഉറപ്പ് നം.93 കേന്ദ്ര ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച് ഉപദേശസമിതികൾ രൂപികരിക്കാൻ നടപടി. | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശ പ്രകാരം സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. | ജില്ലാതലത്തിൽ ഉപദേശകസമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വകുപ്പിനോട് ആരായുവാൻ നിർദ്ദേശിച്ചു. |
| 2 | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം. ഉറപ്പ് നം.8 കാൻസർ രോഗ ചികിൽസ മെച്ചപ്പെടുത്താൻ നടപടി. | അഞ്ച് മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി വിഭാഗങ്ങൾ രൂപീകരിക്കുകയും ഇതിലേയ്ക്കായി 105 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ കേരള | കാൻസർ രോഗ ചികിൽസ മെച്ചപ്പെടുത്താൻ നടപടി സംബന്ധിച്ച ഉറപ്പിന്മേൽ ആരോഗ്യ കുടുംബക്ഷേമവകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർദ്ദേശിക്കുകയും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കാൻസർ ചികിൽസയ്ക്കായുള്ള High Energy Linear Accelerator വാങ്ങുന്നതിന് 2014-15 ൽ 27.45 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് 2017-18-ൽ 36.0518 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2016-17-ൽ കോട്ടയം മെഡിക്കൽ കോളേജിൽ Low Energy Accelerator വാങ്ങുന്നതിനായി 8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് 2017-18 ൽ 11.875 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്, തുക കെ.എം.എസ്.സി. എല്ലിന് കൈമാറുകയും ആയതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടു മുണ്ട്. തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കായി Tele Cobalt Machine വാങ്ങുന്നതിന് 2016-17 -ൽ | പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 45 കോടി രൂപയുടെ ടെർഷ്യറി കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുകയും ഇതിന്റെ ഭാഗമായി 16 കോടി രൂപയ്ക്ക് Linear Accelerator വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. | |
| 3 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം. ഉറപ്പ് നം.28 മരുന്നു സംഭരണത്തിലെ ക്രമക്കേട്. | 31-3-2013 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റോക്കെടുപ്പിൽ അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയ 21.23 കോടി രൂപയുടെ കുറവിനെ സംബന്ധിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിശദമായ പരിശോധന നടത്തുകയും ഓരോ സംഭരണശാലയിലെയും സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് പട്ടികയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ സ്റ്റോക്ക് വിവരവുമായി താരതമ്യപ്പെടുത്തിയപ്പോൾ യഥാർത്ഥത്തിൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ സ്റ്റോക്കിനേക്കാൾ 15.36 കോടി രൂപയുടെ സ്റ്റോക്ക് വിവിധ സംഭരണശാലകളിൽ അധികം ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. | സംഭരണശാലകളിൽ അധികമായി സ്റ്റോക്ക് കണ്ടെത്തിയ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചു എന്ന് വകുപ്പിനോട് ആരായാൻ തീരുമാനിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം. ഉറപ്പ് നം.50 സൗജന്യ ഡയാലിസിസ് സൗകര്യങ്ങൾ | കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ച 27 ആശുപത്രികളിൽ പ്രാഥമിക പരിശോധനയിൽ സ്ഥലസൗകര്യം ലഭ്യമായിരുന്ന 13 ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനായുള്ള ഉത്തരവും ചെലവ് ഇനത്തിൽ പ്രതീക്ഷിച്ചിരുന്ന 12,65,60,067 രൂപയും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നു ലഭ്യമാക്കണമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയോ ഉത്തരവോ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ലഭിച്ചിരുന്നില്ല.<br><br>സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രി കളിൽ(തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രികൾ) കിഫ്ബി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി | സൗജന്യ ഡയാലിസിസ് സൗകര്യങ്ങൾ സംബന്ധിച്ച ഉറപ്പിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | ഡയാലിസിസ് സേവനം ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും ആശുപത്രികളിൽ ആവശ്യമായ എല്ലാ ആധുനിക ഉപകരണങ്ങളും സജ്ജീകരിച്ച് ഡയാലിസിസ് ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ഡയാലിസിസ് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച ആശുപത്രികളിൽ ആവശ്യമായ മരാമത്ത് പണികൾ പൂർത്തിയാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയെ ചുമതലപ്പെടു ത്തിക്കൊണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതി നാവശ്യമായ ഉപകരണങ്ങളുടേയും അനുബന്ധ സാധനങ്ങളുടെയും വിതരണ കമ്പനിയെ ദർഘാസ് നടപടിയിലൂടെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കണ്ടെത്തിയിട്ടുണ്ട്. മരാമത്ത് പണികൾ പൂർത്തിയായിക്കഴിഞ്ഞാൽ | |

| (1) | (2) | (3) | (4) |
|---|---|---|---|
| | | ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. കരുനാഗപ്പള്ളി, ചിറ്റൂർ താലൂക്ക് ആശുപത്രികൾ കിഫ്ബി ഡയാലിസിസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. | |

## II. കൃഷി വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം.<br>ഉറപ്പ് നം.32<br>കാർഷികോത്പാദക സംഘങ്ങൾ | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കാർഷികോല്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് തുകയൊന്നും വകകൊള്ളിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടില്ല എന്നാൽ നടപ്പു സാമ്പത്തിക വർഷം (2017-18) പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ പച്ചക്കറി പ്രൊഡ്യൂസർ കമ്പനികൾ | കാർഷികോത്പാദക സംഘങ്ങൾ സംബന്ധിച്ച ഉറപ്പിന്മേൽ കൃഷി വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | രൂപീകരിക്കുന്നതിനായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു കൊള്ളുന്നു. | |
| 2. | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം.<br>ഉറപ്പ് നം.10<br>കർഷകർക്ക് ക്ഷേമനിധി | കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കാർഷിക നയത്തിലെ പ്രധാന ശിപാർശയായ കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിന് 20-2-2016-ലെ സ.ഉ. (എം.എസ്) നം. 31/16/കൃഷി നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കർഷക ക്ഷേമ ബോർഡിന്റെ ഒരു ഘടകമാണ് കർഷകരുടെ ക്ഷേമത്തിനായി രൂപീകരിക്കുന്ന ക്ഷേമനിധി ഫണ്ട്. ക്ഷേമനിധി ഏർപ്പെടുത്തി ഉത്തരവായിട്ടില്ല. കർഷക ക്ഷേമ ബോർഡ് രൂപീകരിച്ച്കൊണ്ടുള്ള ആക്ടും റൂൾസും പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് മാത്രമേ ക്ഷേമനിധി ഫണ്ട് പ്രാബല്യത്തിൽ വരികയുള്ളൂ. | കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 13-ാം കേരള നിയമസഭ 12-ാം സമ്മേളനം.<br>ഉറപ്പ് നം.40<br>പോളി ഹൗസ് ഫാർമിംഗ് | മലബാർ മേഘല കേന്ദ്രീകരിച്ച് പോളി ഹൗസ് ഫാർമിംഗ് മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനു കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വകുപ്പിനോട് ആരായാൻ തീരുമാനിച്ചു. |
| 4 | 13-ാം കേരള നിയമസഭ 14-ാം സമ്മേളനം.<br>ഉറപ്പ് നം.64<br>ഇറച്ചിക്കോഴികൾക്കും മറ്റും നൽകുന്ന ആന്റി ബയോട്ടിക്കുകൾ | ഇറച്ചിക്കോഴികൾക്ക് നല്കി വരുന്ന ആന്റിബയോട്ടിക്കുകൾ ഇറച്ചി കഴിക്കുന്ന മനുഷ്യരുടെ പ്രതിരോധ ശക്തിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കോഴിയിറച്ചിയിലെ ആന്റിബയോട്ടിക്കുകളെ സംബന്ധിച്ച് പഠനങ്ങളും പരിശോധനകളും വെറ്ററിനറി കോളേജ് തലത്തിൽ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡീൻ വെറ്ററിനറി കോളേജ് മണ്ണുത്തി തൃശ്ശൂർ-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൃഗസംരക്ഷണ | സാമ്പിളിൽ ആന്റി ബയോട്ടിക് സാന്നിദ്ധ്യം കണ്ടെത്തിയ കേസിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | വകുപ്പിന്റെ മേൽനോട്ടത്തിലുള്ള എറണാകുളം സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആന്റ് അഗ്രിപ്രോഡക്ട്സ്, മരടിൽ കോഴിയിറച്ചിയിലെ ആന്റിബയോട്ടിക്കുകളുടെ സാന്നിധ്യം പരിശോധിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ 13 സാമ്പിളുകൾ പരിശോധിച്ചതിൽ ഒരു സാമ്പിളിൽ ആന്റിബയോട്ടിക്ക് സാന്നിധ്യം കാണുകയുണ്ടായതായി 12/5/2016-ൽ ലൈവ്സ്റ്റോക്ക് പ്രോഡക്ട്സ് ഇൻസ്പെക്ടിംഗ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് | |

## III. ആഭ്യന്തര വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധികവിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം.<br>ഉറപ്പ് നം.68<br>വനിതാ പോലീസ് സേനയുടെ ശാക്തീകരണം | വനിതാ പോലീസ് സേനയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 20 വനിതാ ഹവിൽദാർ തസ്തികകളും 380 വനിതാ കോൺസ്റ്റബിൾ തസ്തികകളും ഉൾപ്പെടുന്ന ഒരു വനിതാ പോലീസ് ബറ്റാലിയൻ | |

| (1) | (2) | (3) | (4) |
|---|---|---|---|
| | | രൂപീകരിച്ചിട്ടുണ്ട്. പോലീസ് സേനയിലെ സ്ത്രീ-പുരുഷ അനുപാതം സംബന്ധിച്ച് വ്യക്തമായ ഉത്തരവുകളൊന്നും തന്നെ നിലവിലില്ല. പോലീസ് സേനയിൽ നിലവിൽ 8.43% വനിതകൾ സേവനമനുഷ്ഠിച്ചുവരുന്നു.<br>പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 15% ആക്കുന്നതിന്റെ ഭാഗമായി, പുതുതായി സൃഷ്ടിക്കുന്ന പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആയതിന്റെ 15% വനിതകൾക്കായി നീക്കി വയ്ക്കുന്നുണ്ട്. കൂടാതെ, പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനും നിലവിൽ വനിതാ സേനാംഗങ്ങൾ അനുഭവിക്കുന്ന വിവേചനം ഇല്ലാതാക്കുന്നതിനുമായി വനിതാ പോലീസ് നയം തയ്യാറാക്കുന്നതിനു വേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. | വനിതാ പോലീസ് സേനയുടെ ശാക്തീകരണം സംബന്ധിച്ച ഉറപ്പിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി വനിതാ പോലീസ് നയം രൂപീകരിച്ചോ എന്നാരായാനും വനിതാ പോലീസ് സേനയുടെ ക്ഷേമകാര്യങ്ങൾക്കായി സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. |

| | | | |
|---|---|---|---|
| 2 | സമിതി (2019-2021) യുടെ 6-ാ മത് റിപ്പോർട്ടിലെ 86-ാം ഖണ്ഡികയിലെ ശിപാർശ | ശിപാർശയുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ കോസ്റ്റൽ സെക്യൂരിറ്റിക്ക് സംസ്ഥാന പോലീസ് മേധാവി 16-1-2020 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 7-8-2018 ൽ അഴിക്കോട് കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ സീ ആംബുലൻസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. എം. എൽ. എ. ശ്രീ ടൈസൻ മാസ്റ്റർ ബഹു. മുഖ്യമന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനത്തിന്മേൽ, കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈൽ ദൂരം വരെ സഞ്ചരിക്കുവാൻ ഉണ്ടാകുന്ന തരത്തിലുള്ള ഏകദേശം മൂന്ന് കോടിയിൽ അധികം ചെലവ് പ്രതീക്ഷിക്കുന്ന, സീ ആംബുലൻസ് മൂന്നോ നാലോ കോസ്റ്റൽ പോലീസ് സ്റ്റേഷന് ഒരു സീ ആംബുലൻസ് എന്ന രീതിയിൽ അനുവദിക്കുവാൻ ശിപാർശ ചെയ്തു കൊണ്ടുള്ള കത്ത്, സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷ ഇ 3/317/2018-ആഭ്യന്തരം എന്ന ഫയലിൽ സർക്കാർ പരിശോധിച്ചു വരികയുമാണ്. | എല്ലാ തീരദേശ ജില്ലകളിലും ഒരു മറൈൻ ആംബുലൻസ് വീതം ലഭ്യമാക്കണമെന്നും ഹാർബർ ഉള്ള സ്ഥലങ്ങളിൽ ഇതിന് കൂടുതൽ ഗൗരവപരമായ പരിഗണന നൽകണമെന്നും ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. |

## IV. വ്യവസായ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 5-ാം സമ്മേളനം.<br>ഉറപ്പ് നം.15<br>കയർ ജിയോ ടെക്സ്റ്റൈൽ | ആധുനിക സാങ്കേതിക വിദ്യകൾ റോഡു നിർമ്മാണത്തിന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് 26-3-2018-ൽ പുറപ്പെടുവിച്ച സ.ഉ (സാധാ) നം.527/ 2018/ പൊ.മ.വ. നം ഉത്തരവിൽ ജിയോ ടെക്സ്റ്റൈൽസ് സാങ്കേതിക വിദ്യയും ഉൾപ്പെട്ടിട്ടുണ്ട്. കയർ ജിയോ ടെക്സ്റ്റൈൽസ് പൊതുമരാമത്ത് വകുപ്പിന്റെ മാനവലിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ സാങ്കേതിക ഡാറ്റകൾ പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഉൾപ്പെടുത്തി മാനവൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. | കയർ ജിയോ ടെക്സ്റ്റൈൽസ് സാങ്കേതിക വിദ്യ പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിൽ ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ടോയെന്ന് വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. |

| | | | |
|---|---|---|---|
| 2 | 13-ാം കേരള നിയമസഭ 5-ാം സമ്മേളനം.<br>ഉറപ്പ് നം.45<br><br>പ്രവർത്തന രഹിതമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതി | വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്ന സ്ഥാപനങ്ങളുടെ സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളെ [KINFRA, KSIE, KELTRON, HANVEEV, KSIDC, SIDCO] ചുമതലപ്പെടുത്തിയിരുന്നു. കിൻഫ്രയ്ക്ക് കൈമാറിയ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ സ്ഥലത്ത് ഒരു ബഹു നില വ്യവസായ സമുച്ചയം കിൻഫ്ര പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടി കമ്പനിയുടെ സ്ഥലം കിൻഫ്രയുടെ പേർക്ക് പോക്ക് വരവ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.<br><br>KSIE യ്ക്ക് കൈമാറിയ മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനിയുടെ സ്ഥലത്ത് ഒരു ഷോപ്പിംഗ് മാൾ കം ഓഫീസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. | വർഷങ്ങളായി പ്രവർത്തനരഹിതമായ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ ഭൂമി അന്യാധീനപ്പെടാതിരിക്കാനും കെട്ടിടങ്ങളും മെഷീനറികളും സംരക്ഷിക്കാനും ആവിഷ്കരിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | KSIDC-യ്ക്ക് കൈമാറിയ കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സിന്റെ കെ.എഫ്.സി.യിൽ ഉണ്ടായിരുന്ന ബാധ്യതകൾ തീർപ്പാക്കി യിട്ടുണ്ട്. എന്നാൽ ഈ കമ്പനിയുടെ സ്ഥലം ഇതുവരെ പൂർണ്ണമായും KSIDC യ്ക്ക് കൈമാറിയിട്ടില്ല.<br>പല സ്ഥാപനങ്ങളുടെയും ബാധ്യതകൾ. തീർപ്പാക്കാനുള്ള കാലതാമസവും നിയമ നടപടികളുടെ പൂർത്തീകരണവും ആകാത്തതിനാലാണ് തുടർനടപടികൾ വൈകുന്നത്. | |



## V. മത്സ്യബന്ധന തുറമുഖ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം.<br>ഉറപ്പ് നം.100<br>'ഫിഷ്മെയ്ഡ്'' ഫിഷ് കിയോസ്കുകൾ | കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായ ത്തോടെ 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി നടപടികൾ ആരംഭിച്ചുവെങ്കിലും പദ്ധതി നടത്തിപ്പിന് യോഗ്യതയുള്ള | ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടി കളുടെ നിലവിലെ സ്ഥിതി വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | ഗുണഭോക്താക്കളെ ലഭ്യമാകാത്തതുമൂലം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ടി തുക വിനിയോഗിച്ച് 33 കിയോസ്കുകൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. | |
| 2. | സമിതി (2019-21) യുടെ 6-ാമത് റിപ്പോർട്ടിലെ 84-ാം ഖണ്ഡികയിലെ ശിപാർശ | 2018-19 സാമ്പത്തികവർഷം മുതൽ മത്സ്യ ബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തികവർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. യാനത്തിന്റെ നിശ്ചിത വിലയുടെ 1.5 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആദ്യ ഘട്ടമായി | നിരവധി മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കിട്ടുന്നില്ല എന്നും തൊഴിൽ ചെയ്യുന്നതിനിടെ ഹൃദയസ്തംഭനംമൂലം മരിക്കുന്നവർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കണമെന്നും അഭിപ്രായപ്പെടുകയും മത്സ്യ ബന്ധന മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ മത്സ്യത്തൊഴിലാളികളെയും പൂർണ്ണമായും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തണമെന്നും ഇൻഷ്വറൻസിന്റെ പ്രീമിയം തുക കുറയ്ക്കണമെന്നും തുടർ ശിപാർശ ചെയ്യുന്നതിനും ഇൻഷ്വറൻസിന്റെ പ്രീമിയം തുക സംബന്ധിച്ച വിശദവിവരങ്ങൾ ആരായുന്നതിനും തീരുമാനിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | ഹള്ളിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിരുന്നത്. 2018-19-ൽ 647 മത്സ്യത്തൊഴിലാളികൾ ഗുണഭോക്താക്കളാവുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 857 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം മുതൽ ഹള്ളിനും എഞ്ചിനും കൂടി ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. 2020-2 1 വർഷം പദ്ധതിക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 926 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. | |

## VI. ഊർജ്ജ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 2-ാം സമ്മേളനം.<br>ഉറപ്പ് നം.183 | വൈദ്യുതി ചാർജ്ജ് കുടിശ്ശിക കാരണം കെ.എസ്.ഇ.ബി.ലിമിറ്റഡ് വിച്ഛേദിച്ച കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി | 15-9-2021-ൽ ചേർന്ന സമിതിയുടെ യോഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കുടിവെള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ | കണക്ഷനുകളെല്ലാം 2018 മാർച്ച് മാസത്തിൽ പുന:സ്ഥാപിച്ച നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും വൈദ്യുതി/ വെള്ളക്കര കുടിശ്ശിക തുക തീർപ്പാക്കുന്ന തിനായി പദ്ധതിയേതര ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു പോരുന്നു. | ക്കായുള്ള ശീർഷകത്തിൽ തുക വകയിരുത്താത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദവിവരം വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. |
| 2 | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം.<br>ഉറപ്പ് നം.110<br>ആദിവാസി ഊരുകളിൽ വൈദ്യുതി | 2017-ൽ പ്രഖ്യാപിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വനാന്തർ ഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കാൻ, സുരക്ഷാ കാരണങ്ങളാൽ കഴിയുന്നതും ഭൂഗർഭ കേബിളുകൾ/ഇൻസുലേറ്റഡ് കേബിളുകൾ മാത്രം ഉപയോഗിക്കാൻ കെ.എസ്.ഇ.ബി എൽ. തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത ചുരുക്കം ചില സ്ഥലങ്ങൾ ഒഴിച്ച്, ബാക്കി വരുന്ന വനാന്തർഭാഗങ്ങളിലെ എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുണ്ട്. | ആദിവാസി ഊരുകളിൽ വൈദ്യുതി സംബന്ധിച്ച ഉറപ്പിന്മേൽ ഊർജ്ജ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ഈ വിഷയം സംബന്ധിച്ച് ആദിവാസി ഊരുകളിൽ കണക്കെടുപ്പ് നടത്തണമെന്നും വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി എത്രയും വേഗം വൈദ്യുതി ലഭ്യമാക്കണമെന്നും അഭിപ്രായപ്പെടുകയും ഈ വിഷയത്തിൽ നിലവിൽ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. |

## VII. വനം വന്യജീവി വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം. ഉറപ്പ് നം.14<br>വന്യജീവി ആക്രമണം തടയുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം | 2015 മുതൽ പുതുതായി 6 ആർ.ആർ.റ്റി-കളെ കൂടി വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് മൊത്തം 14 ആർ.ആർ.റ്റികൾ പ്രവർത്തിക്കുന്നുണ്ട്. | വന്യജീവി ആക്രമണം തടയുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നത് സംബന്ധിച്ച ഉറപ്പിന്മേൽ വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി വന്യജീവി ആക്രമണം തടയുന്നതിന് ഒരു റേഞ്ചിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം എന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ശിപാർശ ചെയ്യുന്നതോടൊപ്പം പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. |

## VIII. ഭക്ഷ്യ പൊതുവിതരണ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടികൾ | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| 1 | 13-ാം കേരള നിയമസഭ 8-ാം സമ്മേളനം.<br>ഉറപ്പ് നം.80<br>റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ | മറ്റ് സംസ്ഥാനങ്ങളിൽ ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെയും കേരളത്തിൽ ലഭിക്കുന്ന ഭക്ഷ്യസാധനങ്ങളുടെയും ഗുണ മേന്മകൾ തമ്മിലുള്ള താരതമ്യ പഠനം നടത്തുന്നതിന് നിലവിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ സപ്ലൈകോ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്താറുണ്ട്. | വിഷയത്തിന്മേൽ സ്വീകരിച്ച നടപടി കളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ഭക്ഷ്യ പൊതുവിതരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

## IX. ഗതാഗത വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 6-ാം സമ്മേളനം.<br>ഉറപ്പ് നം.39<br>തിരൂരിലെ സബ് ആർ.ടി. ഓഫീസ് അപ്ഗ്രഡേഷൻ | 2017-18-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ പുതിയ സബ് ആർ.ടി ഓഫീസ് തുടങ്ങുന്ന കാര്യമാണ് നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ളത്. | തിരൂരിൽ റൂറൽ ആർ. ടി. ഓഫീസ് തുടങ്ങുന്നതിനായി നടപടി സ്വീകരി ച്ചോയെന്ന് വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. |

## X. കായിക യുവജനകാര്യ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| 1 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം.<br>ഉറപ്പ് നം.58 യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി. | യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ പരിഗണനയിലുണ്ടായിരുന്നുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വകുപ്പിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. |

## XI. തൊഴിലും നൈപുണ്യവും വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം.<br>ഉറപ്പ് നം.52<br>തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ | തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മിനിമം ജീവിത സാഹചര്യം ഉറപ്പുവരുന്നതിനും 17-5-2016 ലെ സ.ഉ (അച്ചടി) നം. 76/2016/തൊഴിൽ പ്രകാരം തോട്ടം മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ | തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വകുപ്പിനോട് ആരായാൻ തീരുമാനി ക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | തൊഴിൽ തർക്കങ്ങളിൽ ഇടപെടുക വഴി ടി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്താൻ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. പൂട്ടി ക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. ടി കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വിവാഹ ധനസഹായം, ആരോഗ്യ പരിപാലനം തൊഴിലാളികളുടെ മക്കൾക്ക് ഉന്നതപഠന സഹായം, പഠനോപകരണങ്ങളുടെ വിതരണം, ലയങ്ങളുടെ അറ്റകുറ്റപ്പണി,കുടിവെള്ള പദ്ധതി മുതലായവ സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ അവകാശം കൈപ്പറ്റി പിരിഞ്ഞിട്ടില്ലാത്ത തൊഴിലാളി കൾക്ക് സർക്കാർ ഓണ ക്കാലത്ത് ആശ്വാസ ധനസഹായ മായി 2,000 രൂപ | |

| (1) | (2) | (3) | (4) |
|---|---|---|---|
| | | വീതം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ കഴിഞ്ഞ ഓണക്കാലത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ജില്ലകളിലെ പൂട്ടിക്കിടക്കുന്ന 12 തോട്ടങ്ങളിലെ 2464 റേഷൻ കാർഡ് ഉടമകൾക്ക് പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന ഓണക്കിറ്റ് വിതരണം നടത്തിയിരുന്നു. | |

## XII. തദ്ദേശസ്വയംഭരണ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 10-ാം സമ്മേളനം.<br>ഉറപ്പ് നം.92<br>പഴക്കംചെന്ന ബഹുനിലകെട്ടിടങ്ങളുടെ സുരക്ഷ. | പഴക്കം ചെന്ന ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാ പരിശോധനയ്ക്കായി സ്ഥിരം സംവിധാനം നിലവിലില്ല എന്നു മാത്രമല്ല നിലവിലെ കെട്ടിടങ്ങളുടെ ബലക്ഷയം നിമിത്തം സംഭവിക്കുന്ന തകർച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുമില്ല. പഴയ ബഹുനില കെട്ടിടങ്ങൾ | പഴക്കംചെന്ന ബഹുനിലകെട്ടിടങ്ങളുടെ സുരക്ഷ. സംബന്ധിച്ച ഉറപ്പിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | തകർന്ന് മനുഷ്യ ജീവനുകൾക്ക് അപകടം സംഭവിക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ പഴക്കമുള്ള ബഹുനില മന്ദിരങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്. ആയതിനായി കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലും മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലും വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ചട്ട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ മുഖ്യനഗരാസൂത്രകന് നിർദ്ദേശം നൽകിയിട്ടുണ്ട്. | ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

## XIII. പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| 1. | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം.<br>ഉറപ്പ് നം.38<br>കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള പഠനം | സംസ്ഥാനത്തെ എല്ലാ സർക്കാര /എയ്ഡഡ്/ അൺഎയ്ഡഡ്/സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കി 2017- ലെ മലയാള ഭാഷാപഠന ആക്റ്റ് 10-4-2017 മുതൽ നിലവിൽ വന്നിട്ടുണ്ട്. 2017-18 | കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള പഠനംസംബന്ധിച്ച ഉറപ്പിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിനുള്ള മറുപടിയല്ല ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭിച്ചിരിക്കുന്നത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒന്ന മുതൽ പത്തു വരെ ക്ലാസ്സുകളിൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കുക, സ്കൂളുകളിൽ മലയാളം സംസാരിക്കുന്ന തിന് പ്രത്യക്ഷമായോ, പരോക്ഷമായോ നിരോധനം ഏർപ്പെടുത്തു ന്നത് വിലക്കുക, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ ബോർഡുകൾക്ക് കീഴിലുള്ള വിദ്യാലയങ്ങൾക്ക് നിരാക്ഷേപ പത്രം നൽകുമ്പോഴും അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുമ്പോഴും മലയാളഭാഷാ പഠനം നിർബന്ധമാക്കുന്ന വ്യവസ്ഥകൾ വയ്ക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാണ് ഈ ആക്റ്റിനുള്ളത്. | എന്നഭിപ്രായപ്പെടുകയും സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയ ങ്ങളിൽ മലയാളം പഠിപ്പിക്കുന്നതി നായി സമ്മർദ്ദം ചെലുത്തുന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു. |

## XIV. ജലവിഭവ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം. | ഭൂജല വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. | ഭൂഗർഭ ജല ചൂഷണം തടയുന്നതിനുള്ള നിയമനിർമ്മാണം സംബന്ധിച്ച ഉറപ്പി ന്മേൽ ജല വിഭവ വകുപ്പ് ലഭ്യമാക്കിയ |

| | | | |
|---|---|---|---|
| | ഉറപ്പ് നം.56<br>ഭൂഗർഭജലചൂഷണം തടയുന്നതിനുള്ള നിയമനിർമ്മാണം | | നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

## XV. സാംസ്കാരികകാര്യ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സർക്കാർ നൽകിയ മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 13-ാം കേരള നിയമസഭ 9-ാം സമ്മേളനം.<br>ഉറപ്പ് നം.92<br>ഫിലിം സിറ്റി | തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയെ ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 25 കോടി രൂപ 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും KIIFB ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നതിന് 150 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റായി M/s.Price Water House Coopers നെ തിരഞ്ഞെടുത്തിട്ടുണ്ട്. ഒറ്റപ്പാലത്ത് ഫിലിം സിറ്റി സ്ഥാപിക്കുന്ന താനായി 7.7 കോടി | ഫിലിം സിറ്റി സംബന്ധിച്ച ഉറപ്പിന്മേൽ സാംസ്കാരിക വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുവാൻ കെ എസ് എഫ് ഡി സിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. | |

## XVI. ഭവന നിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | വിഷയം | സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്കുള്ള മറുപടി | സമിതി ആവശ്യപ്പെട്ട അധിക വിവരം |
|---|---|---|---|
| 1 | 13-ാം കേരള നിയമസഭ 4-ാം സമ്മേളനം.<br>ഉറപ്പ് നം.14<br>സാഫല്യം പദ്ധതിയുടെ പ്രവർത്തനം | ഭവന നിർമ്മാണ ബോർഡിന്റെ പ്രൊപ്പോസൽ പ്രകാരം സാഫല്യം ഭവന പദ്ധതിക്ക് സർക്കാർ സബ്സിഡി 3.5 ലക്ഷം രൂപയായും ഗുണഭോക്തൃ വിഹിതം 1 ലക്ഷം രൂപയായും സന്നദ്ധ സംഘടന വിഹിതം 0.25 ലക്ഷം രൂപയായും / പഞ്ചായത്ത് വിഹിതം 0.25 ലക്ഷം രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് നിർമ്മാണ ചെലവ് 5 ലക്ഷം രൂപയായി ഉയർത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സ.ഉ. (കൈ) നം. 01/2019/ഭവനം തീയതി 22.01.2019 പ്രകാരം സർക്കാർ സബ്സിഡി 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് അംഗീകാരം നൽകിയിരുന്നു. | പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു. |